# നാടിന്റെ ഹരിത മുന്നേറ്റം

## പരിസ്ഥിതി പുനസ്ഥാപനത്തിന്റെ പത്തുവർഷം

### കൊല്ലം ജില്ല

ചീഫ് എഡിറ്റർ
**ഡോ. ടി.എൻ. സീമ**
കോർഡിനേറ്റർ, നവകേരളം കർമപദ്ധതി-2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

എഡിറ്റർ
**എസ്. ഐസക്**
ജില്ലാ കോർഡിനേറ്റർ

സമാഹരണം, ഏകോപനം
**ഹരിത കേരളം മിഷൻ ടീം**

പ്രസിദ്ധീകരണം
**ഹരിത കേരളം മിഷൻ**
ഫെബ്രുവരി 2026

ഹരിത കേരളം മിഷൻ
മൂന്നാം നില, ബി.എസ്.എൻ.എൽ. ഭവൻ
ഉപ്പളം റോഡ്, സ്റ്റാച്യു, തിരുവനന്തപുരം-695001
ഫോൺ : 0471-2449939
Email: navakeralamgok@gmail.com
www.haritham.kerala.gov.in



കേരള സർക്കാർ

പിണറായി വിജയൻ

മുഖ്യമന്ത്രി

# സന്ദേശം

കേരളത്തിന്റെ വികസന ചരിത്രത്തിൽ പരിസ്ഥിതി സൗഹൃദമായ ഒരു നവകേരള നിർമ്മിതിക്ക് അടിത്തറയിട്ട ദൗത്യമാണ് ഹരിതകേരളം മിഷൻ. ശുചിത്വവും ജലസമൃദ്ധിയും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉൽപാദനവും ലക്ഷ്യമിട്ടുള്ള ഹരിതകേരളം മിഷൻ, ഒരു സർക്കാർ ദൗത്യം എന്നതിലുപരി ഒരു ജനകീയ സംസ്കാരമായി മാറിയിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഗോള വെല്ലുവിളികളെ നേരിടാൻ ഹരിതകേരളം മിഷൻ നടത്തുന്ന പ്രാദേശിക ഇടപെടലുകൾ നാടിന്റെ പാരിസ്ഥിതിക സുസ്ഥിതി ഉറപ്പാക്കുന്നതിൽ മുഖ്യ പങ്കുവഹിക്കുക യാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ചുകൊണ്ട് നടത്തിയ ഈ പ്രവർത്തനങ്ങൾ രാജ്യത്തിനുതന്നെ മാതൃകയാണ്. ജില്ലയുടെ സവിശേഷ പാരിസ്ഥിതിക സാഹചര്യവും മിഷന്റെ നേതൃത്വത്തിൽ നടന്ന ഒരു ദശാബ്ദക്കാലത്തെ പ്രവർത്തനങ്ങളും നേട്ടങ്ങളും ഭാവിയിലേ ക്കുള്ള ദിശാ സൂചനകളും ഉൾക്കൊള്ളുന്ന ഈ പുസ്തകം പരിസ്ഥിതി പ്രവർത്തകർക്കും ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും ഒരു പോലെ ഉപകാരപ്പെടുമെന്ന് പ്രത്യാശിക്കുന്നു. എല്ലാവിധ ആശംസകളും നേരുന്നു.

പിണറായി വിജയൻ



# അവതാരിക

സംസ്ഥാനത്തിന്റെ പാരിസ്ഥിതിക വീണ്ടെടുപ്പിന് പുത്തൻ ദിശാബോധമാണ് ഹരിതകേരളം മിഷൻ നൽകിയത്. കേവലം ഒരു സർക്കാർ ദൗത്യം എന്നതിലുപരി തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുൻകൈയിൽ ജനകീയ പങ്കാളിത്തത്തോടെയുള്ള പ്രായോഗിക പ്രവർത്തനങ്ങളിലൂടെ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളിൽ നേതൃപരമായ പങ്കുവഹിക്കാൻ ഹരിതകേരളം മിഷന് കഴിഞ്ഞിട്ടുണ്ട്. കേരളം നേരിട്ടുകൊണ്ടിരിക്കുന്ന രൂക്ഷമായ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ശാസ്ത്രീയ പരിഹാര മാർഗ്ഗങ്ങളാണ് ഹരിതകേരളം മിഷൻ ആവിഷ്കരിച്ചതും നടപ്പാക്കിയതും. ഏകോപനവും സംയോജനവും ഉറപ്പാക്കിക്കൊണ്ടുള്ള ആസൂത്രണത്തിലും പദ്ധതികൾ ജനകീയ പങ്കാളിത്തത്തോടെ കർമപഥത്തിലെത്തിച്ചതിലും കാട്ടിയ മികവ് ഈ മിഷനെ ദേശീയ ശ്രദ്ധയാകർഷിച്ച ഒരു ബദൽ വികസന മാതൃകയാക്കിമാറ്റി.

കേരളം പ്രകൃതി സൗന്ദര്യത്തിലും ജൈവവൈവിധ്യത്തിലും സമ്പന്നമായ നാടാണ്. പച്ചപ്പിന്റെ പാരമ്പര്യവും ജലസമ്പത്തിന്റെ സമൃദ്ധിയും ഗ്രാമീണ കാർഷിക സംസ്കാരവും ചേർന്നതാണ് കേരളത്തിന്റെ സത്ത. എന്നാൽ കാലാവസ്ഥാ മാറ്റം, അതിവേഗത്തിലുള്ള നഗരവൽക്കരണം, മാലിന്യപ്രശ്നങ്ങൾ, ജലസ്രോതസ്സുകളുടെ ക്ഷയം, കൃഷിഭൂമികൾ തരിശാവുന്നത് തുടങ്ങിയ വെല്ലുവിളികൾ പരിസ്ഥിതി സന്തുലിതാവസ്ഥയെ ബാധിച്ചു. ഈ പശ്ചാത്തലത്തിലാണ് 2016ൽ ഹരിതകേരളം മിഷൻ രൂപീകൃതമാവുന്നത്. ഒരു ദശാബ്ദക്കാലത്തെ പ്രവർത്തനം കൊണ്ട് പരിസ്ഥിതി മേഖലയിൽ ശ്രദ്ധേയങ്ങളായ മാറ്റങ്ങൾ കൊണ്ടുവരാൻ ഹരിതകേരളം മിഷന് കഴിഞ്ഞിട്ടുണ്ട്. സുസ്ഥിര വികസനമെന്നത് കേവലം വാക്കുകളല്ല മറിച്ച് പ്രായോഗികമായ പ്രവർത്തനങ്ങളാണെന്ന് ഈ മിഷൻ തെളിയിച്ചു. പദ്ധതി പ്രവർത്തനങ്ങളിലെ ജനപങ്കാളിത്തം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുടെ നേതൃത്വം, മറ്റ് വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ഏജൻസികളുടെയും സന്നദ്ധസംഘടനകളുടെയും സഹകരണം തുടങ്ങിയവ മിഷൻ പ്രവർത്തനങ്ങൾക്ക് ഊർജമായി.

സംസ്ഥാനമൊട്ടാകെ നടപ്പാക്കിയവയാണ് മിക്ക പദ്ധതികളും ക്യാമ്പയിനുകളും. അതോടൊപ്പം ജില്ലകളുടെ സവിശേഷ ഇടപെടലുകളുടെ ഭാഗമായുള്ള പ്രവർത്തനങ്ങളും നടന്നു. ശുചിത്വവും മാലിന്യസംസ്കരണവും, ജലസംരക്ഷണവും ജലസ്രോതസ്സുകളുടെ പുനരുജ്ജീവനവും, കൃഷി വ്യാപനവും ജൈവവൈവിധ്യ സംരക്ഷണവും തുടങ്ങി വിവിധ മേഖലകൾ കേന്ദ്രീകരിച്ച് നടപ്പാക്കിയ പദ്ധതികളും ക്യാമ്പയിനുകളും വിജയം കണ്ടു. ബോധവൽക്കരണ പ്രവർത്തനങ്ങളെല്ലാം ശക്തമായ ജനകീയ വിദ്യാഭ്യാസമായി മാറി. സംസ്ഥാനമൊട്ടാകെ നടന്ന പ്രവർത്തനങ്ങൾ ജില്ലാടിസ്ഥാനത്തിൽ വിലയിരുത്തുകയാണ് ഈ പുസ്തകത്തിലൂടെ. കൊല്ലം ജില്ലയുടെ പ്രവർത്തനങ്ങളാണ് ഈ റിപ്പോർട്ടിലുള്ളത്.

കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭീഷണി നേരിടുന്ന കേരളത്തിന്റെ പരിസ്ഥിതി നിലനില്പിന് ഈ പ്രവർത്തനങ്ങളുടെ തുടർച്ച അനിവാര്യമാണ്. പ്രകൃതിയോട് ചേർന്നുള്ള വികസനം സാധ്യമാക്കി, പരിസ്ഥിതി സംരക്ഷണത്തെ ജീവിത ശൈലിയായി മാറ്റി ഹരിതസമൃദ്ധ നവകേരളം യാഥാർത്ഥ്യമാക്കാനാവും.

**ഡോ. ടി.എൻ. സീമ**
കോർഡിനേറ്റർ, നവകേരളം കർമപദ്ധതി-2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

# ഉള്ളടക്കം


ആമുഖം ........ 7

ജില്ലയുടെ  പാരിസ്ഥിതിക സവിശേഷതകളും വെല്ലുവിളികളും........ 9

പരിസ്ഥിതി പ്രശ്നങ്ങളിലെ ഇടപെടൽ സാധ്യതകൾ ........ 23

ഹരിതകേരളം മിഷൻ നടത്തിയ ഇടപെടലുകളും നേട്ടങ്ങളും ........ 31

സൃഷ്ടിക്കപ്പെട്ട മാതൃകകൾ ........ 65

മിഷൻ നേട്ടങ്ങളുടെ പ്രവർത്തന വഴികൾ........ 82

ഹരിതകേരളം മിഷനിലൂടെ സാധ്യമായ തദ്ദേശ സ്ഥാപന ശാക്തീകരണം........ 103

സുസ്ഥിര പരിസ്ഥിതിക്കായുള്ള ഭാവി പ്രവർത്തനങ്ങൾ ........ 112

# ആമുഖം

വികസനമോ ? പരിസ്ഥിതിയോ ?

വളരെ പഴയ ചോദ്യമാണിതെങ്കിലും ഏകാഭിപ്രായ സ്വഭാവമുള്ള ഉത്തരം ഇപ്പോഴുമില്ല.

ഭരണഘടനയുടെ ആർട്ടിക്കിൾ 21 പ്രകാരം ശുദ്ധമായ പരിസ്ഥിതി, ശുചിത്വം, മലിനീകരണ രഹിത വായു, വെള്ളം എന്നിവയ്ക്കുള്ള അവകാശം മൗലികാവകാശങ്ങളാണെന്ന് സുപ്രീം കോടതി പലതവണ അംഗീകരിച്ചിട്ടുണ്ട്.

ചരിത്ര പ്രസിദ്ധമായ ഡൂൺവാലി കേസിൽ നാൽപ്പത് വർഷങ്ങൾക്കു മുമ്പ് ബഹു. സുപ്രീം കോടതി ആർട്ടിക്കിൾ 21 നെ വ്യാഖ്യാനിച്ചതിൽ തുടങ്ങി സുപ്രധാനമായ വിധികൾ ഈ മേഖലയിലുണ്ടായിട്ടുണ്ടെങ്കിലും മികച്ച പരിസ്ഥിതിയിൽ ജീവിക്കാനുള്ള പൗരന്മാരുടെ അവകാശംഭരണ സംവിധാനങ്ങളുടെ പരിഗണനയിൽ മുഖ്യ പ്രാധാന്യത്തോടെ ഇന്നും കടന്നു വന്നിട്ടില്ല എന്നതാണ് പൊതു സ്ഥിതി.

ഇൻഡോറിലേതുപോലെ നഗര കേന്ദ്രീകൃതമായ ചില മാലിന്യ സംസ്കരണ സംവിധാനങ്ങൾ, തെലുങ്കാനയിലെ ഹരിതഹാരം പോലെ ചില വൃക്ഷവത്ക്കരണ പ്രവർത്തനങ്ങൾ, രാലിഗാൻ സിദ്ദി ഗ്രാമത്തിലേതുപോലെ ചില ജലസംരക്ഷണ ഇടപെടലുകൾ എന്നിങ്ങനെ പ്രാദേശികമായി നടപ്പാക്കിയ കുറേ മാതൃകകൾക്കപ്പുറം സംസ്ഥാനാടിസ്ഥാനത്തിൽ നടപ്പാക്കപ്പെട്ട പരിസ്ഥിതി ഇടപെടലുകൾ രാജ്യത്തെവിടെയും ഇല്ല എന്നതായിരുന്നു സ്ഥിതി.

2016 ൽ കേരളത്തിൽ അധികാരത്തിൽ വന്ന സർക്കാർ ആർട്ടിക്കിൾ 21 അതിന്റെ വിപുലമായ അർത്ഥത്തിൽ നടപ്പാക്കാനായി പുതിയൊരു കർമപദ്ധതിക്ക് തുടക്കം കുറിച്ചത് രാജ്യത്തു തന്നെ സമാനതകൾ ചൂണ്ടിക്കാണിക്കാനില്ലാത്ത ലക്ഷ്യങ്ങളോടെയായിരുന്നു. ജീവിക്കാനുള്ള അവകാശത്തിന്റെ വിപുലമായ വ്യാഖ്യാനം വിദ്യാഭ്യാസം, ഉപജീവനമാർഗ്ഗം, പാർപ്പിടം, ആരോഗ്യം പരിസ്ഥിതി എന്നിവയിലെല്ലാമൂന്നുന്ന ഒരു പുതിയ സാമൂഹിക-സാമ്പത്തിക വ്യവസ്ഥിതിയെ അനിവാര്യമാക്കുന്നു എന്ന് തിരിച്ചറിഞ്ഞാണ് ഇവയുമായി ബന്ധപ്പെട്ട 4 മിഷനുകളുമായി നവകേരളം കർമ്മ പദ്ധതിക്ക് 2016 ൽ തുടക്കം കുറിച്ചത്.

നവകേരളം കർമ്മപദ്ധതിയുടേയും അതിലുൾച്ചേർന്ന മിഷനുകളുടേയും പ്രവർത്തന പരിധിയായി ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയോ പ്രദേശങ്ങളേയോ നിശ്ചയിക്കുകയല്ല ചെയ്തത് എന്നതാണ് ഈ പ്രവർത്തനത്തെ അതുല്യമാക്കി മാറ്റിയത്. സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തും ഗ്രാമ - നഗര വ്യത്യാസമില്ലാതെ നടപ്പാക്കാനായാണ് ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിതകേരളം എന്നീ നാലു മിഷനുകളും വിഭാവനം ചെയ്യപ്പെട്ടത്.

തുടക്കത്തിൽ ഉന്നയിച്ച ചോദ്യത്തിന് ഒരു സംസ്ഥാന സർക്കാർ മുന്നോട്ടു വച്ച ഏറ്റവും ശക്തമായ മറുപടിയായിരുന്നു ഹരിതകേരളം മിഷൻ. 'വികസനമോ പരിസ്ഥിതിയോ' എന്ന ചോദ്യത്തിന് 'വികസനവും പരിസ്ഥിതിയും' എന്ന ആ മറുപടി അത്ര ലളിതമായി നടപ്പാക്കാൻ സാധിക്കുന്നതായിരുന്നില്ല. ഉയർന്ന പർവ്വതപ്രദേശങ്ങളും, കായലും കടലുമെല്ലാം ചേർന്ന തീര പ്രദേശവും, ആയിരക്കണക്കിന് ചെറുനീർച്ചാലുകളുടെ സാന്നിദ്ധ്യവും, ഉയർന്ന ജനസാന്ദ്രതയുമെല്ലാം ചേർന്ന കേരളത്തിന്റെ സവിശേഷ സ്ഥിതി, പരിസ്ഥിതി സംബന്ധമായ ഏത് ഇടപെടലിനേയും സങ്കീർണമാക്കുന്നതായിരുന്നു. ഗോത്രവർഗ ഗ്രാമങ്ങൾ മുതൽ മെട്രോ നഗരങ്ങൾ വരെയുള്ള വൈജാത്യവും വെല്ലുവിളിയായി നിന്നിരുന്നു. ഈ സങ്കീർണതകൾക്കിടയിലും

സംസ്ഥാനത്തെ മുഴുവൻ പ്രദേശങ്ങളിലും പരിസ്ഥിതി പുനസ്ഥാപനത്തിന്റെ പുതിയ അദ്ധ്യായം കുറിച്ചു എന്നതാണ് ഹരിതകേരളം മിഷനെ രാജ്യത്തിന്റെ തന്നെ ശ്രദ്ധയിലേയ്ക്കുയർത്തുന്നത്.

"വെള്ളം, വൃത്തി, വിളവ് " എന്ന പരിസ്ഥിതി മുദ്രാവാക്യം ഹരിതകേരളം മിഷൻ കേരളീയ ജനമനസുകളിലേയ്ക്ക് കടത്തിവിട്ടു. പ്രാദേശിക സർക്കാരുകളും ജനങ്ങളും അതേറ്റെടുത്തപ്പോൾ മാലിന്യക്കൂനകൾ മാഞ്ഞു , മാലിന്യ ശേഖരണസംസ്കരണ സംവിധാനങ്ങൾ ഉണ്ടായി വന്നു, നീർച്ചാലുകൾ വീണ്ടെടുക്കപ്പെട്ടു, തരിശു നിലങ്ങളിൽ കൃഷി തിരിച്ചെത്തി, ഹരിത പെരുമാറ്റച്ചട്ടവും ഹരിത ടൂറിസവും ഹരിതവിദ്യാലയവും ഹരിത കലാലയവുമെല്ലാം ചേരുന്ന ഹരിത ജീവിത രീതിയുടെ മാതൃകയായി കേരളം മാറാൻ തുടങ്ങി.

ജലസംരക്ഷണം, മാലിന്യ സംസ്കരണം, കൃഷി - പരിസ്ഥിതി പുനസ്ഥാപനം എന്നീ സുപ്രധാനമായ മൂന്ന് പരിസ്ഥിതി മേഖലകളിലെയും പ്രശ്നങ്ങൾക്ക് ശാസ്ത്രീയവും സുസ്ഥിരവുമായ പരിഹാരമാർഗങ്ങളാണ് ഹരിതകേരളം മിഷൻ മുന്നോട്ടു വച്ചത്. അവ നടപ്പാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതായിരുന്നു മിഷന്റെ പ്രവർത്തന സമീപനം. പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ജനങ്ങളുടെ ശീലവത്ക്കരണം സുപ്രധാന ഘടകമായതിനാൽ ജനകീയതയെയാണ് ഈ പ്രവർത്തനങ്ങളിലെ മുഖ്യ മൂലധനമായി പ്രയോജനപ്പെടുത്തിയത്. നേട്ടങ്ങളിലെ സുസ്ഥിരത ഉറപ്പുവരുത്താനും ജനകീയതയുടെ പിൻബലമാണ് പ്രയോജനപ്പെടുത്തിയത്. ഈ ജനകീയതയിലും പ്രാദേശിക സർക്കാരുകളുടെ ശാക്തീകരണത്തിലും കഴിഞ്ഞ പത്തു വർഷക്കാലം നടന്ന ക്യാമ്പയിനുകളും അവയിലൂടെ സൃഷ്ടിച്ച മാറ്റങ്ങളും വരും തലമുറകൾക്ക് പ്രചോദനമായും പഠനവിഷയമായും മാറാനായി രേഖപ്പെടുത്തി വയ്ക്കേണ്ടതുണ്ടെന്ന ചിന്തയിലാണ് ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത്.

കൊല്ലം ജില്ലയിൽ കഴിഞ്ഞ പത്ത് വർഷക്കാലം ഹരിതകേരളം മിഷന്റെ നേരിട്ടും അല്ലാതെയുമുള്ള ഇടപെടലിൽ നടന്ന പരിസ്ഥിതി സംരക്ഷണ-പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ മുഴുവൻ ഈ പുസ്തകത്തിൽ സംഗ്രഹിക്കുക സുസാധ്യമല്ല. അതിനാൽ ഏറ്റവും മാതൃകാപരമായവയ്ക്ക് മുൻഗണന നൽകുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

കൊല്ലം ജില്ലയുടെ ഈ ഹരിതപുസ്തകം കൂടുതൽ പാരിസ്ഥിതിക സുസ്ഥിരതയുള്ള നവകേരളത്തിലേയ്ക്ക് വഴിതെളിക്കുമെന്ന് പ്രത്യാശിക്കുന്നു.

# ജില്ലയുടെ പാരിസ്ഥിതിക സവിശേഷതകളും വെല്ലുവിളികളും

കേരളത്തിന്റെ തെക്ക് പടിഞ്ഞാറു ഭാഗത്ത് സ്ഥിതി ചെയ്യുന്ന കൊല്ലം ജില്ല വൈവിധ്യമാർന്ന ഭൂപ്രകൃതിയും, കായലും, കടലും സഹ്യപർവ്വത നിരകളും ഉൾപ്പെട്ടതാണ്. വിസ്തീർണ്ണത്തിൽ എട്ടാം സ്ഥാനം അലങ്കരിക്കുന്ന ജില്ലയുടെ വിസ്തൃതി 2491 ചതുരശ്ര കിലോ മീറ്ററാണ്. കടലും കായലും കൈകോർക്കുന്ന പ്രകൃതി മനോഹരമായ ധാരാളം സ്ഥലങ്ങളും മലനിരകളും ഉൾപ്പെട്ട കൊല്ലം കേരളത്തിന്റെ ചരിത്രത്തിലും പ്രാധാന്യമുണ്ട്. ഫലഭൂയിഷ്ഠമായ മണ്ണ്, ജില്ലയുടെ പടിഞ്ഞാറുടനീളം അതിരിടുന്ന കടൽ തീരം, പ്രകൃതി കനിഞ്ഞനുഗ്രഹിച്ച കരിമണലും അതിലെ ധാതു നിക്ഷേപവും, അന്താരാഷ്ട്ര പ്രശസ്തി നേടിത്തന്ന കശുവണ്ടി വ്യവസായം, പരമ്പരാഗത തൊഴിൽ മേഖലകളായ കയറും കൈത്തറിയും ജില്ലയുടെ പ്രത്യേകതയാണ്. സംസ്ഥാനത്തെ ഏറ്റവും വലിയ ജലസേചന പദ്ധതിയായ കല്ലടയും, ശുദ്ധജല തടാകമായ ശാസ്താംകോട്ടയും, ഇന്ത്യയിലെ തന്നെ ആദ്യത്തെ ഇക്കോ ടൂറിസം പദ്ധതിയായ തെന്മലയും, കേരളത്തിലെ ഒരേയൊരു തൂക്കുപാലം സ്ഥിതി ചെയ്യുന്ന പുനലൂരും കൊല്ലത്തിനു മാത്രം സ്വന്തം. പുരാതനമായ വേണാട് രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു നൂറ്റാണ്ടുകൾ പഴക്കമുള്ള കൊല്ലം നഗരം. ജില്ലയുടെ പടിഞ്ഞാറ് ഭാഗത്ത് അറബിക്കടലും, കിഴക്ക് തമിഴ്നാട് സംസ്ഥാനവും, വടക്ക് ആലപ്പുഴ, പത്തനംതിട്ട ജില്ലകളും

തെക്ക് തിരുവനന്തപുരം ജില്ലയുമാണ് അതിർത്തി പങ്കിടുന്നത്.

കൊല്ലം ജില്ലയിൽ 6 താലൂക്കുകളും 105 വില്ലേജുകളും 68 ഗ്രാമപഞ്ചായത്തുകളും 4 നഗരസഭകളും കൊല്ലം കോർപ്പറേഷനും ഉൾപ്പെടുന്നു. കാർഷിക വൃത്തിയാണ് ജനങ്ങളുടെ മുഖ്യ തൊഴിൽ. കൊല്ലം ജില്ലാ പദ്ധതി 2018-ൽ നീർത്തടാധിഷ്ഠിത വികസനം എന്ന ആശയം മുൻനിർത്തി കൃഷി, ജലസേചനം, മണ്ണ്, ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം എന്നീ വിഷയങ്ങൾക്ക് ഊന്നൽ നൽകിയാണ് പദ്ധതി രേഖ തയ്യാറാക്കിയത്. ജലസുരക്ഷ, തരിശുരഹിതം, പ്രകൃതിവിഭവ സംരക്ഷണം, നീർത്തടാധിഷ്ഠിത വികസനം, മണ്ണ്, ജല സംരക്ഷണം, ജലസേചനം, മാലിന്യ നിർമ്മാർജ്ജനം, പരിസ്ഥിതി പുനഃസ്ഥാപനം, മൃഗ സംരക്ഷണം, മത്സ്യകൃഷി, ക്ഷീര വികസനം, വ്യവസായം, മൂല്യവർദ്ധിത വൈവിധ്യവൽക്കരണം തുടങ്ങിയ മേഖലകളിൽ വിവിധ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

2011-ലെ സെൻസസ് പ്രകാരം ജില്ലയിലെ ജനസംഖ്യ 26,35,375 ആണ്. ഇതിൽ 12,46,968 പുരുഷന്മാരും 13,88,407 സ്ത്രീകളും ഉൾപ്പെടുന്നു.

കൊല്ലം ജില്ലയിൽ ഭൂപ്രദേശങ്ങൾ തീരദേശം, ഇടനാട്, ഉയർന്ന പ്രദേശം എന്നീ ഗണത്തിൽ പെടുന്നവയാണ്. ഓച്ചിറ, ചവറ ബ്ലോക്കുകൾ, കൊല്ലം കോർപ്പറേഷൻ, കരുനാഗപ്പള്ളി, പരവൂർ നഗരസഭകൾ എന്നിവ തീരദേശ മേഖലയിൽ ഉൾപ്പെട്ടതാണ്. ചിറ്റുമല, ശാസ്താംകോട്ട, വെട്ടിക്കവല, കൊട്ടാരക്കര, ഇത്തിക്കര, മുഖത്തല എന്നീ ബ്ലോക്കുകൾ ഇടനാട് മേഖലയിലും അഞ്ചൽ, ചടയമംഗലം, പത്തനാപുരം, പുനലൂർ നഗരസഭ എന്നീ പ്രദേശങ്ങൾ ഉയർന്ന, ഇടനാട് മേഖലയിലും ഉൾപ്പെട്ടതാണ്. ഇതിൽ പുനലൂർ നഗരസഭ, കൊട്ടാരക്കര നഗരസഭ, മുഖത്തല, ശാസ്താംകോട്ട ബ്ലോക്കുകൾ വരൾച്ച കൂടുതലുള്ള പ്രദേശങ്ങളാണ്. മുഖത്തല, ശാസ്താംകോട്ട ബ്ലോക്കുകൾ ഭൂജല വിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ സെമി ക്രിട്ടിക്കൽ ബ്ലോക്കുകളിൽ ഉൾപ്പെട്ടതാണ്.

## പ്രധാന ജലസ്രോതസ്സുകൾ

കല്ലടയാർ, ഇത്തിക്കരയാർ, ശാസ്താംകോട്ട കായൽ, അഷ്ടമുടി കായൽ, പരവൂർ കായൽ എന്നീ രണ്ട് നദികളും മൂന്ന് കായലുകളുമാണ് ജില്ലയിലെ പ്രധാന ജലസ്രോതസ്സുകൾ. അച്ചൻകോവിൽ ആറ് ജില്ലയിൽ നിന്ന് ഉത്ഭവിക്കുന്നുണ്ടെങ്കിലും പത്തനംതിട്ട, ആലപ്പുഴ ജില്ലയിലൂടെ ഒഴുകിയാണ് അറബിക്കടലിൽ പതിക്കുന്നത്. ഇടവാ-നടയറ കായലുകൾ ഭാഗികമായി മാത്രമേ കൊല്ലം ജില്ലയിൽ ഉൾപ്പെടുന്നുള്ളു. കുളത്തുപ്പുഴയാറ്, ചെന്തുരുണി ആറ്, കഴുതുരുട്ടിയാറ് എന്നീ പോഷക നദികൾ ചേർന്ന് കുളത്തുപ്പുഴ കുന്നുകളിൽ നിന്നാണ് കല്ലടയാറ് ഉത്ഭവിക്കുന്നത്. 121 കിലോമീറ്റർ നീളമുള്ള കല്ലടയാർ പുനലൂർ, പത്തനാപുരം, കൊട്ടാരക്കര എന്നീ പട്ടണങ്ങളെ തഴുകി അഷ്ടമുടി കായലിൽ ചേരുന്നു. 56 കിലോമീറ്റർ നീളമുള്ള ഇത്തിക്കരയാർ മടത്തറ കുന്നുകളിൽ നിന്ന് ഉത്ഭവിച്ച് പരവൂർ കായലിൽ പതിക്കുന്നു. പത്തനംതിട്ട ജില്ലയിൽ നിന്നാരംഭിക്കുന്ന പള്ളിക്കലാറ് ജില്ലയിലെ ശൂരനാട്, തൊടിയൂർ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്നു.

ജില്ലയിലെ 37.84 കിലോമീറ്റർ നീളം വരുന്ന തീരമേഖലയിൽ ഉടനീളം നൈസർഗ്ഗികമോ മനുഷ്യ നിർമ്മിതമോ ആയ തോടുകളിലൂടെ പരസ്പരം ബന്ധപ്പെട്ട ചെറുതും വലുതുമായ കായലുകൾ

കാണാം. ഇവയിൽ അഷ്ടമുടി കായലാണ് ഏറ്റവും വലുത്. എട്ടുപിരികളായി വ്യാപിച്ചു കിടക്കുന്ന ഈ ജലാശയത്തിന്റെ ആകെ വിസ്തീർണ്ണം 61.4 ചതുരശ്ര കിലോമീറ്ററാണ്. സംസ്ഥാനത്തെ ഏറ്റവും വലിയ ശുദ്ധജല തടാകമായ ശാസ്താംകോട്ട കായലും 3.73 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ ജില്ലയിൽ സ്ഥിതി ചെയ്യുന്നു.

## ജലസേചന പദ്ധതികൾ

### കല്ലട ജലസേചന പദ്ധതി

കല്ലടയാറിന് കുറുകെ കൊല്ലം ജില്ലയിലെ തെന്മലയിൽ നിർമ്മിച്ചിട്ടുള്ള അണക്കെട്ടിൽ ശേഖരിക്കപ്പെട്ടിട്ടുള്ള ജലമാണ് ഈ ജലസേചന പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കുന്നത്. കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ ഇടതുകര, വലതുകര കനാലുകൾ 912 കിലോമീറ്റർ നീളത്തിൽ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലൂടെ കടന്നു പോകുന്നു. ഇതിൽ 650 കി.മീ. നീളത്തിൽ 92 വില്ലേജുകളിലൂടെയാണ് കൊല്ലം ജില്ലയിൽ കനാൽ കടന്നു പോകുന്നത്. വേനൽക്കാലത്ത് കനാലിലൂടെ വെള്ളം ലഭിക്കുന്നതുമൂലം കുടിവെള്ളത്തിനും കൃഷിക്കും പ്രയോജനകരമാകുന്നു. ശാസ്താംകോട്ട ശുദ്ധജല തടാകത്തിൽ നിന്ന് കൊല്ലം കോർപ്പറേഷനിലേക്കും സമീപ ഗ്രാമപഞ്ചായത്തുകളിലേക്കും ജലവിതരണം നടത്തുന്നുണ്ട്.

ജൽജീവൻ മിഷൻ പദ്ധതി പ്രകാരം കുടിവെള്ള വിതരണ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ഇനിയും പൂർത്തീകരിച്ചിട്ടില്ല. ഓവർ ഹെഡ് ടാങ്കുകളുടെയും ജല ശുദ്ധീകരണ പ്ലാൻറുകളുടെയും നിർമ്മാണ പ്രവർത്തനങ്ങളും മറ്റ് അനുബന്ധ പ്രവൃത്തികളും പൂർത്തീകരിക്കുന്ന മുറയ്ക്ക് കുടിവെള്ള ക്ഷാമത്തിന് പരിഹാരമാകും. കൂടാതെ ജപ്പാൻ കുടിവെള്ള പദ്ധതി, കൊല്ലം കോർപ്പറേഷനിലെ വസൂരിച്ചിറയിലുള്ള കുടിവെള്ള പദ്ധതി തുടങ്ങിയവ പൂർത്തിയാകുന്നതോടെ ജില്ലയിലെ ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കാനാകും.

## കാലാവസ്ഥ

കഠിനമായ ചൂടും ധാരാളം മഴയുമുള്ള ആർദ്രതയേറിയ ഉഷ്ണ മേഖല കാലാവസ്ഥയാണ് ജില്ലയിൽ അനുഭവപ്പെടുന്നത്. മഴ ലഭ്യത കൂടുതലുള്ള ജൂൺ മാസത്തിൽ ശരാശരി 487 എം.എം മഴ ലഭിക്കുന്നു. പുനലൂരാണ് ജില്ലയിൽ ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്ന പ്രദേശം. വേനൽക്കാലത്ത് പുനലൂരിലെ ഏറ്റവും കൂടിയ താപനില 40.6 ഡിഗ്രി സെൽഷ്യസ് ആണ്. കാലാവസ്ഥ വ്യതിയാനവും ന്യൂനമർദ്ദവും മൂലം സമീപ വർഷങ്ങളിൽ കാലം തെറ്റി മഴ കൂടുതൽ ലഭിക്കുന്നു.

## മണ്ണിനം

കൊല്ലം ജില്ലയിൽ കുന്നത്തൂർ, കൊല്ലം താലൂക്കുകളിൽ വളക്കൂറുള്ള മണ്ണാണ് കാണപ്പെടുന്നത്. പത്തനാപുരം, കരുനാഗപ്പള്ളി താലൂക്കുകളിലും കൊട്ടാരക്കര, കുന്നത്തൂർ, കൊല്ലം താലുക്കുകളിലും ചെങ്കല്ലും പൂഴിമണലുമാണ് കാണപ്പെടുന്നത്. നദീതടങ്ങളിൽ എക്കൽ കലർന്ന വളക്കൂറുള്ള മണ്ണുമാണ് കാണപ്പെടുന്നത്. തീരദേശമേഖലകളിൽ പൂഴി മണ്ണും ചവറ, ആലപ്പാട് പ്രദേശങ്ങളിൽ കരിമണലുമാണ് കാണപ്പെടുന്നത്.

## മഴലഭ്യത

ജില്ലയിൽ മഴയുടെ അളവ് കുറഞ്ഞു വരികയാണെങ്കിലും സമീപ വർഷങ്ങളിൽ കാലാവസ്ഥാ വ്യതിയാനം മൂലവും ന്യൂനമർദ്ദം മൂലവും വേനൽക്കാലത്ത് ഉൾപ്പെടെ മഴയുടെ അളവ് കൂടുതൽ ലഭിച്ചിട്ടുണ്ട്. ഇതുകാരണം സമീപ കാലങ്ങളിൽ ജലക്ഷാമത്തിന്റെ തീവ്രതയിൽ കുറവുണ്ടായിട്ടുണ്ട്. ജില്ലയിൽ പ്രതിവർഷം ശരാശരി 2361 മില്ലിമീറ്റർ മഴ ലഭിക്കുന്നു. ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള തെക്കു പടിഞ്ഞാറൻ കാലവർഷത്തിൽ 1257.6 മില്ലിമീറ്റർ, ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള വടക്ക് കിഴക്കൻ കാലവർഷത്തിൽ 628.2 മില്ലിമീറ്റർ, ശൈത്യകാലത്ത് 41.2 മില്ലിമീറ്റർ, വേനൽക്കാലത്ത് 434 മില്ലിമീറ്റർ എന്നിങ്ങനെയാണ് ഓരോ സീസണിലും ജില്ലയിൽ ലഭിക്കുന്ന ശരാശരി മഴ. ജില്ലയിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ജൂൺ മാസത്തിലും (424.2 മില്ലിമീറ്റർ) കുറവ് മഴ ലഭിക്കുന്നത് ജനുവരി മാസത്തിലും (12.8 മില്ലിമീറ്റർ) ആണ്. കഴിഞ്ഞ 10 വർഷക്കാലത്തെ മഴയുടെ അളവ് പരിശോധിക്കുമ്പോൾ 2021 ൽ രേഖപ്പെടുത്തിയ 3424 മില്ലിമീറ്റർ മഴയാണ് ജില്ലയിൽ ഒരു വർഷം രേഖപ്പെടുത്തപ്പെട്ട കൂടിയ മഴ. സംസ്ഥാനമൊട്ടാകെ നൂറ്റാണ്ടിലെ പ്രളയത്തിന് സാക്ഷ്യം വഹിച്ച 2018 ൽ 2600 മില്ലി മീറ്റർ മഴയാണ് കൊല്ലം ജില്ലയിൽ ലഭിച്ചത്.




കഴിഞ്ഞ 10 വർഷക്കാലയളവിൽ ജില്ലയിൽ ലഭിച്ച മഴയുടെ അളവ്

## വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ

കൊല്ലം ജില്ലയുടെ കിഴക്കൻ മേഖലയായ അഞ്ചൽ ബ്ലോക്കിലെ ആര്യങ്കാവ്, തെന്മല, കുളത്തൂപ്പുഴ, ഏരൂർ, അലയമൺ എന്നീ ഗ്രാമപഞ്ചായത്തുകളും പത്തനാപുരം ബ്ലോക്കിലെ പിറവന്തൂർ ഗ്രാമപഞ്ചായത്തും, ചടയമംഗലം ബ്ലോക്കിലെ ചിതറ ഗ്രാമപഞ്ചായത്തും പശ്ചിമഘട്ട മേഖലയിൽ ഉൾപ്പെട്ട പ്രദേശങ്ങളാണ്. മഴക്കാലത്ത് വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ചെറിയ തോതിൽ ആര്യങ്കാവ്, തെന്മല, കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തുകളിൽ ഉണ്ടാകുന്നത് പതിവാണ്. ആര്യങ്കാവ് പഞ്ചായത്ത് പരിധിയിൽ വരുന്ന ഇടപ്പാളയത്തിന് സമീപം 2021 ഒക്ടോബർ മാസം സാമാന്യം ശക്തമായ ഉരുൾപൊട്ടൽ സംഭവിച്ചിട്ടുണ്ട്. എന്നാൽ ആളപായം റിപ്പോർട്ട് ചെയ്തിട്ടില്ല.

കല്ലടയാർ, ഇത്തിക്കരയാർ, പള്ളിക്കലാർ എന്നീ മൂന്ന് പ്രധാന നദികളും അവയുടെ നിരവധി കൈവഴികളും കടന്നു പോകുന്ന ജില്ലയിൽ ഭൂരിഭാഗം പ്രദേശങ്ങളും മഴക്കാലത്ത് വെള്ളപ്പൊക്ക ഭീഷണി നേരിടുന്നവയാണ്. കൊല്ലം കോർപറേഷൻ, പരവൂർ നഗരസഭ, കരുനാഗപ്പള്ളി നഗരസഭ, കൊറ്റങ്കര, പനയം, തൃക്കരുവ, തൃക്കോവിൽവട്ടം, ആദിച്ചനല്ലൂർ, ചാത്തന്നൂർ, ചിറക്കര, തഴവ, തൊടിയൂർ, മൈനാഗപ്പള്ളി, തേവലക്കര, പന്മന, ചവറ, കുലശേഖരപുരം, ക്ലാപ്പന, ശൂരനാട് തെക്ക്, ശൂരനാട് വടക്ക്, കിഴക്കേ കല്ലട, പടിഞ്ഞാറെ കല്ലട, മൺറോത്തുരുത്ത്, പവിത്രേശ്വരം, പത്തനാപുരം ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിൽ ചെറിയ തോതിൽ വെള്ളപ്പൊക്ക സാധ്യതയുണ്ട്.

## കൃഷി നാശം

ജില്ലയിലെ അതിതീവ്ര മഴ, കാലാവസ്ഥ വ്യതിയാനം, ന്യൂനമർദ്ദം തുടങ്ങിയ കാരണത്താൽ ധാരാളം മഴ ലഭിക്കുന്നുണ്ടെങ്കിലും അതുമൂലം മനുഷ്യ ജീവനുകൾക്ക് കാര്യമായ ആപത്ത് ഉണ്ടായിട്ടില്ല. എന്നാൽ നെല്ല്, പച്ചക്കറി, വാഴ തുടങ്ങിയവയ്ക്ക് കൃഷി നാശം സംഭവിക്കുന്നുണ്ട്.

## വരൾച്ച, കുടിവെള്ളക്ഷാമം

ജില്ലയിലാകമാനം വരൾച്ച ബാധിക്കുന്ന പ്രദേശങ്ങളുണ്ട്. പ്രധാനമായും ജനുവരി മാസം മുതൽ മെയ് മാസം വരെയാണ് വരൾച്ച നേരിടുന്നതും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നതും. തെക്കുംഭാഗം, തൃക്കരുവ, പെരിനാട്, പനയം, കൊറ്റങ്കര, തൃക്കോവിൽവട്ടം, ആദിച്ചനല്ലൂർ, മയ്യനാട്, പുനലൂർ, പരവൂർ നഗരസഭകൾ എന്നീ തദ്ദേശ സ്ഥാപന പരിധികളിൽ മുൻവർഷങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഭൂരിഭാഗം തദ്ദേശ സ്ഥാപനങ്ങളിലും ഈ കാലയളവിൽ ടാങ്കറുകളിൽ കുടിവെള്ളം എത്തിക്കുന്നുണ്ട്. എന്നാൽ സമീപ വർഷങ്ങളിൽ ടാങ്കറുകളിൽ കുടിവെള്ളം എത്തിക്കുന്നതിന്റെ തോത് കുറഞ്ഞിട്ടുണ്ട്.

കുഴൽ കിണറുകൾ ജില്ലയിൽ വ്യാപകമായി കുഴിക്കുന്നതുമൂലം ഭൂഗർഭ ജലവിതാനം കുറയുന്നതിന് കാരണമാകുന്നു. വ്യാപാരാടിസ്ഥാനത്തിലും കുഴൽ കിണറുകൾ നിർമ്മിച്ച് കുടിവെള്ളത്തിനും മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നുണ്ട്. കുഴൽ കിണറുകൾ കുഴിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തേണ്ടത് അനിവാര്യമാണ്.

ഭൂഗർഭ ജലവിതാനം കുറയുന്നത് തടയുന്നതിനായുള്ള പ്രവർത്തനങ്ങളും ജില്ലയിൽ കൂടുതലായി നടത്തേണ്ടതുണ്ട്. ഭൂജല വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം ഭൂഗർഭ ജലവിതാനം ഏറ്റവും കുറവായി

കാണുന്നത് മുഖത്തല, ശാസ്താംകോട്ട, ചിറ്റുമല ബ്ലോക്കുകളിലാണ്. ഭൂജല വകുപ്പിൽ നിന്നും ലഭിച്ച കഴിഞ്ഞ 10 വർഷത്തെ ഭൂഗർഭ ജലവിതാനത്തിന്റെ അളവ് സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

| ജലനിരപ്പ് സംഗ്രഹം 01/12/2016 - 19/12/2025 | | | | | | |
|---|---|---|---|---|---|---|
| ക്രമ നം. | ബ്ലോക്ക് | മിനിമം വാട്ടർ ലെവൽ(m) | മിനിമം വാട്ടർ ലെവൽ (തീയതി) | മാക്സിമം വാട്ടർ ലെവൽ(m) | മാക്സിമം വാട്ടർ ലെവൽ (തീയതി) | ശരാശരി വാട്ടർ ലെവൽ(m) |
| 1 | അഞ്ചൽ | 0.690 | 01/08/2023 | 15.600 | 19/11/2025 | 5.905 |
| 2 | ചടയമംഗലം | 1.050 | 07/04/2025 | 12.100 | 12/05/2017 | 6.293 |
| 3 | ചവറ | 0.530 | 10/01/2024 | 5.670 | 10/04/2025 | 1.923 |
| 4 | ചിറ്റുമല | 0.850 | 04/01/2025 | 37.110 | 10/04/2025 | 9.305 |
| 5 | ഇത്തിക്കര | 1.100 | 06/10/2025 | 17.930 | 18/02/2017 | 10.383 |
| 6 | കൊട്ടാരക്കര | 1.100 | 16/04/2025 | 11.420 | 08/05/2024 | 5.122 |
| 7 | മുഖത്തല | 0.540 | 05/07/2025 | 45.960 | 06/04/2018 | 13.969 |
| 8 | ഓച്ചിറ | 0.050 | 08/08/2018 | 16.620 | 06/03/2025 | 2.580 |
| 9 | പത്തനാപുരം | 1.120 | 08/08/2025 | 12.550 | 10/04/2017 | 6.140 |

(അവലംബം: ഭൂജല വകുപ്പ്, കൊല്ലം)

വരൾച്ച മൂലം ജില്ലയിൽ കൃഷി ചെയ്യാൻ സാധിക്കാത്ത അവസ്ഥയും കൃഷി നാശവും സംഭവിക്കുന്നുണ്ട്. കാലാവസ്ഥ വ്യതിയാനവും മഴയുടെ അമിത ലഭ്യതയും വരൾച്ചയും മൂലം കൃഷി ഇനങ്ങളിൽ വ്യതിയാനവും ഉണ്ടാകുന്നു. വെള്ളക്കെട്ട് മൂലം കൃഷി ചെയ്യാൻ സാധിക്കാത്ത പ്രദേശങ്ങളും ജില്ലയിലുണ്ട്. ഇത്തരം പ്രദേശങ്ങളിൽ ജലം ഒഴുക്കി കളയുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കി കൃഷി യോഗ്യമാക്കേണ്ടതാണ്. വന്യമൃഗശല്യം കാരണം ചില പ്രദേശങ്ങളിൽ കൃഷി ചെയ്യാൻ സാധിക്കുന്നില്ല. സോളാർ ഫെൻസിങ് പോലെയുള്ള ചെലവേറിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് പരിമിതികളുണ്ട്. അഞ്ചൽ, ചടയമംഗലം, പത്തനാപുരം, വെട്ടിക്കവല, കൊട്ടാരക്കര എന്നീ ബ്ലോക്ക് പഞ്ചായത്തുകളിലാണ് വന്യമൃഗങ്ങളുടെയും മയിൽ തുടങ്ങിയ പക്ഷികളുടെയും ശല്യം മൂലം കൃഷി ചെയ്യാൻ തടസ്സം നേരിടുന്നത്. കാർഷിക ഉത്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തത് മൂലം കർഷകർ കൃഷി ഉപേക്ഷിക്കുന്ന സ്ഥിതിയും പരിഹരിക്കേണ്ടതുണ്ട്.

നീർച്ചാലുകളിൽ സംരക്ഷണഭിത്തി ഇല്ലാത്തതിനാലും സംരക്ഷണ ഭിത്തികൾ തകർന്നതിനാലും മഴക്കാലത്ത് കൊല്ലപൊട്ടി വെള്ളം ഏലയിലേക്ക് കയറി കൃഷി നാശം സംഭവിക്കുന്നതും വെള്ളക്കെട്ട് ഉണ്ടാകുന്നതും ജില്ലയുടെ പല ഭാഗത്തും കാണാവുന്നതാണ്. ഓച്ചിറ, ശാസ്താംകോട്ട, ചിറ്റുമല, കൊട്ടാരക്കര, വെട്ടിക്കവല, മുഖത്തല, ഇത്തിക്കര ബ്ലോക്ക് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിലാണ് വ്യാപകമായി ഇത്തരം നാശനഷ്ടങ്ങൾ കാണുന്നത്.

## പൊതുസ്ഥലങ്ങളിലെ മലിനീകരണം

ജില്ലയിൽ മലിനീകരണത്തിന്റെ തോത് വളരെ കൂടുതലായിരുന്നു. മാലിന്യ പരിപാലനത്തിന്റെ അഭാവത്താൽ ജൈവ മാലിന്യങ്ങളും അജൈവ മാലിന്യങ്ങളും പൊതു നിരത്തിലും പൊതുസ്ഥലത്തും ജലാശയങ്ങളിലും വലിച്ചെറിയുന്ന പ്രവണത വ്യാപകമായിരുന്നു. ജൈവ മാലിന്യം സംസ്കരിക്കുന്നതിനോ അജൈവ മാലിന്യം ശേഖരിക്കുന്നതിനോ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനോ കൈമാറുന്നതിനോ യാതൊരു സംവിധാനവും ഇല്ലായിരുന്നു. മാലിന്യ പരിപാലനത്തിൽ അടിസ്ഥാന സൗകര്യവികസനം കാര്യമായി മെച്ചപ്പെട്ടെങ്കിലും ശാസ്ത്രീയമായ മാലിന്യ പരിപാലനം 100 ശതമാനം നടത്തുന്നതിനായി ഇനിയും ഒട്ടനവധി പ്രവർത്തനങ്ങൾ ആവശ്യമാണ്.

മാലിന്യം വലിച്ചെറിയുക, കത്തിക്കുക, ജലാശയങ്ങളിലേക്ക് മാലിന്യം ഒഴുക്കുക തുടങ്ങിയ ശീലം ജനങ്ങളിൽ വളരെ കൂടുതലായി നിലനിന്നിരുന്നു. നഗരപ്രദേശങ്ങളിലെ പൊതുനിരത്തുകളിലും പൊതുസ്ഥലങ്ങളിലും മാലിന്യ നിക്ഷേപം വ്യാപകമായിരുന്നു. കൊല്ലം കോർപ്പറേഷനിലെ കുരീപ്പുഴ ചണ്ടി ഡിപ്പോയിലും കൊട്ടാരക്കര നഗരസഭയിലെ ഉഗ്രൻകുന്നിലും കുമിഞ്ഞ് കൂടിയ മാലിന്യം ഇതിന് ഉദാഹരണങ്ങളാണ്. നിരന്തരമായ ബോധവൽക്കരണത്തിലൂടെ പൊതുജനങ്ങളുടെ വലിച്ചെറിയൽ ശീലം ഒരു പരിധിവരെ ഒഴിവാക്കാൻ കഴിഞ്ഞെങ്കിലും ജനങ്ങൾ ഇപ്പോഴും ബോധപൂർവ്വം മാലിന്യം അലക്ഷ്യമായി കൈകാര്യം ചെയ്യുന്നുണ്ട്. പൂർണ്ണമായും ഇത് ഒഴിവാക്കുന്നതിനായി ഇനിയും ബോധവൽക്കരണത്തിന്റെ ആവശ്യകതയുണ്ട്.

## ജലമലിനീകരണം

നീർച്ചാലുകളുടെ ശുചീകരണ പ്രവർത്തനങ്ങൾ വലിയ തോതിൽ ജില്ലയിൽ നടന്നുവരുന്നുണ്ടെങ്കിലും ജലാശയങ്ങളിലെ മലിനീകരണം ഇനിയും പരിഹരിക്കപ്പെടേണ്ടതുണ്ട്. സെപ്റ്റേജ് മാലിന്യം സംസ്കരിക്കുന്നതിനായി നിലവിൽ സംവിധാനങ്ങൾ ഇല്ലാത്തതും പ്രതിസന്ധിയാണ്. കൊല്ലം കോർപ്പറേഷനിൽ ഇതിനുള്ള സംവിധാനം പൂർത്തീകരിച്ചെങ്കിലും പ്രവർത്തനം ആരംഭിക്കാനായില്ല. അറവ് മാലിന്യം, കോഴി മാലിന്യം എന്നിവ സംസ്ക്കരിക്കുന്നതിനായുള്ള പ്ലാന്റുകൾ ചിതറ, വെളിനെല്ലൂർ, ഏരൂർ, തൊടിയൂർ എന്നിവിടങ്ങളിൽ നിർമ്മിച്ചെങ്കിലും പ്രദേശവാസികളുടെ എതിർപ്പ് മൂലം പലതും പ്രവർത്തന ക്ഷമമായില്ല. സാനിറ്ററി മാലിന്യം സംസ്ക്കരിക്കുന്നതിനായി നിലവിൽ യാതൊരു സംവിധാനവും നിലവിലില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സാനിറ്ററി മാലിന്യം സംസ്കരിക്കുന്നതിനായി ഇൻസിനറേറ്റർ വ്യാപകമായി സ്ഥാപിച്ചിട്ടുണ്ടെങ്കിലും സിന്തറ്റിക് നാപ്കിന്റെ ഉപയോഗം കുറയ്ക്കുന്നതിനും പരിസ്ഥിതി സൗഹൃദ നാപ്കിൻ പാഡുകളുടെയും, മെൻസ്ട്രുവൽ കപ്പുകളുടെയും ഉപയോഗക്രമവും ബോധവൽക്കരണവും ജനങ്ങളിൽ ഉണ്ടാവേണ്ടതുണ്ട്. ഓച്ചിറ ബ്ലോക്കിൽ ജില്ലയിൽ ആദ്യമായി ഒരു ഡബിൾ ചേമ്പർ ഇൻസിനറേറ്റർ സ്ഥാപിക്കുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റു ബ്ലോക്കുകളിലും ഇത്തരം പ്ലാന്റുകൾ ആരംഭിച്ചെങ്കിലേ സാനിറ്ററി മാലിന്യം പൂർണ്ണമായും സംസ്കരിക്കാൻ സാധിക്കുകയുള്ളൂ.

വീടുകളിൽ ഇപ്പോഴും ഒറ്റക്കുഴി കക്കൂസ് വ്യാപകമാണ്. ഇതുമൂലമുള്ള മലിനീകരണം കാരണം കിണറുകളിലും ജലാശയങ്ങളിലും കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യം വ്യാപകമായി

കാണുന്നുണ്ട്. ഒറ്റക്കുഴി കക്കൂസുകൾക്ക് പകരം ശാസ്ത്രീയമായ രീതിയിലുള്ള സെപ്റ്റിക് ടാങ്കുകൾ മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും ഉന്നതികൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിലും ഉണ്ടാകേണ്ടത് അനിവാര്യമാണ്. ത്രിതല പഞ്ചായത്തുകൾ, ശുചിത്വമിഷൻ എന്നിവയുടെ ഫണ്ട് വിനിയോഗിച്ച് റിട്രോ ഫിറ്റിംഗ് പോലെയുള്ള പദ്ധതികൾ വ്യാപകമാക്കേണ്ടതുണ്ട്. കടകളിൽ നിന്നും വ്യാപാരസ്ഥാപനങ്ങളിൽ നിന്നും മലിനജലം ഓടകളിലേയ്ക്കും നീർച്ചാലുകളിലേയ്ക്കും ഒഴുക്കിവിടുന്നതും വ്യാപകമായി കാണുന്നുണ്ട്. ഇതുമൂലം ജലമലിനീകരണം വലിയതോതിൽ ഉണ്ടാകുന്നുണ്ട്.

ജില്ലയിൽ 26 ഹൗസ്ബോട്ടുകളാണ് ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നത്. അഷ്ടമുടി കായലിലൂടെ സഞ്ചാരം നടത്തുന്ന ഹൗസ് ബോട്ടുകളിലെ ജൈവ അജൈവ മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിനായി കൈമാറുന്നുണ്ടെങ്കിലും ഇത് കൃത്യതയോടെ നടക്കുന്നില്ല. ജൈവ അജൈവ മാലിന്യങ്ങളും ദ്രവ മാലിന്യങ്ങളും അഷ്ടമുടി കായലിൽ തന്നെ ഒഴുക്കുന്നതിനുള്ള സാദ്ധ്യത തള്ളിക്കളയാൻ ആകില്ല. ജില്ലാ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ലഭിച്ച വിവര പ്രകാരം ഹൗസ് ബോട്ടുകളിലെ മാലിന്യ സംസ്കരണം മോണിറ്റർ ചെയ്യുന്നതിനായി സൗകര്യമില്ലെന്ന് മനസ്സിലായിട്ടുണ്ട്. ഇതിനായി പ്രത്യേക സംവിധാനം ആവശ്യമാണ്.

കടലിലേക്കുള്ള പ്ലാസ്റ്റിക്കിന്റെ ഒഴുക്ക് തടയുന്നതിനും കടലിൽ നിലവിലുള്ള പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. “ശുചിത്വ സാഗരം സുന്ദര തീരം” പദ്ധതി ഇതിനായി ഫിഷറീസ് വകുപ്പ് ആരംഭിച്ചെങ്കിലും യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല. ജലാശയങ്ങളിലേക്ക് പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിയുന്നത് മൂലം കടലിന്റെയും കായലിന്റെയും അടിത്തട്ടിൽ ഇവ അടിയുകയും കാലക്രമേണ ഈ മൈക്രോപ്ലാസ്റ്റിക് മത്സ്യങ്ങൾ ഭക്ഷിക്കുകയും ചെയ്യുന്നു. കൂടാതെ മത്സ്യങ്ങളുടെ പ്രജനനത്തിനേയും ഇത് കാര്യമായി ബാധിക്കുന്നു. മനുഷ്യർ ഇത്തരം മത്സ്യങ്ങൾ ഭക്ഷിക്കുന്നത് മൂലം നിരവധി ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നു. കടലിലെ പ്ലാസ്റ്റിക്കിന് പുറമേ കായലിലെയും പുഴകളിലെയും പ്ലാസ്റ്റിക്ക് മാലിന്യവും നീക്കം ചെയ്യേണ്ടതുണ്ട്.

നീർച്ചാലുകളും കുളങ്ങളും കൈയ്യേറി നികത്തുന്നതും ജലാശയങ്ങളിലേയ്ക്ക് സെപ്റ്റേജ് മാലിന്യം ഒഴുക്കുന്നതും ഉൾപ്പെടെ തടയേണ്ടതുണ്ട്. ജലാശയങ്ങളിൽ കോളിഫോം ബാക്ടീരിയയുടെ അളവ് അനിയന്ത്രിതമായി വർദ്ധിക്കുന്നത് ഒഴിവാക്കേണ്ടതുണ്ട്. തെളിനീരൊഴുകും നവകേരളം ക്യാമ്പയിന്റെ ഭാഗമായി കൂടുതൽ മലിനപ്പെട്ട നീർച്ചാലുകളിലെ വെള്ളത്തിന്റെ സാമ്പിൾ പരിശോധിച്ചതിൽ നിന്ന് ജില്ലയിലെ ഇത്തരത്തിലുള്ള ഭൂരിഭാഗം നീർച്ചാലുകളിലും ഇ.കോളി ബാക്ടീരിയയുടെ സാന്നിദ്ധ്യം കാണപ്പെടുകയും, ഇത് ജലമലിനീകരണത്തിനും ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾക്കും പാരിസ്ഥിതിക പ്രശ്നങ്ങൾക്കും കാരണമാകുന്നു.. കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ പന്നിത്തോട്, ആലപ്പാട് പഞ്ചായത്തിലെ ലക്ഷ്മിത്തോട്, കൊല്ലം കോർപ്പറേഷനിലെ മണിച്ചിത്തോട് എന്നിവയിലാണ് കൂടുതൽ മാലിന്യങ്ങൾ ഉള്ളത്.

നീർച്ചാലുകളിലെ നീരൊഴുക്ക് നിലച്ചതും, കുറഞ്ഞതും കാരണം പാരിസ്ഥിതിക പ്രശ്നങ്ങൾ ജില്ലയിൽ നേരിടുന്നുണ്ട്. നീർച്ചാലുകളിൽ അടിഞ്ഞുകൂടിയ ചെളി, മണ്ണ്, പായൽ തുടങ്ങിയവ നീക്കം ചെയ്യാത്തത്, തോടുകളുടെ സംരക്ഷണ ഭിത്തി ഇല്ലാത്തത്, തകർന്ന സംരക്ഷണ ഭിത്തികൾ

പുനർനിർമ്മിക്കാത്തത് തുടങ്ങിയവമൂലം നീരൊഴുക്ക് സുഗമമാകാത്തത് ജലലഭ്യതയെയും ജലസേചനത്തെയും കൃഷിയെയും ബാധിക്കുന്നു. മഴസമയത്തും വെള്ളം സുഗമമായി ഒഴുകി പോകാത്തത് മൂലം വയലുകളിലും സമീപപ്രദേശങ്ങളിലും വെള്ളക്കെട്ട് ഉണ്ടാകുന്നത് കൃഷി നാശം ഉൾപ്പെടെയുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുന്നു.





## പ്രത്യേകതരം മാലിന്യങ്ങൾ

കൺസ്ട്രക്ഷൻ ആൻഡ് ഡിമോളിഷൻ വേസ്റ്റ് സംസ്കരിക്കുന്നതിന് ജില്ലയിൽ കേന്ദ്രങ്ങൾ ഒന്നും തന്നെ നിലവിലില്ല. ഇതിനായി സംവിധാനങ്ങൾ ആരംഭിച്ചാൽ മാത്രമേ കെട്ടിടാവശിഷ്ടങ്ങളുടെ സംസ്കരണം ഉറപ്പാക്കാൻ സാധിക്കുകയുള്ളൂ. മുടി മാലിന്യം സംസ്കരിക്കുന്നതിനുള്ള സംവിധാനം ജില്ലയിൽ ഇല്ലാത്തതിനാൽ ബാർബർ ഷോപ്പുകളിലും ബ്യൂട്ടി പാർലറുകളിലും ഉണ്ടാകുന്ന മുടി മാലിന്യം വ്യാപകമായി വലിച്ചെറിയുന്ന സ്ഥിതി നിലവിലുണ്ട്. മുടി മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനം ആവശ്യമാണ്.

കൂടുതൽ മാലിന്യം ഉത്പാദിപ്പിക്കപ്പെടുന്ന ഇടങ്ങളായ ഫ്ളാറ്റുകൾ, ഉന്നതികൾ, ആശുപത്രികൾ, ഹോസ്റ്റലുകൾ, ഹോട്ടലുകൾ, ഓഡിറ്റോറിയങ്ങൾ എന്നിവയിൽ ശാസ്ത്രീയമായി ജൈവ അജൈവ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനങ്ങളില്ല. ആയത് പരിഹരിക്കപ്പെടേണ്ടത് അനിവാര്യമാണ്.

ആശുപത്രികളിലെ മെഡിക്കൽ മാലിന്യവും വീടുകളിൽ രോഗികൾ ഉപയോഗിക്കുന്ന മരുന്നുകളുടെയും രാസപദാർത്ഥങ്ങളുടെയും അവശിഷ്ടങ്ങളും സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുമുള്ള സംവിധാനങ്ങൾ ആവശ്യമാണ്.

## കടലാക്രമണം

കൊല്ലം ജില്ലയിൽ തീരദേശ മേഖലയിൽ ഉൾപ്പെട്ട നിരവധി പ്രദേശങ്ങൾ ഉണ്ട്. ആലപ്പാട്, ഓച്ചിറ, ക്ലാപ്പന, ചവറ, പന്മന, നീണ്ടകര, തെക്കുംഭാഗം, തേവലക്കര, പനയം, പെരിനാട്, പേരയം, മൺറോതുരുത്ത്, തൃക്കരുവ, മയ്യനാട്, കൊല്ലം കോർപ്പറേഷൻ, പരവൂർ നഗരസഭ, കരുനാഗപ്പള്ളി നഗരസഭ എന്നിവ തീരദേശ മേഖലയിൽ ഉൾപ്പെടുന്ന തദ്ദേശ സ്ഥാപനങ്ങളാണ്. പുലിമുട്ടുകളുടെ അഭാവം, ജൈവവേലിയുടെ അഭാവം തുടങ്ങിയവ മൂലം കടലാക്രമണം ഉണ്ടാകുന്നത് പതിവാണ്. കൊല്ലം കോർപ്പറേഷനിലെ ബീച്ച്, ഇരവിപുരം, പരവൂർ നഗരസഭയിലെ പൊഴിക്കര, കാപ്പിൽ ബീച്ചുകൾ, മയ്യനാട് ഗ്രാമപഞ്ചായത്തിലെ താന്നി, ആലപ്പാട് ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ കടലാക്രമണം രൂക്ഷമാണ്. പുലിമുട്ടുകളുടെയും ടെട്രാപോഡിന്റെയും നിർമ്മാണം പുരോഗമിക്കുന്നതിനാൽ കടലാക്രമണം ജില്ലയിൽ കുറഞ്ഞിട്ടുണ്ടെങ്കിലും പൂർണ്ണമായും ഒഴിവാക്കേണ്ടത് അനിവാര്യമാണ്.

ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും ലഭിച്ച റിപ്പോർട്ട് പ്രകാരം കാപ്പിൽ മുതൽ അഴീക്കൽ വരെ ഏകദേശം 37 കിലോമീറ്റർ നീളമുള്ള കൊല്ലം ജില്ലയുടെ തീരപ്രദേശത്ത് കാലവർഷ കാറ്റും കള്ളക്കടൽ പ്രതിഭാസം മൂലവും രൂക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങൾ നിരവധിയാണ്. മുണ്ടയ്ക്കൽ, വെടിക്കുന്ന് പ്രദേശങ്ങളിൽ കടലാക്രമണം മൂലം കഴിഞ്ഞ 10 വർഷത്തിനിടെ നൂറിലധികം വീടുകൾ നഷ്ടപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൊല്ലം ബീച്ചിലെ മണൽത്തിട്ടകൾ വലിയ തോതിൽ കടലെടുക്കുന്നുണ്ട്. പരവൂർ, മയ്യനാട്, ഇരവിപുരം, താന്നി, നീണ്ടകര, ആലപ്പാട്, അഴീക്കൽ തുടങ്ങിയ പ്രദേശങ്ങളിലും സംരക്ഷണ ഭിത്തിയുടെ അഭാവത്താൽ കടലാക്രമണം രൂക്ഷമാണ്. ഇറിഗേഷൻ വകുപ്പ് മുഖേന കടലാക്രമണം തടയുന്നതിനുള്ള പ്രവൃത്തികൾ നടത്തുന്നുണ്ടെങ്കിലും കൂടുതൽ കാര്യക്ഷമമായി കടൽക്ഷോഭം നിയന്ത്രിക്കേണ്ടതും

കടൽത്തീരത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കേണ്ടതുമുണ്ട്.

## ഉപ്പുവെള്ളം കയറൽ

കടലിൽ നിന്ന് ഉപ്പുവെള്ളം കയറുന്നതുമൂലം കൃഷി നാശം സംഭവിക്കുന്നതും ചില പ്രദേശങ്ങളിൽ വ്യാപകമാണ്. ആലപ്പാട്, കുലശേഖരപുരം, മൺറോതുരുത്ത്, കരുനാഗപ്പള്ളി നഗരസഭ തുടങ്ങിയ പ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് പതിവാണ്. ഇതിന് പരിഹാരം കാണേണ്ടതുണ്ട്.

## മരം മുറിയ്ക്കൽ

മരങ്ങൾ വ്യാപകമായി മുറിച്ച് മാറ്റുന്ന പ്രവണത ജില്ലയിൽ കുറവാണെങ്കിലും മരം മുറിക്കുന്നതിലൂടെ കാലാവസ്ഥാ വ്യതിയാനം ഉണ്ടാകുകയും കാർബൺ സംഭരണ ശേഷി കുറയുകയും, പക്ഷി മൃഗാദികളുടെ ആവാസ വ്യവസ്ഥയെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നുണ്ട്. റോഡ് വികസനത്തിന്റെ ഭാഗമായി ഓച്ചിറ മുതൽ കടമ്പാട്ടുകോണം വരെ റോഡരുകിൽ നിന്നിരുന്ന ധാരാളം വൃക്ഷങ്ങൾ മുറിച്ച് മാറ്റപ്പെട്ടിട്ടുണ്ട്. അനിയന്ത്രിത നിർമ്മാണ പ്രവർത്തനങ്ങൾ മൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങളും ഒഴിവാക്കേണ്ടതുണ്ട്.

## മണ്ണൊലിപ്പ്

കുത്തനെയുള്ള ചരിവ് പ്രദേശങ്ങളിലും മിതമായ ചരിവ് പ്രദേശങ്ങളിലും മണ്ണൊലിപ്പിന്റെ വേഗത കൂടുതലാണ്. മഴ സമയത്ത് വെള്ളം കുത്തി ഒഴുകുന്നതിനാൽ മേൽമണ്ണ് ഒലിച്ചു പോവുകയും കൃഷിനാശം സംഭവിക്കുകയും ചെയ്യുന്നു.

## ഇടിമിന്നൽ

ഇടിമിന്നൽ മൂലമുള്ള മരണങ്ങൾ, ഭവന നാശം, വളർത്തു മൃഗങ്ങൾക്കും ഗൃഹോപകരണങ്ങൾക്കുണ്ടാകുന്ന നാശം, വൃക്ഷനാശം എന്നിവ ജില്ലയിൽ എല്ലാ വർഷങ്ങളിലും റിപ്പോർട്ട് ചെയ്യാറുണ്ട്. ഏപ്രിൽ മുതൽ ജൂൺ വരെയും ഒക്ടോബർ, നവംബർ മാസങ്ങളിലുമാണ് ഇടിമിന്നൽ മൂലമുള്ള അപകടങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യുന്നത്. ജില്ലയിൽ ഓച്ചിറ, ഇട്ടിവ, കടയ്ക്കൽ, ചിതറ, മാങ്കോട്, കുമ്മിൾ എന്നീ വില്ലേജുകൾ ഉയർന്ന ഇടിമിന്നൽ സാധ്യത പ്രദേശങ്ങളാണ്.

## വയൽ നികത്തൽ

വയലുകൾ നികത്തുന്ന പ്രവണതയും ജില്ലയിൽ കൂടുതലാണ്. തരിശായി കിടക്കുന്ന വയലുകൾ അനധികൃതമായി നികത്തി മറ്റ് കൃഷികളും നിർമ്മിതികളും, സംരംഭങ്ങളും ആരംഭിക്കുന്നുണ്ട്. മുഖത്തല ബ്ലോക്കിലെ കൊറ്റങ്കര ഗ്രാമപഞ്ചായത്തിലാണ് വയലുകൾ നികത്തുന്നത് കൂടുതലായി ശ്രദ്ധയിൽപെട്ടത്. നെൽ വയലുകൾ വ്യാപകമായി നികത്തുന്നത് മൂലം കൃഷി വ്യാപനം കുറയുന്നതിനും ജലക്ഷാമം കൂടുന്നതിനും കാരണമാകുന്നു. ഇത് തടയുന്നതിനാവശ്യമായ ഇടപെടൽ ആവശ്യമാണ്.

| ക്രമ നം. | പ്രദേശത്തിന്റെ പേര് | തരിശ് ഭൂമി (ഹെക്ടറിൽ) | | കൃഷി യോഗ്യമായ തരിശ് ഭൂമി (ഹെക്ടറിൽ) | |
|---|---|---|---|---|---|
| | | 2018-19 | 2023-24 | 2018-19 | 2023-24 |
| 1 | ഓച്ചിറ | 432.5 | 153 | 429.21 | 83 |
| 2 | ചവറ | 214 | 46 | 201.5 | 8.5 |
| 3 | ശാസ്താംകോട്ട | 255.5 | 147 | 176.7 | 224 |
| 4 | ഇരവിപുരം | 261.5 | 62 | 235.39 | 45 |
| 5 | കുണ്ടറ | 161 | 155 | 115 | 53 |
| 6 | കൊട്ടാരക്കര | 185 | 68.8 | 176 | 91 |
| 7 | ചാത്തന്നൂർ | 312 | 623 | 279.54 | 261 |
| 8 | പുനലൂർ | 142.5 | 140 | 128.66 | 20.75 |
| 9 | ചടയമംഗലം | 149.65 | 85 | 1453 | 98.8 |
| 10 | വെട്ടിക്കവല | 218.74 | 94 | 154.34 | 127 |
| 11 | അഞ്ചൽ | 139.9 | 46 | 16065 | 100 |

**(അവലംബം: പ്രിൻസിപ്പൽ കൃഷി ഓഫീസ്)**

ജലസ്രോതസ്സുകളുടെ ശാസ്ത്രീയമായ സംരക്ഷണം ഉറപ്പാക്കാത്തതുമൂലം നെൽവയലുകളും മറ്റു ഭൂമിയും കൃഷി ചെയ്യാതെ തരിശിടുന്നുണ്ട്. കൊല്ലം ജില്ലയിൽ തഴവ, കുലശേഖരപുരം, തൊടിയൂർ, മൈനാഗപ്പള്ളി, ചാത്തന്നൂർ, പവിത്രേശ്വരം, കുളക്കട, കരീപ്ര, ഇളമ്പള്ളൂർ, മയ്യനാട്, പെരിനാട് തുടങ്ങിയ പ്രദേശങ്ങളിൽ മേൽ പറഞ്ഞ പ്രശ്നങ്ങൾ കാരണം കൃഷി നടക്കുന്നില്ല. ജലലഭ്യത ഇല്ലായ്മ മൂലവും കൃഷി നടത്താതെ തരിശായി കിടക്കുന്ന പ്രദേശങ്ങളും ജില്ലയിൽ ധാരാളമുണ്ട്. ചാത്തന്നൂർ, പവിത്രേശ്വരം, കുളക്കട, ഉമ്മന്നൂർ, ശാസ്താംകോട്ട, തൊടിയൂർ, തഴവ തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിൽ ജലക്ഷാമം പരിഹരിച്ച് കൃഷി പുനരാരംഭിക്കേണ്ടതുണ്ട്.

## പോള ശല്യം

ജില്ലയിലെ ചുരുക്കം ചില നീർച്ചാലുകളിൽ പോള ശല്യം മൂലം വെള്ളത്തിന്റെ ഒഴുക്ക് കുറയുകയും മത്സ്യ സമ്പത്തിനെ ബാധിക്കുകയും ചെയ്യുന്നു. തഴവ, കരുനാഗപ്പള്ളി നഗരസഭ, കൊല്ലം കോർപ്പറേഷൻ എന്നിവിടങ്ങളിലെ നീർച്ചാലുകളിലാണ് വ്യാപകമായി പോള ശല്യം കാണുന്നത്. കൂടാതെ കുളങ്ങളിലും പോള ശല്യം ഉണ്ടാകുന്നുണ്ട്. പോള ശല്യം ഒഴിവാക്കുന്നതിനുള്ള നടപടികൾ ആവശ്യമാണ്.

## റബ്ബറിന്റെ കടന്നുകയറ്റം

നാണ്യവിളയായ റബ്ബറിന്റെ കടന്നുകയറ്റം ജലസേചനത്തെയും കൃഷിയെയും കാര്യമായി ബാധിച്ചിട്ടുണ്ട്. ജില്ലയിലെ റബ്ബർ കൃഷിയുടെ വിസ്തൃതി ചുവടെ ചേർക്കുന്നു.

| റബ്ബർ | 2018-2019 | 2019-2020 | 2020-2021 | 2021-2022 | 2022-2023 | 2023-2024 |
|---|---|---|---|---|---|---|
| വിസ്തൃതി (ഹെക്ടർ) | 33239 | 33239 | 33494 | 33541 | 33778 | 35081 |

(അവലംബം: കൃഷി വകുപ്പ്, റബ്ബർ ബോർഡ്)

## പാറ ഖനനം

അനധികൃത പാറഖനനവും ജില്ലയിലെ പരിസ്ഥിതിയ്ക്ക് ഏറെ ദോഷം ചെയ്യുന്നുണ്ട്. ജില്ലയിലെ ചടയമംഗലം, പത്തനാപുരം, കൊട്ടാരക്കര, വെട്ടിക്കവല, ഇത്തിക്കര ബ്ലോക്കുകളിലാണ് പാറഖനനം വ്യാപകമായി നടക്കുന്നത്. അതുമൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കേണ്ടതും അനിവാര്യമാണ്. ക്രഷർ യൂണിറ്റുകളിൽ നിന്നും ഉണ്ടാകുന്ന പൊടിപടലം സമീപത്തുള്ള വയലുകളിലെ കൃഷിയേയും ജനജീവിതത്തേയും സാരമായി ബാധിക്കുന്നു.

## മണലൂറ്റ്

പുഴകളിൽ നിന്നും കായലുകളിൽ നിന്നും വയലുകളിൽ നിന്നുമുള്ള മണലൂറ്റ്, കട്ടകമ്പനികൾക്കായി വയലുകളിൽ നിന്നുള്ള ചെളി എടുപ്പ്, കുന്നുകൾ ഇടിച്ച് നിരത്തുകയും ഇതിലൂടെ ലഭിക്കുന്ന മണ്ണ് അനധികൃതമായി ഉപയോഗിക്കുന്നതു മൂലവും പരിസ്ഥിതി നാശം ജില്ലയിൽ സംഭവിക്കുന്നുണ്ട്. അഞ്ചൽ, ചടയമംഗലം, പത്തനാപുരം, കൊട്ടാരക്കര, വെട്ടിക്കവല എന്നീ ബ്ലോക്കുകളിൽ ഉൾപ്പെട്ട മലയോര പ്രദേശങ്ങളിലാണ് മണ്ണ് ഖനനം വ്യാപകമായി കാണപ്പെടുന്നത്.

## വ്യവസായ ശാലകളിൽ നിന്നുള്ള മലിനീകരണം

വ്യവസായ ശാലകളിൽ നിന്നു കാര്യമായ മലിനീകരണം ജില്ലയിൽ അനുഭവപ്പെടുന്നില്ല. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള റിപ്പോർട്ട് പ്രകാരം കരിമണൽ കാണപ്പെടുന്ന തീരദേശ പ്രദേശങ്ങളിൽ മണലിൽ നിന്നുള്ള റേഡിയേഷൻ ഉണ്ടാകുന്നത് പ്രദേശവാസികളുടെ ആരോഗ്യത്തെ ബാധിക്കുന്നു. കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്, ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡ് എന്നീ പൊതു മേഖല സ്ഥാപനങ്ങളിൽ കരിമണൽ ഖനനവും സംസ്കരണവും നടത്തുന്നതിന്റെ ഭാഗമായി അയൺ ഓക്സൈഡ് സംഭരിക്കുന്നതിനായി കുളങ്ങൾ സ്ഥാപിച്ചിരുന്നത് പാരിസ്ഥിതിക പ്രശ്നങ്ങൾക്കും ജലമലിനീകരണത്തിനും കാരണമാകുന്നു.

## ടൂറിസം കേന്ദ്രങ്ങളിലെ മലിനീകരണം

മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത് ലോക ടൂറിസം ഭൂപടത്തിൽ ഇടം നേടിയെങ്കിലും മാലിന്യ സംസ്കരണം, വൃത്തിയുള്ള ശുചിമുറി, ജലലഭ്യത തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒന്നുംതന്നെ നിലവിലില്ല. വേലിയേറ്റ സമയത്ത് വെള്ളം കയറുന്നത് മൂലവും പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിടുന്നുണ്ട്. കായലിന്റെയും കനാലുകളുടെയും സംരക്ഷണഭിത്തി ബലപ്പെടുത്തേണ്ടതും മാലിന്യ മുക്തമാക്കേണ്ടതും ഹരിതചട്ടം നടപ്പിലാക്കേണ്ടതും അനിവാര്യമാണ്.

തെന്മല, ശെന്തുരുണി, റോസ്മല, പാലരുവി, കുംഭാവരുട്ടി തുടങ്ങിയ എക്കോ ടൂറിസം

കേന്ദ്രങ്ങളിലും നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ അനിവാര്യമാണ്.

## ജലഗതാഗതം

ദേശീയ ജലപാതയുടെ ഭാഗമായ കൊല്ലം തോടിന്റെ സംരക്ഷണ പ്രവർത്തനം ഉൾനാടൻ ജലഗതാഗത വകുപ്പ് ആരംഭിച്ചിട്ട് 10 വർഷം പിന്നിട്ടെങ്കിലും ഇതുവരെയും പൂർണ്ണമായിട്ടില്ല.

അഷ്ടമുടി കായൽ ടൂറിസവുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര ബോട്ടുകളും യാത്രാ ബോട്ടുകളും സർവ്വീസ് നടത്തുന്നുണ്ട്. ഇവ കാലപ്പഴക്കം ചെന്നതും കായൽ മലിനീകരണം ഉണ്ടാക്കുന്നതുമാണ്.

## അശാസ്ത്രീയ മത്സ്യബന്ധനം

അഷ്ടമുടി കായലിൽ അശാസ്ത്രീയമായ രീതിയിൽ മത്സ്യബന്ധനം നടത്തുന്നത് വ്യാപകമാണ്. നീണ്ടകര, അഴീക്കൽ ഹാർബറുകളിൽ വന്നടുക്കുന്ന മത്സ്യബന്ധന ബോട്ടുകൾ അനധികൃതമായി മത്സ്യബന്ധനം നടത്തുന്നതിനാൽ കടലിലെ മത്സ്യ സമ്പത്ത് കുറയുകയും മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെ ബാധിക്കുകയും ചെയ്യുന്നു.

## കണ്ടൽ വനനശീകരണം

ജില്ലയിൽ അഷ്ടമുടി, പരവൂർ കായൽ തീരങ്ങളിലും മറ്റ് ശുദ്ധജല നീർച്ചാലുകളുടെ തീരങ്ങളിലും ചതുപ്പുകളിലും കണ്ടൽവൽക്കരണം വ്യാപകമായി നടത്തിയിരുന്നു. എന്നാൽ ചിലർ മത്സ്യത്തൊഴിലാളികളും സാമൂഹ്യവിരുദ്ധരും വ്യാപകമായി നശിപ്പിക്കുന്നതിനാൽ കണ്ടൽ വ്യാപനം പ്രതിസന്ധിയിലാണ്.

# പരിസ്ഥിതി പ്രശ്നങ്ങളിലെ ഇടപെടൽ സാധ്യതകൾ

ജില്ലയിലെ പാരിസ്ഥിതിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ അദ്ധ്യായം 1 -ൽ വിവരിച്ചിട്ടുണ്ട്. ജില്ലയിലെ പ്രശ്നങ്ങളുടെ തീവ്രത ഒരുപരിധിവരെ കുറയ്ക്കാനോ ഇല്ലാതാക്കാനോ സാധിച്ചിട്ടുണ്ട്. പരിഹരിക്കാനും തീവ്രത കുറയ്ക്കാനും സാധിച്ച പാരിസ്ഥിതിക പ്രശ്നങ്ങൾ ചുവടെ വിവരിക്കുന്നു.

## വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ

നീർച്ചാലുകളിൽ സംരക്ഷണ ഭിത്തി ഇല്ലാത്തതിനാലും സംരക്ഷണ ഭിത്തികൾ തകർന്നതിനാലും മഴക്കാലത്ത് കൊല്ല പൊട്ടി വെള്ളം ഏലാകളിലേക്ക് കയറി കൃഷി നാശം സംഭവിക്കുന്നതും വെള്ളക്കെട്ട് ഉണ്ടാകുന്നതും ജില്ലയുടെ പല ഭാഗത്തും കാണാവുന്നതാണ്. ഇത്തരം പ്രദേശങ്ങൾ കണ്ടെത്തി നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ചാൽ വെള്ളക്കെട്ട്, കൃഷിനാശം തുടങ്ങിയവ പരിഹരിക്കാനാകും. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം അനുവദനീയമായ പ്രവൃത്തികൾ ഏറ്റെടുക്കുകയും തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമല്ലാത്ത പ്രവൃത്തികൾ ഘട്ടം ഘട്ടമായി മറ്റ് വകുപ്പുകൾ ഏറ്റെടുക്കുകയും ചെയ്യുന്നതിലൂടെ കൃഷിയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും ജലസേചനം സുഗമമാക്കുന്നതിനും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും സാധിക്കും. ഇറിഗേഷൻ, മണ്ണ് ജല സംരക്ഷണം, ഭൂജലവകുപ്പ്, കല്ലട ഇറിഗേഷൻ, കൃഷി, തദ്ദേശ സ്വയംഭരണം തുടങ്ങിയ വകുപ്പുകളും തൊഴിലുറപ്പ് പദ്ധതിയും സംയോജിതമായി മുൻഗണന അടിസ്ഥാനത്തിൽ ജില്ലയിലെ മുഴുവൻ നീർച്ചാലുകളും കുളങ്ങളും സംരക്ഷിച്ചാൽ മലിനീകരണം ഒഴിവാക്കാനും വെള്ളക്കെട്ട്, വെള്ളപ്പൊക്കം തുടങ്ങിയ ദുരന്തങ്ങൾ ഒഴിവാക്കാനും സാധിക്കും.

ജില്ലയിലെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലും ജലബജറ്റ്

പൂർത്തീകരിച്ചതിനാൽ "ജലബജറ്റിൽ നിന്നും ജലസുരക്ഷയിലേക്ക്" എന്ന പ്രവർത്തനത്തിന്റെ ഭാഗമായി വരും വർഷങ്ങളിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നത്തിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിയും .

## കൃഷി നാശം

ജില്ലയിൽ ജലലഭ്യതയുടെ കുറവ്, വെള്ളക്കെട്ട്, അതിതീവ്ര മഴ, വരൾച്ച തുടങ്ങിയ കാരണങ്ങളാൽ കൃഷി നാശം സംഭവിക്കുന്നുണ്ട്. അതി തീവ്ര മഴ, ജല നിർഗ്ഗമന മാർഗ്ഗങ്ങളുടെ അഭാവം, നീർച്ചാലുകളുടെ സംരക്ഷണ ഭിത്തിയുടെ അഭാവം തുടങ്ങിയ കാരണങ്ങളാൽ വെള്ളക്കെട്ട് ഉണ്ടാവുകയും കൃഷി ചെയ്യാൻ ആകാതെ കൃഷി നാശം സംഭവിക്കുയും ചെയ്യുന്നു. മേൽ പറഞ്ഞവ പരിഹരിച്ചാൽ ഒരു പരിധി വരെ കൃഷി നാശം തടയാനും കൃഷി വ്യാപനം സാധ്യമാക്കാനും സാധിക്കും.

ജലലഭ്യതക്കുറവ് മൂലവും വരൾച്ച മൂലവും കൃഷി ചെയ്യാൻ സാധിക്കാത്ത അവസ്ഥയും ജില്ലയിലുണ്ട്. നീർച്ചാലുകളുടെ സംരക്ഷണം, മറ്റു ജലസ്രോതസ്സുകളിൽ നിന്നുള്ള ജലസേചനം തുടങ്ങിയ പദ്ധതികൾ ഘട്ടം ഘട്ടമായി ഏറ്റെടുത്താൽ ജലക്ഷാമം മൂലം കൃഷി ചെയ്യാനാകാത്തത് പരിഹരിക്കാനാകും. തടസ്സങ്ങൾ കണ്ടെത്തി അവ പരിഹരിച്ച് ജില്ലയിലെ കൃഷി തിരികെ കൊണ്ടുവരാനാകും.

## വരൾച്ച, കുടിവെള്ളക്ഷാമം

ജില്ലയിൽ ഭൂരിഭാഗം തദ്ദേശ സ്ഥാപനങ്ങളിലും ജനുവരി മുതൽ മെയ് മാസം വരെയുള്ള കാലയളവിൽ വരൾച്ച ഉണ്ടാകുന്നുണ്ട്. ഇതുമൂലം കുടിവെള്ള ക്ഷാമം അനുഭവപ്പെടുകയും കൃഷി നാശം സംഭവിക്കുകയും ചെയ്യുന്നുണ്ട്. കുടിവെള്ളത്തിനായി ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കുന്നത് പതിവാണ്. സമീപ വർഷങ്ങളിൽ കാലാവസ്ഥാ വ്യതിയാനം, ന്യൂനമർദ്ദം തുടങ്ങിയ കാരണങ്ങളാൽ അധിക മഴ ലഭിച്ചതിനാൽ ടാങ്കർ ലോറിയിൽ വെള്ളം എത്തിക്കുന്നതിന്റെ തോത് കുറഞ്ഞിട്ടുണ്ട്. കല്ലട ഇറിഗേഷൻ പദ്ധതിയുടെ കനാലുകൾ ജില്ലയുടെ ചുരുക്കം ചില തദ്ദേശ സ്ഥാപനങ്ങളിലൂടെ കടന്നു പോകുന്നതിനാൽ ഈ പ്രദേശങ്ങളിൽ വരൾച്ച ലഘൂകരിക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ കെ.ഐ.പി കനാലിന്റെ അറ്റകുറ്റ പണികൾ നടത്താത്തതിനാൽ പല ഭാഗത്തും കനാലിൽ നിന്ന് ചോർച്ച ഉണ്ടായി വെള്ളക്കെട്ട് അനുഭവപ്പെടുകയും കൃഷി നാശം അനുഭവപ്പെടുകയും ചെയ്യുന്നു. കൂടാതെ കനാൽ ബന്ധിപ്പിക്കാത്തതിനാൽ പൂർണ്ണമായും പ്രവർത്തന ക്ഷമമായിട്ടില്ല. ചെളിയും മാലിന്യവും നിറഞ്ഞ് കനാലിന്റെ ഒഴുക്ക് തടസ്സപ്പെട്ട് എല്ലാ പ്രദേശത്തും വെള്ളം ലഭ്യമാകുന്നില്ല.

തൊഴിലുറപ്പ് പദ്ധതി പ്രകാരം മുൻകാലങ്ങളിൽ എല്ലാ വർഷവും ഡിസംബർ മാസത്തിന് മുൻപ് കനാൽ വൃത്തിയാക്കുമായിരുന്നു. എന്നാൽ നിലവിൽ 3 വർഷത്തിൽ ഒരിക്കൽ മാത്രമേ ഈ പ്രവൃത്തി ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ. കല്ലട ഇറിഗേഷൻ പ്രോജക്ടിന് മാത്രമായി കനാൽ വൃത്തിയാക്കുന്നതിനുള്ള ഫണ്ടും ലഭ്യമല്ല. കെ.ഐ.പി കനാലിലെ അറ്റകുറ്റ പണികൾ പൂർത്തീകരിക്കുകയും നീരൊഴുക്കിന് തടസ്സം നിൽക്കുന്ന ചെളിയും മാലിന്യവും വർഷം തോറും നീക്കം ചെയ്യുകയും ചെയ്താൽ കനാൽ കടന്നുപോകുന്ന ഭാഗങ്ങളിലെ ജലക്ഷാമം വേനൽക്കാലത്ത്

പരിഹരിക്കാനാകും.

കിണർ റീചാർജ്ജിംഗ്, മഴക്കുഴികൾ തുടങ്ങിയവ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് വിനിയോഗിച്ചും ഭൂജല വകുപ്പ് മുഖേനയും നടപ്പിലാക്കിയതിലൂടെ ജില്ലയിലെ കിണറുകളിലെ ജലലഭ്യത വേനൽക്കാലങ്ങളിൽ ഒരു പരിധി വരെ ഉറപ്പാക്കാൻ സാധിക്കും. തൊഴിലുറപ്പ് പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനം, ഹരിതകേരളം മിഷൻ എന്നിവയുടെ നേതൃത്വത്തിൽ ഒരു വാർഡിൽ 100-150 കിണർ റീചാർജ്ജിങ്ങ് നടപ്പിലാക്കുക, തദ്ദേശ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് വീടുകളിലും സ്ഥാപനങ്ങളിലും റീചാർജ്ജിങ്ങ് സംവിധാനം നടപ്പിലാക്കുകയും ഭൂജല വകുപ്പ് മുഖേന വലിയ സർക്കാർ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പിറ്റ് റീചാർജ്ജിങ്ങ് പദ്ധതി തുടങ്ങിയവ നടപ്പിലാക്കുന്നതിലൂടെയും ജലക്ഷാമം ഒരു പരിധി വരെ പരിഹരിക്കാനാകും.

വെള്ളം തടഞ്ഞു നിർത്തി ജലക്ഷാമം പരിഹരിക്കുന്നതിനായി താൽക്കാലിക തടയണയുടെ നിർമ്മാണവും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരവും ജലസേചന വകുപ്പ് മുഖേനയും സ്ഥിരം തടയണകളും ആവശ്യമായ സ്ഥലങ്ങളിൽ നിർമ്മിച്ചാൽ ജലക്ഷാമത്തിന് പരിഹാരം കാണാവുന്നതാണ്.

ഉപയോഗശൂന്യമായതും ധാരാളം ജലം കെട്ടിക്കിടക്കുന്നതുമായ പാറക്വാറികളിലെ ജലം ഹരിത ഊർജ്ജം ഉപയോഗിച്ച് നീർച്ചാലുകളിലേക്ക് റീചാർജ്ജ് ചെയ്യുന്ന പദ്ധതി നടപ്പിലാക്കുന്നതിലൂടെ ക്വാറിയുടെ സമീപ പ്രദേശങ്ങളിലെ ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനും, കൃഷിക്കും ജലസേചനത്തിനും, കുടിവെള്ള ക്ഷാമത്തിനും വരൾച്ചയ്ക്കും പരിഹാരം കാണാനും സാധിക്കും.

പുഴകളിലേയും കുളങ്ങളിലേയും വെള്ളം പമ്പ് ചെയ്ത് കൃഷിക്കും കുടിവെള്ളത്തിനും ഉപയോഗിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിലൂടെയും ജലക്ഷാമവും വരൾച്ചയും പരിഹരിക്കാനാകും.

## പൊതുസ്ഥലങ്ങളിലെ മലിനീകരണം

പൊതു നിരത്തുകളിലും പൊതു സ്ഥലങ്ങളിലും മാലിന്യ നിക്ഷേപം വ്യാപകമായി നടക്കുന്നുണ്ട്. പൊതു നിരത്തുകളിലും പൊതു സ്ഥലങ്ങളിലും ആവശ്യമായ ബിന്നുകൾ സ്ഥാപിച്ച് മാലിന്യം ശേഖരിക്കുകയും അവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള നടപടികൾ തദ്ദേശ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുകയും ചെയ്യാവുന്നതാണ്. ബോധവൽക്കരണത്തിലൂടെയും നിയമ നടപടകളിലൂടെയും മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ നടപടി സ്വീകരിക്കുകയും പൊതു നിരത്തിലേയും പൊതു സ്ഥലങ്ങളിലേയും മാലിന്യ നിക്ഷേപം തടയുകയും ചെയ്യാവുന്നതാണ്.

ജില്ലയിൽ തദ്ദേശസ്ഥാപനങ്ങൾ വഴി ഉറവിട മാലിന്യ സംസ്കരണ സംവിധാനവും പൊതു മാലിന്യ സംസ്കരണ സംവിധാനവും ഉറപ്പാക്കി ജൈവമാലിന്യ സംസ്കരണം വീടുകളിലും സ്ഥാപനങ്ങളിലും പൊതു സ്ഥലങ്ങളിലും നടപ്പിലാക്കാൻ കഴിയും.

അജൈവ മാലിന്യം ശേഖരിക്കുന്നതിനായി തദ്ദേശസ്ഥാപനങ്ങളിൽ 250 വീടുകൾക്ക് ഒന്ന് വീതം ഹരിതകർമ്മസേനയെ സജ്ജമാക്കി പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ പാഴ്‌വസ്തുക്കൾ ശേഖരിച്ചുകൊണ്ട് പ്രശ്നം പരിഹരിക്കാവുന്നതാണ്. അജൈവ മാലിന്യ സംസ്കരണത്തിന് ആവശ്യമായ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി, മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി, റിസോഴ്സ് റിക്കവറി

ഫെസിലിറ്റി, കരിയില സംഭരണി, മാലിന്യം തരം തിരിക്കുന്നതിനായി കൺവെയർ ബെൽറ്റ്, ഷ്രെഡിങ് മെഷീൻ, ബെയിലിങ് മെഷീൻ, മാലിന്യ ശേഖരണത്തിനായി വാഹനം, ഓഫീസ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്നതിലൂടെ ഒരു പരിധിവരെ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും.

കോഴി മാലിന്യം, അറവ് മാലിന്യം എന്നിവ സംസ്കരിക്കുന്നതിനായി ആവശ്യമായ പ്ലാന്റുകൾ സ്ഥാപിക്കുന്നതിലൂടെയും തദ്ദേശ സ്ഥാപനങ്ങളിൽ സ്ലോട്ടർ ഹൗസുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുന്നതിലൂടെയും പ്രശ്നത്തിന് പരിഹാരമാകും. സാനിറ്ററി മാലിന്യം സംസ്കരിക്കുന്നതിനായി ജില്ലയിൽ നിലവിൽ സംവിധാനം ഇല്ലാത്തതിനാൽ ബ്ലോക്കിൽ ഒന്ന് വീതം എങ്കിലും ഡബിൾ ചേമ്പർ ഇൻസിനറേറ്ററുകൾ സ്ഥാപിച്ച് കമ്മ്യൂണിറ്റി തലത്തിൽ സാനിറ്ററി മാലിന്യങ്ങൾ സംസ്കരിക്കാനാകും.

കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിനായി ജില്ലയിൽ സംസ്കരണ പ്ലാൻറുകൾ നിലവിൽ ഇല്ലാത്ത സാഹചര്യത്തിൽ ബ്ലോക്കിൽ ഒന്ന് വീതമെങ്കിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിലൂടെ കക്കൂസ് മാലിന്യ സംസ്കരണം ജില്ലയിൽ നടപ്പിലാക്കാനാകും. കൊല്ലം കോർപ്പറേഷനിൽ നിർമ്മാണം അന്തിമ ഘട്ടത്തിലായ എസ്.ടി.പിയുടെ പ്രവർത്തനം ആരംഭിക്കുന്നതിലൂടെ കോർപ്പറേഷനിലെ കക്കൂസ് മാലിന്യം സംസ്കരിക്കാനാകും. കരുനാഗപ്പള്ളി നഗരസഭയിൽ നിർമ്മാണം ആരംഭിച്ച എസ്.ടി.പിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിലൂടെയും പഞ്ചായത്തും കൊല്ലം കോർപ്പറേഷനും ആരംഭിച്ച മൊബൈൽ എസ്.ടി.പിയുടെ പ്രവർത്തനത്തിലൂടെയും ജില്ലയിലെ കക്കൂസ് മാലിന്യത്തിന്റെ സംസ്കരണം പരിഹരിക്കാനാകും.

കൂടുതൽ മാലിന്യം ഉത്പാദിപ്പിക്കുന്ന ഫ്ലാറ്റുകൾ, ഉന്നതികൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ, ആഡിറ്റോറിയങ്ങൾ, ഹോട്ടലുകൾ തുടങ്ങിയവയിൽ ജൈവമാലിന്യ പരിപാലനത്തിനായി ആവശ്യമായ സംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്. അജൈവ മാലിന്യങ്ങൾ പ്രത്യേക ബിന്നുകളിൽ ശേഖരിക്കുകയും ഹരിതകർമ്മസേനയ്ക്ക് കൈമാറുകയും ചെയ്യുന്നതു വഴി ഇവിടെ ഉണ്ടാകുന്ന ജൈവ അജൈവ മാലിന്യ സംസ്കരണത്തിന് പരിഹാരമാകും.

ഉപയോഗശൂന്യമായ ഇലക്ട്രിക്, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, ട്യൂബ് ലൈറ്റ്, സി.എഫ്. എൽ ലാമ്പ്, പ്രിന്റിംഗ് കാട്രിജ്ജ്, ചില്ല് മാലിന്യം, തുണി മാലിന്യം, ലെതർ മാലിന്യം തുടങ്ങിയവ ഹരിതകർമ്മസേന മുഖേന ശേഖരിച്ച് കൈമാറുന്നത് വഴി ഇത്തരം മാലിന്യ പ്രശ്നം ഒഴിവാക്കാൻ സാധിക്കും.

## ജലമലിനീകരണം

നീർച്ചാലുകളിലെ നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനായി നീർച്ചാലുകളിൽ അടിഞ്ഞുകൂടിയ ചെളി, പായൽ, മാലിന്യം എന്നിവ നീക്കം ചെയ്യുന്ന പ്രവർത്തനം തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുക്കാവുന്നതാണ്. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സെപ്റ്റേജ് മാലിന്യം ഉൾപ്പെടെയുള്ള മലിന ജലം ഓടകളിലേയ്ക്കും നീർച്ചാലുകളിലേയ്ക്കും ഒഴുക്കി വിടുന്നത് പതിവാണ്. ഇത് ഒഴിവാക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്ഥാപനങ്ങൾ മുഖേന കാര്യക്ഷമമായി നടപ്പിലാക്കിയാൽ അതുമൂലമുള്ള ജലമലിനീകരണം തടയാവുന്നതാണ്.

ഒറ്റക്കുഴി കക്കൂസുകൾക്ക് പകരം ശാസ്ത്രീയമായ രീതിയിൽ സുരക്ഷിതമായ സെപ്റ്റിക് ടാങ്കുകൾ

മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും ഉന്നതികൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിലും ഉണ്ടാകേണ്ടത് അനിവാര്യമാണ്. ത്രിതല പഞ്ചായത്തുകൾ, ശുചിത്വമിഷൻ എന്നിവയുടെ ഫണ്ട് വിനിയോഗിച്ച് റിട്രോ ഫിറ്റിംഗ് പോലെയുള്ള പദ്ധതികൾ വ്യാപകമായി നടപ്പിലാക്കി ഒറ്റക്കുഴി കക്കൂസ് മൂലമുള്ള മലിനീകരണം ജില്ലയിൽ ഒഴിവാക്കാവുന്നതാണ്.

ജില്ലയിൽ പ്രവർത്തിക്കുന്ന ഹൗസ് ബോട്ടുകളിൽ നിന്നും ജലമലിനീകരണം ഉണ്ടാകുന്നുണ്ട്. ഇത് തടയുന്നതിനായി ഹൗസ് ബോട്ടുകൾ പ്രവർത്തിക്കുന്ന തദ്ദേശസ്ഥാപനങ്ങൾ മുഖേന നടപടി സ്വീകരിച്ചാൽ ഇതുമൂലമുള്ള ജല മലിനീകരണം ഒഴിവാക്കാനാകും

കടലിലേക്കുള്ള പ്ലാസ്റ്റിക്ക് നിക്ഷേപവും കടലിൽ അടിഞ്ഞുകൂടിയ പ്ലാസ്റ്റിക്കും നീക്കം ചെയ്യേണ്ടതുണ്ട്. ജില്ലയിൽ പ്രവർത്തിക്കുന്ന നിരവധി മത്സ്യബന്ധന ബോട്ടുകളിൽ നിന്ന് പ്ലാസ്റ്റിക്ക് മാലിന്യം നിക്ഷേപിക്കുന്നത് പതിവാണ്. ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾ മുഖേന ഇതിനു പരിഹാരം കാണാവുന്നതാണ്. “ശുചിത്വ സാഗരം സുന്ദര തീരം” പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതു വഴി കടലിലെയും കായലിലെയും മലിനീകരണം കുറയ്ക്കാവുന്നതാണ്.

## പ്രത്യേകതരം മാലിന്യങ്ങൾ

കൺസ്ട്രക്ഷൻ ആൻഡ് ഡിമോളിഷിംഗ് വേസ്റ്റ് സംസ്കരിക്കുന്നതിന് ജില്ലയിൽ ഒരു കേന്ദ്രം എങ്കിലും ആരംഭിക്കുന്നത് വഴി കെട്ടിടാവശിഷ്ടങ്ങളുടെ സംസ്കരണവും ഉറപ്പാക്കാനാകും.

ബാർബർ ഷോപ്പുകളിൽ നിന്നും ബ്യൂട്ടി പാർലറിൽ നിന്നും അംഗീകൃത ഏജൻസികൾ മുഖേന മുടിമാലിന്യം ശേഖരിച്ച് ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിന് കൈമാറുക വഴി ജില്ലയിലെ മുടിമാലിന്യ പ്രശ്നം പരിഹരിക്കാവുന്നമനതാണ്.

ആപത്ക്കരമായ ഇലക്ട്രോണിക് മാലിന്യങ്ങൾ ഹരിതകർമ്മസേന വഴി ശേഖരിച്ച് ശാസ്ത്രീയ സംസ്കരണത്തിനായി ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുന്നതു വഴി അതുമൂലമുള്ള മലിനീകരണം ഒഴിവാക്കാവുന്നതാണ്. തദ്ദേശ സ്ഥാപനങ്ങൾ ആപൽക്കരമായ മാലിന്യങ്ങൾ ശേഖരിച്ച് കൈമാറുന്നതിനായി ആവശ്യമായ തുക പദ്ധതി വിഹിതമായി വകയിരുത്തിയാൽ ഇത് സാധ്യമാകും.

ഇമേജ് മുഖേന ആശുപത്രികളിലെ മെഡിക്കൽ മാലിന്യം നീക്കം ചെയ്യുന്നുണ്ട്. എന്നാൽ വീടുകളിൽ രോഗികൾ ഉപയോഗിക്കുന്ന മരുന്നുകളുടെയും രാസപദാർത്ഥങ്ങളുടെയും അവശിഷ്ടങ്ങൾ വലിച്ചെറിയുകയാണ് പതിവ്. ഇവ ഹരിതകർമ്മസേന വഴി ശേഖരിക്കുന്നതിനും സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുമുള്ള സംവിധാനം തദ്ദേശസ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നതാണ്.

## കടലാക്രമണം

തീരദേശ മേഖലയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ വീടുകൾ കടലാക്രമണം മൂലം നശിക്കുന്നതും വീടുകളിൽ വെള്ളം കയറുന്നതും പതിവാണ്. പുലിമുട്ടുകളുടെയും ടെട്രാ ബോണ്ടുകളുടെയും നിർമ്മാണം പൂർത്തിയാകുന്നതോടെ പൂർണ്ണമായും കടലാക്രമണം ഒഴിവാക്കാനാവും. കടലോരങ്ങളിൽ കാറ്റാടി വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് കടൽക്ഷോഭം പ്രതിരോധിക്കുന്നതിനും ചവറ, നീണ്ടകര, ആലപ്പാട്, മയ്യനാട്, പരവൂർ നഗരസഭ,

കൊല്ലം കോർപ്പറേഷൻ പോലെയുള്ള തീരദേശ മേഖലകളിൽ കാറ്റാടി വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുന്നതിലൂടെയും കടലിന്റെ തീരസംരക്ഷണം ഉറപ്പാക്കാനാകും. കായലിന്റെ തീരപ്രദേശങ്ങളിൽ തീര സംരക്ഷണത്തിനായി കണ്ടൽ വച്ച് പിടിപ്പിക്കുന്നതിലൂടെ തീര സംരക്ഷണം ഉറപ്പാക്കാവുന്നതാണ്. കൊല്ലം കോർപ്പറേഷൻ, പനയം, പെരിനാട്, കുണ്ടറ, പേരയം, തൃക്കരുവ, മൺട്രോത്തുരുത്ത്, കിഴക്കേ കല്ലട, കരുനാഗപ്പള്ളി നഗരസഭ, നീണ്ടകര, തെക്കുംഭാഗം, തേവലക്കര, ആലപ്പാട് തുടങ്ങിയ തദ്ദേശ സ്ഥാപനങ്ങളിൽ മാതൃകാപരമായി കണ്ടൽവൽക്കരണം നടപ്പിലാക്കി മത്സ്യങ്ങളുടെ പ്രജനനത്തിന് സഹായകരമാക്കുകയും തീരസംരക്ഷണം ഉറപ്പാക്കാവുന്നതുമാണ്.

## ഉപ്പുവെള്ളം കയറൽ

കടലിൽ നിന്നും കായലിൽ നിന്നും വേലിയേറ്റ സമയത്ത് ഉപ്പുവെള്ളം കയറുന്നത് തീരദേശമേഖലയിൽ ഉള്ള പഞ്ചായത്തുകളിൽ വ്യാപകമാണ്. ഉപ്പുവെള്ളം കയറാതിരിക്കുന്നതിനായി ഇറിഗേഷൻ വകുപ്പ് മുഖേന ഷട്ടറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പലതും ജീർണ്ണാവസ്ഥയിലാണ്. പഴക്കം ചെന്ന ഇത്തരം ജലസേചന നിർമ്മിതികൾ പുനഃസ്ഥാപിക്കുകയും മറ്റ് ആവശ്യമായ ഇടങ്ങളിൽ പുതിയതായി ഷട്ടറുകൾ സ്ഥാപിക്കുകയും ചെയ്യുന്നത് വഴി ഉപ്പുവെള്ളം കയറുന്നത് മൂലമുള്ള കൃഷിനാശവും പാരിസ്ഥിതിക പ്രശ്നങ്ങളും ഒഴിവാക്കാൻ സാധിക്കും.

## മരം മുറി

റോഡ് വികസനവുമായി ബന്ധപ്പെട്ട നിരവധി മരങ്ങൾ ദേശീയ പാത അതോറിറ്റി മുറിച്ച് മാറ്റിയിട്ടുണ്ട്. കൂടാതെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വീടുകളിൽ നിന്നും മറ്റ് സ്ഥലങ്ങളിൽ നിന്നും മരം മുറി വ്യാപകമാണ്. ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ വനം വകുപ്പും മറ്റ് ഏജൻസികളും മുഖേന ആവശ്യവുമായ വൃക്ഷവൽക്കരണം നടത്തിയാൽ ഇതിനു പരിഹാരമാകും.

## മണ്ണൊലിപ്പ്

ജില്ലയുടെ ഭൂപ്രകൃതിയുടെ പ്രത്യേകത അനുസരിച്ച് ചരിഞ്ഞ പ്രദേശങ്ങളിൽ മണ്ണൊലിപ്പ് വ്യാപകമാണ്. മണ്ണൊലിപ്പ് കൃഷിയെയും ബാധിക്കുന്നുണ്ട്. മണ്ണ് സംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവ മുഖേന മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയാൽ മണ്ണൊലിപ്പ് തടയാവുന്നതാണ്. തട്ട് തിരിക്കൽ, കോണ്ടൂർ ബണ്ട്, മാർജിനൽ ബണ്ട്, ഫീൽഡ് ബണ്ട് തുടങ്ങിയ പ്രവൃത്തികൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വ്യാപകമായി ഏറ്റെടുക്കാവുന്നതാണ്.

## വയൽ നികത്തൽ

തരിശായി കിടക്കുന്ന വയലുകൾ അനധികൃതമായി നികത്തി മറ്റ് കൃഷികളും നിർമ്മിതികളും സംരംഭങ്ങളും ആരംഭിക്കുന്നുണ്ട്. തണ്ണീർത്തട നിയമങ്ങൾ ശക്തമാക്കിയും നിയമ ലംഘകർക്കെതിരെ നടപടി സ്വീകരിച്ചും തരിശുനിലങ്ങൾ നികത്തുന്നത് ഒഴിവാക്കുകയും തരിശ് നിലങ്ങൾ കൃഷിയോഗ്യ മാക്കാവുന്നതുമാണ്. ജില്ലാ കളക്ടർ മുഖേന റവന്യൂ, കൃഷി, മൈനിംഗ് & ജിയോളജി, തദ്ദേശ

സ്വയംഭരണം എന്നീ വകുപ്പുകളുടെ യോഗം വിളിച്ച് ആവശ്യമായ ഇടപെടലുകൾ നടത്തുകയും തണ്ണീർത്തട നിയമം ശക്തമാക്കുന്നതിലൂടെയും നെൽ വയൽ നികത്തൽ ഒഴിവാക്കാവുന്നതാണ്.

## പാറ ഖനനം

അനധികൃത പാറഖനനം ജില്ലയിൽ വ്യാപകമാണ്. ഇത് തടയുന്നതിനായി റവന്യൂ, മൈനിംഗ് & ജിയോളജി, തദ്ദേശ സ്വയംഭരണം, മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ വകുപ്പുകളുടെ യോഗം വിളിക്കുകയും അനധികൃത പാറഖനനം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യാവുന്നതാണ്.

## മണലൂറ്റ്

നദികൾ, പുഴകൾ, വയലുകൾ എന്നിവയിൽ നിന്ന് അനധികൃതമായി കട്ട നിർമ്മാണത്തിനും കെട്ടിട നിർമ്മാണത്തിനും മണ്ണെടുക്കുന്നത് വ്യാപകമാണ്. വയലുകളിൽ നിന്ന് മണ്ണെടുക്കുന്നത് നെൽ കൃഷിയെ ബാധിക്കുകയും പരിസ്ഥിതിക്ക് ആഘാതം ഉണ്ടാക്കുകയും ചെയ്യുന്നു. ഇതിന് തണ്ണീർത്തട നിയമം ശക്തമാക്കുകയും വയലുകളിൽ നിന്നും മണലൂറ്റ് ഒഴിവാക്കുകയും ചെയ്യാവുന്നതാണ്. റവന്യൂ, മൈനിംഗ് & ജിയോളജി, തദ്ദേശ സ്വയംഭരണം മണ്ണ് സംരക്ഷണം എന്നീ വകുപ്പുകളുടെ യോഗം വിളിച്ച് പുഴകളിൽ നിന്നും വയലുകളിൽ നിന്നും മണലൂറ്റ് തടയുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

## വ്യവസായ ശാലകളിൽ നിന്നുള്ള മലിനീകരണം

ജില്ലയിൽ ചവറയിൽ പ്രവർത്തിക്കുന്ന കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡിൽ നിന്നുള്ള മലിനീകരണം ഒഴിവാക്കുന്നതിനായി ജില്ലാ ഭരണകൂടം, കെ.എം.എം.എൽ, ബന്ധപ്പെട്ട തദ്ദേശസ്ഥാപനം എന്നിവ മുഖേന നടപടി സ്വീകരിക്കാവുന്നതാണ്.

## ടൂറിസം കേന്ദ്രങ്ങളിലെ മലിനീകരണം

ജില്ലയിലെ ടൂറിസം കേന്ദ്രങ്ങളിൽ മാലിന്യ സംസ്കരണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഹരിത ടൂറിസം കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനം, ടൂറിസം, ശുചിത്വമിഷൻ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഇറിഗേഷൻ തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിച്ച് ഹരിതകേരളം മിഷന് ജില്ലയിലെ ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റാവുന്നതാണ് .

## ജലഗതാഗതം

ടൂറിസം മേഖലയിൽ ഏറെ സാധ്യതയുള്ള കൊല്ലം തോടിന്റെ സംരക്ഷണ പ്രവർത്തനം അടിയന്തിരമായി പൂർത്തീകരിക്കാവുന്നതാണ്.

അഷ്ടമുടി കായൽ ടൂറിസവുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര ബോട്ടുകളും യാത്രാ ബോട്ടുകളും സർവ്വീസ് നടത്തുന്നുണ്ട്. ഇവ കാലപ്പഴക്കം ചെന്നതും കായൽ മലിനീകരണം ഉണ്ടാക്കുന്നതുമാണ്.

മലിനീകരണം ഒഴിവാക്കുന്നതിനും ഹരിതോർജ്ജത്തിൽ പ്രവർത്തിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്. പ്രധാന ടൂറിസം കേന്ദ്രമായ മൺഡ്രോത്തുരുത്ത്, സാംബ്രാണിക്കോടി എന്നിവിടങ്ങൾ വിനോദസഞ്ചാരികൾ സന്ദർശിക്കുന്നത് ചെറുവള്ളങ്ങളിലും ചെറു ബോട്ടുകളിലുമാണ്. ഇതിൽ നിന്നുമുണ്ടാകുന്ന മലിനീകരണം തടയേണ്ടതാണ്.

## അശാസ്ത്രീയ മത്സ്യബന്ധനം

ജില്ലയിലെ മത്സ്യബന്ധന ബോട്ടുകൾ നിയമാനുസൃതമല്ലാത്ത വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതുവഴി കടലിലെ മത്സ്യസമ്പത്ത് കുറയുന്നുണ്ട്. ഫിഷറീസ് വകുപ്പ് മുഖേന ഇതിനുള്ള നടപടികൾ ശക്തമാക്കുകയും നിയമലംഘകർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യുന്നതിലൂടെ അനധികൃത മത്സ്യബന്ധനം തടയാവുന്നതാണ്.

## കണ്ടൽനശീകരണം

അഷ്ടമുടിക്കായൽ, പരവൂർ കായൽ, മുഖത്തല, ഇത്തിക്കര, ശാസ്താംകോട്ട ബ്ലോക്കുകളിലെ ശുദ്ധജല ജലസ്രോതസ്സുകളുടെ തീരങ്ങളിൽ കണ്ടൽവൽക്കരണം വ്യാപകമായി നടത്തിയിരുന്നു. എന്നാൽ സാമൂഹ്യ വിരുദ്ധരുടെയും മത്സ്യത്തൊഴിലാളികളുടെയും നിസ്സഹരണം മൂലം നട്ട തൈകൾ വ്യാപകമായി നശിച്ചിട്ടുണ്ട്. ഇത് തടയുന്നതിനായി കണ്ടൽവൽക്കരണത്തിന്റെ പ്രാധാന്യവും പ്രയോജനവും സംബന്ധിച്ച ബോധവൽക്കരണം നടത്തുകയും കണ്ടൽവൽക്കരണം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യണം.

# ഹരിതകേരളം മിഷൻ നടത്തിയ ഇടപെടലുകളും നേട്ടങ്ങളും

ബോധപൂർവ്വമായ ഇടപെടലുകളിലൂടെ ജില്ലയിൽ തീവ്രത കുറയ്ക്കാനോ ഇല്ലാതാക്കാനോ കഴിയുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ അദ്ധ്യായം 2 -ൽ വിവരിച്ചിട്ടുണ്ട്. ഇതിൽ കഴിഞ്ഞ 10 വർഷക്കാലം ജില്ലയിൽ പരിഹരിക്കാൻ കഴിഞ്ഞ പാരിസ്ഥിതിക പ്രശ്നങ്ങളാണ് ഈ അദ്ധ്യായത്തിൽ ചുവടെ വിവരിക്കുന്നത്.

## ജലസംരക്ഷണം

ജലസംരക്ഷണ മേഖലയിൽ കഴിഞ്ഞ 10 വർഷക്കാലമായി നീർച്ചാലുകളുടെ വീണ്ടെടുക്കൽ, പുതിയ കുളം നിർമ്മിക്കൽ, കുളങ്ങളുടെ നവീകരണം, കിണർ റീചാർജ്ജിങ്ങ്, പാറക്വാറി റീചാർജ്ജിങ്ങ്, ജലബജറ്റ് തയ്യാറാക്കൽ, ജലബജറ്റിൽ നിന്നും ജലസുരക്ഷയിലേക്ക് പ്രവർത്തനം, സുരക്ഷിതമാക്കാം പശ്ചിമഘട്ടം, ജലഗുണനിലവാര പരിശോധന ലാബ് തുടങ്ങി നിരവധി പ്രവർത്തനങ്ങളാണ് ജില്ലയിൽ ഏറ്റെടുത്തിട്ടുള്ളത്.

## നീർച്ചാലുകളുടെ വീണ്ടെടുക്കൽ

ഹരിതകേരളം മിഷന്റെ രണ്ടാം വാർഷികത്തോട് അനുബന്ധിച്ച് 2017 ഡിസംബർ 8-ന് എല്ലാവരും ജലാശയങ്ങളിലേക്ക് എന്ന പേരിൽ ജലസ്രോതസ്സുകളുടെ വീണ്ടെടുക്കൽ പ്രവർത്തനം ആരംഭിച്ചു. ജില്ലയിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും കൃഷിക്ക് പ്രാധാന്യം നൽകി ഒരു ജലസ്രോതസ്സിന്റെ പുനരുജ്ജീവനം നടത്തുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായാണ് പ്രവർത്തനം ആരംഭിച്ചത്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, വിദ്യാർത്ഥികൾ തുടങ്ങിയവയുടെയും വിവിധ വകുപ്പുകളായ ഇറിഗേഷൻ, കൃഷി, ആരോഗ്യം

എന്നിവയുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ ജനകീയമായാണ് ഈ പ്രവർത്തനം നടത്തിയത്. കല്ലടയാർ, കുലശേരപുരം പന്നിത്തോട്, പെരിനാട് ഇളമ്പള്ളൂർ ഇടവട്ടം കുഴിയിൽ തോട്, നീണ്ടകര ചന്ദ്രവിലാസം തോട്, ആലപ്പാട് ലക്ഷ്മിത്തോട്, ശൂരനാട് തെക്ക് കാരൂർ തോട്, തെക്കുംഭാഗം പാണ്ടാംകുളം, പന്മന പ്ലാക്കാട്ട് കുളം എന്നീ മലിനപ്പെട്ട തോടുകളുടെയും കുളങ്ങളുടെയും പുനരുജ്ജീവനം ജില്ലയിൽ ശ്രദ്ധേയമായി. കൂടാതെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കുളങ്ങളുടെ പുനരുജ്ജീവനം, പുതിയ കുളങ്ങളുടെ നിർമ്മാണം എൻ.എസ്സ്.എസ്സ് വോളന്റിയേഴ്സുമായി സഹകരിച്ചും ഫയർഫോഴ്സ് ഡിഫന്റ്സ് ടീമുമായി സഹകരിച്ചും നിരവധി കുളങ്ങൾ ശുചീകരിച്ച് വീണ്ടെടുക്കുകയുണ്ടായി.

121 കി.മീ. നീളത്തിൽ 30 തദ്ദേശ സ്ഥാപനങ്ങളിലൂടെ ഒഴുകുന്ന കല്ലടയാറും അതിന്റെ കൈവഴികളും ജനകീയ പങ്കാളിത്തത്തോടെ വീണ്ടെടുക്കുന്നതിനുള്ള പ്രവർത്തനവും 4 മേഖലകളിലായി പുനലൂർ, പത്തനാപുരം, വെട്ടിക്കവല, ശാസ്താംകോട്ട എന്നിവിടങ്ങളിൽ സംഘടിപ്പിച്ചിരുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുക, ഇടിഞ്ഞുപോയ സംരക്ഷണ ഭിത്തി ചെളിയും കയർ ഭൂവസ്ത്രവും ഉപയോഗിച്ച് സംരക്ഷിക്കുക, മുള, കണ്ടൽ തുടങ്ങിയവ വെച്ച് പിടിപ്പിക്കുക, ജലാശയങ്ങളിലേക്ക് മാലിന്യത്തിന്റെ ഒഴുക്ക് തടയുക തുടങ്ങിയ പ്രവർത്തനമാണ് കല്ലടയാർ സംരക്ഷണത്തിന്റെ ഭാഗമായി നടത്തിയത്.

ജലസ്രോതസ്സുകളുടെ വീണ്ടെടുക്കലിന്റെ ഭാഗമായി നീർച്ചാലുകളിലെ മലിനീകരണം ഒഴിവാക്കാനും നീരൊഴുക്ക് വർദ്ധിപ്പിക്കാനും താൽക്കാലിക തടയണകൾ നിർമ്മിച്ച് ജലസംരക്ഷണം ഉറപ്പാക്കാനും കൃഷി വ്യാപനവും പരിസ്ഥിതി പുനഃസ്ഥാപനവും നടത്താനും സാധിച്ചു.

വെള്ളക്കെട്ട്, ജലക്ഷാമം എന്നിവ മൂലം കൃഷി ചെയ്യാത്ത ഒട്ടേറെ പ്രദേശങ്ങൾ ജില്ലയിലുണ്ട്. വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ജലനിർഗ്ഗമന മാർഗ്ഗങ്ങൾ ഉറപ്പാക്കേണ്ടതുണ്ട്. നിലവിലുള്ള നീർച്ചാലുകളുടെ ഒഴുക്ക് സുഗമമാക്കേണ്ടതും ആവശ്യമുള്ള ഇടങ്ങളിൽ പുതിയതായി ചെറു നീർച്ചാലുകൾ നിർമ്മിക്കേണ്ടതുമുണ്ട്. കെട്ടിനിൽക്കുന്ന വെള്ളം ശാസ്ത്രീയമായ രീതിയിൽ നീർച്ചാലുകളിലേക്കും പുഴകളിലേക്കും ഒഴുക്കിവിട്ട് വെള്ളക്കെട്ട് ഒഴിവാക്കി നെൽകൃഷി പുനരാരംഭിക്കുന്ന പ്രവർത്തനം ജില്ലയിൽ ഏറ്റെടുത്തിട്ടുണ്ട്. തഴവയിൽ വട്ടക്കായൽ, മൈനാഗപ്പള്ളി ചാലയിൽ മാടൻനട ഏല, ചിറക്കര പോളച്ചിറ തുടങ്ങിയവ ഇതിന് ഉദാഹരണങ്ങളാണ്. കുലശേഖരപുരം, കുന്നത്തൂർ, ശാസ്താംകോട്ട, ആദിച്ചനല്ലൂർ തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിൽ വെള്ളക്കെട്ട് ഒഴിവാക്കി നെൽ കൃഷി പുനരാരംഭിക്കുന്ന പ്രവർത്തനം ആസൂത്രണം ചെയ്തിട്ടുണ്ട്. ജില്ലയിൽ വെള്ളക്കെട്ട്മൂലം നെൽ കൃഷി ചെയ്യാതെ തരിശ്ശായി കിടക്കുന്ന മുഴുവൻ ഏലകളിലും “ജലബജറ്റിൽ നിന്നും ജലസുരക്ഷയിലേക്ക്” ക്യാമ്പയിന്റെ ഭാഗമായി നെൽ കൃഷി പുനരാരംഭിക്കുന്നതാണ്.

ജലക്ഷാമം മൂലം നെൽകൃഷി അന്യം നിന്നുപോയ പ്രദേശങ്ങളും ജില്ലയിലുണ്ട്. ചാത്തന്നൂർ, കല്ലുവാതുക്കൽ, പൂതക്കുളം, പവിത്രേശ്വരം, ഉമ്മന്നൂർ, കുളക്കട, കരീപ്ര, വെളിയം, നെടുവത്തൂർ തുടങ്ങിയ പഞ്ചായത്തുകളിൽ ജലസേചനം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.ഐ.പി കനാലിൽ നിന്നും സ്പൗട്ട് വഴി വെള്ളം തലക്കുളങ്ങളിലേക്കും നീർച്ചാലുകളിലേക്കും എത്തിച്ചും സമീപത്തുള്ള നദികളിലെ വെള്ളം പമ്പ് ചെയ്തും ജലക്ഷാമം പരിഹരിക്കുന്നതാണ്.

കരീപ്ര ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പാറക്വാറി റീചാർജ്ജിങ്ങ് വെളിയം, കുളക്കട, നെടുവത്തൂർ, ഏരൂർ തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്നതിനായി അനുമതി ലഭിച്ചിട്ടുണ്ട്. ഉപയോഗശൂന്യമായതും ജലലഭ്യതയുള്ളതുമായ 30 പാറക്വാറികൾ ജില്ലയിൽ കണ്ടെത്തിയിട്ടുണ്ട്. ഇവിടെയെല്ലാം കരീപ്ര മാതൃകയിൽ പാറക്വാറി റീചാർജ്ജിങ്ങ് പദ്ധതി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് മുഖേന നടപ്പിലാക്കുന്നതിനും അതുവഴി ജലക്ഷാമം പരിഹരിക്കുന്നതിനും കൃഷി പുനരാരംഭിക്കുന്നതിനും സാധ്യമാകും.

ജില്ലയിൽ വേനൽക്കാലത്ത് ഭൂരിഭാഗം പ്രദേശങ്ങളിലും ജലക്ഷാമം അനുഭവപ്പെടാറുണ്ട്. കിണറുകളിലെ ജലനിരപ്പ് ക്രമാതീതമായി താഴുന്നത് കാരണം കിണറുകളിൽ ജലലഭ്യത കുറയുന്നു. “ജലബജറ്റിൽ നിന്നും ജലസുരക്ഷയിലേക്ക്” ക്യാമ്പയിന്റെ ഭാഗമായി ഒരു വാർഡിൽ 100-150 കിണർ റീചാർജ്ജിങ്ങ് പദ്ധതി തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കുന്നതിനായി ക്യാമ്പയിൻ ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വലിയ സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഭൂജല വകുപ്പ് മുഖേന പിറ്റ് റീചാർജ്ജിങ്ങ് പദ്ധതിയും ജില്ലയിൽ നടക്കുന്നുണ്ട്. നീർച്ചാലുകളുടെ സംരക്ഷണം, കുളങ്ങളുടെ സംരക്ഷണം, താൽക്കാലിക തടയണകൾ നിർമ്മിച്ച് വെള്ളം ഒഴുകി പോകാതെ കെട്ടി നിർത്തുക, തകർന്ന വെർട്ടിക്കൽ ക്രോസ്സ് ബാറുകൾ നന്നാക്കുക, ആവശ്യമായ ഇടങ്ങളിൽ പുതിയതായി നിർമ്മിക്കുക, പാറക്വാറി റീചാർജ്ജിങ്ങ്, കെ.ഐ.പി കനാൽ റീചാർജ്ജിങ്ങ്, വിവിധ കുടിവെള്ള പദ്ധതികൾ എന്നിവയിലൂടെ ജില്ലയിലെ ജലക്ഷാമം കുറയ്ക്കുന്ന പ്രവർത്തനം നടന്നുവരികയാണ്.

## ജലബജറ്റ്

കേരളത്തിന്റെ ഭൂപ്രകൃതിയും മഴയുടെ ലഭ്യതയും ജലസ്രോതസ്സുകളുടെ ശോഷണവും ഭൂവിനിയോഗത്തിൽ വന്ന മാറ്റവും കാരണം മഴക്കാലത്ത് വെള്ളപ്പൊക്കവും മണ്ണിടിച്ചിലും തുടർച്ചയായി ഉണ്ടാകുന്നുണ്ട്. എന്നാൽ ഇതിനെ തുടർന്ന് വരുന്ന 6 മാസം സംസ്ഥാനം കടുത്ത വരൾച്ചയെ നേരിടുന്ന സ്ഥിതിയാണ്. ഇതിനു സ്ഥായിയായ പരിഹാരം കാണാൻ കഴിയും വിധം ശാസ്ത്രീയ സമീപനത്തോടെ സുസ്ഥിരവുമായ ഇടപെടീൽ നടത്തുന്നതിനാണ് ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് തയ്യാറാക്കിയത്. ഓരോ പ്രദേശത്തും ലഭ്യമായ വെള്ളത്തിന്റെ അളവും അവിടുത്തെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ട വെള്ളത്തിന്റെ അളവും കൃത്യതയോടെയും ശാസ്ത്രീയമായും കണക്കാക്കുകയും അതിനെ അടിസ്ഥാനപ്പെടുത്തി ജലലഭ്യതയിലെ കുറവ് പരിഹരിക്കുന്നതിന് വിവിധ മാർഗ്ഗങ്ങൾ അവലംബിക്കുകയും വേണം.

കൊല്ലം ജില്ലയിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ജലബജറ്റ് റിപ്പോർട്ട് പൂർത്തീകരിച്ചിട്ടുണ്ട്. ജലബജറ്റിന്റെ അടിസ്ഥാനത്തിൽ ജലബജറ്റിൽ നിന്ന് ജലസുരക്ഷയിലേയ്ക്ക് എന്ന ക്യാമ്പയിനും ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ ജലബജറ്റ് തയ്യാറാക്കിയ മുഖത്തല ബ്ലോക്കിലെ 5 ഗ്രാമപഞ്ചായത്തുകളിലും കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ 8 തദ്ദേശസ്ഥാപനങ്ങളിലും “ജലബജറ്റിൽ നിന്നും ജലസുരക്ഷയിലേയ്ക്ക്” എന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ പശ്ചിമഘട്ട മേഖലയിൽ ഉൾപ്പെട്ട 7 ഗ്രാമപഞ്ചായത്തുകളിലും മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ ഒഴിവാക്കുന്നതിനും ജലസുരക്ഷ

ഉറപ്പാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. തെന്മല, ഏരൂർ, അലയമൺ എന്നീ ഗ്രാമപഞ്ചായത്തുകളിലെ അനുവദനീയമായ എല്ലാ ജലസംരക്ഷണ പ്രവൃത്തികളും തൊഴിലുറപ്പ് പദ്ധതി പ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങൾ നിശ്ചയിക്കുന്ന മുൻഗണന ക്രമത്തിൽ ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കി നീർച്ചാലുകളിലെ നീരൊഴുക്ക് വർദ്ധിപ്പിച്ചും കുളങ്ങളും മറ്റ് സ്രോതസ്സുകളും സംരക്ഷിച്ചും ജലക്ഷാമം പരിഹരിക്കുന്നതിനും, ജലസേചനം ഉറപ്പാക്കുന്നതിനുമുള്ള നടപടികളാണ് ജലസുരക്ഷാ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമാണ് ഭൂരിഭാഗം ജലസംരക്ഷണ പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നത്. തൊഴിലുറപ്പ് പദ്ധതി പ്രകാരം അനുവദനീയമല്ലാത്ത പ്രവൃത്തികൾ ജലസേചനം, മണ്ണ് സംരക്ഷണം, ത്രിതല പഞ്ചായത്തുകൾ, എം.എൽ.എ / എം.പി ഫണ്ട്, സി.എസ്സ്.ആർ ഫണ്ട് എന്നിവ വിനിയോഗിച്ച് നടപ്പിലാക്കിവരുകയാണ്. മുഖത്തല ബ്ലോക്കിലെയും കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ 8 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും ജലസംരക്ഷണ പ്രവൃത്തികൾ മുൻഗണന അടിസ്ഥാനത്തിൽ തിരഞ്ഞെടുത്തിട്ടുണ്ട്. കൃഷിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഇറിഗേഷൻ വകുപ്പ് തയ്യാറാക്കി സർക്കാരിന്റെ അനുമതിക്കായി അയച്ചിട്ടുണ്ട്. അനുമതി ലഭിച്ച പ്രവൃത്തികൾ നടന്നു വരികയാണ്.

"ജലബജറ്റിൽ നിന്നും ജലസുരക്ഷയിലേയ്ക്ക്" എന്ന പ്രവർത്തനത്തിന്റെ ഭാഗമായി നാളിതുവരെ 527.85 കി.മീ നീളത്തിൽ നീർച്ചാൽ ശൃംഖല പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. ജലബജറ്റ് പൂർത്തീകരിച്ച മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലും ഇത്തരത്തിൽ ജലസ്രോതസ്സുകളുടെ സംരക്ഷണം തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏറ്റെടുക്കുകയും ജലസുരക്ഷ ഉറപ്പാക്കുകയുമാണ് ലക്ഷ്യം. ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതുവഴി കുടിവെള്ളത്തിന് പുറമെ കൃഷിയ്ക്കും മറ്റ് അനുബന്ധ മേഖലകൾക്കും പ്രയോജനം ചെയ്യുന്നതോടൊപ്പം മാലിന്യമുക്തമായി പ്രദേശത്തെ സംരക്ഷിക്കാനും പരിസ്ഥിതി മലിനീകരണവും കാർബൺ നിർഗ്ഗമനവും കുറയ്ക്കാനും സാധ്യമാകും.

## "സുരക്ഷിതമാക്കാം പശ്ചിമഘട്ടം"

അപ്രതീക്ഷിതമായി പെയ്യുന്ന അതിതീവ്ര മഴ കേരളത്തെ ദുരിതത്തിലാക്കുന്ന അനുഭവമാണ് കഴിഞ്ഞ 8 വർഷക്കാലമായി നാം അനുഭവിക്കുന്നത്. ഇടനാട്, തീരപ്രദേശ മേഖലകളിൽ വെള്ളപൊക്കം കൊണ്ടുള്ള കെടുതികൾ ആണ് നേരിടേണ്ടി വരുന്നതെങ്കിൽ ജീവനും സ്വത്തും കൃഷിയും എല്ലാം കവർന്നെടുക്കുന്ന വലിയ മണ്ണിടിച്ചിലും ഉരുൾ പൊട്ടലുമാണ് മലയോര മേഖലയിൽ തുടരെ തുടരെ സംഭവിച്ചു കൊണ്ടിരിക്കുന്നത്. വരും വർഷങ്ങളിൽ അതിതീവ്ര മഴയും മേഘ വിസ്ഫോടനവും എല്ലാം തന്നെ കേരളത്തിലും സംഭവിക്കാവുന്നതാണ്.

അതിതീവ്ര മഴയാണ് കേരളത്തിലെ പശ്ചിമഘട്ട മേഖലയിൽ ഉണ്ടാകുന്ന മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും കാരണമാകുന്നത്. നീർച്ചാലുകൾ നഷ്ടമാകുന്ന സാഹചര്യം വന്നാൽ പെയ്യുന്ന മഴ മുഴുവൻ മണ്ണിലേക്ക് താഴുകയും മണ്ണിനു താങ്ങാൻ കഴിയുന്ന വെള്ളത്തിന്റെ അളവിന്റെ പരിധി കഴിഞ്ഞാൽ ചരിവുള്ള പ്രദേശങ്ങളിൽ മണ്ണിനെ തള്ളി മാറ്റി പുറത്തേക്ക് ഒഴുകുകയും മണ്ണിടിച്ചിലും ഉരുൾ പൊട്ടലിനും കാരണമാവുകയും ചെയ്യുന്നു.

കേരളത്തിലെ പശ്ചിമഘട്ട മേഖലയിൽ ഉൾപ്പെട്ട 230 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ

നീർച്ചാൽ ശൃംഖല ശാസ്ത്രീയമായി കണ്ടെത്തി വീണ്ടെടുക്കുന്ന പ്രവർത്തനമാണ് സുരക്ഷിതമാക്കാം പശ്ചിമഘട്ടം. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ "മാപ്പത്തോൺ കേരള" പ്രക്രിയയിൽ ഉൾപ്പെടുത്തി ഉപഗ്രഹ ചിത്രങ്ങളുടെയും നേരിട്ടുള്ള സന്ദർശനത്തിലൂടെയും ഡ്രോണുകളുടെ സഹായത്തോടെയും നീർച്ചാൽ ശൃംഖല പൂർണ്ണമായും കണ്ടെത്തി മാപ്പ് ചെയ്യലാണ് ഈ പ്രവർത്തനം നടത്തുന്നത്. രാജ്യത്ത് തന്നെ ആദ്യമായി നടത്തുന്ന ഈ പ്രവർത്തനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഏറ്റെടുത്തിരിക്കുന്നത്. ഫീൽഡുതല പ്രവർത്തനങ്ങൾ പൂർണമായും ഹരിതകേരളം മിഷന്റെ റിസോഴ്സ് പേഴ്സൺമാരും ഇന്റേൺസുമാണ് നടത്തിയത്. പശ്ചിമഘട്ട പ്രദേശത്ത് നിന്ന് ജനങ്ങളെ മാറ്റി പാർപ്പിക്കുന്നതിനു പകരം സുരക്ഷിത ജീവിതം സാധ്യമാകുന്ന പ്രദേശം ആയി മാറ്റിയെടുക്കാൻ ലക്ഷ്യമിട്ടുള്ളതാണ് ഈ പ്രവർത്തനം.



കൊല്ലം ജില്ലയിൽ പശ്ചിമഘട്ട മേഖലയിൽ ആര്യങ്കാവ്, തെന്മല, കുളത്തൂപ്പുഴ, അലയമൺ, ഏരൂർ, ചിതറ, പിറവന്തൂർ എന്നീ 7 ഗ്രാമപഞ്ചായത്തുകളാണ് ഉൾപ്പെട്ടിട്ടുള്ളത്. ജില്ലയിലെ ഹരിതകേരളം മിഷൻ ബ്ലോക്ക് കോർഡിനേറ്റർമാർ പശ്ചിമഘട്ട മേഖലയിൽ ഉൾപ്പെട്ട 7 ഗ്രാമപഞ്ചായത്തുകളിലും ഉപഗ്രഹ ചിത്രങ്ങളുടെയും നേരിട്ടുള്ള സന്ദർശനത്തിലൂടെയും നീർച്ചാൽ ശൃംഖല പൂർണ്ണമായും കണ്ടെത്തി മാപ്പ് ചെയ്യുകയുണ്ടായി. അടഞ്ഞുപോയ നീർച്ചാലുകൾ, നീരൊഴുക്കിന് തടസ്സം നിൽക്കുന്ന ഭാഗങ്ങൾ, നീർച്ചാലുകൾ വഴിമാറി ഒഴുകുന്ന ഭാഗങ്ങൾ, കൈയേറിയ ഭാഗങ്ങൾ തുടങ്ങിയവ മാപ്പിംഗിലൂടെ കണ്ടെത്തുകയും മാപ്പിൽ വരച്ച് ചേർക്കുകയും ചെയ്തു. ഈ മാപ്പുകളും



ലാന്റ് യൂസ് ബോർഡിൽ നിന്ന് ലഭിച്ച മാപ്പുകളും ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികളുടെയും പാടശേഖര സമിതിയുടെയും ഉദ്യോഗസ്ഥരുടെയും മുൻപാകെ അവതരിപ്പിക്കുകയും അവരുടെ നിർദ്ദേശം കൂടി പരിഗണിച്ച് ഇടപെടേണ്ട പ്രവർത്തനങ്ങൾ അന്തിമമാക്കുകയുമുണ്ടായി. മാപ്പിങ്ങിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുടർ പ്രവർത്തനങ്ങൾ 7 ഗ്രാമപഞ്ചായത്തുകളിലും ആരംഭിച്ചു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമാണ് ഭൂരിഭാഗം പ്രവർത്തനങ്ങളും നടത്തിയത്. അലയമൺ, ഏരൂർ, തെന്മല ഗ്രാമപഞ്ചായത്തുകളിൽ ഏറ്റെടുക്കാവുന്ന മുഴുവൻ പ്രവൃത്തികളും തൊഴിലുറപ്പ് പദ്ധതി പ്രകാരം പൂർത്തീകരിച്ചു. അലയമൺ ഗ്രാമപഞ്ചായത്തിൽ 62.4 കിലോമീറ്റർ നീളത്തിലും, ഏരൂർ ഗ്രാമപഞ്ചായത്തിൽ 210 കിലോമീറ്റർ നീളത്തിലും, തെന്മല ഗ്രാമപഞ്ചായത്തിൽ 90 കിലോമീറ്റർ നീളത്തിലും നീർച്ചാലുകളുടെ സംരക്ഷണ പ്രവർത്തനം പൂർത്തീകരിച്ചു. പിറവന്തൂർ, ചിതറ, കുളത്തൂപ്പുഴ, ആര്യങ്കാവ് എന്നീ ഗ്രാമപഞ്ചായത്തുകളിൽ നീർച്ചാലുകളുടെ പുനരുജ്ജീവന പ്രവർത്തനം പുരോഗമിക്കുകയാണ്. ആര്യങ്കാവ് ഗ്രാമപഞ്ചായത്തിൽ 8.4 കി.മീ. നീളത്തിൽ നീർച്ചാലുകളും, കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിൽ 18.7 കി.മീ. നീളത്തിലും, പിറവന്തൂർ ഗ്രാമപഞ്ചായത്തിൽ 17 കി.മീ. നീളത്തിലും, ചിതറ ഗ്രാമപഞ്ചായത്തിൽ 2 കി.മീ. നീളത്തിലും നീർച്ചാലുകളുടെ സംരക്ഷണം നാളിതുവരെ പൂർത്തീകരിച്ചു. ഏരൂർ ഗ്രാമപഞ്ചായത്തിൽ മൂന്നാം വാർഡിൽ നികന്നുപോയ 1 കി.മീ. നീളത്തിലുള്ള കയ്യാലപ്പാറ തോട് പുനഃസ്ഥാപിക്കാനും ഈ പ്രവർത്തനത്തിലൂടെ സാധിച്ചു. തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുക്കാൻ സാധിക്കാത്ത പ്രവൃത്തികൾ ഇറിഗേഷൻ, കൃഷി, മണ്ണ് സംരക്ഷണം, തദ്ദേശ സ്വയംഭരണം തുടങ്ങിയ വകുപ്പുകളുടെ സഹായത്തോടെ വരും വർഷങ്ങളിൽ നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുക വിനിയോഗിച്ച് അലയമൺ ഗ്രാമപഞ്ചായത്തിലെ ഇറയിൽ പണ ഏലാ തോടിന്റെ സംരക്ഷണ പ്രവർത്തനം കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KIIDC) മുഖേന നടപ്പിലാക്കുന്നതിനായി സംസ്ഥാന തല സാങ്കേതിക സമിതിയുടെ സന്ദർശനം പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്. സംസ്ഥാനത്ത് ആദ്യമായാണ് കൊല്ലം ജില്ലയിൽ പശ്ചിമഘട്ട മേഖലയിൽ ഉൾപ്പെട്ട മുഴുവൻ നീർചാലുകളുടെയും മാപ്പിംഗ് പൂർത്തീകരിച്ചതും അവതരണം നടത്തിയതും തുടർ പ്രവർത്തനം ആരംഭിച്ചതും. പശ്ചിമഘട്ട മേഖലയിൽ ഉൾപ്പെട്ട നീർച്ചാലുകളുടെയും സംരക്ഷണം ഉറപ്പാക്കിയത് മൂലം കഴിഞ്ഞ രണ്ട് വർഷമായി ജില്ലയുടെ കിഴക്കൻ മലയോര മേഖലയിൽ വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതി ക്ഷോഭങ്ങൾ ഉണ്ടായിട്ടില്ല.

## ജല ഗുണനിലവാര പരിശോധന ലാബ്

ജില്ലയിലെ കിണറുകളിലെ വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്ന തിനായി 11 ജലഗുണനിലവാര പരിശോധന ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിലവിലുള്ള കെമിസ്ട്രി ലാബിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയാണ് ലാബുകൾ സ്ഥാപിച്ചിട്ടുള്ളത്. ചാത്തന്നൂർ, ഇരവിപുരം, പുനലൂർ നിയോജക മണ്ഡലങ്ങളിലെ എം.എൽ.എമാരുടെ പ്രാദേശിക വികസന ഫണ്ട് വിനിയോഗിച്ചും തെന്മല ഗ്രാമപഞ്ചായത്തിന്റെ പ്ലാൻ ഫണ്ട് വിനിയോഗിച്ചുമാണ് ലാബുകൾ സ്ഥാപിച്ചത്. ജില്ലയിൽ തെന്മല, ഏരൂർ, അഞ്ചൽ, മയ്യനാട്, പൂതക്കുളം, ചിറക്കര, ചാത്തന്നൂർ, ആദിച്ചനല്ലൂർ, കൊല്ലം കോർപ്പറേഷൻ എന്നിവിടങ്ങളിലാണ് 11 ലാബുകൾ സ്ഥാപിച്ചിട്ടുള്ളത്. ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയും കണ്ടെത്തിയ പ്രശ്നങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾക്കും ആരോഗ്യവകുപ്പിനും കൈമാറുകയും പ്രതിരോധ നടപടികൾ സ്വീകരിക്കുകയും ആണ് ചെയ്തിട്ടുള്ളത്. ജില്ലയിൽ 11 ലാബുകളിലായി 1889 ടെസ്റ്റുകളാണ്




സർക്കാരിന്റെ വാർഷിക ആഘോഷത്തിന്റെ ഭാഗമായി നടത്തിയ ജലഗുണനിലവാര പരിശോധന

നടത്തിയിട്ടുള്ളത്. കിണറുകളിലെ ജലഗുണനിലവാരം ഉറപ്പാക്കുന്നതിനും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളും ഇ.കോളി ബാക്ടീരിയ ഉൾപ്പെടെയുള്ളവയുടെ സാന്നിധ്യം ഒഴിവാക്കുന്നതിനും വിശദമായ റിപ്പോർട്ട് ആരോഗ്യ വകുപ്പിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കൈമാറിയിട്ടുണ്ട്.

## ശുചിത്വ മാലിന്യ സംസ്കരണം

മാലിന്യ സംസ്കരണ രംഗത്ത് ഹരിതകേരളം മിഷൻ മാർഗ്ഗരേഖ പുറത്തിറക്കിയതിന് തുടർച്ചയായി ജില്ലയിലും 2017 ആഗസ്റ്റ് 15-ാം തീയതി "മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം" എന്ന പേരിൽ ഒന്നാംഘട്ട പ്രവർത്തനം ആരംഭിച്ചു. ക്യാമ്പയിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും സർവ്വേയും നിലവിലെ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട വിവരശേഖരണവും നടത്തുകയുണ്ടായി. മാലിന്യ പരിപാലനത്തിനായി വിശദമായ മാർഗ്ഗരേഖ ഹരിതകേരളം മിഷൻ തയ്യാറാക്കി. മാർഗ്ഗരേഖ പ്രകാരമുള്ള മാലിന്യ സംസ്കരണത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി.

## ജൈവ മാലിന്യം

വീടുകളിൽ ജൈവമാലിന്യ സംസ്കരണത്തിനായി ജൈവ മാലിന്യ സംസ്കരണ ഉപാധികൾ 90% സബ്സിഡിയിൽ തദ്ദേശസ്ഥാപനം മുഖേന വിതരണം നടത്തിയിട്ടുണ്ട്. ജില്ലയിൽ 50% മുകളിൽ വീടുകളിൽ ജൈവ മാലിന്യ സംസ്കരണ സംവിധാനം നിലവിലുണ്ട്. വ്യാപാര സ്ഥാപനം, ഉന്നതി, ടൗൺ പ്രദേശം, മാർക്കറ്റ്, ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനം എന്നിവിടങ്ങളിൽ ജൈവ മാലിന്യ



സംസ്കരണത്തിനായി കമ്മ്യൂണിറ്റി തലത്തിലുള്ള സംവിധാനങ്ങളും സ്ഥാപിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി തലത്തിൽ ജൈവമാലിന്യ സംസ്കരണത്തിനായി ജില്ലയിൽ 42 ബയോഗ്യാസ് പ്ലാന്റ്, 245 എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് തുടങ്ങിയവ സ്ഥാപിച്ച് പ്രവർത്തിപ്പിക്കാനായി. ജില്ലയിൽ ഉത്പാദിപ്പിക്കുന്ന

80% ജൈവ മാലിന്യങ്ങളും സംസ്കരിച്ച് വളമാക്കുന്ന പ്രവർത്തനം പൂർത്തീകരിച്ചതിലൂടെ ജൈവമാലിന്യം മൂലമുള്ള പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കപ്പെട്ടു. നിലവിലുള്ള പോരായ്മകൾ പരിഹരിച്ച് പൂർണ്ണമായും ജൈവ മാലിന്യം സംസ്കരിക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ ജില്ല തയ്യാറാക്കിയിട്ടുണ്ട്.

## ഹരിതകർമ്മസേന

പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിനായി ജില്ലയിൽ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ഹരിതകർമ്മസേന രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 250 വീടുകൾക്ക് ഒരു ഹരിതകർമ്മസേന എന്ന ക്രമത്തിൽ ഗ്രാമപഞ്ചായത്തിലെ വാർഡുകളിൽ 2 ഹരിതകർമ്മസേന വീതവും നഗരസഭകളിൽ വീടുകളുടെ എണ്ണത്തിന് ആനുപാതികമായും ഹരിതകർമ്മസേന രൂപീകരിച്ചു. കൊല്ലം കോർപ്പറേഷനിൽ ഒരു ഡിവിഷനിൽ 2000 ത്തോളം വീടുകൾ ഉള്ളതിനാൽ 5-8 ഹരിതകർമ്മസേനാംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മാസത്തിലൊരിക്കൽ പ്ലാസ്റ്റിക് മാലിന്യങ്ങളും കലണ്ടർ പ്രകാരം മറ്റു അജൈവ മാലിന്യങ്ങളും ശേഖരിച്ച് സംസ്കരിക്കുന്നതിനായി കൈമാറുന്നതിനാൽ പ്ലാസ്റ്റിക്കും മറ്റു അജൈവ മാലിന്യങ്ങളും മൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ




80% ഒഴിവാക്കാൻ സാധിച്ചു. കൊല്ലം ജില്ലയിൽ 3014 ഹരിതകർമ്മസേനാംഗങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഹരിതകർമ്മസേന രൂപീകരിച്ചതോടെ വീടുകളിലെയും സ്ഥാപനങ്ങളിലെയും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ പാഴ് വസ്തുക്കൾ ശേഖരിച്ച് തരം തിരിച്ച് സംസ്കരിക്കുന്നതിനായി കൈമാറാൻ സാധിച്ചു. ജില്ലയിൽ 100% വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ പാഴ് വസ്തുക്കൾ ശേഖരിക്കുന്നതുവഴി അജൈവ പാഴ്‌വസ്തുക്കൾ മുഖേന ഉള്ള പരിസ്ഥിതി മലിനീകരണം ജില്ലയിൽ 80% ഒഴിവാക്കാൻ സാധിച്ചു. ആദ്യ കാലഘട്ടത്തിൽ ഹരിതകർമ്മസേനയുടെ വരുമാനം തുച്ഛമായിരുന്നതിനാൽ നിശ്ചിത വരുമാനം ഉറപ്പാക്കുന്നതിനായി വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകിയിരുന്നു. തുടർന്ന് യൂസർഫീ നിർബന്ധിതമാക്കുകയും അധിക വരുമാനത്തിനായി നിരവധി സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തു. ജില്ലയിൽ ഒരു ഹരിതകർമ്മസേനയുടെ ശരാശരി മാസ വരുമാനം 10000- 15000 വരെയാണ്.

## ഹരിതകർമ്മസേനയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ

ഹരിതകർമ്മസേനയ്ക്ക് ആവശ്യമായ യൂണിഫോം, ഐഡൻറിറ്റി കാർഡ് ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ, സ്വന്തമായി വാഹനം, മാലിന്യം ശേഖരിക്കുന്നതിനായി ട്രോളികൾ, എം.സി.എഫിനോട് ചേർന്ന് ഓഫീസ് സൗകര്യം, യൂസർഫീയ്ക്ക് പുറമെ മറ്റ് വരുമാന മാർഗ്ഗങ്ങൾ ലഭിക്കുന്നതിനായുള്ള സംരംഭങ്ങൾ തുടങ്ങി നിരവധി അടിസ്ഥാന സൗകര്യങ്ങൾ തദ്ദേശസ്ഥാപനങ്ങൾ മുഖേന ഒരുക്കിയിട്ടുണ്ട്. കൂടാതെ MCF/RRF - ൽ മാലിന്യം തരം തിരിക്കുന്നതിനാൽ ഷ്രെഡിംഗ് മെഷീൻ, ബെയിലിങ് മെഷീൻ, കൺവെയർ ബെൽറ്റ് തുടങ്ങിയ മെഷിനറികളും MCF/RRF കളിലെ തീപിടുത്തം ഒഴിവാക്കുന്നതിനായി അഗ്നിശമന ഉപാധികളും ഉറപ്പാക്കിയിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിനായി ഹരിതമിത്രം മൊബൈൽ ആപ്ലിക്കേഷൻ പൂർണ്ണമായും ജില്ലയിൽ നടപ്പിലാക്കിക്കഴിഞ്ഞു. മേൽപറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയതോടെ ഹരിതകർമ്മസേനയുടെ പ്രവർത്തനം മികച്ച രീതിയിൽ നടത്താനും അജൈവ മാലിന്യം മൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കാനും കഴിഞ്ഞു.









## മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF)

ഹരിത കർമ്മസേനയുടെ പ്രവർത്തനത്തിന് വളറെ അത്യന്താപേഷിതമാണ് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF). ഹരിത കർമ്മസേന ശേഖരിക്കുന്ന അജൈവമാലിന്യം തരംതിരിച്ച് സൂക്ഷിക്കുന്നതിനായി കളക്ഷൻ സെന്റർ ജില്ലയിലെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും സ്ഥാപിച്ചിട്ടുണ്ട്. ജില്ലയിൽ 73 തദ്ദേശസ്ഥാപനങ്ങളിലായി ആകെ 106 മെറ്റീരിയൽ കളക്ഷൻ സെന്റർ പ്രവർത്തിച്ചുവരുന്നു. എം.സി.എഫ് പ്രവർത്തനം ആരംഭിച്ചതോടെ ഹരിത കർമ്മസേന ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ തരം തിരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി കൈമാറാനും അതുവഴി ഉണ്ടാകുന്ന പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങൾ ഒഴിവാക്കാനും കഴിഞ്ഞു.





## മിനി മെറ്റീരിയൽ കളക്ഷൻ സെന്റർ (Mini MCF)

ഹരിതകർമ്മസേന ദിവസേന ശേഖരിക്കുന്ന അജൈവ പാഴ്‌വസ്തുക്കൾ നേരിട്ട് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ കൊണ്ട് പോകുന്നത് പ്രായോഗികമല്ലാത്തതിനാൽ വാർഡുകളിൽ തന്നെ ഇവ സംഭരിക്കുന്നതിനുള്ള മിനി കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ചില വാർഡുകളിൽ ഇത്തരത്തിൽ ഒന്നിൽ കൂടുതൽ മിനി എം.സി.എഫുകൾ സ്ഥാപിച്ചുട്ടുമുണ്ട്. മിനി എം.സി.എഫുകൾ നിറയുന്ന മുറയ്ക്ക് പ്രധാന എം.സി.എഫിലേയ്ക്ക് അജൈവ പാഴ്‌വസ്തുക്കൾ മാറ്റുന്നു. ജില്ലയിൽ ആകെ 1856 മിനി എം.സി.എഫുകൾ പ്രവർത്തിക്കുന്നു. ഇതുമൂലം ഹരിത കർമ്മ സേനയുടെ പ്രവർത്തനം ലഘൂകരിക്കാനും ശേഖരിക്കുന്ന മുഴുവൻ മാലിന്യങ്ങളും നഷ്ടപ്പെടാതെ പരിസര മലിനീകരണം ഒഴിവാക്കുന്നതിനും മിനി എം.സി.എഫുകളിലും എം.സി.എഫുകളിലും സൂക്ഷിക്കുന്നതിനും സാധിക്കുന്നു.

## ഹരിത സഹായ സ്ഥാപനം

ഹരിതകർമ്മസേനയ്ക്ക് സാങ്കേതിക പിന്തുണ നൽകുന്നതിനായി തദ്ദേശ സ്ഥാപനങ്ങളിൽ ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. മാലിന്യ സംസ്കരണ സംവിധാനങ്ങൾ നോക്കി നടത്തുന്നതിനുള്ള സാങ്കേതിക വൈദഗ്ധ്യം ഉള്ള സ്ഥാപനങ്ങളാണ് ഹരിത സഹായ സ്ഥാപനങ്ങൾ.

കൊല്ലം ജില്ലയിൽ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC), സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ (SEUF), എം.വേ കൺസൾട്ടൻസ് & ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, എൻവയോൺമെന്റൽ റിസോഴ്സ് ഡെവലപ്പ്മെന്റ് സൊസൈറ്റി (ERDS) എന്നീ സ്ഥാപനങ്ങളെയാണ് തെരഞ്ഞെടുത്തത്. കൊല്ലം ജില്ലയിൽ 42 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത സഹായ സ്ഥാപനങ്ങളുടെ സേവനം ലഭിക്കുന്നുണ്ട്.

ഹരിത സഹായ സ്ഥാപനങ്ങളുടെ സേവനം ലഭ്യമാക്കിയതോടെ ഹരിതകർമ്മ സേനയ്ക്ക് ആവശ്യമായ പരിശീലനം നൽകാനും, പ്രവർത്തന മികവ്, പെരുമാറ്റം തുടങ്ങിയവ മെച്ചപ്പെടുത്താനും വരുമാനം വർദ്ധിപ്പിക്കാനും അജൈവ മാലിന്യ ശേഖരണത്തിലും സംസ്കരണത്തിലും കൂടുതൽ ശ്രദ്ധ പതിപ്പിക്കാനും സാധിച്ചു. 100% വാതിൽപ്പടി ശേഖരണവും യൂസർഫീ പരമാവധി സമാഹരണവും നടത്തുന്നതിലൂടെ ഹരിതകർമ്മസേനയുടെ വരുമാനവും വർദ്ധിപ്പിക്കാനും കഴിയുന്നുണ്ട്. യൂസർഫീസ്ക്ക് പുറമെ മറ്റ് സംരംഭങ്ങളിലൂടെയും അധിക വരുമാനം ഉറപ്പാക്കാൻ സാധിച്ചു. ഇതുമൂലം തദ്ദേശസ്ഥാപനങ്ങളിലെ മാലിന്യ പരിപാലനം കാര്യക്ഷമമാക്കാനും കുടുംബശ്രീ അംഗങ്ങളായ ഹരിതകർമ്മസേനയ്ക്ക് വരുമാനം ഉറപ്പാക്കാനുമായി.

കൊല്ലം ജില്ലയിലെ ഭൂരിഭാഗം തദ്ദേശസ്ഥാപനങ്ങളിലും ഹരിത സഹായ സ്ഥാപനമായി പ്രവർത്തിക്കുന്നത് IRTC ആണ്. IRTC യുടെ കാര്യക്ഷമമായ പ്രവർത്തനം മൂലം ഹരിതകർമ്മസേനയ്ക്ക് മെച്ചപ്പെട്ട യൂസർഫീ ലഭിക്കുന്നതിനും 100% വാതിപ്പടി ശേഖരണം നടത്തുന്നതിനും സഹായകരമായി.

## യൂസർ ഫീ

സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശസ്ഥാപങ്ങളിൽ യൂസർ ഫീ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും വീടുകളിൽ നിന്ന് 50 രൂപ വീതവും കൊല്ലം കോർപ്പറേഷനിൽ 70 രൂപയുമാണ് പ്രതിമാസം യൂസർ ഫീ നൽകേണ്ടത്. ആദ്യകാലങ്ങളിൽ യൂസർ ഫീ നൽകുന്നതിൽ ജനങ്ങൾ വിമുഖത കാണിച്ചെങ്കിലും നിലവിലെ നിയമവ്യവസ്ഥയിൽ പരമാവധി ആൾക്കാർ യൂസർ ഫീ നൽകുന്നുണ്ട്. വ്യാപാര സ്ഥാപനങ്ങളിൽ, കൈമാറുന്ന മാലിന്യത്തിന്റെ അളവ് അനുസരിച്ചാണ് തദ്ദേശസ്ഥാപനങ്ങൾ യൂസർ ഫീ നിശ്ചയിക്കുന്നത്. ജില്ലയിലെ 90% സ്ഥാപനങ്ങളും ഹരിതകർമ്മസേനയ്ക്ക് യൂസർ ഫീ നൽകുന്നുണ്ട്. കൂടാതെ വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കുന്നതിനും മറ്റു ആവശ്യങ്ങൾക്കും യൂസർ ഫീ നൽകിയ രസീത് നിയമംമൂലം ബാധകമാക്കി. തന്മൂലം എല്ലാവരും കൃത്യമായി അതിൽ പങ്കാളികളായി.

## കരിയില സംഭരണി

ജില്ലയിലെ വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ കരിയില ശേഖരിക്കുന്നതിനായി സംഭരണികൾ സ്ഥാപിച്ചിട്ടുണ്ട്. റോഡ് ശുചീകരണ പ്രവർത്തനങ്ങളിൽ ഉടനീളം ശേഖരിക്കുന്ന ഉണങ്ങിയ ഇലകൾ സംഭരണികളിൽ സംഭരിക്കുകയും തുമ്പൂർമൂഴി യൂണിറ്റിലേക്ക് കമ്പോസ്റ്റിങ്ങിനായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. ഇലകൾ കത്തിക്കുകയും അതുമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. വരും വർഷങ്ങളിൽ ജില്ലയിൽ ഉടനീളം കൂടുതൽ കരിയില സംഭരണികൾ സ്ഥാപിച്ച് കരിയില കത്തിക്കുന്നത് മൂലമുള്ള കാർബൺ ബഹിർഗമനവും താപനിലയും കുറയ്ക്കുന്നതാണ്.



## കോഴി മാലിന്യം

അറവ് മാലിന്യവും കോഴി മാലിന്യവും സംസ്കരിക്കുന്നതിനുള്ള സംവിധാനം ജില്ലയിൽ ഉണ്ടായിരുന്നില്ല. എന്നാൽ കോഴി മാലിന്യം സംസ്കരിക്കുന്നതിനുള്ള 3 പ്ലാന്റുകൾ ജില്ലയിൽ

ആരംഭിച്ചതോടെ ഈ പ്രശ്നത്തിനും പരിഹാരമായി. കോഴി മാലിന്യ സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് മുൻപായി 12 അംഗീകൃത ഏജൻസികൾ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്ന് കോഴി മാലിന്യം ശേഖരിച്ച് എറണാകുളത്തുള്ള സംസ്കരണശാലയിൽ കൊണ്ടുപോയി സംസ്കരിക്കുന്നതിനായി ജില്ലാ കളക്ടർ മുഖേന അനുവാദം നൽകിയിരുന്നു. എന്നാൽ സംസ്കരണ പ്ലാന്റുകൾ ജില്ലയിൽ ആരംഭിച്ചതോടെ ജില്ലയിൽ സംസ്കരിക്കാവുന്ന മാലിന്യത്തിന്റെ അളവിന് അധികമായി വരുന്ന കോഴി മാലിന്യം മാത്രമാണ് ജില്ലയ്ക്ക് പുറത്തേക്ക് കൊണ്ട് പോകുന്നത്. പ്രദേശവാസികളുടെ എതിർപ്പ് കോഴി മാലിന്യ സംസ്കരണ യൂണിറ്റുകൾ നേരിടുന്നുണ്ടെങ്കിലും ജില്ലാ തല മോണിറ്ററിംഗ് കമ്മിറ്റിയുടെ ഇടപെടൽ മുഖേന ഒരു പരിധിവരെ ജില്ലാ കളക്ടർ പ്രശ്നങ്ങൾ പരിഹരിക്കുന്നുണ്ട്.

## വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സാനിറ്ററി മാലിന്യം

കോളജുകൾ, സ്കൂളുകൾ, ആശുപത്രികൾ, ഹോസ്റ്റലുകൾ തുടങ്ങിയവയിൽ സാനിറ്ററി മാലിന്യം സംസ്കരിക്കുന്നതിനായി പോർട്ടബിൾ ഇൻസിനറേറ്ററുകൾ ജില്ലയിൽ ആകമാനം നൽകിയിട്ടുള്ളതിനാൽ ഇവിടങ്ങളിലെ സാനിറ്ററി മാലിന്യം സംസ്കരിക്കുന്നുണ്ട്.

## മെൻസ്ട്രുവൽ കപ്പ് വിതരണം

സാനിറ്ററി നാപ്കിന്റെ ഉപയോഗം മൂലമുള്ള ആരോഗ്യപ്രശ്നങ്ങളും പരിസ്ഥിതി മലിനീകരണവും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ഹരിതകേരളം മിഷൻ നിരവധി ആർത്തവ ശുചിത്വ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ജില്ല, ബ്ലോക്ക് ഗ്രാമപഞ്ചായത്തുകൾ മുഖേനയും, നഗരസഭകൾ മുഖേനയും വിദ്യാർത്ഥിനികൾക്ക് സൗജന്യമായി മെൻസ്ട്രുവൽ കപ്പ് വിതരണം നടത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ബജറ്റിലും ഇതിനായി തുക വകയിരുത്തുകയും ഹരിതകേരളം മിഷൻ മുഖേന തെരഞ്ഞെടുത്ത കലാലയങ്ങളിലെയും സ്കൂളുകളിലെയും വിദ്യാർത്ഥിനികൾക്കും കുടുംബശ്രീ അംഗങ്ങൾക്കും സൗജന്യമായി മെൻസ്ട്രുവൽ കപ്പ് വിതരണം നടത്തുന്ന പ്രവർത്തനം പുരോഗമിക്കുകയാണ്. വരുന്ന 5 വർഷത്തിനുള്ളിൽ ജില്ലയിലെ മുഴുവൻ സ്ത്രീകളിലേയ്ക്കും പെൺകുട്ടികളിലേയ്ക്കും മെൻസ്ട്രുവൽ കപ്പിന്റെ ഉപയോഗം വ്യാപിപ്പിക്കാനും അതുവഴി സാനിറ്ററി നാപ്കിൻ മുഖേന ഉള്ള പരിസ്ഥിതി മലിനീകരണം തടയാനും കഴിയുന്നതാണ്. സിന്തറ്റിക് സാനിറ്ററി നാപ്കിന് പകരം ക്ലോത്ത് നാപ്കിൻ പാഡുകളുടെ പ്രചരണവും ജില്ലയിൽ പുരോഗമിക്കുന്നു.

# മാലിന്യ സംസ്കരണം - പനയം മാതൃക

മാലിന്യസംസ്കരണ രംഗത്ത് മാതൃകാ പ്രവർത്തനം നടത്തുന്ന സ്ഥാപനമാണ് ചിറ്റുമല ബ്ലോക്ക്പഞ്ചായത്തിലെ പനയം ഗ്രാമപഞ്ചായത്ത്. ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലായി 32 ഹരിതകർമ്മസേന അംഗങ്ങളാണ് പ്രവർത്തിക്കുന്നത്. ഹരിതകർമ്മസേനയ്ക്ക് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും നിലവിലുണ്ട്. അത്യാധുനിക സൗകര്യമുള്ള ആർ.ആർ.എഫിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. മാലിന്യം തരം തിരിക്കുന്നതിനായി കൺവെയർ ബെൽറ്റ്, ബെയിലിംഗ് മെഷീൻ, ഷ്രെഡിംഗ് മെഷീൻ, വെയിംഗ് മെഷീൻ എന്നിവയുണ്ട്. ഹരിതകർമ്മസേനയുടെ ഓഫീസ് സംവിധാനം ഏറെ ആകർഷിക്കുന്നതാണ്. വിശാലമായ ഓഫീസ്, ലാപ്ടോപ്പ്, വൈഫൈ കണക്ഷൻ, ഹാജർ രേഖപ്പെടുത്തുന്നതിനായി ബയോമെട്രിക് സംവിധാനം, നിരീക്ഷണ ക്യാമറകൾ തുടങ്ങിയവയും നിലവിലുണ്ട്. ഹരിതകർമ്മസേന 100 ശതമാനം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ





നിന്നും അജൈവമാലിന്യം ശേഖരിക്കുന്നു. 90 ശതമാനത്തിന് മുകളിൽ യൂസർഫീയും ശേഖരിക്കുന്നു. പ്ലാസ്റ്റിക്കിന് പുറമേ മറ്റെല്ലാത്തരം അജൈവ പാഴ് വസ്തുക്കളും കലണ്ടർ പ്രകാരം ഹരിതകർമ്മസേന ശേഖരിക്കുന്നുണ്ട്. ജൈവമാലിന്യ സംസ്കരണത്തിനായി എം.സി.എഫിനോട് അനുബന്ധിച്ച് ജൈവമാലിന്യ സംസ്കരണ പ്ലാന്റും പ്രവർത്തിക്കുന്നുണ്ട്. വിവാഹം ഉൾപ്പെടെയുള്ള ആഘോഷ പരിപാടികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന ജൈവമാലിന്യം ഈ പ്ലാന്റിലാണ് സംസ്കരിക്കുന്നത്. 100 പേരിൽ കൂടുതൽ പങ്കെടുക്കുന്ന ചടങ്ങുകളുള്ള വീടുകളിൽ ഹരിതകർമ്മസേന അംഗങ്ങൾ തലേ ദിവസം തന്നെ എത്തുകയും ബിന്നുകൾ സ്ഥാപിക്കുകയും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കിക്കുകയും ചെയ്യുന്നു. ഹരിതകർമ്മസേനയ്ക്ക് 3 ഇലക്ട്രിക് വാഹനങ്ങൾ ഗ്രാമപഞ്ചായത്ത് നൽകിയിട്ടുണ്ട്. ശേഖരിക്കുന്ന ജൈവ- അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേന അവരുടെ വാഹനത്തിൽ തന്നെയാണ് സംസ്കരിക്കുന്നതിന് ആർ.ആർ.എഫിലേക്ക് കൊണ്ടുപോകുന്നത്. ഒരു മാസം ഏകദേശം 4 ടൺ ജൈവമാലിന്യം ശേഖരിക്കുകയും ഇവ വളമാക്കി കൃഷി ഭവന് കൈമാറുകയും ചെയ്യുന്നു. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് പുറമേ അധിക വരുമാനത്തിനായി നിരവധി സംരംഭങ്ങൾ ഹരിതകർമ്മസേന നടത്തുന്നുണ്ട്. ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിനായി സ്റ്റീൽ പ്ലേറ്റ്, സ്റ്റീൽ ഗ്ലാസ്സ് എന്നിവ വാടകയ്ക്ക് നൽകൽ, പ്ലാസ്റ്റിക് കസേര, മേശ തുടങ്ങിയവ വാടകയ്ക്ക് നൽകൽ, കാറ്ററിംഗ് യൂണിറ്റ്, ഭക്ഷണം വിളമ്പൽ, ഇനോക്കുലം/വളം വിപണനം തുടങ്ങി നിരവധി

പ്രവർത്തനങ്ങൾ ഹരിതകർമ്മസേന നടത്തുന്നുണ്ട്. എൽ.ഈ.ഡി ബൾബ് റിപ്പയറിംഗിനുള്ള പരിശീലനവും ഇവർക്ക് ഹരിതകേരളം മിഷൻ നൽകിയിട്ടുണ്ട്. വൃത്തിയുള്ള ശുചിമുറി, നാപ്പ്കിൻ വെന്റിംഗ് മെഷീൻ, ഇൻസിനറേറ്റർ എന്നിവയും ഹരിതകർമ്മസേനയ്ക്ക് നൽകിയിട്ടുണ്ട്.

രണ്ട് നിലയുള്ള ആർ.ആർ.എഫിൽ മുകളിലേക്ക് പോകുന്നതിനായി ലിഫ്റ്റ് സംവിധാനവും സംസ്ഥാനത്ത് ആദ്യമായി നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് പദ്ധതി വിഹിതം വകയിരുത്തിയിട്ടുണ്ട്. മാലിന്യം നിറഞ്ഞ പ്ലാസ്റ്റിക് കഴുകുന്നതിനായി വാഷിംഗ് മെഷീൻ, ജൈവമാലിന്യ സംസ്കരണത്തിനായി മെക്കനൈസ്ഡ് ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ, വിൻഡ്രോ കമ്പോസ്റ്റിംഗ് യൂണിറ്റ് തുടങ്ങിയവ സ്ഥാപിക്കുന്നതിനായും ഹരിതകേരളം മിഷൻ ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## അഷ്ടമുടിക്കായലിൽ നിന്ന് പ്ലാസ്റ്റിക് ശേഖരണം

കൊല്ലം ജില്ലയിലെ അഷ്ടമുടി കായൽ നിരവധി ജനങ്ങളുടെ ഉപജീവന മാർഗ്ഗമാണ്. 8 ശാഖകളുള്ള ഈ കായൽ പ്രകൃതി രമണീയ ദൃശ്യ ഭംഗിയാണ് കാഴ്ചക്കാർക്ക് സമ്മാനിക്കുന്നത്. എന്നാൽ പ്ലാസ്റ്റിക് മാലിന്യത്തിന്റെ അനിയന്ത്രിതമായ സാന്നിദ്ധ്യം മത്സ്യ സമ്പത്തിന്റെ പ്രജനനത്തെ കാര്യമായി ബാധിച്ചു. ലോക പരിസ്ഥിതി ദിനമായ 2018 ജൂൺ 5-ന് ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ കൊല്ലം ജില്ലാ കക്കാ വാരൽ തൊഴിലാളി യൂണിയനുമായി ചേർന്ന് അഷ്ടമുടി കായലിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുന്ന പ്രവർത്തനം ദേശീയ ശ്രദ്ധ നേടിയതാണ്. നൂറോളം ചെറു വള്ളങ്ങളിൽ 200 തൊഴിലാളികളാണ് അഷ്ടമുടി കായലിൽ നിന്ന് പ്ലാസ്റ്റിക് നീക്കം ചെയ്യുന്ന പ്രവർത്തനത്തിൽ പങ്കെടുത്തത്. തേവള്ളി പാലം മുതൽ കടവൂർ, പെരുമൺ, അരിനെല്ലൂർ, മൺറോതുരുത്ത് ഭാഗങ്ങളിലും തോപ്പിൽ കടവ്, കാവനാട്, മുക്കാട്, കല്ലുംപുറം, മുകുന്ദപുരം,



കക്കാവാരൽ തൊഴിലാളികളുടെ നേതൃത്വത്തിൽ അഷ്ടമുടി കായലിൽ നിന്ന് പ്ലാസ്റ്റിക് ശേഖരിച്ചു കൊണ്ടുവരുന്നു

തലമുകിൽ, ചവറ, തെക്കുംഭാഗം തുടങ്ങിയ പ്രദേശങ്ങളിലും വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞാണ് കക്കാ വാരൽ തൊഴിലാളികളായ സന്നദ്ധ പ്രവർത്തകർ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് കായൽ ശുചീകരിച്ചത്.

## ഹരിതചട്ടം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പൊതു പരിപാടികൾ, ഉത്സവ ആഘോഷങ്ങൾ വിവാഹങ്ങൾ, ഓഫീസ് പ്രവർത്തനങ്ങൾ തുടങ്ങിയവയിൽ ഹരിതചട്ട പാലനം ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്. പ്ലാസ്റ്റിക്കിന്റെ ഉപയോഗവും ഒറ്റതവണ ഉപയോഗിച്ച് വലിച്ചെറിയുന്ന പാത്രങ്ങളുടെ ഉപയോഗവും ഒഴിവാക്കിയും പുനരുപയോഗിക്കാവുന്ന പാത്രങ്ങൾ ശീലമാക്കിയും മാലിന്യത്തിന്റെ അളവ് കുറയ്ക്കാൻ സാധിച്ചു. ഇതുമൂലം പൊതു സ്ഥലങ്ങളും ജലസ്രോതസ്സുകളും മലിനപ്പെടുന്നത് തടയാൻ കഴിഞ്ഞു. ഹരിതചട്ടം പാലിക്കാത്ത സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും എതിരെ നിയമനടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. നിയമസഭാ, തദ്ദേശ സ്ഥാപനതല ഇലക്ഷനുകൾ കർശനമായി ഹരിതചട്ടം പാലിച്ചാണ് നടത്തുന്നത്. ഹരിതചട്ടം കർശനമാക്കിയതോടെ മലിനീകരണം വളരെയധികം കുറയ്ക്കാൻ സാധിച്ചു.

ജില്ലയിൽ നടത്തുന്ന ഭൂരിഭാഗം പരിപാടികളും ഹരിതചട്ടം പാലിച്ചാണ് നടത്തുന്നത്. ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ 12 വിളക്ക് ഉത്സവം, മയ്യനാട് പുല്ലിച്ചിറ പള്ളിയിലെ തീർത്ഥാടനം, കുരീപ്പുഴ സെന്റ് ജോസഫ്സ് പള്ളി, അഷ്ടമുടി വീരഭദ്രസ്വാമി ക്ഷേത്രം, കൊല്ലം പുതിയകാവ് ക്ഷേത്രം, കടയ്ക്കൽ ദേവിക്ഷേത്രം തുടങ്ങിയ ആരാധനാലയങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനാവശ്യമായ ഹരിതകേരളം മിഷന്റെ ഇടപെടൽ ജില്ലയിൽ ശ്രദ്ധേയമായി.

## ഹരിത ടൂറിസം

ടൂറിസം കേന്ദ്രത്തിന്റെ പാരിസ്ഥിതിക - സാമൂഹിക - സാംസ്കാരിക പ്രത്യേകതകൾ നിലനിർത്തികൊണ്ടാണ് ഹരിത ടൂറിസം പദ്ധതി നടപ്പിലാക്കുന്നത്. പാരിസ്ഥിതിക ആഘാതം പരമാവധി കുറച്ച് പ്രദേശത്തിന്റെ സുസ്ഥിരമായ അടിസ്ഥാന സൗകര്യ വികസനം, പരിസ്ഥിതി സംരക്ഷണം, പ്രാദേശിക ജനതയുടെ സാമൂഹിക സാമ്പത്തിക വികസനം എന്നിവ സാധ്യമാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്. തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ടൂറിസം, ഡി.ടി.പി.സി, ശുചിത്വമിഷൻ, ഇറിഗേഷൻ, വനം, തൊഴിലുറപ്പ്, കുടുംബശ്രീ തുടങ്ങിയ ഏജൻസികളെ ഏകോപിപ്പിച്ചാണ് ജില്ലയിൽ ഹരിതകേരളം മിഷൻ ഹരിത ടൂറിസം കേന്ദ്രങ്ങളുടെ പരിപാലനം നടത്തുന്നത്.

ജില്ലയിൽ ടൂറിസം സാധ്യതയുള്ള 30 കേന്ദ്രങ്ങളാണ് ഹരിത ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തത്. ഇതിൽ ചടയമംഗലം ജടായു എർത്ത് സെന്റർ, തെന്മല എക്കോ ടൂറിസം, ഇടമുളയ്ക്കൽ മലമേൽ, അലയമൺ കുടുക്കത്തുപ്പാറ, ആര്യങ്കാവ് പാലരുവി, കൊട്ടാരക്കര മീൻപിടിപാറ, തുക്കരുവാ സാമ്പ്രാണിക്കോടി, കൊല്ലം അഡ്വഞ്ചർ പാർക്ക്, ചിൽഡ്രൻസ് പാർക്ക്, തങ്കശ്ശേരി ലൈറ്റ്ഹൗസ്, തങ്കശ്ശേരി ബ്രേക്ക് വാട്ടർ പാർക്ക്, കുമ്മിൾ മീൻമുട്ടി വെള്ളച്ചാട്ടം, കുളത്തൂപ്പുഴ ഫോറസ്റ്റ് മ്യൂസിയം, ശെന്തുരുണി റോസ്മല, തെന്മല എർത്ത് ഡാം, ചിറക്കര ഫ്രാഗ്രന്റ്




നേച്ചർ റിട്രീറ്റ് & റിസോർട്ട് പ്രൈവറ്റ് ലിമിറ്റഡ്, പുനലൂർ തൂക്കുപാലം, കൊല്ലം പുതിയകാവ് ക്ഷേത്രം, കരുനാഗപ്പള്ളി കന്നേറ്റി ബോട്ട് ടെർമിനൽ, ഏരൂർ ഓലിയരിക് വെള്ളച്ചാട്ടം എന്നീ 20 ടൂറിസം കേന്ദ്രങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഹരിത ടൂറിസം/ ഹരിത തീർത്ഥാടന കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്.

ടൂറിസം കേന്ദ്രത്തിൽ കുടിവെള്ളം, മാലിന്യ സംസ്കരണ സംവിധാനം, വൃത്തിയുള്ള ശുചിമുറി, വിശ്രമകേന്ദ്രം, ഇരിപ്പിടങ്ങൾ, ഭക്ഷണശാല, എത്തിച്ചേരാനുള്ള വഴി തുടങ്ങി വിനോദസഞ്ചാരികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ, പ്രകൃതി വിഭവങ്ങൾ സംരക്ഷിച്ച് കാർബൺ നിർഗ്ഗമനം കുറയ്ക്കുന്ന പ്രവർത്തനങ്ങൾ ഉറപ്പാക്കിയാണ് ഹരിത ടൂറിസം പദ്ധതി നടപ്പിലാക്കിയത്. ഇതുവഴി പരിസ്ഥിതി മലിനീകരണവും അന്തരീക്ഷ മലിനീകരണവും കുറയ്ക്കാനും വിനോദ സഞ്ചാരികൾക്ക് സുഗമമായി ടൂറിസം കേന്ദ്രം സന്ദർശിക്കാനും സാധ്യമായി.

## ഹരിതകലാലയം/ ഹരിത വിദ്യാലയം

കൊല്ലം ജില്ലയിൽ 2018 മുതൽ "പച്ചവിദ്യാലയം" എന്ന പേരിൽ ഹരിത വിദ്യാലയം പദ്ധതി ആരംഭിച്ചിരുന്നു. ജൈവ മാലിന്യം ഉറവിടത്തിൽ സംസ്ക്കരിക്കുക, അജൈവമാലിന്യം പ്രത്യേകം ബിന്നുകളിൽ തരം തിരിച്ച് ശേഖരിക്കുക, ദ്രവമാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കുക, സാനിറ്ററി നാപ്കിൻ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക, ജല സംരക്ഷണം



ഹരിത വിദ്യാലയം - MAM ഹയർ സെക്കൻററി സ്കൂൾ

ഉറപ്പാക്കുക, സാധ്യമായ ഇടങ്ങളിൽ ജൈവ പച്ചക്കറി, കിഴങ്ങ് വർഗ്ഗം, ചെറു ധാന്യം എന്നിവ കൃഷി ചെയ്യുക, പച്ചത്തുരുത്ത് ഒരുക്കുക, ഉപയോഗം കഴിഞ്ഞ പേനകൾ ശേഖരിച്ച് കൈമാറുക, ഹരിത ചട്ടം പാലിക്കുക, വൃത്തിയുള്ള ശുചിമുറി, ഊർജ്ജ സംരക്ഷണം തുടങ്ങിയവ ഉറപ്പാക്കിയാണ് കലാലയങ്ങളും സ്കൂളുകളും ഹരിത കലാലയങ്ങളായും ഹരിത വിദ്യാലയങ്ങളായും പ്രഖ്യാപിച്ചത്.




ഹരിത കലാലയം- ശ്രീനാരായണ കോളേജ്, കൊല്ലം

ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ജില്ലയിലെ മുഴുവൻ കലാലയങ്ങളും വിദ്യാലയങ്ങളും ഹരിത കലാലയങ്ങളും, ഹരിത വിദ്യാലയങ്ങളായും പ്രഖ്യാപിച്ചിട്ടുണ്ട്. ജില്ലയിൽ 114 കലാലയങ്ങളും 1081 വിദ്യാലങ്ങളും ആണ് ഹരിത കലാലയം/ഹരിത വിദ്യാലയമാക്കി മാറ്റാൻ സാധിച്ചത്. ഇതുവഴി ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഹരിതകേരളം മിഷന്റെ വൃത്തി, വെള്ളം, വിളവ് എന്ന ആശയം നടപ്പിലാക്കാനും അതുവഴി പരിസ്ഥിതി മലിനീകരണം തടയാനും സാധിച്ചു.

ജില്ലയിൽ കൊല്ലം എസ്.എൻ കോളേജ്, കാരുവേലിൽ ടി.കെ.എം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്നിവ മാതൃകാ ഹരിത കലാലയങ്ങളും പന്മന ചിറ്റൂർ ഗവ.യു.പി.എസ്സ്, പട്ടാഴി ഗവ.എൽ.പി.എസ്സ് എന്നിവ മാതൃകാ ഹരിത വിദ്യാലയങ്ങളുമാണ്.

## ഹരിത സ്ഥാപനം

ഹരിത കലാലയം, ഹരിത വിദ്യാലയം മാതൃകയിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ജില്ലയിലെ മുഴുവൻ സർക്കാർ, പൊതുമേഖല, ധനകാര്യ സ്ഥാപനങ്ങളും ഹരിത സ്ഥാപനങ്ങളാക്കി പ്രഖ്യാപിച്ചിട്ടുണ്ട്. ജില്ലയിൽ ആകെ 5216 സ്ഥാപനങ്ങളാണ് ഹരിത സ്ഥാപനങ്ങളാക്കി

പ്രഖ്യാപിച്ചിട്ടുള്ളത്. ഇതുവഴി ഓഫീസുകളിലെ പരിസ്ഥിതി മലിനീകരണം ഒഴിവാക്കാൻ സാധിച്ചു. ഹരിത സ്ഥാപനങ്ങളായി പ്രഖ്യാപിച്ച ഓഫീസുകളിൽ തുടർ പരിശോധനകളും നടത്തിവരുന്നുണ്ട്.

## ഹരിത അയൽക്കൂട്ടം

അയൽക്കൂട്ടത്തിലെ എല്ലാ വീടുകളിലും മാലിന്യം തരം തിരിക്കലും സംസ്കരണവും ഉറപ്പാക്കുക, മാലിന്യങ്ങൾ വലിച്ചെറിയൽ, കത്തിക്കൽ, മലിനജലം ഒഴുക്കി വിടൽ തുടങ്ങിയവ ഒഴിവാക്കുക, അയൽക്കൂട്ട പ്രദേശത്ത് നടക്കുന്ന എല്ലാ പൊതു ചടങ്ങുകളിലും സ്വകാര്യ ചടങ്ങുകളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുക, ജലസംരക്ഷണ പ്രവർത്തനങ്ങൾ ഉറപ്പാക്കുക, കൃഷി നടത്തുക, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക തുടങ്ങിയവ ഉറപ്പാക്കിയാണ് ഹരിത അയൽക്കൂട്ടങ്ങൾ ആയി പ്രഖ്യാപിച്ചത്. ഇതിനായി പ്രത്യേക പരിശോധന നടത്തുകയും പോരായ്മകൾ പരിഹരിച്ച് ഹരിത അയൽക്കൂട്ട പദവിയിൽ എത്തുന്നതിനുള്ള ശ്രമങ്ങളും കുടുംബശ്രീ അംഗങ്ങൾ നടത്തിവരികയാണ്. ജില്ലയിൽ ആകെ 25517 അയൽക്കൂട്ടങ്ങൾ ഹരിത അയൽക്കൂട്ടങ്ങൾ ആയി മാറുകയും ഇതുവഴി പ്രദേശത്തെ പരിസ്ഥിതി പുനഃസ്ഥാപനത്തിനായി ശ്രമങ്ങൾ നടത്തുകയും ചെയ്തുവരുന്നു .

## ടൗൺ സൗന്ദര്യവൽക്കരണം

ജില്ലയിലെ തെരഞ്ഞെടുത്ത ടൗണുകളും കവലകളും വൃത്തിയുള്ളതായി പരിപാലിച്ച് ബിന്നുകൾ വച്ച് മാലിന്യം ശേഖരിച്ച് സൗന്ദര്യവൽക്കരണം നടത്തുന്ന പ്രവർത്തനം നടത്തിയിട്ടുണ്ട്.

ജില്ലയിൽ ആകെ 73 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 162 ടൗണുകളിൽ സൗന്ദര്യവൽക്കരണം നടത്തിയിട്ടുണ്ടെങ്കിലും പൂർണ്ണമായി എല്ലാം നിലനിർത്താൻ സാധിച്ചില്ല. കൊല്ലം കോർപ്പറേഷൻ, പുനലൂർ നഗരസഭ, പിറവന്തൂർ, പത്തനാപുരം, നിലമേൽ, എഴുകോൺ ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിൽ മാതൃകാപരമായി ടൗൺ സൗന്ദര്യവൽക്കരണം നിലനിർത്തിയിട്ടുണ്ട്. ഇതിലൂടെ പ്രദേശം മാലിന്യമുക്തമായി സംരക്ഷിക്കാനും വലിച്ചെറിയൽ ശീലവും പരിസ്ഥിതി മലിനീകരണവും ഒഴിവാക്കാനും കഴിഞ്ഞു.

## ഹരിത നിയമങ്ങൾ

2018-ൽ ഹരിതകേരളം മിഷൻ ആരംഭിച്ച "മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം " ഒന്നാംഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി അലക്ഷ്യമായി മാലിന്യം കൈകാര്യം ചെയ്യുന്നതിനെതിരെ വിവിധ വകുപ്പുകൾക്ക് കൈക്കൊള്ളാവുന്ന നിയമ നടപടികൾ ഏകോപിപ്പിച്ചുകൊണ്ട് "ഹരിത നിയമാവലി" പുസ്തകം തയ്യാറാക്കിയിരുന്നു. ജില്ലാ തലത്തിൽ ഹരിത സാക്ഷരതാ പരിശീലനം തദ്ദേശസ്ഥാപന അധ്യക്ഷന്മാർ, സെക്രട്ടറിമാർ, മറ്റ് ഉദ്യോഗസ്ഥർ, വ്യാപാരി വ്യവസായികൾ എന്നിവർക്ക് നൽകിയിരുന്നു. അലക്ഷ്യമായി മാലിന്യം കൈകാര്യം ചെയ്യുന്നതിനെതിരെ നിയമനടപടികൾ സ്വീകരിക്കാൻ അധികാരപ്പെട്ട പഞ്ചായത്ത്, നഗരകാര്യം, പോലീസ്, മലിനീകരണ നിയന്ത്രണ ബോർഡ്, ഭക്ഷ്യ സുരക്ഷ, ആരോഗ്യം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരാണ് പരിശീലന ക്ലാസ് കൈകാര്യം ചെയ്തത്.

പൊതു സ്ഥലങ്ങളിലും ജലസ്രോതസ്സുകളിലും മാലിന്യം വലിച്ചെറിയുന്നവർക്കെതിരെയും കത്തിക്കുന്നവർക്കെതിരെയും നിയമ നടപടികൾ സ്വീകരിക്കുന്നതിനുള്ള ബോധവൽക്കരണ ക്യാമ്പയിനും ജില്ലയിൽ 2019 - ൽ ഹരിതകേരളം മിഷൻ സംഘടിപ്പിച്ചിരുന്നു. "മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം" ക്യാമ്പയിന്റെ ഭാഗമായി ഹരിത നിയമങ്ങൾ നടപ്പിലാക്കൽ പ്രഖ്യാപനം 2019 ഓഗസ്റ്റ് 15 - ന് ജില്ലയിലെ എല്ലാ തദ്ദേശസ്ഥാപന തലത്തിലും നടത്തിയിരുന്നു. കൂടാതെ 2016 - 2021, 2021 -2025 കാലയളവിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന അംഗങ്ങൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ഹരിത നിയമാവലി പുസ്തകം വിതരണം നടത്തി. ഹരിത നിയമാവലിയുടെ അടിസ്ഥാനത്തിൽ മാലിന്യം കത്തിക്കുന്നവർക്കെതിരെയും വലിച്ചെറിയുന്നവർക്കെതിരെയും നിയമനടപടികളും സ്വീകരിച്ച് തുടങ്ങി. നിയമാവലിയിലൂടെ വ്യാപകമായി ബോധവൽക്കരിച്ചതിലൂടെ മാലിന്യ നിക്ഷേപവും കത്തിക്കലും കുറയുകയും പരിസ്ഥിതി മലിനീകരണവും ആരോഗ്യ പ്രശ്നങ്ങളും ജനങ്ങളുടെ ഇടയിൽ കുറയ്ക്കാനും സാധിച്ചു. ജില്ലയിൽ മാലിന്യം അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതിനെതിരെ 2648 പരിശോധനകൾ നടത്തിയതിൽ 1672 കേസുകൾ റിപ്പോർട്ട് ചെയ്യുകയും 80 ലക്ഷം രൂപ പിഴ ഈടാക്കുകയും ചെയ്തു.

## ഹരിതായനം

ഹരിതകേരളം മിഷന്റെ ജില്ലയിലെ പ്രവർത്തനങ്ങളും ആശയങ്ങളും ബോധവൽക്കരണ സന്ദേശങ്ങളും ഉൾപ്പെടുത്തി സജ്ജമാക്കിയ ഹരിതായനം പ്രചരണ വാഹനം കൊല്ലം ജില്ലയിൽ 2019 ജനുവരി 7 മുതൽ 17 വരെ പര്യടനം നടത്തി. ഇരുവശത്തും ഡിജിറ്റൽ സ്ക്രീൻ ഘടിപ്പിച്ചിട്ടുള്ള വാഹനം പ്രധാന കേന്ദ്രങ്ങളിലും ജനങ്ങൾ കൂടുന്ന സ്ഥലങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വീഡിയോ പ്രദർശനവും ബോധവൽക്കരണവും നടത്തി.

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളായ ശുചിത്വ മാലിന്യ സംസ്കരണം, ജലസംരക്ഷണം, കാർഷിക സമൃദ്ധി തുടങ്ങിയ പ്രവർത്തനങ്ങളും സന്ദേശങ്ങളും ജനങ്ങളിലും കുട്ടികളിലും എത്തിക്കുവാനും പ്രത്യേകിച്ചും വരും തലമുറയ്ക്ക് പ്രചോദനമേകാനും ഹരിതായനം പര്യടനത്തിലൂടെ സാധിച്ചു. ജില്ലയിൽ ഹരിതകേരളം മിഷൻ നടത്തിയ വിവിധ പ്രവർത്തനങ്ങളുടെ വീഡിയോ പ്രദർശനങ്ങൾ നടത്തിയത് കാണികളിലും പ്രത്യേകിച്ച് വിദ്യാർത്ഥികളിലും ആവേശം ഉണർത്തി. വിവിധ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ഹരിതായനം പ്രദർശനയാത്ര വളരെയധികം പ്രയോജനകരമായി മാറി. വരും തലമുറയെ വൃത്തി, വെള്ളം, വിളവ് എന്ന ആശയം ഉൾക്കൊള്ളിച്ച് പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ വിദ്യാർത്ഥികളിൽ ശീലമാക്കുന്നതിന് വിദ്യാലയങ്ങളിൽ നടത്തിയ പ്രദർശനത്തിലൂടെയും പ്രധാന കവലകളിൽ നടത്തിയ പ്രദർശനത്തിലൂടെയും പൊതുജനങ്ങളിലും ശീലവൽക്കരണത്തിന് സഹായകരമായി.

## പച്ചത്തുരുത്ത്

കാലാവസ്ഥാ വ്യതിയാനം കൊണ്ടുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ പ്രതിരോധിക്കുന്നതിനും കേരളത്തിന്റെ തനതായ ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിനും ഊന്നൽ നൽകികൊണ്ട് വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സംയോജനത്തോടെ ആരംഭിച്ച പദ്ധതിയാണ് പച്ചത്തുരുത്ത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തരിശായ സ്ഥലങ്ങൾ കണ്ടെത്തി തനതായ വൃക്ഷങ്ങളും തദ്ദേശീയമായ സസ്യങ്ങളും ഉൾപ്പെടുത്തി സ്വാഭാവിക വന മാതൃകകൾ സൃഷ്ടിച്ചെടുത്ത് സംരക്ഷിക്കുക എന്നതാണ് പച്ചത്തുരുത്ത് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ 2019 പരിസ്ഥിതി ദിനം മുതലാണ് പച്ചത്തുരുത്ത് പദ്ധതി ആരംഭിച്ചത്.



കൊല്ലം ജില്ലയിൽ 2025 ഡിസംബർ മാസം വരെ 88.49 ഏക്കറിൽ 315 പച്ചത്തുരുത്തുകളാണ് നിലവിലുള്ളത്. കൂടുതൽ പച്ചത്തുരുത്തുകൾ വ്യാപിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ജില്ലയിൽ നടന്നുവരികയാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സോഷ്യൽ ഫോറസ്ട്രി, കേരള കശുമാവ് കൃഷി വികസന ഏജൻസി, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയവരുടെ സഹായത്തോടെയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാക്കിയത്.

സംസ്ഥാന തലത്തിൽ 2025 സെപ്റ്റംബറിൽ ബഹു.മുഖ്യമന്ത്രി മികച്ച പച്ചത്തുരുത്തുകൾക്കുള്ള പുരസ്കാരം നൽകിയിരുന്നു. കൊല്ലം ജില്ലയിലെ 12 മികച്ച പച്ചത്തുരുത്തുകൾക്ക് പുരസ്കാരം ലഭിച്ചിരുന്നു. ജില്ലാതലത്തിൽ ചുമതലപ്പെടുത്തിയ പുരസ്ക്കാര നിർണ്ണയ സമിതിയുടെ പരിശോധയുടെ അടിസ്ഥാനത്തിൽ ആണ് മികച്ച പച്ചത്തുരുത്തുകളെ കണ്ടെത്തിയത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ മികച്ച പച്ചത്തുരുത്തുകൾക്ക് കൊല്ലം കോർപ്പറേഷൻ, വെളിയം, കല്ലുവാതുക്കൽ, ഏരൂർ, ഇളമ്പള്ളൂർ, കുമ്മിൾ എന്നീ ഗ്രാമപഞ്ചായത്തുകൾക്കും സ്കൂളുകളിൽ നിർമ്മിച്ച പച്ചത്തുരുത്തിന് മൈലം ഗ്രാമപഞ്ചായത്തിലെ പള്ളിക്കൽ എൻ.എസ്സ്.എസ്സ്.കെ എൽ.പി.എസ്സ്, കലാലയങ്ങളിൽ നിർമ്മിച്ച പച്ചത്തുരുത്തിന് പെരിനാട് ഗ്രാമപഞ്ചായത്തിലെ ചന്ദനത്തോപ്പ് ഐ.ടി.ഐ, മറ്റു സ്ഥാപനങ്ങളിൽ നിർമ്മിച്ച പച്ചത്തുരുത്തുകൾക്ക് ശൂരനാട് തെക്ക്, ചവറ, കുളത്തൂപ്പുഴ, തലവൂർ എന്നീ

ഗ്രാമപഞ്ചായത്തുകൾക്കുമാണ് അംഗീകാരം ലഭിച്ചത്. പച്ചത്തുരുത്തുകൾ വ്യാപിപ്പിക്കുന്നതോടെ അന്തരീക്ഷത്തിൽ ഓക്സിജന്റെ അളവ് വർദ്ധിക്കുകയും വൃക്ഷങ്ങൾ കാർബൺ ശേഖരിക്കുന്ന കലവറയായി മാറുകയും ചെയ്യുന്നു. അന്തരീക്ഷ മലിനീകരണവും പരിസ്ഥിതി മലിനീകരണവും ഒരു പരിധി വരെ വൃക്ഷവത്കരണത്തിലൂടെ കുറയ്ക്കുവാൻ സാധിച്ചു.

പൊതുമേഖല സ്ഥാപനമായ ചവറ കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡിലെ ഖനനം കഴിഞ്ഞ 20 ഏക്കർ ഭൂമിയിൽ വൃക്ഷവൽക്കരണം നടത്തുന്ന പ്രവർത്തനം 2024-ൽ ആരംഭിച്ചു. കശുമാവ് കൃഷി വികസന ഏജൻസിയിൽ നിന്നും ലഭിച്ച അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് തൈകളും, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിൽ നിന്നും ലഭിച്ച അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻ തൈകളുമാണ് വൃക്ഷവൽക്കരണത്തിന്റെ ഭാഗമായി നട്ടുപിടിപ്പിച്ചത്. ലക്ഷ്യമിട്ട ആകെ 5000 തൈകളിൽ 1000 തൈകളുടെ നടീൽ പൂർത്തീകരിച്ചിട്ടുണ്ട്. വരും വർഷം ഖനനം കഴിഞ്ഞ തരിശായ മുഴുവൻ ഭൂമിയിലും വൃക്ഷവൽക്കരണം പൂർത്തീകരിക്കാനാകും.

കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖല സ്ഥാപനമായ ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡിലും കെ.എം.എം.എൽ ന് സമാനമായ രീതിയിൽ ഖനനം കഴിഞ്ഞ 10 ഏക്കർ ഭൂമിയിൽ ആദ്യഘട്ടത്തിൽ വൃക്ഷവൽക്കരണം ആരംഭിച്ചിട്ടുണ്ട്. നീണ്ടകര, ചവറ, ആലപ്പാട് എന്നീ ഗ്രാമപഞ്ചായത്തുകളിലും കരുനാഗപ്പള്ളി നഗരസഭയിലുമാണ് വൃക്ഷവൽക്കരണം നടത്തുന്നത്. ആദ്യഘട്ടത്തിൽ 1300 തൈകളാണ് നട്ടത്. ചവറ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന കോവിൽത്തോട്ടം, കരിത്തുറ എന്നീ വാർഡുകളിൽ വൃക്ഷവൽക്കരണം പൂർത്തീകരിച്ചിട്ടുണ്ട്. ഐ.ആർ.ഈ.എൽ ലും ഖനനം കഴിയുന്ന മുറയ്ക്ക് മുഴുവൻ ഭൂമിയിലും വൃക്ഷവൽക്കരണം നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്.

## കണ്ടൽ വൽക്കരണം

അഷ്ടമുടിക്കായൽ, പരവൂർ കായൽ, മാലാ കായൽ തുടങ്ങിയവയുടെ തീരത്ത് കണ്ടൽ വച്ചുപിടിപ്പിച്ച് പരിപാലിക്കുന്ന പ്രവർത്തനം ജില്ലയിൽ 2018 മുതൽ ആരംഭിച്ചിരുന്നു. കൊല്ലം കോർപ്പറേഷൻ, പെരിനാട്, പനയം, തൃക്കരുവ മൺട്രോതുരുത്ത്, തെക്കുംഭാഗം, നീണ്ടകര, ചവറ, തേവലക്കര, കരുനാഗപ്പള്ളി നഗരസഭ, പരവൂർ നഗരസഭ എന്നിവിടങ്ങളിൽ വ്യാപകമായി കണ്ടൽ നട്ടുപിടിപ്പിക്കുന്ന പ്രവർത്തനം നടത്തിയിരുന്നു. ശാസ്താംകോട്ട ശുദ്ധജല തടാക തീരത്തും കണ്ടൽ വൽക്കരണം നടത്തുകയുണ്ടായി.

റെയിൽവേയുമായി സഹകരിച്ച് നടത്തുന്ന കണ്ടൽ വൽക്കരണം ജില്ലയിൽ ശാസ്താംകോട്ട, തേവലക്കര, നീണ്ടകര, നെടുമ്പന, ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തുകളിലും കരുനാഗപ്പള്ളി നഗരസഭയിലുമായി 17.08 കി.മീ. നീളത്തിൽ പ്രവർത്തനം ആരംഭിച്ചെങ്കിലും ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് ഒഴികെ ബാക്കി എല്ലായിടത്തും നടീൽ പൂർത്തീകരിച്ചിട്ടുണ്ട്.

ചിറ്റുമല ബ്ലോക്ക്പഞ്ചായത്തിലെ 7 ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്ക്പഞ്ചായത്തിന്റെ പദ്ധതി വിഹിതം വിനിയോഗിച്ച് 5000 കണ്ടൽ തൈകളുടെ നടീൽ പൂർത്തീകരിച്ചിട്ടുണ്ട്.

കണ്ടൽവൽക്കരണത്തിലൂടെ തീരങ്ങളുടെ സംരക്ഷണം ഉറപ്പാക്കാനും മത്സ്യങ്ങളുടെ പ്രജനനത്തിനും മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും പരിസ്ഥിതി സംരക്ഷണത്തിനും സഹായകരമായി.



## ദേവഹരിതം, വ്യവസായ സ്ഥാപനങ്ങളിലെ കൃഷി

ജില്ലയിലെ വിവിധ ആരാധനാലയങ്ങളിലും മത സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലും ദേവഹരിതം പദ്ധതി പ്രകാരം കൃഷി നടത്തിയിരുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡുമായി സഹകരിച്ച് നിരവധി ക്ഷേത്രങ്ങളിൽ പച്ചക്കറി കൃഷി, കരനെല്ല് കൃഷി എന്നിവ നടത്തിയിരുന്നു. കുടുംബശ്രീ ജെ.എൽ.ജി. ഗ്രൂപ്പുകളുമായി കരാറിൽ ഏർപ്പെട്ടാണ് കൃഷി ചെയ്തത്.

ജില്ലയിലെ എല്ലാ വ്യവസായ സ്ഥാപനങ്ങളിലും പച്ചക്കറി, വാഴ കൃഷി ആരംഭിച്ചിരുന്നു. ചാത്തന്നൂർ സ്പിന്നിംഗ് മില്ല്, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കുണ്ടറ സെറാമിക്സ്, കുണ്ടറ കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിങ് കമ്പനി, കെ.എം.എം.എൽ തുടങ്ങിയ വ്യവസായ സ്ഥാപനങ്ങളിൽ വ്യാപകമായി കൃഷി നടത്തിയിരുന്നു.

### പച്ചക്കറി കൃഷിയ്ക്കായി ഹരിതതീരം മാതൃക

കൊല്ലം ജില്ലയിൽ 2018-ൽ ഇത്തിക്കര ബ്ലോക്കിൽ ഉൾപ്പെട്ട ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ ഇത്തിക്കര ആറിന്റെ തീരത്ത് നടപ്പിലാക്കിയ തരിശ്ശ് കൃഷി പ്രോത്സാഹന പദ്ധതിയാണ് ഹരിതതീരം. ശിവദാസൻ എന്ന സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിൽ ഇത്തിക്കര ആറിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന 7 ഏക്കർ തരിശ്ശ് ഭൂമി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഏറ്റെടുത്ത് കൃഷിയോഗ്യമാക്കുക എന്നുള്ളതാണ് പദ്ധതി. ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ സ്വകാര്യവ്യക്തി, ഗ്രാമപഞ്ചായത്ത്, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ, കൃഷി വകുപ്പ്, ജലസേചന വകുപ്പ് എന്നിവയെ സംയോജിപ്പിച്ചുകൊണ്ടാണ് ഹരിതതീരം പദ്ധതി യാഥാർത്ഥ്യമാക്കിയത്. തൊഴിലുറപ്പ്

തൊഴിലാളികളുടെ സഹായത്തോടെ കൃഷി ഭൂമി ഒരുക്കുക, കുടുംബശ്രീ ജെ.എൽ.ജി ഗ്രൂപ്പ് മുഖേന കൃഷി നടത്തുക, സാങ്കേതിക സാമ്പത്തിക സഹായം കൃഷി ഭവൻ മുഖേന ലഭ്യമാക്കുക, സൂക്ഷ്മ ജലസേചനം ജലസേചന വകുപ്പ് മുഖേന ഉറപ്പാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചാണ് ഹരിതകേരളം മിഷൻ ഈ മാതൃക പ്രവർത്തനം വിജയകരമാക്കിയത്. ഹരിതതീരം മാതൃകയിൽ ജില്ലയിൽ ഒട്ടനവധി തരിശ്ശ് ഭൂമികൾ കൃഷി യോഗ്യമാക്കിയിട്ടുണ്ട്.

## പാണ്ടിവയൽ തോട് പുനരുജ്ജീവനം

2018-ൽ ഹരിതകേരളം മിഷൻ സംഘടിപ്പിച്ച ജലസംഗമം ഏറെ ശ്രദ്ധേയമായിരുന്നു. ജലസംഗമത്തിൽ കേരളത്തിലെ വിവിധ പുഴ പുനരുജ്ജീവന പ്രവർത്തനങ്ങളുടെ അവതരണങ്ങളും ജലമേഖലയുമായി ബന്ധപ്പെട്ട വിവിധ സെമിനാറുകളും സംഘടിപ്പിച്ചിരുന്നു. ജലസംഗമത്തിൽ നടത്തിയ അവതരണങ്ങളിലും സെമിനാറുകളിലും ജില്ലയിലെ വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുത്തിരുന്നു. ജലസംഗമത്തിൽ നിന്ന് ലഭിച്ച ഉത്തേജനം മൂലമാണ് കൊട്ടാരക്കര നഗരസഭ പാണ്ടിവയൽ തോടിന്റെ പുനരുജ്ജീവനം ഏറ്റെടുക്കാൻ തയ്യാറായത്. ഏകദേശം 40 കി.മീ. നീളത്തിൽ ഒഴുകുന്ന പാണ്ടിവയൽ തോട് നെടുവത്തൂർ പഞ്ചായത്തിൽ നിന്ന് ആരംഭിച്ച് കൊട്ടാരക്കര നഗരസഭയിലൂടെ ഉമ്മന്നൂർ, വെളിയം പഞ്ചായത്തുകളിലൂടെ ഒഴുകി ഇത്തിക്കര ആറിലാണ് പതിക്കുന്നത്. 17 കി.മീ നീളത്തിലും 4 മീറ്റർ വീതിയിലുമാണ് പാണ്ടിവയൽ തോട് കൊട്ടാരക്കര നഗരസഭയിലൂടെ ഒഴുകുന്നത്. മഴക്കാലത്ത് സമൃദ്ധമായി ഒഴുകുന്ന തോട് വേനൽക്കാലത്ത് കെ.ഐ.പി കനാൽ തുറന്നു വിടുന്നതുമൂലം ചെറിയ



പാണ്ടിവയൽ തോട് പുനരുജ്ജീവനം ജനകീയ കൂട്ടായ്മയിൽ

നീരൊഴുക്ക് ഉണ്ടാകുന്നു. കൊട്ടാരക്കര നഗരസഭയിലൂടെ ഒഴുകുന്ന പാണ്ടിവയൽ തോടിൽ നിരവധി കൈത്തോടുകൾ വന്നുചേരുന്നുണ്ട്. തോടിന്റെ ഇരു വശങ്ങളിലും 30 വർഷത്തോളമായി തരിശ്ശായി കിടക്കുന്ന 60 ഹെക്ടർ നെൽ വയലുകളും, പച്ചക്കറി, കിഴങ്ങ് വർഗ്ഗം, വാഴ തുടങ്ങിയവ കൃഷി ചെയ്യുന്നതിനായി ഏക്കർ കണക്കിന് കരഭൂമിയുമുണ്ട്.

ജലസംഗമത്തിന്റെ ആവേശം ഉൾക്കൊണ്ട് കൊട്ടാരക്കര നഗരസഭയിലൂടെ ഒഴുകുന്ന പാണ്ടിവയൽ തോടിന്റെ പുനരുജ്ജീവനം ജനകീയമായി ഏറ്റെടുക്കുന്നതിന് നഗരസഭ തയ്യാറാവുകയും ഇതുമായി ബന്ധപ്പെട്ട നിരവധി യോഗങ്ങളും ആലോചനകളും മുന്നൊരുക്ക പ്രവർത്തനങ്ങളും നടത്തുകയുമുണ്ടായി. ഇറിഗേഷൻ വകുപ്പിലെ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായി സാങ്കേതിക സമിതിയും സംഘാടക സമിതിയും രൂപീകരിച്ചു. നഗരസഭയിലെ 6 വാർഡുകളിലൂടെ തോട് കടന്നു പോകുന്നതിനാൽ 6 പ്രാദേശിക സമിതികൾ ബന്ധപ്പെട്ട കൗൺസിലറുമാരുടെ അദ്ധ്യക്ഷതയിൽ രൂപീകരിക്കുകയും ഭാരവാഹികളെ നിശ്ചയിക്കുകയും ചെയ്തു. 2018 നവംബർ 15-ന് തോടിന്റെ കരയിലൂടെ പുഴ നടത്തം സംഘടിപ്പിച്ച് ഏറ്റെടുക്കേണ്ട പ്രർത്തനങ്ങൾ വിശകലനം നടത്തുകയും നവംബർ 16-ന് ജനകീയ സദസ്സ് വിപുലമായി സംഘടിപ്പിക്കുകയും ചെയ്തു. പത്ര മാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും നല്ല രീതിയിൽ ഐ.ഈ.സി പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. 2018 ഡിസംബർ 5-ന് 1000 പേർ അടങ്ങുന്ന ജനകീയ സദസ്സ് കൂടുകയും വിളംബര ഘോഷയാത്ര സംഘടിപ്പിക്കുകയും ചെയ്തു. ഡിസംബർ 7-ന് ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും യോഗം ചേരുകയും ചെയ്യേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു. ഹരിതകേരളം മിഷന്റെ പങ്കാളിത്തവും ഏകോപനവും തോടിന്റെ പുനരൂജ്ജീവന പ്രവർത്തനത്തിന് ഏറെ സഹായകരമായി.

ഹരിതകേരളം മിഷൻ ആരംഭിച്ച ഡിസംബർ 8-ന് മൂവായിരത്തോളം ജനങ്ങളുടെ പങ്കാളിത്തത്തോടെ പ്രവർത്തനം ആരംഭിച്ചു. ജലവിഭവ വകുപ്പ് മന്ത്രി, എം.എൽ.എ, ജില്ലാ കളക്ടർ, റൂറൽ എസ്.പി, ഇറിഗേഷൻ, റവന്യൂ, ശുചിത്വ മിഷൻ തുടങ്ങീ വ്യക്തികൾ, വകുപ്പുകൾ, ഏജൻസികൾ തുടങ്ങി എല്ലാവരുടെയും പ്രാതിനിധ്യം പുനരൂജ്ജീവന പ്രവർത്തനത്തിൽ



പാണ്ടിവയൽ തോട് പുനരുജ്ജീവനത്തിന് ശേഷം നടത്തിയ 15 ഏക്കറിലെ നെൽകൃഷി

ഉണ്ടായിരുന്നു. ഉദ്യോഗസ്ഥരെ കൂടാതെ എൻ.എസ്സ്.എസ്സ്, എസ്.പി.സി വോളൻറിയേഴ്സ്, തൊഴിലുറപ്പ്, കുടുംബശ്രീ, ഹരിതകർമ്മസേന പ്രവർത്തകർ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയ എല്ലാവരുടെയും പങ്കാളിത്തം ഉണ്ടായി. ഹിറ്റാച്ചി തുടങ്ങിയ ഉപകരണങ്ങളുടെ ചെലവ് മറ്റ് അനുബന്ധ ചെലവ് മർച്ചന്റ്സ് അസോസിയേഷനുകളുടെയും വ്യാപാരി വ്യവസായികളുടെയും സഹായത്തോടെ ഉറപ്പാക്കി. ഏകദിന പുനരുജ്ജീവന പ്രവർത്തനത്തിന് തുടർച്ചയായി ഹിറ്റാച്ചി ഉപയോഗിച്ച് രണ്ടാഴ്ച ചെളി നീക്കം ചെയ്യലും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും നടത്തുകയുണ്ടായി.

## മൈനാഗപ്പള്ളിയിൽ തരിശു നെൽ കൃഷി

മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിൽ 18, 20 വാർഡുകളിലായി 468 ഏക്കർ വിസ്തൃതിയുള്ള ചാലയിൽ മാടൻനട ഏല വെള്ളക്കെട്ട് മൂലം കഴിഞ്ഞ 35 വർഷങ്ങളായി തരിശായി കിടക്കുകയാണ്. വെള്ളക്കെട്ട് ഒഴിവാക്കി ചാലയിൽ മാടൻനട ഏലയും വെട്ടിക്കാട്ട് ഏലയും കൃഷി യോഗ്യമാക്കുന്നതിനായി ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ 2022 ജൂലൈ മാസത്തിൽ പ്രവർത്തനം ആരംഭിച്ചു. ഹരിതകേരളം സംസ്ഥാന മിഷനിലെ ടെക്നിക്കൽ ടീം രണ്ട് തവണ പഞ്ചായത്ത് സന്ദർശനം നടത്തുകയും പഞ്ചായത്തിൽ ഇതുമായി ബന്ധപ്പെട്ട യോഗങ്ങൾ നടത്തുകയും ചെയ്തു. ഇറിഗേഷൻ, കൃഷി, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കെ.ഐ.പി., മണ്ണ് സംരക്ഷണം, പാടശേഖര സമിതി, ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ എന്നിവർ യോഗങ്ങളിൽ പങ്കെടുക്കുകയും നിർദ്ദേശങ്ങൾ അറിയിക്കുകയും ചെയ്തു.



തേവലക്കര ഗ്രാമപഞ്ചായത്തിന്റെ അതിരായ ആദിക്കാട് ഭാഗത്ത് നിന്ന് മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിലെ തോട്ടുമുഖം വഴി പള്ളിക്കലാറിൽ എത്തിച്ചേരുന്ന തോട്ടുമുഖം തോടിന്റെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ടതാണ് വെള്ളക്കെട്ടിനുള്ള പ്രധാന കാരണം. മണ്ണും ചെളിയും മൂടി തോടിന് വീതി കുറയുകയും ചില ഭാഗങ്ങളിൽ തോട് മൂടപ്പെടുകയും ചെയ്തിട്ടുണ്ട്. തോടിനു കുറുകെ നിർമ്മിച്ച കലുങ്കുകൾക്ക് വീതി കുറവായതുകാരണം ഏലയുടെ ചില ഭാഗങ്ങളിൽ മണ്ണും ചെളിയും അടിഞ്ഞു കൈത തുടങ്ങിയ സസ്യങ്ങൾ വളർന്ന് നിൽപ്പുണ്ട്.

കൂടാതെ ചാലയിൽ മാടൻനട ഏലയിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി 2 കിലോ മീറ്റർ നീളത്തിലും 4 മീറ്റർ വീതിയിലും ഒരു നടുത്തോട് നിർമ്മിക്കേണ്ടതുണ്ടെന്നും തോട്ടുമുഖം തോട്ടിലെ ചെളിയും എക്കലും നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുകയും ഏലയിൽ കെട്ടികിടക്കുന്ന വെള്ളം നടുതോടിലൂടെ ഒഴുക്കി തോട്ടുമുഖം തോട്ടിലൂടെ പള്ളിക്കലാറിലേയ്ക്ക് എത്തിക്കേണ്ടതുമാണെന്ന് ഹരിതകേരളം മിഷൻ ടെക്നിക്കൽ ടീം വിലയിരുത്തുകയുണ്ടായി.

മൈനർ ഇറിഗേഷൻ വകുപ്പ് ഇൻവെസ്റ്റിഗേഷൻ സർവ്വേ നടത്തുകയും സർവ്വേയുടെ അടിസ്ഥാനത്തിൽ തോട്ടുമുഖം തോടിലെ ചെളിയും മാലിന്യവും നീക്കം ചെയ്യുന്നതിനും നടുതോട് നിർമ്മിക്കുന്നതിനും വിശദമായ പദ്ധതി തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിച്ചു. ഭരണാനുമതി ലഭിച്ചതിനാൽ നടുതോട് നിർമ്മിക്കുന്നതിനും, തോട്ടുമുഖം തോട്ടിലെ ചെളിയും എക്കലും നീക്കം ചെയ്യുന്നതിനും ആരംഭിച്ചു. ഇറിഗേഷൻ വകുപ്പിനേയും തൊഴിലുറപ്പ് പദ്ധതിയേയും സംയോജിപ്പിച്ചാണ് നടുതോട് നിർമ്മിക്കുന്നത്. ഹിറ്റാച്ചി ഉപയോഗിച്ച് തോട് നിർമ്മിക്കുന്നതിനുള്ള മണ്ണ് കോരി ഇരു വശങ്ങളിലേക്ക് മാറ്റുകയും തോടിന്റെ ബണ്ട് തൊഴിലുറപ്പ് പദ്ധതി പ്രകാരം കയർ ഭൂവസ്ത്രം വിരിച്ച് പുല്ല് വെച്ച് സംരക്ഷിക്കുകയുമാണ് ചെയ്യുന്നത്.

തികച്ചും ജനകീയമായാണ് ജില്ലയിൽ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിലെ 18, 20 വാർഡുകളിലെ കർഷകർ, പാടശേഖരസമിതി അംഗങ്ങൾ, സന്നദ്ധ പ്രവർത്തകർ, രാഷ്ട്രീയപ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ അംഗങ്ങൾ തുടങ്ങി എല്ലാവരുടെയും സംയുക്ത സഹകരണത്തോടെ അടുത്ത സീസണിൽ ചാലായിൽ മാടൻനട ഏലയിൽ വർഷങ്ങളായി മുടങ്ങിക്കിടന്ന കൃഷി പുനരുജീവിപ്പിക്കാൻ സാധിക്കും.

## തഴവ വട്ടക്കായലിൽ പുനരാരംഭിച്ച നെൽ കൃഷി

ജില്ലയിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിലെ തഴവ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട അസാധ്യമെന്ന് വിധി എഴുതിയ വട്ടക്കായൽ ഏലയിലെ 1000 ഏക്കറിലെ നെൽ കൃഷിയുടെ വിജയം നാട്ടിലാകെ പുതിയ ഒരു കാർഷിക മുന്നേറ്റത്തിനാണ് തുടക്കം കുറിച്ചത്. ഹരിതകേരളം മിഷൻ 2016 ഡിസംബർ 8-ന് രൂപീകൃതമായതിന് തുടർച്ചയായി 2017 ലാണ് ഹരിതകേരളം മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി ഇത് സാധ്യമായത്. ജനറേറ്ററും മോട്ടറും ഉപയോഗിച്ച് വെള്ളക്കെട്ടായി കിടന്നിരുന്ന വട്ടക്കായലിലെ വെള്ളം വറ്റിക്കുകയും ആലപ്പുഴയിലുള്ള സ്വകാര്യ കർഷകന്റെ മേൽനോട്ടത്തിൽ നെൽകൃഷി പുനരാരംഭിക്കുകയും ചെയ്തു. കൃഷി മന്ത്രി, നിയമസഭാ സ്പീക്കർ എന്നിവരും ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സണിനോടൊപ്പം കൃഷി വിലയിരുത്താൻ എത്തിയിരുന്നു. വട്ടക്കായൽ ഏലയിലെ കൊയ്ത്ത് ഉത്സവം ഗ്രാമോത്സവമായാണ് നടത്തിയത്. കൃഷി, ജലസേചനം, തൊഴിലുറപ്പ് എന്നീ വകുപ്പുകളുടെ സംയോജനവും ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെയും ഉദ്യോഗസ്ഥരുടെയും, കർഷകരുടെയും ആത്മാർത്ഥമായ സഹകരണവും മൂലമാണ് നെൽ കൃഷി പുനരാരംഭിക്കാനായത്. ഒരിക്കലും കൃഷി യോഗ്യമല്ല എന്ന് എഴുതി തള്ളിയ ഏലയിൽ നെൽ കൃഷി ആരംഭിച്ചതും തുടർന്ന് ഇപ്പോഴും നെൽ കൃഷി നടക്കുന്നതും. ഭാവിയിലും മുടക്കം ഉണ്ടാകാതെ കൃഷി ചെയ്ത് ഓണാട്ടുകരയേയും വട്ടക്കായലിനേയും നിലനിർത്താനാണ് സർക്കാരും ഹരിതകേരളം മിഷനും ഗ്രാമപഞ്ചായത്തും കർഷകരും എല്ലാം കൂട്ടായ ശ്രമം നടത്തുന്നത്.



തഴവ ഗ്രാമപഞ്ചായത്തിലെ വട്ടക്കായലിലെ കൊയ്ത്തുത്സവം

## അമൃത വിശ്വ വിദ്യാപീഠം ഹരിത ക്യാമ്പസ്

കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ കുലശേഖരപുരം, ആലപ്പാട്, ക്ലാപ്പന ഗ്രാമപഞ്ചായത്തുകളായി വ്യാപിച്ചു കിടക്കുന്ന 9 ക്യാമ്പസുകളിലായി അമൃത വിദ്യാപീഠം സ്ഥിതി ചെയ്യുന്നത്. ആഗോള താപനം, കാലാവസ്ഥ വ്യതിയാനം, ഹരിതഗൃഹ വാതക പുറന്തള്ളൽ എന്നിവയെ അതിജീവിക്കാനുള്ള മാർഗങ്ങൾ കണ്ടെത്തുക, കാലാവസ്ഥ വ്യതിയാനം മൂലം ഉണ്ടാകുന്ന പ്രശ്നങ്ങളെ നേരിടുക, പരിസ്ഥിതി പുനഃസ്ഥാപനം എന്നീ നിരവധി പ്രവർത്തനങ്ങളാണ് ക്യാമ്പസിൽ പുരോഗമിക്കുന്നത്. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും മറ്റു ജീവനക്കാരുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ ജലസംരക്ഷണം, ഊർജ്ജ സംരക്ഷണം, മാലിന്യ സംസ്കരണം, ഗതാഗതം, കൃഷി എന്നീ ഘടകങ്ങൾക്ക് ഊന്നൽ നൽകി ക്യാമ്പസിനെ നെറ്റ് സീറോ പദവിയിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനം അന്തിമഘട്ടത്തിലാണ്.

120 ഏക്കർ വിസ്തൃതിയിൽ പരന്നു കിടക്കുന്ന അമൃത ക്യാമ്പസിൽ ഒരു ദശലക്ഷം ചതുരശ്ര അടി കെട്ടിട വിസ്തീർണ്ണം ഉൾപ്പെടുന്നു. പ്രതികൂല സാഹചര്യങ്ങളിൽ പോലും അതാത് കാലത്തിനനുസൃതമായ വിളകൾ കൃഷി ചെയ്യാനുള്ള വിവിധ പ്രവർത്ത്ങ്ങൾ ക്യാമ്പസിൽ നടന്നു വരുന്നുണ്ട്. മലിനീകരണ പ്രശ്നങ്ങൾക്കും പരിസ്ഥിതി ആഘാതങ്ങൾക്കും ശാശ്വതമായ പരിഹാരം കാണുന്നതിനായി നിരവധി മാതൃകാ പ്രവർത്തനങ്ങളും പരീക്ഷണങ്ങളും ക്യാമ്പസിൽ നടന്നു വരുന്നു. ജല സംരക്ഷണം, പുനരുപയോഗം, മലിനീകരണ നിയന്ത്രണം, മാലിന്യ സംസ്കരണം, ആവർത്തനാർഹമായ ഊർജ്ജ ഉപയോഗം, കൃഷി, കാർബൺ നിർഗമനം കുറയ്ക്കൽ, കാർബൺ ആഗിരണം, പ്രകൃതിസംരക്ഷണം, സുസ്ഥിര വികസനം, സുസ്ഥിര ഗതാഗതം തുടങ്ങിയവയെല്ലാം ക്യാമ്പസിൽ ഊന്നൽ നൽകി നടത്തുന്ന പ്രവർത്തനങ്ങളാണ്.

അജൈവ മാലിന്യ സംസ്കരണത്തിനായി 12000 ചതുരശ്ര വിസ്തീർണ്ണത്തിൽ സ്ഥിതി ചെയ്യുന്ന സസ്റ്റെയിനബിൾ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് സെന്റർ ക്യാമ്പസിൽ പ്രവർത്തിക്കുന്നു.

ക്യാമ്പസിൽ ഉണ്ടാകുന്ന ഖരമാലിന്യങ്ങൾ 50-ൽ അധികം തരങ്ങളാക്കി തിരിച്ച് പുനരുപയോഗിക്കാൻ പറ്റുന്നവ അബ്സൈക്കിൾ ചെയ്യുകയും അല്ലാത്തവ അംഗീകൃത റീസൈക്കിൾ ഏജൻസികൾ മുഖേന നിർമ്മാർജ്ജനം ചെയ്യും വരുന്നു. ആവശ്യമായ തൊഴിലാളികളും യാന്ത്രിക സാങ്കേതിക സംവിധാനങ്ങളും ഉള്ളതിനാൽ പ്രതിവർഷം വലിയ അളവിൽ മാലിന്യം തരംതിരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നു. പരമ്പരാഗത ചർക്ക സംവിധാനം ഉപയോഗപ്പെടുത്തിക്കൊണ്ട് പുനരുപയോഗ സാധ്യമല്ലാത്ത പ്ലാസ്റ്റിക് സഞ്ചികളെ നൂലാക്കി മാറ്റുകയും തുടർന്ന് ചെടിച്ചട്ടികൾ, ചവിട്ടികൾ, കവറുകൾ, യോഗാമാറ്റ്, പായകൾ തുടങ്ങിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും ചെയ്യുന്നു. പുനർജനി എന്ന പേരിൽ നടത്തുന്ന ബൃഹത്തായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ അബ്സൈക്കിൾ കൂടി നടന്നുവരുന്നു. ഇതിലൂടെ എല്ലാം കാർബൺ ബഹിർഗമനം കുറയുകയും പ്രകൃതിയോടുള്ള പ്രതിബദ്ധതകൊണ്ട് നിരവധി പേർ സെന്ററിന്റെ ഭാഗമാകുന്നത് മാതൃകയാണ്.

ആറായിരത്തോളം വിദ്യാർത്ഥികളും അതിന് ആനുപാതികമായി അധ്യാപകരും അനധ്യാപകരും ഉള്ള റെസിഡൻഷ്യൽ ക്യാമ്പസ് ആയ അമൃതപുരിയിൽ മാതൃകാപരമായി മലിനജല സംസ്കരണ സംവിധാനം പ്രവർത്തിക്കുന്നുണ്ട്. 600 KLD, 250 KLD എന്നിങ്ങനെ സംസ്കരണശേഷിയുള്ള രണ്ട് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ക്യാമ്പസിൽ പ്രവർത്തിക്കുന്നു. ക്യാമ്പസിൽ ഉണ്ടാകുന്ന മലിനജലം അൾട്രാ ഫിൽട്രേഷൻ സംവിധാനങ്ങളിലൂടെ ശൗചാലയങ്ങളിലും, കാർഷിക ആവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്നു. പ്രതിദിനം 3 ലക്ഷത്തിലധികം ലിറ്റർ ജലം ഇതിലൂടെ സംരക്ഷിക്കപ്പെടുന്നു, ക്യാമ്പസിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള നിശ്ചിത നിറങ്ങളിൽ ഉള്ള ബിന്നുകളിലൂടെ ഉറവിടത്തിൽ തന്നെ മാലിന്യം തരംതിരിച്ച് ശേഖരിക്കുന്നുണ്ട്. പ്രതിദിനം 800 കിലോ സംസ്കരണ ശേഷിയുള്ള ബയോഗ്യാസ് സംവിധാനം ഉപയോഗിച്ചും 2000 കിലോ സംസ്കരണ ശേഷിയുള്ള ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ ഉപയോഗിച്ചും ജൈവമാലിന്യം കമ്പോസ്റ്റ് ആക്കി മാറ്റി കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിച്ചുവരുന്നു.

അമൃത നാനോ സോളാർ എന്ന യൂണിവേഴ്സിറ്റിയുടെ സഹസ്ഥാപനത്തിൽ വൻതോതിൽ നിർമ്മിച്ചെടുക്കുന്ന സോളാർ പാനലുകളും യൂണിവേഴ്സിറ്റിയുടെ ക്യാമ്പസുകളിൽ ഉപയോഗിക്കുന്നുണ്ട്. 470 കിലോവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റ്, ഊർജ ഉപയോഗം കുറയ്ക്കുന്നതിനായി പഴയ വൈദ്യുതി ഉപകരണങ്ങൾക്ക് പകരം ഉപയോഗിക്കുന്ന എൽഇഡി ലൈറ്റുകൾ, ബി.എൽ.ഡി.സി ഫാനുകൾ, വൈദ്യുതി ഉപയോഗം കുറയ്ക്കാൻ കഴിയുന്ന ഉപകരണങ്ങൾ, ജനറേറ്ററുകളുടെ ഉപയോഗം പരമാവധി ഒഴിവാക്കുക തുടങ്ങിയ വിവിധ മാർഗങ്ങളിലൂടെ ഊർജ്ജ ഉപഭോഗവും അനുബന്ധ ചെലവുകളും കുറക്കാനും ഊർജ്ജ ഉപയോഗ നിയന്ത്രണ മാർഗ നിർദ്ദേശങ്ങളിലൂടെ ബോധവൽക്കരണം കൊടുക്കാനും ക്യാമ്പസിന് കഴിഞ്ഞു. അമൃതപുരി ക്യാമ്പസിലെ കാർപൂളിംഗ് സംവിധാനം, സിഎൻജി, വൈദ്യുത വാഹനങ്ങൾ എന്നിവയിലേക്ക് മാറുക തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ 466 മെട്രിക് ടൺ കാർബൺ ഡയോക്സൈഡ് നിർഗമനം ഒഴിവാക്കാൻ സാധിച്ചു. ക്യാമ്പസിനകത്ത് യാത്രയ്ക്കായി ഉപയോഗിക്കുന്ന 60 സൈക്കിളുകളും വലിയൊരു അളവിൽ കാർബൺ നിർഗമനം കുറയ്ക്കാൻ സഹായിച്ചു. ജല സംരക്ഷണത്തിനായി 5 ഏക്കർ വിസ്തൃതിയുള്ള ജലസംരക്ഷണ മേഖലകളും 10 ലക്ഷം സംഭരണ ശേഷിയുള്ള മൂന്ന് മഴവെള്ള സംഭരണികളും ക്യാമ്പസിൽ ഉണ്ട്. ഇതിലൂടെ ശരാശരി 20 മില്യൺ ലിറ്റർ മഴ വെള്ളമാണ്

പ്രതിവർഷം ശേഖരിക്കപ്പെടുന്നത്. ക്യാമ്പസിന് ആവശ്യമായ പച്ചക്കറികൾ ക്യാമ്പസിനുള്ളിൽ തന്നെ കൃഷിചെയ്ത് ഭക്ഷണം പാകം ചെയ്യുന്നു.

പ്രാദേശിക പഞ്ചായത്തുകളുടെയും ഗ്രാമസഭകളുടെയും സഹകരണത്തോടെ സമൂഹത്തിലേക്ക് തദ്ദേശ സ്ഥാപന പദ്ധതി വിഹിതങ്ങളെ നേരിട്ട് എത്തിക്കാനും വിജയിച്ച ക്യാമ്പയിനുകൾ വീടുകളിൽ പ്രവർത്തികമാക്കാനും ക്യാമ്പസിനായിട്ടുണ്ട്. 20200 കുടുംബങ്ങളിൽ ജീവാമൃതം പദ്ധതി പ്രകാരം കുടിവെള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്

സൗരോർജം പൂർണമായി ഉപയോഗപ്പെടുത്താനും സൗരോർജ്ജ പ്ലാന്റിന്റെ അളവ് 1000 കിലോവാട്ട് വർദ്ധിപ്പിക്കാനുമുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വഴി പരമാവധി വിഭവ ഉപയോഗ മാർഗ്ഗങ്ങളും ആർക്കിടെക്ചർ രീതിയിൽ പ്രകൃതിയോട് ഇണങ്ങിയ കുറഞ്ഞ ഊർജ്ജ ഉപയോഗ രീതികളും ജലസംഭരണവും ഉപയോഗവും ഏറ്റവും മികച്ച രീതിയിലേക്ക് മാറ്റാനുള്ള നടപടികളും, ഗ്രേവാട്ടർ റീസൈക്ലിംഗും അഡ്വാൻസ്ഡ് ഫിൽട്ടേഷൻ സംവിധാനങ്ങളും 90% മാലിന്യ നിർമ്മാർജ്ജന മാർഗങ്ങളും, ഇക്കോ ബ്രിക്സ്, റീസൈക്ലിംഗ് പേപ്പറുകൾ തുടങ്ങിയവ അബ്സൈക്ലിങ്ങും, സർക്കുലർ എക്കണോമി ഇനിഷിയേറ്റീവുകളും, ഹൈഡ്രജൻ ഫ്യൂവൽ സെൽ ട്രാൻസ്പോർട്ട് മോഡലും 20000 വൃക്ഷതൈകൾ ക്യാമ്പസിനുള്ളിൽ നട്ടുപിടിപ്പിച്ച് പരിപാലിക്കാനുള്ള പ്രവർത്തന പരിപാടികളും, ഇക്കോ പാർക്കുകൾ പ്രാദേശിക വിളകളുടെയും പരിപാലനം, സംരക്ഷണം, സ്മാർട്ട് ക്യാമ്പസ്, മൈക്രോ ക്ലൈമറ്റ് മാനേജ്മെന്റ് പദ്ധതികൾ തുടങ്ങിയ വിവിധ പ്രവർത്തനങ്ങളാണ് വരും നാളുകളിൽ ക്യാമ്പസ് ആസൂത്രണ ചെയ്തിട്ടുള്ളത്.

സിന്തറ്റിക് നാപ്കിന്റെ ഉപയോഗം ഒഴിവാക്കുന്നതിനായി വാഴനാരിൽ നിന്നും ഉത്പാദിപ്പിക്കുന്ന സാനിറ്ററി നാപ്കിൻ പാഡുകളുടെ നിർമ്മാണവും വലിയതോതിൽ ക്യാമ്പസിൽ നടക്കുന്നുണ്ട്. സ്ത്രീകൾക്ക് വരുമാന മാർഗവും ഒപ്പം സിന്തറ്റിക് നാപ്കിനിലൂടെയുള്ള ആരോഗ്യപ്രശ്നങ്ങളും പരിസ്ഥിതി മലിനീകരണവും ഒഴിവാക്കിയുള്ള ഈ പ്രവർത്തനം മാതൃകാപരമാണ്.

## മൂന്ന് ഉപമിഷൻ മേഖലയിലും ഉണ്ടാക്കാൻ കഴിഞ്ഞ പൊതു നേട്ടങ്ങൾ

### ജലസംരക്ഷണം

- നീർച്ചാലുകൾ ശുചീകരിച്ച് സംരക്ഷിക്കുന്നതിനായി "ഇനി ഞാൻ ഒഴുകട്ടെ" ക്യാമ്പയിൻ സംഘടിപ്പിച്ചു. ജില്ലയിൽ 73 തദ്ദേശസ്ഥാപനങ്ങളിലായി 5433.76 കിലോ മീറ്റർ നീളത്തിൽ നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു.
- ജില്ലയിലെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ജലബജറ്റ് റിപ്പോർട്ട് പൂർത്തീകരിച്ചു. ജലബജറ്റിന്റെ അടിസ്ഥാനത്തിൽ ജലസുരക്ഷയിലേയ്ക്ക് എന്ന ക്യാമ്പയിൻ പ്രവർത്തനം ആരംഭിച്ചു.
- പശ്ചിമഘട്ട മേഖലയിൽ ഉൾപ്പെട്ട ജില്ലയിലെ 7 ഗ്രാമപഞ്ചായത്തുകളിൽ നീർച്ചാലുകളുടെ മാപ്പിംഗ് അവതരണം പൂർത്തീകരിച്ചു തുടർ പ്രവർത്തനം നടന്നുവരുന്നു. തെന്മല, അലയമൺ, ഏരൂർ എന്നീ മൂന്ന് ഗ്രാമപഞ്ചായത്തിലെ അനുവദനീയമായ മുഴുവൻ നീർച്ചാലുകളുടെ സംരക്ഷണ പ്രവൃത്തികളും തൊഴിലുറപ്പ് പദ്ധതി പ്രകാരം പൂർത്തീകരിച്ചു. ഈ പ്രവർത്തനം മൂലം കഴിഞ്ഞ രണ്ട് വർഷക്കാലമായി മലയോര മേഖലയിൽ പ്രകൃതി ദുരന്തം ഒഴിവാക്കാൻ സാധിച്ചു.

- "എല്ലാവരും ജലാശയങ്ങളിലേയ്ക്ക്" എന്ന ക്യാമ്പയിന്റെ ഭാഗമായിന്റെ കല്ലടയാർ, പാണ്ടിവയൽ തോട്, ഇളമ്പള്ളൂർ- ഇടവട്ടം കുഴിയിൽ തോട്, ചൂരാങ്കൽ കിളികൊല്ലൂർ തോട്, പന്നിത്തോട്, ചന്ദ്രവിലാസം തോട്, കാരൂർ തോട്, ലക്ഷ്മി തോട് തുടങ്ങിയ പ്രധാനപ്പെട്ട നിരവധി ജലസ്രോതസ്സുകളുടെ പുനരുജ്ജീവന പ്രവർത്തനം നടത്തി.
- കിണറുകളിലെ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ജില്ലയിൽ 11 ലാബുകൾ സ്ഥാപിച്ച് പ്രവർത്തനം നടന്നു വരുന്നു.
- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നീർച്ചാലുകളുടെ വീണ്ടെടുക്കൽ, കുളങ്ങളുടെയും കിണറുകളുടെയും നിർമ്മാണം, നവീകരണം, കിണർ റീചാർജ്ജിംഗ്, കോണ്ടൂർ ബണ്ട്, തടയണ തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള ഏകോപനം നടത്തി.
- ജില്ലയിൽ തദ്ദേശസ്ഥാപന തലത്തിലും ബ്ലോക്ക് തലത്തിലും ജില്ലാ തലത്തിലും ജലസംരക്ഷണ സാങ്കേതിക സമിതികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ജില്ലയിലെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ബ്ലോക്കുകളിലും സാങ്കേതിക സമിതിയുടെ സഹായത്തോടെ നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി തുടർ പ്രവർത്തനം ആരംഭിച്ചു.
- ഹരിതകേരളം മിഷന്റെ മൂന്ന് ഹെഡിലുമുള്ള ഫണ്ട് വിനിയോഗിച്ച് ജലസേചന വകുപ്പ് മുഖേന 67 കുളങ്ങളുടെയും 9 നീർച്ചാലുകളിലേയും വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഏകോപനം നടത്തി.
- തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കുന്ന നീരുറവ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള ഏകോപനം നടത്തി.
- മാതൃകാപരമായി ചെലവ് കുറഞ്ഞ രീതിയിൽ മലിനജലം സംസ്കരിക്കുന്നതിനുള്ള സംവിധാനം കൊല്ലം കോർപ്പറേഷൻ ടൗൺ ഹാളിൽ ഒരുക്കിയിട്ടുണ്ട്.

## മാലിന്യ സംസ്കരണം

- എല്ലാ സ്ഥാപനങ്ങളിലും വീടുകളിലും നിലവിലെ മാലിന്യ പരിപാലനത്തിന്റെ വിവരശേഖരണം നടത്തി.
- ജൈവ മാലിന്യ സംസ്കരണത്തിനായി തദ്ദേശസ്ഥാപനങ്ങൾ വഴി സബ്സിഡി നിരക്കിൽ വീടുകൾക്ക് ഉപാധികൾ നൽകി. പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കി.
- അജൈവ മാലിന്യ ശേഖരണത്തിനായി ഹരിതകർമ്മസേന രൂപീകരിച്ച് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കി 100% വാതിൽപ്പടി ശേഖരണവും മെച്ചപ്പെട്ട വരുമാനവും ഉറപ്പാക്കി.
- അജൈവ മാലിന്യ സംസ്കരണത്തിന് ആവശ്യമായ MCF, മിനി MCF, RRF, ഷ്രെഡിംഗ്, ബെയിലിംഗ്, വെയിങ് മെഷീനുകൾ, കൺവെയർ ബെൽറ്റ്, ഹരിത കർമ്മ സേനയ്ക്ക് വാഹനം, ഓഫീസ്, ഇൻഷുറൻസ് പരിരക്ഷ തുടങ്ങിയവ ഉറപ്പാക്കി.
- കോഴി മാലിന്യം, അറവ് മാലിന്യം സംസ്കരിക്കുന്നതിനുള്ള സൗകര്യം ഒരുക്കി. സാനിറ്ററി മാലിന്യം സംസ്കരിക്കുന്നതിനായി ഓച്ചിറ ബ്ലോക്കിലും കൊല്ലം കോർപ്പറേഷനിലും നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. മറ്റ് ബ്ലോക്കുകളിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച്

വരുന്നു.

- സെപ്റ്റേജ് മാലിന്യം സംസ്കരിക്കുന്നതിനായി കൊല്ലം കോർപ്പറേഷനിൽ STP, FSTP നിർമ്മാണം പൂർത്തീകരിച്ചു. കരുനാഗപ്പള്ളി നഗരസഭയിൽ നിർമ്മാണം ആരംഭിച്ചു.
- ജില്ലയിൽ പ്രതിവർഷം 1,09,39,728 ടൺ അജൈവ മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിനായി കൈമാറുന്നു.
- കൊല്ലം കോർപ്പറേഷനിലെ വർഷങ്ങളായി കുന്നുകൂടി കിടന്ന ജൈവ അജൈവ മാലിന്യം ബയോമൈനിങ്ങിലൂടെ വേർതിരിച്ച് നീക്കം ചെയ്യുന്നതിനായി ഏകോപനം നടത്തി.
- മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ജില്ലയിലെ മുഴുവൻ ഓഫീസുകളും, കലാലയങ്ങളും, സ്കൂളുകളും ഹരിത സ്ഥാപനങ്ങളായും ആക്ടീവായ എല്ലാ അയൽകൂട്ടങ്ങളും ഹരിത അയൽ കൂട്ടങ്ങളായും, 20 ടൂറിസം കേന്ദ്രങ്ങൾ ഹരിത ടൂറിസം കേന്ദ്രങ്ങളായും മാറ്റാൻ സാധിച്ചു.
- ഹരിത കലാലയം, ഹരിത വിദ്യാലയം പദ്ധതി നടപ്പിലാക്കി.
- അലക്ഷ്യമായി മാലിന്യം കൈകാര്യം ചെയ്യുന്നവർക്കെതിരെ ഹരിത നിയമാവലി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. നിയമലംഘകർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാൻ സാധിച്ചു. ഇതിലൂടെ മാലിന്യം പൊതു നിരത്തിലേയ്ക്കും ജലസ്രോതസ്സിലേയ്ക്കും വലിച്ചെറിയുക, കത്തിക്കുക, തുടങ്ങിയ പ്രവണത താരതമ്യേന കുറയ്ക്കാൻ കഴിഞ്ഞു
- ഹരിത ചട്ടം പാലിക്കുന്നതിനായി ബോധവൽക്കരണ പരിപാടികളും നിയമലംഘകർക്കെതിരെ പിഴയും ഈടാക്കുന്നതിനുള്ള പ്രവർത്തനം ശക്തമാക്കിയതുമൂലം ജില്ലയിലെ ആഘോഷങ്ങളും, തദ്ദേശ/ നിയമസഭ/ ലോക് സഭ തെരഞ്ഞെടുപ്പുകളും ഹരിത ചട്ടം പാലിച്ച് നടത്തുന്നതിന് സാധിച്ചു.

## പരിസ്ഥിതി സംരക്ഷിത കൃഷി വികസനം

- ഹരിതകേരളം മിഷന്റെ ഏകോപനത്തോടെ ജില്ലയിൽ നെൽകൃഷി, പച്ചക്കറി കൃഷി തുടങ്ങിയവ വ്യാപിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്തി.
- ജില്ലയിൽ 11 ഗ്രാമപഞ്ചായത്തുകൾ തരിശുരഹിത ഗ്രാമപഞ്ചായത്തുകളായി പ്രഖ്യാപിക്കാൻ കഴിഞ്ഞു. തരിശുരഹിത ഗ്രാമം പ്രവർത്തനം ജില്ലയിൽ പുരോഗമിക്കുന്നു. ജില്ലയിൽ 402 വാർഡുകൾ ഹരിത സമൃദ്ധി വാർഡുകളായി പ്രഖ്യാപിക്കാൻ സാധിച്ചു. ദേവഹരിതം പദ്ധതി പ്രകാരം 6 ആരാധനാലയങ്ങളിലും വ്യവസായ സ്ഥാപനങ്ങളിലെ കൃഷി പ്രകാരം 7 വ്യവസായ സ്ഥാപനങ്ങളിലും കൃഷി ആരംഭിച്ചു.
- ജില്ലയിൽ 88.49 ഏക്കറിലായി 315 പച്ചത്തുരുത്തുകൾ സ്ഥാപിച്ചു. ഒരു തൈ നടാം വൃക്ഷവത്കരണ ക്യാമ്പയിന്റെ ഭാഗമായി 6,23,405 തൈകൾ നട്ടു.
- നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ നടപ്പിലാക്കുന്നതിനായി ആദ്യഘട്ടത്തിൽ 10 ഗ്രാമപഞ്ചായത്തുകളിലും രണ്ടാംഘട്ടത്തിൽ 8 ഗ്രാമപഞ്ചാത്തുകളിലും ഒരു നഗരസഭയിലും പ്രവർത്തനം നടന്നുവരുന്നു. ജില്ലയിൽ 250 അംഗനവാടികളിൽ

കാർബൺ പുറന്തള്ളൽ കുറയ്ക്കുന്നതിനായി ഇൻഡക്ഷൻ കുക്കർ, പാത്രങ്ങൾ എന്നിവ വിതരണം ചെയ്തു. എൽ.ഇ.ഡി റിപ്പയറിങ്ങിനു 104 പേർക്ക് പരിശീലനം നൽകി. വേൾഡ് റിസോഴ്സ് ഇൻസ്റ്റിട്യൂട്ടിന്റെ സഹായത്തോടെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ പ്രവർത്തനം ഏറ്റെടുത്ത 10 ഗ്രാമപഞ്ചായത്തുകളിൽ ഊർജ്ജ ഓഡിറ്റ് സോളാർ സ്ഥാപിക്കുന്നതിന്റെ അവസ്ഥാപഠനം നടത്തി. നെടുമ്പന, പൂതക്കുളം, തെന്മല, പനയം തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിലും തദ്ദേശ സ്ഥാപനങ്ങളിലെ വിട്ടുകിട്ടിയ ചില സ്ഥാപനങ്ങളിലും സോളാർ പാനൽ സ്ഥാപിച്ചു.

- കൊട്ടാരക്കര നഗരസഭയിൽ നീരൊഴുക്കില്ലാതെ മലിനമായി കിടന്ന 17 കിലോമീറ്റർ നീളത്തിൽ ഒഴുകുന്ന പാണ്ടിവയൽ തോട് ജനകീയമായി വീണ്ടെടുത്ത് നെൽ കൃഷിയും പച്ചക്കറി കൃഷിയും ആരംഭിച്ചു.
- മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിൽ 35 വർഷമായി വെള്ളക്കെട്ട് മൂലം 468 ഏക്കർ തരിശായി കിടന്ന ചാലയിൽ മാടൻനട ഏല കൃഷിയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
- പൊതുമേഖല സ്ഥാപനമായ കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡിലും കേന്ദ്രസർക്കാർ ഉടമസ്ഥതയുള്ള ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡിലും ഖനനം കഴിഞ്ഞ 20 ഏക്കർ വീതം ഭൂമിയിൽ കശുമാവ്, തെങ്ങു കൃഷി വ്യാപിപ്പിക്കുന്ന പ്രവർത്തനം ആരംഭിച്ചു.
- കുട്ടികൾക്കായി മൂന്നാറിലും അടിമാലിയിലും സംഘടിപ്പിച്ച നീലക്കുറിഞ്ഞി- ജൈവവൈവിധ്യ പഠനോത്സവ ക്യാമ്പിൽ 48 കുട്ടികളെ വീതം 2024, 2025 വർഷങ്ങളിൽ പങ്കെടുപ്പിച്ചു.

അദ്ധ്യായം 4

# സൃഷ്ടിക്കപ്പെട്ട മാതൃകകൾ

## കരീപ്ര പാറക്വാറി റീചാർജ്ജിംഗ് - ഹരിത തീർത്ഥം പദ്ധതി

ഉപയോഗ ശൂന്യമായതും ജലലഭ്യതയുള്ളതുമായ പാറക്വാറികളിലെ ജലം കൃഷിക്കും ജലസേചനത്തിനും ഉപയുക്തമാക്കുന്നതിനായി, സംസ്ഥാനത്ത് ആദ്യമായി ഹരിത തീർത്ഥം പദ്ധതി പ്രകാരം കരീപ്ര ഗ്രാമപഞ്ചായത്തിലെ ഉളവുകോട് പാറക്വാറിയിലെ വെള്ളം ചെറു നീർച്ചാലിലേയ്ക്ക് റീചാർജ്ജ് ചെയ്യുന്ന പദ്ധതി ആരംഭിച്ചു. ഹരിത ഊർജ്ജത്തിൽ പ്രവർത്തിക്കുന്ന സോളാർ പമ്പ് ഉപയോഗിച്ചാണ് 20 ഏക്കർ വിസ്തൃതിയുള്ള പാറക്കുളത്തിലെ വെള്ളം സമീപത്തുള്ള ചെറു നീർച്ചാലിലേയ്ക്ക് പമ്പ് ചെയ്യുന്നത്. ഈ വെള്ളം തലക്കുളത്തിൽ എത്തുകയും പ്രധാന നീർച്ചാൽ വഴി കൃഷിയ്ക്കും ജലസേചനത്തിനും പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. കരീപ്ര ഗ്രാമപഞ്ചായത്തിൽ കെ.ഐ.പി. കനാൽ കടന്നുപോകാത്ത ഉളകോട്, വാക്കനാട്, നെടുമൺകാവ്, കുടിക്കോട്, ഏറ്റുവായ്ക്കോട് എന്നീ 5 വാർഡുകളിൽ വേനൽക്കാലത്ത് ജല ദൗർലഭ്യം മൂലം കൃഷി ചെയ്തിരുന്നില്ല. എന്നാൽ പദ്ധതി നടപ്പിലാക്കിയത് വഴി വേനൽക്കാലത്ത് വറ്റിവരണ്ട വയലുകളിലും കരഭൂമിയിലും സുഗമമായി 12 മാസവും ഇടതടവില്ലാതെ കൃഷി നടത്താനും അതുവഴി കർഷകർക്ക് പ്രയോജനം ലഭിക്കാനും സഹായകരമായി. ഈ മാതൃകാ പ്രവർത്തനം സംസ്ഥാനത്ത് ഉടനീളം വ്യാപിപ്പിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും സംസ്ഥാന സർക്കാരിന്റെ ബജറ്റിൽ തുക വകയിരുത്തുകയും ചെയ്തു എന്നുള്ളത് അഭിമാനകരമാണ്.





## കൊല്ലം കോർപ്പറേഷനിലെ ബയോ മൈനിങ്

മുൻ വർഷങ്ങളിൽ കോർപ്പറേഷൻ ജൈവ, അജൈവ മാലിന്യം സംസ്കരിക്കുന്നതിനായി കുരീപ്പുഴയിൽ പ്ലാന്റ് സ്ഥാപിച്ചിരുന്നു. എന്നാൽ സമീപവാസികളുടെ എതിർപ്പ് മൂലം പ്ലാന്റ് ദീർഘ നാൾ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞില്ല. ശേഖരിച്ച മാലിന്യങ്ങൾ മലപോലെ കുന്നുകൂടി ആരോഗ്യ, പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കി. വർഷങ്ങളായി കുമിഞ്ഞ് കൂടിയ മാലിന്യങ്ങൾ ബയോമൈനിം ഗ് നടത്തി പ്രശ്നം പരിഹരിക്കുന്നതിനായി കോർപ്പറേഷൻ തയ്യാറാവുകയും സിഗ്മ ഗ്ലോബൽ എൻ വയോൺമെന്റ് സൊല്യൂഷൻസ് എന്ന ഏജൻസി 1,04,906.88 ക്യൂബിക് മീറ്റർ പരമ്പരാഗത മാലിന്യം ബയോമൈനിംഗ് ചെയ്ത് നീക്കം ചെയ്യുകയും 5.86 ഏക്കറിൽ കുമിഞ്ഞ് കൂടിയ മാലിന്യക്കൂമ്പാരം നീക്കം ചെയ്ത് ഭൂമി വീണ്ടെടുക്കുകയും ചെയ്തു. ഈ പ്രദേശത്ത് ഹരിതകേരളം മിഷന്റെ ഏകോപ നത്തിൽ പച്ചക്കറി കൃഷി ആരംഭിക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ പൂർണ്ണമായും മലിനീകര ണം ഒഴിവാക്കാൻ സാധിക്കാഞ്ഞതിനാൽ അവിടെ പൂകൃഷി ചെയ്യുകയും ഓണക്കാലത്ത് ജില്ലയിൽ ഇവിടെ നിന്ന് ലഭിച്ച പൂക്കൾ വിപണനം ചെയ്യുകയും ചെയ്തു. വലിയ മാലിന്യക്കൂമ്പാരം ബയോമൈ നിംഗിലൂടെ സംസ്കരിക്കാൻ സാധിച്ചതും ഭൂമി വീണ്ടെടുത്തതും ഈ ഭൂമിയിൽ പിന്നീട് സി.എൻ.ജി പ്ലാന്റ്, ഐ.ടി പാർക്ക് എന്നിവ ആരംഭിക്കുന്നതിനും സ്ഥലം വിട്ട് നൽകിയത് സംസ്ഥാനത്ത് തന്നെ മാതൃകയായി. ഈ ഭൂമിയുടെ സമീപത്ത് തന്നെയാണ് എസ്.ടി.പി, എഫ്.എസ്.ടി.പി പ്ലാന്റുകളുടെ നിർമ്മാണവും പൂർത്തീകരിച്ചത്.



ബയോമൈനിംഗിന് മുൻപ്



ബയോമൈനിംഗിന് ശേഷം



ബയോ മൈനിംഗിന് ശേഷം നടത്തിയ പൂകൃഷി

## 100 MLD വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്

കൊല്ലം കോർപ്പറേഷനിലും സമീപത്തുള്ള ജലക്ഷാമം നേരിടുന്ന കൊറ്റങ്കര ഗ്രാമപഞ്ചായത്തിനും അടുത്ത 30 വർഷത്തേക്ക് സമഗ്രമായ ജലവിതരണത്തിനായി വസൂരി ചിറയിൽ 100 MLD വാട്ടർ ടീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്ന പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്. കോർപ്പറേഷന്റെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പ്ലാന്റിനുള്ള ധനസഹായം ലഭ്യമാക്കുന്നത്. പ്ലാന്റിന്റെ 97% നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. നിലവിൽ ശാസ്താംകോട്ട ശുദ്ധജല തടാകത്തിൽ നിന്നും പമ്പ് ചെയ്യുന്ന ജലമാണ് കോർപ്പറേഷനിൽ ഉപയോഗിക്കുന്നതെങ്കിലും അപര്യാപ്തമാണ്. പ്ലാന്റ് പ്രവർത്തനക്ഷമമാകുന്നതോടെ കൊല്ലം കോർപ്പറേഷനിലേയും കൊറ്റങ്കര ഗ്രാമപഞ്ചായത്തിലേയും ജലക്ഷാമം പരിഹരിക്കാനാവും. കോർപ്പറേഷനിൽ അവതരിപ്പിച്ച ജലബജറ്റ് റിപ്പോർട്ടിൽ ജലക്ഷാമം പരിഹരിക്കുന്നതിനായി വസൂരി ചിറയിലെ പ്ലാന്റിന്റെ പ്രവർത്തനം മുൻഗണനാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.



## പാണ്ടിവയൽ തോട് പുനരുജ്ജീവനം ജനകീയ കൂട്ടായ്മയിൽ

പാണ്ടിവയൽ തോട് പുനരുജ്ജീവിപ്പിച്ചതിന് ശേഷം പാണ്ടിവയലിൽ 30 വർഷമായി തരിശ്ശായി കിടന്ന 150 ഏക്കർ നെൽപ്പാടത്തിൽ 15 ഏക്കറിൽ നെൽ കൃഷി ഇറക്കി. തോടിലെ വെള്ളം താൽക്കാലികമായി തടഞ്ഞ് നിർത്തി അയ്യങ്കാളി തൊഴിലുറപ്പ് തൊഴിലാളികൾ 1.5 കി.മീ. നീളത്തിൽ നിർമ്മിച്ച കൈത്തോടുകൾ വഴിയാണ് വെള്ളം ഏലയിൽ എത്തിച്ച് കൃഷി ആരംഭിച്ചത്. 2019 ഏപ്രിൽ 29-ന് പാണ്ടിവയലിൽ കൊയ്ത്ത് ഉത്സവം നടത്തി. കൊയ്ത്ത് യന്ത്രം പാടത്ത് ഇറക്കാൻ അസാദ്ധ്യമായതിനാൽ നഗരസഭയിലെ നൂറോളം തൊഴിലുറപ്പ് തൊഴിലാളികൾ 10 ദിവസത്തോളം അദ്ധ്വാനിച്ചാണ് കൊയ്ത്ത് പൂർത്തിയാക്കിയത്. പാണ്ടിവയലിൽ നിന്ന് ലഭിച്ച നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷന് കൈമാറുകയുണ്ടായി. കൂടാതെ വർഷങ്ങളായി തരിശായി കിടന്ന 22 ഏക്കർ കര ഭൂമി നഗരസഭയുടെ മാതൃകാ കൃഷി തോട്ടമായി മാറുകയും ഇതിൽ നിന്ന് ലഭിച്ച പച്ചക്കറികളും മറ്റ് കൃഷി ഉൽപ്പന്നങ്ങളും കൃഷി ഭവന്റെ ഇക്കോ ഷോപ്പ് വഴി കുറഞ്ഞ നിരക്കിൽ സമീപവാസികൾക്ക് നൽകുകയുമുണ്ടായി. തുടർന്ന്, പാണ്ടിവയലിലെ 30 ഏക്കറിലും പറയാട്ട് ഏലയിലെ 50 ഏക്കറിലും നെൽ കൃഷി വ്യാപിപ്പിക്കാനായി. പാണ്ടിവയൽ തോടിന്റെ പുനരുജ്ജീവന പ്രവർത്തനവും തുടർ പ്രവർത്തനവും കൊല്ലം ജില്ലയ്ക്ക് മാത്രമല്ല സംസ്ഥാനത്താകെ മാതൃകയായി മാറുകയും ഹരിതകേരളം മിഷന്റെ ബ്രാന്റിംഗ് കൂടുതൽ വ്യാപിപ്പിക്കാനും കഴിഞ്ഞു.

## മൈനാഗപ്പള്ളി നെൽകൃഷി വീണ്ടെടുക്കൽ

35 വർഷമായി തരിശായി കിടന്ന മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിലെ ചാലയിൽ മാടൻനട ഏല കൃഷിയോഗ്യമാക്കുന്നതിന് ആവശ്യമായ പ്രവർത്തനം നടത്തിയത് ശ്രദ്ധേയമാണ്. ഗ്രാമപഞ്ചായത്തിൽ 468 ഏക്കർ നെൽ വയൽ ജല നിർഗ്ഗമന മാർഗ്ഗങ്ങളുടെ അഭാവം മൂലമാണ് വർഷങ്ങളായി തരിശായി കിടന്നത്. ഇറിഗേഷൻ വകുപ്പ്, തൊഴിലുറപ്പ് പദ്ധതി എന്നിവരെ സംയോജിപ്പിച്ച് കൊണ്ട് ഏലയിൽ നടുത്തോട് പുനഃസ്ഥാപിക്കുക, തോട്ടുമുഖം തോട്ടിലെ ചെളിയും പായലും നീക്കം ചെയ്ത് ഒഴുക്ക് സുഗമമാക്കുക, ഏലയിൽ കെട്ടി കിടക്കുന്ന വെള്ളം പള്ളിക്കലാറിലേയ്ക്ക് ഒഴുക്കി വിടുക എന്നിവയാണ് പ്രവർത്തനങ്ങൾ. ഇറിഗേഷൻ വകുപ്പ് മുഖേന ഇൻവെസ്റ്റിഗേഷൻ സർവ്വേ പൂർത്തീകരിക്കുകയും എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിന്റെ അനുമതി ലഭിക്കുകയും

ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചു. ഇതുമൂലം അടുത്ത സീസണിൽ ഏലയിൽ നെൽ കൃഷി പുനരാംരംഭിക്കാനും കർഷകർക്ക് തൊഴിലും വരുമാനവും ഉറപ്പാക്കാനും സാധിക്കും. വളരെ കുറഞ്ഞ ചെലവിൽ (40 ലക്ഷം രൂപ) ഈ പ്രവർത്തനം നടത്തുന്നത് മാതൃകാപരമാണ്.

## KMML - ലെ പച്ചക്കറി കൃഷി

ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ പൊതുമേഖല സ്ഥാപനമായ തിരുവനന്തപുരം ടൈറ്റാനിയം കോംപ്ലക്സിൽ നടന്നുവരുന്ന പച്ചക്കറിയും പഴവർഗ്ഗ കൃഷിയും മാതൃകാപരമാണ്. ഹരിതകേരളം മിഷന്റെ നിർദ്ദേശപ്രകാരം ഈ പ്രവർത്തനം നേരിൽ കണ്ട് മനസ്സിലാക്കുന്നതിനായി പൊതുമേഖല സ്ഥാപനമായ ചവറ കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡിലെ ഉദ്യോഗസ്ഥരും സംഘടനാ നേതാക്കളും സന്ദർശിക്കുകയുണ്ടായി. സന്ദർശനത്തിൽ പ്രവർത്തനങ്ങൾ മനസിലാക്കുകയും അതിൽ ആവേശം ഉൾക്കൊണ്ട് KMML- ൽ തരിശായി കിടന്ന ഒന്നര ഏക്കർ ഭൂമി വൃത്തിയാക്കി പച്ചക്കറി കൃഷി ആരംഭിച്ചു. ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന പേര് നൽകി നടത്തിയ കൃഷിയിൽ 2 ടൺ പച്ചക്കറികൾ ലഭിക്കുകയും സ്റ്റാഫ് ക്യാന്റീനിൽ ഇവ ഉപയോഗിക്കുകയും ചെയ്തു. KMML ഉദ്യോഗസ്ഥരുടെയും സംഘടനാ നേതാക്കളുടെയും തൊഴിലാളികളുടെയും കഠിന പ്രയത്നത്താലാണ് ഈ ഉദ്യമം സാധ്യമായത്. ഇതേ മാതൃകയിൽ 5 ഏക്കറിൽ പഴവർഗ്ഗ കൃഷി ആരംഭിക്കാനും KMML തീരുമാനിച്ചു എന്നുള്ളത് എടുത്ത് പറയേണ്ടതാണ്. കൃഷി വകുപ്പിന്റെയോ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളുടെയോ സഹായം ഇല്ലാതെ നടത്തുന്ന ഈ പ്രവർത്തനം മറ്റു പൊതു മേഖല സ്ഥാപനങ്ങൾക്കും മാതൃകയാണ്.

## പുനലൂർ നഗരസഭയിലെ മാലിന്യ സംസ്കരണം

ഭൂമിയിൽ ഉത്പാദിപ്പിക്കുന്ന എല്ലാ വസ്തുക്കളും സുരക്ഷിതമായി ഭൂമിയിലേയ്ക്ക് തിരികെ പോകുന്ന അവസ്ഥ സംജാതമാകുകയാണ് സീറോ വേസ്റ്റ്. മാലിന്യത്തിന്റെ ഉത്പാദനത്തിൽ കുറവ് വരുത്തുക, പൂർണ്ണമായി ഉപയോഗ ശൂന്യമായവയെ രൂപഭേദം വരുത്തി പുനഃചക്രമണത്തിലൂടെ മറ്റ് ഉത്പന്നങ്ങളാക്കി മാറ്റുക, മാലിന്യത്തെ പൂർണ്ണമായി ഇല്ലായ്മ ചെയ്യുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി പുനലൂർ നഗരസഭ നടത്തിയ പ്രവർത്തനം സംസ്ഥാനത്ത് മാത്രമല്ല രാജ്യത്ത് തന്നെ മാതൃകയാണ്. ജൈവ മാലിന്യ സംസ്കരണത്തിനായി 32 തുമ്പൂർമൂഴി

യൂണിറ്റുകൾ, അജൈവ മാലിന്യം വാർഡുകളിൽ ശേഖരിക്കുന്നതിനായി 127 ഹരിതകർമ്മസേന കൾ, 200 മിനി എം.സി.എഫുകൾ, 10000 സ്ക്വയർ ഫീറ്റ് വലിപ്പമുള്ള RRF, പ്ലാസ്റ്റിക് മാലിന്യത്തിൽ നിന്ന് രൂപ മാറ്റം വരുത്തിയ കലാരൂപങ്ങളുടെ ജംഗിൾ പാർക്ക്, മാലിന്യം കൊണ്ടുപോകുന്നതിനാ യി പ്രത്യേക വാഹനങ്ങൾ തുടങ്ങി എല്ലാ സംവിധാനങ്ങളും നഗരസഭ ഒരുക്കിയിട്ടുണ്ട്. ഈ മാതൃക പ്രവർത്തനം കാണുന്നതിനായി നിരവധി ആളുകൾ മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്ന് സന്ദർശിക്കു ന്നുണ്ട്.



## സുരക്ഷിതമാക്കാം പശ്ചിമഘട്ടം

പശ്ചിമഘട്ട മേഖലയിൽ ഉൾപ്പെട്ട ആര്യങ്കാവ്, തെന്മല, ഏരൂർ, കുളത്തൂപ്പുഴ, അലയമൺ, ചിതറ, പിറവന്തൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലെ നീർച്ചാലുകളുടെ മാപ്പിംഗും അവതരണവും തുടർ പ്രവർത്തനവും സംസ്ഥാനത്ത് ആദ്യമായി പൂർത്തീകരിച്ചത് കൊല്ലം ജില്ലയാണ്. തുടർന്ന് തൊഴിലുറപ്പ് തൊഴിലാളികളുടെ സേവനം ഉപയോഗിച്ച് കൊണ്ട് നീർച്ചാലുകളുടെ പുനരുജ്ജീവനവും പുരോഗമിക്കുന്നു. തെന്മല, ഏരൂർ, അലയമൺ ഗ്രാമപഞ്ചായത്തുകളിൽ അനുവദനീയമായ മുഴുവൻ നീർച്ചാലുകളുടെയും സംരക്ഷണം പൂർത്തീകരിച്ചു. ഏരൂർ ഗ്രാമപഞ്ചായത്തിൽ അടഞ്ഞുപോയ നീർച്ചാൽ പുനഃസ്ഥാപിച്ചതും ശ്രദ്ധേയമാണ്. മറ്റ് ഗ്രാമപഞ്ചായത്തുകളിലും തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുത്ത പ്രവൃത്തികൾ പുരോഗമിക്കുകയാണ്.

## മാലിന്യ സംസ്കരണം - പനയം മാതൃക

മാലിന്യ പരിപാലന രംഗത്ത് പനയം ഗ്രാമപഞ്ചായത്തിന്റെ മാതൃക എടുത്ത് പറയേണ്ടതാണ്. 16 വാർഡുകളിൽ 32 ഹരിതകർമ്മസേന, ഹരിതകർമ്മസേനയുടെ ഓഫീസിൽ ലാപ്ടോപ്പ്, wifi കണക്ഷൻ, ഹാജർ രേഖപ്പെടുത്തുന്നതിനായി ബയോമെട്രിക് മെഷീൻ, ക്യാമറ, മ്യൂസിക് സിസ്റ്റം, വൃത്തിയുള്ള ശുചിമുറി, നാപ്കിൻ വെന്റിംഗ് മെഷീൻ, നാപ്കിൻ ഡെസ്ട്രോയർ, 3 ഇലക്ട്രിക് മുച്ചക്ര വാഹനം, വിശാലമായ RRF , കൺവെയർ ബെൽറ്റ്, ബെയിലിംഗ് മെഷീൻ, വെയിങ് മെഷീൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഗ്രാമപഞ്ചായത് ഒരുക്കിയിട്ടുണ്ട്. ജൈവമാലിന്യ ശേഖരണം, ജൈവമാലിന്യം വളമാക്കി വിപണനം, മാലിന്യ സംസ്കരണ ഉപാധികളുടെ വിപണനം, സ്റ്റീൽഗ്ലാസ്, സ്റ്റീൽ പ്ലേറ്റ്, കസേരകൾ എന്നിവ വാടകകയ്ക്ക് നൽകൽ, കാറ്ററിംഗ് യൂണിറ്റ്, ഹരിതചട്ട പാലനം തുടങ്ങി നിരവധി സംരംഭങ്ങളിലൂടെയും ഹരിത കർമ്മ സേനയ്ക്ക് അധിക വരുമാനം ലഭിക്കുന്നു. ശുചിത്വ മേഖലയിൽ മികച്ച ശുചിത്വപഞ്ചായത്തായി ബ്ലോക്ക് തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും പനയം ഗ്രാമപഞ്ചായത്തിന് പുരസ്കാരം വാങ്ങാനായി.

## തഴവ വട്ടക്കായലിൽ പുനരാരംഭിച്ച നെൽ കൃഷി

വെള്ളക്കെട്ട് മൂലം നെൽ കൃഷി അസാധ്യമെന്ന് വിധി എഴുതിയ വട്ടക്കായൽ ഏലയിലെ 100 ഏക്കറിൽ നെൽ കൃഷി വിജയം കണ്ടതോടെ പുതിയ ഒരു കാർഷിക മുന്നേറ്റത്തിന് തുടക്കം കുറിച്ചു. ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ 2017-ലാണ് ട്രാൻസ്ഫോമർ, ജനറേറ്റർ, മോട്ടോർ എന്നിവ സ്ഥാപിച്ച് വെള്ളം വറ്റിച്ച് സ്വകാര്യ കർഷകന്റെ മേൽനോട്ടത്തിൽ കൃഷി ആരംഭിച്ചത്. നെൽ കൃഷി ഇപ്പോഴും തുടർന്ന് നടത്തുന്നതും ഹരിതകേരളം മിഷന് അഭിമാനകരമാണ്. ഇതേ മാതൃകയിൽ മറ്റ് തദ്ദേശ സ്ഥാപനങ്ങളിലും സ്വകാര്യ വ്യക്തികളുടെ മേൽനോട്ടത്തിൽ നെൽ കൃഷി നടന്നു വരുന്നുണ്ട്.

## അഷ്ടമുടിക്കായലിൽ നിന്ന് പ്ലാസ്റ്റിക് ശേഖരണം

കടലിലെ പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിന് സമാനമായി കൊല്ലം ജില്ലയിൽ ഹരിതകേരളം മിഷൻ ആരംഭിച്ച പ്രവർത്തനമാണ് അഷ്ടമുടിക്കായലിൽ നിന്നുള്ള പ്ലാസ്റ്റിക് ശേഖരണം. കക്ക വാരൽ തൊഴിലാളികളുടെ സേവനം വിനിയോഗിച്ച് 200 ചെറുവള്ളങ്ങളിൽ അഷ്ടമുടിക്കായലിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 3 ടൺ പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുകയും ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം ഹാർബർ എഞ്ചിനീയറിങ് വകുപ്പിന്റെ നീണ്ടകരയിൽ പ്രവർത്തിക്കുന്ന പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റിലേക്ക് കൈമാറാനും സാധിച്ചു. ഈ പ്രവർത്തനം കേരളത്തിന് പുറമെ മറ്റ് സംസ്ഥാനങ്ങൾക്കും മാതൃകയാണ്

## അമൃത വിശ്വ വിദ്യാപീഠം ഹരിത ക്യാമ്പസ്

കരുനാഗപ്പള്ളി താലൂക്കിൽ 120 ഏക്കർ വിസ്തൃതിയിലാണ് അമൃത വിശ്വ വിദ്യാപീഠത്തിന്റെ 9 ക്യാമ്പസുകൾ സ്ഥിതി ചെയ്യുന്നത്. ജല സംരക്ഷണം, പുനരുപയോഗം, മലിനീകരണ നിയന്ത്രണം, മാലിന്യ സംസ്കരണം, പുനരുപയോഗ ഊർജ്ജ ഉപയോഗം, കൃഷി, കാർബൺ നിർഗമനം കുറയ്ക്കൽ, കാർബൺ ആഗിരണം, പ്രകൃതിസംരക്ഷണം, സുസ്ഥിര വികസനം, സുസ്ഥിര ഗതാഗതം തുടങ്ങിയവയെല്ലാം ക്യാമ്പസിൽ നടത്തുന്ന പ്രവർത്തനങ്ങളാണ്. അജൈവ മാലിന്യ സംസ്കരണത്തിനായി 12000 ചതുരശ്ര വിസ്തീർണ്ണത്തിൽ യന്ത്രവൽകൃത സംവിധാനമുള്ള എം.സി.എഫ്, 50 ഇനങ്ങളിലായി തരം തിരിക്കൽ, പുനരുപയോഗിക്കാൻ സാധിക്കുന്നവ, അബ്സൈക്കിൾ, മറ്റുള്ളവ ക്ലീൻ കേരള കമ്പനിക്ക് കൈമാറുക, പുനരുപയോഗ സാധ്യമല്ലാത്ത പ്ലാസ്റ്റിക് സഞ്ചികളെ നൂലാക്കി ചെടിച്ചട്ടി, കവർ, യോഗാമാറ്റ്, പായ എന്നിവ നിർമ്മിക്കുക തുടങ്ങിയ പ്രവർത്തനങ്ങളും ക്യാമ്പസിൽ നടക്കുന്നുണ്ട്. 600 KLD, 250 KLD എന്നിങ്ങനെ സംസ്കരണ ശേഷിയുള്ള രണ്ട് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, മലിനജലം അൾട്രാ ഫിൽട്രേഷനിലൂടെ പുനരുപയോഗം, 2000 കിലോ സംസ്കരണശേഷിയുള്ള ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ, അതിൽ നിന്നും ഉത്പാദിപ്പിക്കുന്ന വളം കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുക എന്നിവയും ക്യാമ്പസിലുണ്ട്. 470 കിലോവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റ്, കാർപൂളിംഗ് സംവിധാനം, ക്യാമ്പസിലെ യാത്രക്കായി 60 സൈക്കിളുകൾ, ജലസംരക്ഷണത്തിനായി 10 ലക്ഷം സംഭരണ ശേഷിയുള്ള 3 മഴവെള്ള സംഭരണി തുടങ്ങിയവയും ക്യാമ്പസിലുണ്ട്. 20000 വൃക്ഷതൈകൾ ക്യാമ്പസിൽ നട്ടുപിടിപ്പിച്ചിട്ടുണ്ട്. സിന്തറ്റിക് നാപ്കിന്റെ ഉപയോഗം കുറയ്ക്കുന്നതിനായി വാഴനാരിൽ നിന്നും ഉത്പാദിപ്പിക്കുന്ന നാപ്കിൻ പാഡുകളുടെ നിർമ്മാണവും വനിതാ സംരംഭമായി നടത്തുന്നുണ്ട്.

എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിന്റെ അനുമതി ലഭിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചു. ഇതുമൂലം അടുത്ത സീസണിൽ ഏലയിൽ നെൽ കൃഷി പുനരാരംഭിക്കാനും കർഷകർക്ക് തൊഴിലും വരുമാനവും ഉറപ്പാക്കാനും സാധിക്കും. വളരെ കുറഞ്ഞ ചെലവിൽ (40 ലക്ഷം രൂപ) ഈ പ്രവർത്തനം നടത്തുന്നത് മാതൃകാപരമാണ്.

## മാതൃക ഹരിത വിദ്യാലയം - മോഡൽ എൽ.പി.എസ്സ് പട്ടാഴി

പട്ടാഴി ഗ്രാമപഞ്ചായത്തിൽ 320 കുട്ടികൾ പഠിക്കുന്ന 120 വർഷം പഴക്കമുള്ള സ്കൂളാണ് മോഡൽ എൽ.പി.എസ്സ്. സംസ്ഥാന സർക്കാരിന്റെ ഫണ്ടും പത്തനാപുരം എം.എൽ.എയുടെ ആസ്തി വികസന ഫണ്ടും ഉപയോഗിച്ച് നിർമ്മിച്ച രണ്ട് പുതിയ കെട്ടിടങ്ങളിലാണ് പ്രീ-പ്രൈമറിയും, ലോവർ പ്രൈമറിയും പ്രവർത്തിക്കുന്നത്. എല്ലാ ക്ലാസ്സ് മുറികളും സ്മാർട്ട് ക്ലാസ്സ്റൂമുകളായ സ്കൂളിൽ ജൈവമാലിന്യ സംസ്കരണത്തിനായി ബയോഗ്യാസ് പ്ലാന്റും, ബയോ കമ്പോസ്റ്റർ ബിന്നുമുണ്ട്. അതിൽ ഉത്പാദിപ്പിക്കുന്ന വളം സ്കൂളിൽ മനോഹരമായി പരിപാലിക്കുന്ന പൂന്തോട്ടത്തിന് ഉപയോഗിക്കുന്നു. അജൈവ മാലിന്യം, പ്ലാസ്റ്റിക് കുപ്പികൾ എന്നിവ പ്രത്യേകം ബിന്നുകളിൽ തരം തിരിച്ച് ശേഖരിക്കുകയും ഹരിതകർമ്മസേനയ്ക്ക് കൈമാറുകയും ചെയ്യുന്നു. ദ്രവ മാലിന്യ സംസ്കരണത്തിനായി സോക്ക് പിറ്റ്, വൃത്തിയുള്ള ശുചിമുറി, ഐ.ഇ.സി നിർദ്ദേശക ബോർഡുകൾ, ഗ്രീൻ പ്രോട്ടോക്കോൾ പാലനം തുടങ്ങിയവ നിലവിലുണ്ട്. ജലസംരക്ഷണത്തിനായി കിണർ റീചാർജ്ജിങ് സംവിധാനവും വിദ്യാലയത്തിലുണ്ട്. സ്ഥല പരിമിതി കാരണം കൃഷി യോഗ്യമല്ലെങ്കിലും ഗ്രോബാഗുകളിൽ പച്ചക്കറി കൃഷി നടന്നു വരുന്നു. വിദ്യാലയ അധികൃതരുടെയും പി.ടി.എ ഭാരവാഹികളുടെയും ഗ്രാമപഞ്ചായത്തിന്റെയും എം.എൽ.എയുടെയും അനുഭാവപൂർവ്വമുള്ള ഇടപെടൽ മൂലം വിദ്യാലയം സ്മാർട്ട് വിദ്യാലയമായും മാതൃകാ ഹരിത വിദ്യാലയമായും നിലനിർത്താൻ സാധിക്കുന്നു.



## ചിറ്റൂർ ഗവ.യു.പി.എസ്സ് മാതൃകാ ഹരിത വിദ്യാലയം

പന്മന ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചിറ്റൂർ ഗവ.യു.പി.എസ്സിൽ 450 വിദ്യാർത്ഥികളാണുള്ളത്. ‘എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം’ എന്ന ആശയം ഉൾക്കൊണ്ടുകൊണ്ടാണ് വിദ്യാർത്ഥികളും വിദ്യാലയവും പ്രവർത്തിക്കുന്നത്. ജൈവമാലിന്യ സംസ്കരണത്തിനായി ബയോഗ്യാസ് പ്ലാൻറും തുമ്പൂർമൂഴി യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. ബയോഗ്യാസിൽ ഉത്പാദിപ്പിക്കുന്ന ഗ്യാസ് സ്കൂളിലെ പാചകത്തിനും, അധികം വരുന്നവ സമീപത്തുള്ള 3 വീടുകൾക്കും നൽകുന്നു. അജൈവ മാലിന്യം പ്രത്യേക ബിന്നുകളിൽ ശേഖരിച്ച് യൂസർ ഫീ നൽകി ഹരിതകർമ്മസേനയ്ക്ക് നൽകുന്നു. വൃത്തിയുള്ള ശുചിമുറി സ്കൂളിൽ പ്രവർത്തിക്കുന്നുണ്ട്. ഹരിതചട്ടം പാലിക്കുന്നതിനായി സ്കൂളിൽ ആവശ്യമായ സ്റ്റീൽ പാത്രങ്ങളും ഗ്ലാസ്സുകളും ലഭ്യമാണ്. എല്ലാ ക്ലാസ്സുകളിൽ നിന്നുമുള്ള ഹരിത വോളന്റിയർമാരിൽ നിന്നും ഹരിത അംബാസിഡർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഗവൺമെന്റ് പ്രോജക്ടായ സ്കൂൾ സോഷ്യൽ സർവീസ് സ്കീമും പ്രവർത്തിക്കുന്നുണ്ട്. ജൈവവൈവിദ്ധ്യ പാർക്കും മനോഹരമായ പുൽതകിടിയും പച്ചക്കറി കൃഷിയും സ്കൂളിലുണ്ട്. ബയോഗ്യാസിൽ നിന്നും തുമ്പൂർമുഴി യൂണിറ്റിൽ നിന്നും ലഭിക്കുന്ന വളം കൃഷിക്കായി ഉപയോഗിക്കുന്നു. സജ്ജീവമായ പി.ടി.എയും പ്രധാന അദ്ധ്യാപികയുടെ നേതൃത്വത്തിൽ അദ്ധ്യാപകർ, അനദ്ധ്യാപകർ, ഹരിത അംബാസിഡർമാർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തനവും ചിറ്റൂർ ഗവ.യു. പി.എസ്സിനെ ജില്ലയിലെ മാതൃകാ ഹരിത വിദ്യാലയമാക്കി മാറ്റി.



## ഹരിത കലാലയം എസ്സ്.എൻ കോളേജ്, കൊല്ലം

കൊല്ലം എസ്സ്.എൻ കോളേജ് ജില്ലയിൽ മികച്ച ഹരിത കലാലയങ്ങളിൽ ഒന്നാണ്. ജൈവ മാലിന്യ സംസ്കരണ ഉപാധി, അജൈവ മാലിന്യം ശേഖരിക്കുന്നതിനുള്ള ഉപാധികൾ, ദ്രവ മാലിന്യ സംസ്കരണത്തിനായി സോക്ക് പിറ്റ്, വൃത്തിയുള്ള ശുചിമുറി എന്നിവ നിലവിലുണ്ട്. ശേഖരിക്കുന്ന അജൈവ മാലിന്യം ഹരിതകർമ്മസേനയ്ക്ക് കൈമാറുകയും ചെയ്യുന്നു. ക്യാമ്പസിലെ എല്ലാ പരിപാടികളിലും, ക്യാന്റീനിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നു. ജൈവ പച്ചക്കറി കൃഷി, പച്ചത്തുരുത്ത്, പിറ്റ് റീചാർജ്ജ് തുടങ്ങിയവ സ്ഥാപിച്ചിട്ടുണ്ട്. കോളേജിലെ ഭൂമിത്ര ക്ലബ്, നേച്ചർ ക്ലബ്, എൻ.എസ്സ്.എസ്സ് യൂണിറ്റ് തുടങ്ങിയ സംവിധാനങ്ങൾ കോളേജ് ക്യാമ്പസിനെ ഗ്രീൻ ക്യാമ്പസ് പദവി നിലനിർത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നു.

## മലമേൽ ടൂറിസം

കൊല്ലം ജില്ലയിൽ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിൽ മലമേൽ ക്ഷേത്രത്തിന് സമീപമുള്ള മലമേൽ ടൂറിസം കേന്ദ്രം ഡി.ടി.പി.സി-യുടെ ചുമതലയിലാണ് പ്രവർത്തിക്കുന്നത്. നന്നായി സൗന്ദര്യവൽക്കരണം നടത്തിയ കേന്ദ്രത്തിൽ ജൈവ മാലിന്യത്തിന്റെ അളവ് കുറവാണെങ്കിലും സംസ്കരണത്തിനായി ബയോ കമ്പോസ്റ്റർ ബിൻ ഗ്രാമപഞ്ചായത്ത് നൽകിയിട്ടുണ്ട്. അജൈവ മാലിന്യ ശേഖരണത്തിനായി വിവിധ ഇടങ്ങളിൽ ബിന്നുകൾ സ്ഥാപിക്കുകയും, ശേഖരിക്കുന്ന മാലിന്യം സമയക്രമം പാലിച്ച് ഹരിതകർമ്മ സേനയ്ക്ക് കൈമാറുന്നുമുണ്ട്. ടൂറിസം കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ഷോപ്പുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നുണ്ട്. വളരെ വൃത്തിയായി പരിപാലിക്കുന്ന മലമേൽ ടൂറിസം കേന്ദ്രം ജില്ലയിൽ മാതൃകയാണ്.



## സൗന്ദര്യവൽക്കരണം ശൂരനാട്തെക്ക് ഗ്രാമപഞ്ചായത്ത്

ശൂരനാട്തെക്ക് ഗ്രാമപഞ്ചായത്തിൽ സ്ഥിരമായി ഭക്ഷ്യമാലിന്യവും, പ്ലാസ്റ്റിക് മാലിന്യവും നിക്ഷേപിക്കുന്ന കേന്ദ്രമായിരുന്നു മൂന്നാം വാർഡിലെ മടത്തിലയ്യത്ത് ജംഗ്ഷൻ. കനാൽ പുറമ്പോക്ക് ആയതിനാലും സമീപത്ത് വീടുകൾ ഇല്ലാത്തതിനാലും ശുചിത്വം ഉറപ്പാക്കുക എന്നുള്ളത് പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി വാർഡ് മെമ്പറുടെ നേതൃത്വത്തിൽ പ്രദേശവാസികൾ, തൊഴിലുറപ്പ് തൊഴിലാളികൾ, പതാരം ശാന്തിനികേതൻ സ്കൂളിലെ വിദ്യാർത്ഥികൾ എന്നിവരുടെ സഹായത്തോടെ പ്രദേശം വൃത്തിയാക്കി. പ്രദേശവാസികൾക്കും യാത്രക്കാർക്കും വിശ്രമിക്കുന്നത്തിനുവേണ്ടി ഇരിപ്പിടം തയ്യാറാക്കുകയും ഊഞ്ഞാൽ സ്ഥാപിക്കുകയും ചെയ്തു. ശാസ്താംകോട്ട കാനറ ബാങ്കിൽ നിന്നും സ്പോൺസർഷിപ്പ് ഇനത്തിൽ കിട്ടിയ 2000 രൂപ ഉപയോഗിച്ച് പൂന്തോട്ടം നിർമ്മിക്കുകയും ചെയ്തു.

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ജില്ലയിലെ പ്രധാനപ്പെട്ട ടൗണുകളും കവലകളും മാലിന്യമുക്തമായി പരിപാലിച്ച് സൗന്ദര്യവൽക്കരണം നടത്തുന്ന പ്രവർത്തനം പുനലൂർ നഗരസഭയിലും ആരംഭിച്ചു. തൂക്കുപാലത്തിന് സമാന്തരമായ പാലത്തിൽ 300 മീറ്റർ നീളത്തിൽ കല്ലട ആറിന് കുറുകെ സ്ഥിതിചെയ്യുന്ന പാലത്തിന്റെ ഇരു വശങ്ങളിലുമാണ് നഗരസഭ 150 പൂച്ചെട്ടികൾ സ്ഥാപിച്ചുകൊണ്ട് സൗന്ദര്യവൽക്കരണം നടത്തിയത്. നഗരസഭയിലെ ശുചീകരണ തൊഴിലാളികൾ ദിവസേന പാലം മാലിന്യമുക്തമായി പരിപാലിക്കുന്നതിനോടൊപ്പം ചെടികളേയും മികച്ച രീതിയിൽ സംരക്ഷിക്കുന്നതിനാൽ എപ്പോഴും പൂച്ചെടികൾ ഭംഗിയായും ആരോഗ്യത്തോടും നിലനിർത്താൻ സാധിക്കുന്നു. പുനലൂർ പാലത്തിന് പുറമേ പുനലൂർ താലൂക്ക് ആശുപത്രി – മുനിസിപ്പൽ റോഡ്, ചെമ്മന്തൂർ - കൊട്ടാരക്കര റോഡ്, എം.എൽ.എ റോഡ്, കെ.എസ്.ആർ.ടി.സിക്ക് സമീപം തുടങ്ങിയ സ്ഥലങ്ങളിലും മികച്ച രീതിയിൽ സൗന്ദര്യവൽക്കരണം നടത്തി പരിപാലിക്കുന്നു.

## മാതൃക ഹരിത സ്ഥാപനം – പുനലൂർ താലൂക്ക് ആശുപത്രി

ജില്ലയിലെ താലൂക്ക് ആശുപത്രികളിൽ മാതൃകയായി പ്രവത്തിക്കുന്നതാണ് പുനലൂർ താലൂക്ക് ആശുപത്രി. മികച്ച ചികിത്സയോടൊപ്പം പരിസ്ഥിതി സൗഹാർദ്ദ അന്തരീക്ഷമാണ് ആശുപത്രിയിലുള്ളത്. അത്യാധുനിക സ്വകാര്യ ആശുപത്രികൾക്ക് തുല്യം വൃത്തിയായി പരിപാലിക്കുന്ന കെട്ടിടവും ശുചിമുറികളും മറ്റ് സംവിധാനങ്ങളും ആശുപത്രിയിലുണ്ട്. ജൈവ മാലിന്യ സംസ്കരണത്തിനായി സ്ഥാപിച്ച തുമ്പൂർമുഴി യൂണിറ്റുകൾ ആശുപത്രിയോട് ചേർന്ന് വൃത്തിയായും മനോഹരമായും സൂക്ഷിക്കുന്നു. തുമ്പൂർമുഴിക്ക് പുറമേ ബയോഗ്യാസ് പ്ലാന്റും പ്രവർത്തിക്കുന്നു. ഇതിൽ നിന്ന് ലഭിക്കുന്ന ജൈവ വളവും സ്ലറിയും പച്ചക്കറി കൃഷിക്കും

മരങ്ങൾക്കും വളമായി ഉപയോഗിക്കുന്നു. അജൈവ മാലിന്യങ്ങൾ തരം തിരിച്ച് മിനി എം.സി.എഫുകളിൽ ശേഖരിച്ച് ഹരിതകർമ്മ സേനയ്ക്ക് കൈമാറുന്നു. ആശുപത്രി മാലിന്യം കൃത്യമായി തരംതിരിച്ച് ശേഖരിച്ച് ഇമേജിന് കൈമാറുന്നു. ദ്രവമാലിന്യ സംസ്കരണത്തിനായി 100 KLD, 50 KLD കപ്പാസിറ്റിയുള്ള രണ്ട് എസ്.ടി.പിയും ആശുപത്രിയിൽ പ്രവർത്തിക്കുന്നു. ഇതിലെ മലിനജലം ശുചീകരിച്ച് ചെടികൾ നനയ്ക്കുന്നതിനും ശുചിമുറിയിലെ ഫ്ലഷ് ടാങ്കിലേക്കും ഉപയോഗിക്കുന്നു. ജലം സംഭരിക്കുന്നതിനായി ജലസംഭരണിയും റീചാർജ്ജിങ് സംവിധാനവും പ്രവർത്തിക്കുന്നു. മികച്ച ഒരു മിയോവാക്കി വനവും പരിപാലിക്കുന്നുണ്ട്. ഈ മാതൃക ഹരിത സ്ഥാപനം സന്ദർശിക്കുന്നതിനായി മറ്റ് സ്ഥാപനങ്ങളിലെ പ്രതിനിധികൾ ആശുപത്രി സന്ദർശിക്കുന്നുണ്ട്. ആശുപത്രിയിലെ ഡോക്ടർമാരുടെയും, ജീവനക്കാരുടെയും, നഗരസഭയുടെയും ആരോഗ്യ വകുപ്പിന്റെയും അകമഴിഞ്ഞ സേവനം ലഭിക്കുന്നത് മൂലം ഹരിത പദവി നിലനിർത്താൻ ആശുപത്രിക്ക് സാധിക്കുന്നു.

## തീരദേശം പച്ചത്തുരുത്ത്

കൊല്ലം കോർപ്പറേഷനിൽ ടൗണിന്റെ ഹൃദയഭാഗത്ത് ബീച്ചിന് സമീപത്തായി ഹാർബർ എഞ്ചിനീയറിങ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 20 സെന്റ് ഭൂമി മാലിന്യം നിറഞ്ഞ് തരിശായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. പ്രസ്തുത സ്ഥലത്ത് പച്ചത്തുരുത്ത് ആരംഭിക്കുന്നതിനായി ഹാർബർ എഞ്ചിനീയറിങ് വകുപ്പിൽ നിന്നും അനുമതി വാങ്ങുകയും തുടർന്ന് മേയറുമായി ഈ കാര്യം ചർച്ച ചെയ്യുകയും പ്രസ്തുത സ്ഥലത്ത് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ പച്ചത്തുരുത്ത് ആരംഭിക്കാനും തീരുമാനിച്ചു.

പച്ചത്തുരുത്തിന് ആവശ്യമായ തൈകൾ സോഷ്യൽ ഫോറസ്ട്രിയിൽ നിന്നും കോർപ്പറേഷൻ മുഖേന ശേഖരിക്കുകയും പച്ചത്തുരുത്ത് ആരംഭിക്കുന്നതിനായുള്ള നിലം ഒരുക്കൽ, കുഴി എടുക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും ആരംഭിച്ചു. പ്ലാസ്റ്റിക് മാലിന്യം ഉൾപ്പെടെ മാലിന്യക്കൂമ്പാരം ആയിരുന്ന പ്രദേശം വൃത്തിയാക്കുന്നതിൽ തൊഴിലാളികൾ ഏറെ പണിപ്പെട്ടു. ആഴത്തിൽ കുഴിച്ച് പഴകിയ പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുന്നതിന് ജെ.സി.ബിയുടെ സഹായവും കോർപ്പറേഷൻ നൽകി. ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം കോർപ്പറേഷന്റെ ആർ.ആർ. എഫിലേയ്ക്ക് കൈമാറുകയും ചെയ്തു.

കൊല്ലം ബീച്ചിൽ ദിവസേന 500 -ൽ പരം ആളുകൾ സന്ദർശിക്കുന്നുണ്ട്. ബീച്ച് സന്ദർശിക്കുന്നവർ പച്ചത്തുരുത്തും സന്ദർശിക്കുന്നതിനാൽ തീരദേശ പച്ചതുരുത്ത് വളരെയേറെ ശ്രദ്ധ ആകർഷിച്ചു. തുടർന്ന് കോർപ്പറേഷൻ പച്ചത്തുരുത്തിനു ഇരുമ്പ് നെറ്റ് കൊണ്ടുള്ള ഫെൻസിങ് സ്ഥാപിക്കുകയും ജലസേചനത്തിനായി കുഴൽ കിണർ കുഴിക്കുകയും ചെയ്തു. വൃക്ഷങ്ങൾക്ക് അനുയോജ്യമല്ലാത്ത ഫലഭൂയിഷ്ഠമല്ലാത്ത മണ്ണായിട്ട് പോലും മരങ്ങൾ വളർന്ന് ചെറു വനമായി മാറിയത് പ്രദേശവാസികൾക്കും സന്ദർശകർക്കും ഏറെ കൗതുകമാണ്. പച്ചത്തുരുത്തിൽ പൂവരശ്, സപ്പോട്ട, മുള, നെല്ലി, അഗത്തി, എരിക്ക്, ഞാവൽ, സീതപ്പഴം, പുളിഞ്ചി, നാരകം, പേര, മാവ്, കശുമാവ്, മാതളം, പ്ലാവ്, ശിവമല്ലി, വാക, കുമിൾ, വേപ്പ് എന്നീ ഇനത്തിലുള്ള 130 വൃക്ഷങ്ങൾ കാണപ്പെടുന്നു.




## IREL -കാറ്റാടി പച്ചത്തുരുത്ത്

കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ അധീനതയിലുള്ള പൊതുമേഖല സ്ഥാപനമായ ചവറ ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡിൽ കാറ്റാടി പച്ചത്തുരുത്ത് ആരംഭിച്ചത് 2019 ലാണ്. കടൽത്തീരം സംരക്ഷിക്കുന്നതിനായി കാറ്റാടി തൈകൾ വേണമെന്ന ആവശ്യം 2019-ൽ ഹരിതകേരളം മിഷനെ അറിയിച്ചു. ഇതിന്റെ അടിസ്ഥാനത്തിലാണ് ചവറ ഗ്രാമപഞ്ചായത്തിലെ കരിത്തുറ വാർഡിൽ നിലവിൽ സ്ഥിതിചെയ്യുന്ന കാറ്റാടി പച്ചത്തുരുത്ത് രൂപപ്പെട്ടത്.

ഐ.ആർ.ഈ.എൽ ആവശ്യപ്പെട്ടത് പ്രകാരം 1000 തൈകൾ ഹരിതകേരളം മിഷൻ ലഭ്യമാക്കി. ചവറ ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് തൊളിലാളികളുടെ സഹായത്തോടെയാണ് പച്ചത്തുരുത്ത് സ്ഥാപിച്ചത്. സാമൂഹ്യ വിരുദ്ധരുടെ ശല്യം, കടലാക്രമണം, ഖനനത്തിനായി മണ്ണ് എടുത്തത് എന്നിവ മൂലമാണ് ഭൂരിഭാഗം തൈകളും നശിച്ചു പോയത്. എന്നാൽ ഏകദേശം 80 സെൻറിൽ 350 കാറ്റാടി തൈകൾ വളർന്ന് ചെറുവനമായി മാറി. കാറ്റാടി പച്ചത്തുരുത്തിൽ തണലും കാറ്റും ലഭിക്കുന്നതിനാൽ വിവിധ യോഗങ്ങളും സേവ് ദി ഡേറ്റ് ഉൾപ്പെടെയുള്ള പരിപാടികളും ഇവിടെ സംഘടിപ്പിക്കുന്നു.

പച്ചത്തുരുത്ത് സ്ഥാപിക്കുന്നതിനായി ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡിലെ ഉദ്യോഗസ്ഥരുടെ സഹകരണം എടുത്തു പറയേണ്ടതാണ്. ഒരേ ഇനത്തിലുള്ള തൈകൾ വെച്ചുപിടിപ്പിച്ച് കുട്ടിവനമാക്കിയ പച്ചത്തുരുത്ത് ജില്ലയിൽ ഇതാദ്യമാണ്. സാമൂഹിക വിരുദ്ധരുടെ ശല്യമുണ്ടായതിനാൽ മരങ്ങളുടെ ആറടിയിൽ താഴെയുള്ള ശിഖരങ്ങൾ മുറിച്ചു മാറ്റുകയും പ്ലാസ്റ്റിക് മാലിന്യം ഉൾപ്പെടെ മാലിന്യമുക്തമാക്കിയാണ് പച്ചത്തുരുത്ത് പരിപാലിക്കുന്നത്.



# മിഷൻ നേട്ടങ്ങളുടെ പ്രവർത്തന വഴികൾ

ജില്ലയിൽ ഹരിതകേരളം മിഷന്റെ ഇടപെടലുകളിലൂടെ നിരവധി പാരിസ്ഥിതിക പ്രവർത്തനങ്ങൾ നടന്നിരുന്നു. പരിഹാരം കണ്ടെത്താൻ സാധിച്ച വിവിധ പ്രവർത്തനങ്ങൾ അദ്ധ്യായം 3 -ൽ വിവരിച്ചിട്ടുണ്ട്. ആയതിന് സഹായകരമായ ക്യാമ്പയിൻ പ്രവർത്തനങ്ങളാണ് ഈ അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നത്.

## ശുചീകരണ യജ്ഞം 2016

ഹരിതകേരളം മിഷൻ ആരംഭിച്ച 2016 ഡിസംബർ 8 മുതൽ ജില്ലയിൽ ഉടനീളം പൊതു നിരത്തുകൾ, പാതയോരങ്ങൾ, ജലാശയങ്ങൾ എന്നിവ മാലിന്യ മുക്തമാക്കുന്ന ജനകീയ ശുചീകരണ യജ്ഞം ആരംഭിച്ചു. ജില്ലയിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലേയും പ്രധാന പൊതു നിരത്തുകൾ, പാതയോരങ്ങൾ, എന്നിവയിലെ മാലിന്യ കൂനകൾ നീക്കം ചെയ്യുകയും തെരഞ്ഞെടുക്കപ്പെട്ട ജലാശയങ്ങൾ വൃത്തിയാക്കുകയും ചെയ്തു.

## സ്വാപ്പ് ഷോപ്പുകൾ 2017

ഉപയോഗശേഷം വൃത്തിയുള്ള തുണിത്തരങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ തുടങ്ങിയവ പുനരുപയോഗിക്കുന്നതിനായാണ് ജില്ലയിൽ സ്വാപ്പ് ഷോപ്പുകൾ തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരംഭിച്ചത്. ആകെയുള്ള 73 തദ്ദേശ സ്ഥാപനങ്ങളിൽ 45 സ്വാപ് ഷോപ്പുകൾ വിജയകരമായി പ്രവർത്തിച്ചു. തദ്ദേശ സ്ഥാപനങ്ങളിൽ ഇതിനായി പ്രത്യേക സജ്ജീകരണങ്ങൾ വരുത്തിയാണ് ജനങ്ങളിൽ നിന്ന് സ്വാപ് ഷോപ്പിലേക്കുള്ള സാമഗ്രികൾ ശേഖരിച്ചത്. യാതൊരു പ്രതിഫലവും വാങ്ങാതെയാണ് ആവശ്യക്കാരായ പൊതുജനങ്ങൾക്ക് നൽകിയത്. വളരെ ജനശ്രദ്ധ ആകർഷിച്ച ഈ പ്രവർത്തനം മുഖത്തല ബ്ലോക്ക് പഞ്ചായത്ത്, പെരിനാട് ഗ്രാമപഞ്ചായത്ത്, കൊട്ടാരക്കര നഗരസഭ തുടങ്ങിയ തദ്ദേശ സ്ഥാപനങ്ങളിൽ ഇപ്പോഴും നന്നായി പ്രവർത്തിച്ചുവരുന്നു.

## “മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം" -2017

“മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം" ഒന്നാംഘട്ട പ്രവർത്തനം ജില്ലയിൽ ആരംഭിച്ചത് 2017 ആഗസ്റ്റ് 15-നാണ്. ക്യാമ്പയിന്റെ ഭാഗമായി ജില്ലയിലെ വീടുകളിലും സ്ഥാപനങ്ങളിലും സർവ്വേ നടത്തി നിലവിലുള്ള മാലിന്യ സംസ്കരണ രീതി വിലയിരുത്തുകയുണ്ടായി. തുടർന്ന് ശുചിത്വ മാലിന്യ സംസ്കരണം ഉപമിഷൻ മാർഗ്ഗരേഖ പ്രകാരം വീടുകളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം, കമ്മ്യൂണിറ്റി തലത്തിൽ പൊതുമാലിന്യ സംസ്കരണ സംവിധാനം, അജൈവ മാലിന്യ ശേഖരണത്തിനായി ഹരിതകർമ്മസേന, മാലിന്യ സംസ്കരണത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവ തദ്ദേശ സ്ഥാപനങ്ങൾ മുഖേന ഉറപ്പാക്കാനായി.

ക്യാമ്പയിന്റെ ഭാഗമായി അലക്ഷ്യമായി മാലിന്യം കൈകാര്യം ചെയ്യുന്നതിനെതിരെ വിവിധ വകുപ്പുകൾക്ക് കൈക്കൊള്ളാവുന്ന നിയമ നടപടികൾ ഏകോപിപ്പിച്ചുകൊണ്ട് "ഹരിത നിയമാവലി" പുസ്തകം 2018 - ൽ ഹരിതകേരളം മിഷൻ തയ്യാറാക്കിയിരുന്നു. പൊതുസ്ഥലങ്ങളിലും ജലസ്രോതസ്സുകളിലും മാലിന്യം വലിച്ചെറിയുന്നതിനെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനുള്ള ബോധവൽക്കരണ ക്യാമ്പയിൻ 2019-ൽ ഹരിതകേരളം മിഷൻ സംഘടിപ്പിച്ചിരുന്നു.

ജില്ലാതലത്തിൽ ഹരിത സാക്ഷരതാ പരിശീലനം തദ്ദേശസ്ഥാപന അധ്യക്ഷന്മാർ, സെക്രട്ടറിമാർ, മറ്റ് ഉദ്യോഗസ്ഥർ, വ്യാപാരി വ്യവസായികൾ എന്നിവർക്ക് നൽകിയിരുന്നു. അലക്ഷ്യമായി മാലിന്യം കൈകാര്യം ചെയ്യുന്നതിനെതിരെ നിയമനടപടികൾ സ്വീകരിക്കാൻ അധികാരപ്പെട്ട ഗ്രാമപഞ്ചായത്ത്, നഗരകാര്യം, പോലീസ്, മലിനീകരണ നിയന്ത്രണ ബോർഡ്, ഭക്ഷ്യ സുരക്ഷ, ആരോഗ്യ വകുപ്പ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരാണ് ജില്ലയിൽ പരിശീലന ക്ലാസ് കൈകാര്യം ചെയ്തത്.

“മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം" ഒന്നാംഘട്ട ക്യാമ്പയിന്റെ ഭാഗമായി ഹരിത നിയമങ്ങൾ നടപ്പിലാക്കൽ പ്രഖ്യാപനം 2019 ഓഗസ്റ്റ് 15-ന് ജില്ലയിലെ എല്ലാ തദ്ദേശസ്ഥാപനതലത്തിലും നടത്തി. കൂടാതെ 2016-2020 , 2021-2025 കാലയളവിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനാംഗങ്ങൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ഹരിത നിയമാവലി പുസ്തകം വിതരണം നടത്തി. ഹരിത നിയമാവലിയുടെ അടിസ്ഥാനത്തിൽ മാലിന്യം കത്തിക്കുന്നവർക്കെതിരെയും വലിച്ചെറിയുന്നവർക്കെതിരെയും നിയമനടപടികളും സ്വീകരിച്ച് തുടങ്ങി. വ്യാപകമായ നിയമ ബോധവൽക്കരണത്തിലൂടെ മാലിന്യ നിക്ഷേപവും

കത്തിക്കലും കുറയുകയും പരിസ്ഥിതി മലിനീകരണവും ആരോഗ്യ പ്രശ്നങ്ങളും ജനങ്ങളുടെ ഇടയിൽ കുറയ്ക്കാനും സാധിച്ചു.

## ഗ്രീൻ പ്രോട്ടോക്കോൾ 2017

സംസ്ഥാനത്തെ മുഴുവൻ സർക്കാർ, അർദ്ധ സർക്കാർ ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി നടപ്പിലാക്കുന്നതിനായി ജില്ലയിൽ 2018 മാർച്ച് മാസമാണ് പ്രവർത്തനം ആരംഭിച്ചത്. ആഘോഷങ്ങളിലും പരിപാടികളിലും ഒറ്റ തവണ ഉപയോഗിക്കുന്ന പാത്രങ്ങളും മറ്റ് ഉത്പന്നങ്ങളും ഒഴിവാക്കി മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്ന പരിപാടി സർക്കാർ ഓഫീസുകൾക്ക് പുറമേ മറ്റ് സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങളിൽ ആഹാരം, കുടിവെള്ളം കൊണ്ടുവരുന്നതിനായി സ്റ്റെയിൻലെസ്സ് സ്റ്റീൽ പാത്രങ്ങൾ ഉറപ്പാക്കി. ഒറ്റ തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന വസ്തുക്കൾ, വൃത്തിയുള്ള ശുചിമുറി, ജൈവ മാലിന്യ സംസ്കരണം, അജൈവ മാലിന്യ ശേഖരണം, കൈമാറൽ, മലിനജല സംസ്കരണം, ഊർജ്ജ സംരക്ഷണം, ജൈവ പച്ചക്കറി കൃഷി തുടങ്ങിയവ ഉറപ്പാക്കി.

ക്യാമ്പയിന്റെ ഭാഗമായി എല്ലാ ഓഫീസുകളിൽ നിന്നും ഇ-വേസ്റ്റ് ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറി. ഉപയോഗശൂന്യമായ ഫർണിച്ചർ തുടങ്ങിയവ കൈമാറുന്നതിനുള്ള നടപടികളും സ്വീകരിച്ചു. ജില്ലയിലെ 80 ശതമാനം ഓഫീസുകളും നിലവിൽ ഗ്രീൻ പ്രോട്ടോകോൾ പാലിച്ചാണ് പ്രവർത്തിക്കുന്നത്.

ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആഡിറ്റോറിയങ്ങൾ, ആശുപത്രികൾ തുടങ്ങി എല്ലാ മേഖലകളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലനം നടപ്പിലാക്കുന്ന വ്യാപകമായ പ്രവർത്തനം ഇതിന് തുടർച്ചയായി നടത്തിയിരുന്നു.

## ഹരിതോത്സവം 2018

ഹരിത സൗഹൃദമായ ഒരു വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുവേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പും ഹരിതകേരളം മിഷനുമായി ചേർന്ന് വിദ്യാലയങ്ങളിൽ നടപ്പിലാക്കിയ ക്യാമ്പയിനാണ് ഹരിതോത്സവം. 2018 ജൂലൈ 26 മുതൽ ഓഗസ്റ്റ് 1 വരെയായിരുന്നു ഹരിതോത്സവം ക്യാമ്പയിൻ സംഘടിപ്പിച്ചത്. പ്രകൃതിയെ പാഠപുസ്തകമാക്കി മാറ്റി പ്രകൃതിയുടെ അമൂല്യ പാഠങ്ങൾ കുട്ടികൾക്ക് പകർന്നു നൽകാൻ 10 ഭാഗങ്ങളായാണ് ഹരിതോത്സവം വിദ്യാലങ്ങളിൽ നടത്തിയത്. ജൂൺ 5 ലോക പരിസ്ഥിതി ദിനം, ജൂലൈ 17 മരുവൽക്കരണ വിരുദ്ധ ദിനം, ജൂലൈ 1 ഡോക്ടേഴ്സ് ദിനം, ജൂലൈ 28 ലോക പ്രകൃതി സംരക്ഷണ ദിനം, ഓഗസ്റ്റ് 9 പുനരുപയോഗ ദിനം, സെപ്റ്റംബർ 16 ഓസോൺ ദിനം, ഒക്ടോബർ 2 ഗാന്ധി ജയന്തി, ഒക്ടോബർ 16 ലോക ഭക്ഷ്യദിനം, നവംബർ 17 സാർവ്വദേശീയ വിദ്യാർത്ഥി ദിനം, ആഗസ്റ്റ് 29 ദേശീയ കായിക ദിനം എന്നിങ്ങനെയാണ് 10 ഉത്സവങ്ങൾ. ഹരിതോത്സവത്തിനു പുറമെ ഹരിത വിദ്യാലയത്തിനുള്ള പ്രവർത്തനങ്ങളും ഇതോടൊപ്പം ആസൂത്രണം ചെയ്തിരുന്നു. സ്കൂളുകളിൽ ജൈവ മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിച്ച് സംസ്കരണം നടത്തുകയും അവയിലെ ജൈവ വളം ഉപയോഗിച്ച് പച്ചക്കറി തോട്ടവും, പൂന്തോട്ടവും പരിപാലിക്കുക, ഹരിതചട്ടം നടപ്പിലാക്കുക, ജലസംരക്ഷണ പ്രവർത്തനം, ജലത്തിന്റെ

മിത ഉപയോഗം, ലഹരി വിമുക്ത ക്യാമ്പസ് തുടങ്ങിയവയിൽ ബോധവൽക്കരണം നടത്തുകയും ക്യാമ്പയിന്റെ ഭാഗമായി ചെയ്തിട്ടുണ്ട്. ജില്ലയിൽ നടത്തിയ ഹരിതോത്സവം ക്യാമ്പയിനിൽ 71545 വിദ്യാർത്ഥികൾ പങ്കെടുത്തു. ഹരിതോത്സവം ക്യാമ്പയിൻ മുഖേന കുട്ടികളിൽ ബോധവൽക്കരണം നടത്തിയതിലൂടെ മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി, പരിസ്ഥിതി സംരക്ഷണം, ലഹരിമുക്തം തുടങ്ങിയ വിഷയങ്ങളിൽ അവബോധം സൃഷ്ടിച്ചു.




ഹരിതോത്സവം– സി.എസ്.ഐ വൊക്കേഷണൽ ഹയർസെക്കൻററി & എച്ച്.എസ്.എ,സ് ഫോർ ഡെഫ്, വാളകം

## ക്യാരി ബാഗിന് പകരം സാരീ ബാഗ് 2019

ഉപയോഗിച്ച ശേഷമുള്ള തുണികളുടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും തുണി മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും പ്ലാസ്റ്റിക് ക്യാരി ബാഗിന്റെ ഉപയോഗം ഒഴിവാക്കുന്നതിനുമായി ജില്ലയിൽ 2019 മുതൽ പ്രദർശനങ്ങളിലും പൊതുപരിപാടികളിലും തുണി സഞ്ചിയുടെ ഉപയോഗം പ്രോത്സാഹിപ്പിച്ചു. തുണി സഞ്ചിയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി ഉപയോഗിച്ച സാരികൾ, മറ്റു തുണിത്തരങ്ങൾ തുടങ്ങിയവ ശേഖരിച്ച് സഞ്ചി തയ്യ്ച് സൗജന്യമായി വിതരണം നടത്തി വരുന്നു. ഇതുമൂലം ക്യാരി ബാഗ് ഉപയോഗത്തിന്റെ തോത് കുറയ്ക്കുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും പ്ലാസ്റ്റിക് മൂലമുള്ള മലിനീകരണം കുറയ്ക്കുന്നതിനും പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും സഹായകരമായി.

## പ്രളയാനന്തര പ്രവർത്തനം 2019

കൊല്ലം ജില്ലയിൽ 353 വാർഡുകളിൽ പ്രളയം ബാധിച്ചിരുന്നുവെങ്കിലും കാര്യമായ നാശനഷ്ടങ്ങൾ ഉണ്ടായില്ല. എന്നാൽ പ്രളയം ഗുരുതരമായി ബാധിച്ച സമീപ ജില്ലയായ പത്തനംതിട്ടയിലാണ്

ജില്ലാ മിഷന്റെ നേതൃത്വത്തിൽ പ്രളയാനന്തര പ്രവർത്തനം നടത്തിയത്. ജില്ലയിലെ ഐ.ടി.ഐ.കൾ, പോളിടെക്നിക്കുകൾ, എഞ്ചിനീയറിങ് കോളജുകൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികളെ സംഘടിപ്പിച്ച് വിവിധ ഗ്രൂപ്പുകളായി പത്തനംതിട്ട ജില്ലയിൽ പ്രളയാനന്തര പ്രവർത്തനത്തിന് നേതൃത്വം നൽകി. ഏകദേശം മൂവായിരത്തോളം കുട്ടികൾ പത്തനംതിട്ട ജില്ലയിലെ ശുചീകരണ പ്രവർത്തനത്തിൽ പങ്കെടുത്തു. നൈപുണ്യ കർമ്മസേന പ്രളയ ബാധിത മേഖലയിലെ ശുചീകരണ പ്രവർത്തനത്തിന് പുറമെ ഇലക്ട്രിക്, പ്ലംബിംഗ്, കാർപെന്ററി റിപ്പയർ വർക്കുകൾ ഏറ്റെടുത്ത് നടത്തി. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജില്ലയിലെ ദുരന്ത നിവാരണ സെൽ, ആർ.ടി ഓഫീസ് വഴി നൈപുണ്യ കർമ്മസേനയ്ക്കും വോളന്റിയേഴ്സിനും ഉള്ള യാത്രയ്ക്ക് ദൈനം ദിനം ബസുകൾ സൗജന്യമായി ക്രമീകരിച്ച് നൽകുകയുണ്ടായി. പത്തനംതിട്ട ജില്ലയിലെ കോപ്പറേറ്റീവ് എഞ്ചിനീയറിംഗ് കോളജിലും, സ്കൂളുകളിലും, റാന്നി, പഴയങ്ങാടി, അങ്ങാടി, പെരിനാട്, കോയിപ്പുറം, നിരണം, ആറന്മുള, തൊട്ടപ്പുഴശ്ശേരി തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിലും പ്രളയാനന്തര പ്രവർത്തനവും റിപ്പയറിങ്ങും നടത്തിയത് ഏറെ അഭിമാനകരമായിരുന്നു.




കൊല്ലം വനിതാ ഐ.ടി.ഐയിൽ നിന്നും പ്രളയാനന്തര പ്രവർത്തനത്തിനായി പത്തനംതിട്ടയിൽ പോകുന്ന നൈപുണ്യകർമ്മസേന



കൊല്ലം ചന്ദനത്തോപ്പ് ഐ.ടി.ഐ.യിലെ നൈപുണ്യകർമ്മസേന റാന്നി കോ-ഓപ്പറേറ്റീവ് എഞ്ചിനീയറിംഗ് കോളേജിൽ ശുചീകരണ പ്രവർത്തനം നടത്തുന്നു

## പെൻസിൽ ക്യാമ്പയിൻ 2019

2018 - ൽ അവധിക്കാലത്ത് നടത്തിയ ഹരിതോത്സവം ക്യാമ്പയിന്റെ തുടർച്ചയായാണ് പെൻസിൽ ക്യാമ്പയിൻ 2019 - ൽ നടത്തിയത്. ഹരിതകേരളം മിഷൻ, കുടുംബശ്രീ മിഷൻ, ആരോഗ്യ വകുപ്പ്, ശുചിത്വ മിഷൻ, കില, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയെ സംയോജിപ്പിച്ച് ആയിരുന്നു പെൻസിൽ ക്യാമ്പയിൻ സംഘടിപ്പിച്ചത്.

പ്രകൃതി സൗഹൃദ വസ്തുക്കൾ കൊണ്ട് നിർമ്മിക്കപ്പെട്ടത് എന്നതും പൂർണ്ണമായും ഉപയോഗിച്ച് തീർക്കാം എന്നതുമാണ് പെൻസിലിന്റെ സവിശേഷത. മാലിന്യത്തിന്റെ അളവ് കുറയ്ക്കുകയും പരി സ്ഥിതി സൗഹൃദ വസ്തുക്കൾ കൂടുതലായി ഉപയോഗിക്കുകയും ചെയ്യുന്ന ശീലം കുട്ടികളിൽ വളർ ത്താൻ ലക്ഷ്യമിട്ടുള്ള ക്യാമ്പയിനായിരുന്നതിനാലാണ് 'പെൻസിൽ' എന്ന പേര് നൽകിയത്. മാലിന്യ ങ്ങളെ തരം തിരിക്കേണ്ടതിന്റെ ആവശ്യകതയും പ്രാധാന്യവും കുട്ടികളുടെ അനുഭവമാക്കി മാറ്റുക, പാഴ് വസ്തുക്കൾ മാലിന്യമായി മാറുന്ന സാഹചര്യം സംബന്ധിച്ച് കുട്ടികളിൽ അവബോധം സൃഷ്ടി ക്കുക, മാലിന്യത്തിന്റെ അളവ് കുറയ്ക്കുക, പുനരുപയോഗ സാധ്യതകൾ/ആശയങ്ങൾ കുട്ടികളിൽ എത്തിക്കുക, മാലിന്യവുമായി ബന്ധപ്പെട്ട വിവിധതരം നിയമ ലംഘനങ്ങളെയും അവയ്ക്ക് ലഭിക്കാ വുന്ന ശിക്ഷകളെയും കുറിച്ച് കുട്ടികളിൽ ധാരണ വളർത്തുക, നിയമലംഘനങ്ങൾക്ക് എതിരെ പ്ര തികരിക്കാനുള്ള ശേഷി കുട്ടികളിൽ വളർത്തുക, പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കുന്ന ശീലം വളർത്തുക, മാലിന്യ പ്രശ്നം കൊണ്ട് സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചു അവബോധം സൃഷ്ടിക്കുക എന്നിവയായിരുന്നു ക്യാമ്പയിന്റെ ലക്ഷ്യം. പെൻസിൽ ക്യാമ്പയിനിൽ ജില്ലയിൽ 42547 കുട്ടികൾ പങ്കെടുത്തു.

ക്യാമ്പയിൻ സംഘടിപ്പിച്ചതിലൂടെ കുട്ടികളിൽ പരിസ്ഥിതി ബോധവൽക്കരണം നടത്താനും സ്കൂളിലും വീടുകളിലും അയൽവീടുകളിലും ഈ സന്ദേശം എത്തിക്കാനും പരിസ്ഥിതി മലിനീകര ണം കുറയ്ക്കാനും സാധിച്ചു.

## "ഇനി ഞാൻ ഒഴുകട്ടെ" ക്യാമ്പയിൻ 2019

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നീർച്ചാലുകൾ ജനകീയമായി ശുചീകരിച്ച് വീണ്ടെടുത്ത ക്യാമ്പയിനാണ് "ഇനി ഞാൻ ഒഴുകട്ടെ". ജില്ലയിൽ 2019 ഡിസംബർ 8 - നാണ് ക്യാമ്പയിൻ ആരംഭിച്ചത്. ക്യാമ്പയിൻ ഉദ്ഘാടനം കൊട്ടാരക്കര നഗരസഭയിലെ പാണ്ടിവയൽ തോടിന്റെ പുനരുജ്ജീവനം ഏറ്റെടുത്തുകൊണ്ടാണ് ആരംഭിച്ചത്.

"ഇനി ഞാൻ ഒഴുകട്ടെ" ഒന്നാംഘട്ട ക്യാമ്പയിൻ പ്രവർത്തനത്തിൽ ജില്ലയിൽ 292.87 കിലോ മീറ്റർ നീളത്തിലും 2020 - ൽ നടത്തിയ രണ്ടാം ഘട്ട പ്രവർത്തനത്തിൽ 785.70 കിലോമീറ്റർ നീളത്തിലും നീർച്ചാലുകൾ ശുചീകരിച്ച് വീണ്ടെടുത്തു. തുടർന്ന് "മാലിന്യമുക്തം നവകേരളം" ജനകീയ ക്യാമ്പയിന്റെ ഭാഗമായി 2024 ഡിസംബർ 8 മുതൽ മാർച്ച് 21 വരെയും "ഇനി ഞാൻ ഒഴുകട്ടെ" ക്യാമ്പയിൻ നടത്തുകയുണ്ടായി. 2025 ഡിസംബർ മാസം വരെ ജില്ലയിൽ ആകെ 5433.76 കിലോമീറ്റർ നീളത്തിൽ നീർച്ചാലുകൾ പുനരുജ്ജീവിപ്പിക്കുകയുണ്ടായി. ക്യാമ്പയിന്റെ ഭാഗമായി നീർച്ചാലുകളിലെ മലിനീകരണം ഒഴിവാക്കാനും നീരൊഴുക്ക് വർദ്ധിപ്പിക്കാനും തടയണകൾ നിർമ്മിച്ച് ജലസംരക്ഷണം ഉറപ്പാക്കാനും കൃഷി വ്യാപനം നടത്താനും പരിസ്ഥിതി പുനഃസ്ഥാപനം നടത്താനും കഴിഞ്ഞു.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ, സന്നദ്ധ പ്രവർത്തകർ, എൻ.എസ്സ്.എസ്സ് വോളന്റിയേഴ്സ് തുടങ്ങിയവരുടെ സഹായത്തോടെ തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയമായാണ് ക്യാമ്പയിൻ സംഘടിപ്പിക്കാൻ സാധിച്ചത്. തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ താല്പര്യവും പങ്കാളിത്തവും ക്യാമ്പയിനിൽ ഉടനീളം ലഭിച്ചു. സന്നദ്ധ പ്രവർത്തകർക്ക് പുറമെ തൊഴിലുറപ്പ് തൊഴിലാളികളുടെ അകമഴിഞ്ഞ സേവനം എടുത്തുപറയേണ്ടതാണ്. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദനീയമായ പ്രവൃത്തികൾ നീർച്ചാലുകളുടെ സംരക്ഷണത്തിനായി ഏറ്റെടുത്ത് നടപ്പിലാക്കി. ജില്ലയിലെ തൊഴിലുറപ്പ് പദ്ധതി ജില്ലാമിഷൻ ടീമിന്റെയും തദ്ദേശ സ്ഥാപനങ്ങളിലെ തൊഴിലുറപ്പ് ഉദ്യോഗസ്ഥരുടെയും അനുകൂലമായ സേവനവും ക്യാമ്പയിൻ വിജയത്തിന് കാരണമായി. നഗരസഭകളിലും കോർപ്പറേഷനിലും അയ്യങ്കാളി തൊഴിലുറപ്പ് ഉദ്യോഗസ്ഥരുടെയും തൊഴിലാളികളുടെയും സേവനം തൃപ്തികരമായതിനാൽ നഗരസഭകളിലും ക്യാമ്പയിൻ നടപ്പിലാക്കാൻ സാധിച്ചു. ഇറിഗേഷൻ വകുപ്പിലെ ജലസംരക്ഷണ സാങ്കേതിക സമിതി കൺവീനർമാരായ ഉദ്യോഗസ്ഥരുടെ സാങ്കേതിക പിന്തുണയും ക്യാമ്പയിൻ വിജയത്തിലേക്ക് നയിച്ചിട്ടുണ്ട്. ഇതിനുപുറമെ ഹരിതകേരളം മിഷൻ ബ്ലോക്ക് കോർഡിനേറ്റർമാരുടെ ആത്മാർത്ഥ പ്രയത്നവും എടുത്ത് പറയേണ്ടതാണ്.





## ജാഗ്രതോത്സവം 2020

പകർച്ചവ്യാധി പ്രതിരോധം ലക്ഷ്യമിട്ട് സംസ്ഥാന ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ഹരിതകേരളം മിഷൻ സംഘടിപ്പിച്ച ക്യാമ്പയിനാണ് ജാഗ്രതോത്സവം. ആരോഗ്യ ജാഗ്രത പരിപാടിയുടെ ഭാഗമായി ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളിലെ വാർഡുകളിൽ 50-60 കുട്ടികളെ പങ്കെടുപ്പിച്ച് കൊണ്ടാണ് ക്യാമ്പയിൻ സംഘടിപ്പിച്ചത്. ജില്ലയിലെ മുഴുവൻ തദ്ദേശസ്ഥാപനങ്ങളിലും വാർഡുതലത്തിൽ

ക്യാമ്പയിൻ സംഘടിപ്പിച്ചു. വാർഡ് തലത്തിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ നടത്തിയ ക്യാമ്പയിനിൽ 57000 കുട്ടികൾ പങ്കെടുത്തു. ക്യാമ്പയിൻ സംഘടിപ്പിച്ചതിലൂടെ കുട്ടികൾക്ക് പകർച്ചവ്യാധി പ്രതിരോധിക്കുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കാനും അതുവഴി പകർച്ചവ്യാധി പടരുന്നതിനുന്നതിനുള്ള തീവ്രത കുറയ്ക്കാനും സാധിച്ചു.



കൊല്ലം ജില്ലാ റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലനം



ജാഗ്രതോത്സവം പരിശീലനം പഞ്ചായത്ത് തലത്തിൽ

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ പദവി 2020

സംസ്ഥാന സർക്കാരിന്റെ പന്ത്രണ്ടിന പരിപാടികളുടെ ഭാഗമായി ശുചിത്വ കേരളം പദ്ധതി പ്രകാരം കേരളത്തിലെ 500 ഗ്രാമപഞ്ചായത്തുകളും 50 നഗരസഭകളും 2020 ആഗസ്റ്റ് 15-ന് മുൻപായി ഖര മാലിന്യ സംസ്കരണത്തിൽ ശുചിത്വ പദവി കൈവരിക്കാൻ തീരുമാനിച്ചിരുന്നു. ഇത് പ്രകാരം കൊല്ലം ജില്ലയിൽ 40 ഗ്രാമപഞ്ചായത്തുകളും 4 നഗരസഭകളും ശുചിത്വ പദവി കൈവരിക്കുന്നതി

നായുള്ള പ്രവർത്തനമാണ് ആരംഭിച്ചത്. ശുചിത്വ പദവി നിർണ്ണയിക്കുന്നതിനായി 100 മാർക്കിലുള്ള ചോദ്യാവലിയിൽ 60 മാർക്കിൽ കൂടുതൽ ലഭിക്കുന്ന തദ്ദേശ സ്ഥാപനങ്ങൾക്കാണ് ശുചിത്വ പദവി നൽകിയത്. ജില്ലയിൽ ഇതിനായി 3 പേർ അടങ്ങുന്ന 5 ഗ്രൂപ്പുകളായി തിരിച്ച് പരിശോധന നടത്തുകയുണ്ടായി. ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ റിസോഴ്സ് പേഴ്സൺമാർ, ആരോഗ്യ വകുപ്പിലെയും തദ്ദേശ സ്വയംഭരണ വകുപ്പിലെയും ഉദ്യോഗസ്ഥർ, കുടുംബശ്രീ മിഷൻ എന്നിവരിൽ നിന്ന് തെരഞ്ഞെടുത്ത അംഗങ്ങളാണ് പരിശോധന നടത്തിയത്. 2022 ജൂലൈ മാസം ആയപ്പോഴേക്കും 60 ശതമാനം പൂർത്തീകരിച്ച് ജില്ലയിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളും ശുചിത്വ പദവി കൈവരിക്കുകയുണ്ടായി.

## തെളിനീരൊഴുകും നവകേരളം 2022

സംസ്ഥാനത്തെ ജലാശയങ്ങൾ, തോടുകൾ, നീർച്ചാലുകൾ തുടങ്ങിയ ജലസ്രോതസ്സുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മാലിന്യമുക്തമായി സംരക്ഷിക്കുന്നതിനായി 2022 മെയ് മാസം കൊല്ലം ജില്ലയിലും "തെളിനീരൊഴുകും നവകേരളം" ക്യാമ്പയിൻ ആരംഭിച്ചിരുന്നു. ഹരിതകേരളം മിഷന്റെയും ശുചിത്വ മിഷന്റെയും ഏകോപനത്തിലാണ് ക്യാമ്പയിൻ നടത്തിയത്.

എല്ലാ തദ്ദേശ സ്ഥാപന തലത്തിലും ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർക്കുപുറമേ സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, എൻ.എസ്സ്.എസ്സ്, എസ്.പി.സി, എൻ.സി.സി എന്നിവയുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി ജനകീയമായാണ് ക്യാമ്പയിൻ സംഘടിപ്പിച്ചത്. ജല നടത്തത്തിലൂടെ ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്ന ഇടങ്ങൾ കണ്ടെത്തുകയും ജി.ഐ.എസ്സ് മാപ്പിംഗ് നടത്തുകയുമുണ്ടായി. മലീനീകരിക്കപ്പെടുന്ന സ്ഥലങ്ങളുടെ ഫോട്ടോ, മലീനീകരണത്തിന്റെ കാരണങ്ങൾ എന്നിവ 'തെളിനീർ' എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെ മാപ്പ് ചെയ്യുകയും ചെയ്തു. കണ്ടെത്തിയ ഇടങ്ങളിൽ നിന്ന് ജല സാമ്പിളുകൾ ശേഖരിച്ച് ശുചിത്വ മിഷനിൽ നിന്ന് ലഭ്യമാക്കിയ പ്രത്യേക ടെസ്റ്റ് കിറ്റുകൾ ഉപയോഗിച്ച് ജലഗുണനിലവാര പരിശോധന നടത്തുകയുണ്ടായി. ജില്ലയിൽ ആകെ 1420 വാർഡുകളിലായി 5790 സാമ്പിളുകൾ ശേഖരിച്ചു. ഇതിൽ 70 ശതമാനം സാമ്പിളുകളിലും കോളിഫോം ബാക്ടീരിയ ഉൾപ്പെടെ ഗുരുതര മലിനീകരണ പ്രശ്നങ്ങൾ കണ്ടെത്തുകയുണ്ടായി.

മലിനീകരണം കൂടിയ നീർച്ചാലുകളിൽ കണ്ടെത്തിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പ്രോജക്റ്റ് ക്ലിനിക്കുകൾ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങൾ ആവശ്യമായ പ്രോജക്റ്റുകൾ ഏറ്റെടുക്കുന്നതിന് സാങ്കേതിക പിന്തുണ നൽകി.

ക്യാമ്പയിന്റെ ഭാഗമായി വ്യാപകമായ ഐ.ഈ.സി പ്രവർത്തനങ്ങളും നടത്തുകയുണ്ടായി. ജില്ലയിൽ ഇതിനായി പ്രത്യേക മീഡിയ റൂം ആരംഭിക്കുകയും കോളേജ് വിദ്യാർത്ഥികളുടെ സേവനം ഉപയോഗപ്പെടുത്തി നവമാധ്യമ പ്രചരണം നടത്തുകയും ചെയ്തു. "തെളിനീരൊഴുകും നവകേരളം കൊല്ലം" എന്ന പേരിൽ ഇതിനായി ഒരു ഫേസ്ബുക്ക് പേജ് ആരംഭിക്കുകയും ചെയ്തു.

ജില്ലയിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും കൂടുതൽ മലീമസമായ നീർച്ചാലുകൾ തിരഞ്ഞെടുത്ത് നീർച്ചാലുകളുടെ ജനകീയ ശുചീകരണം നടത്തി. ഇതിന് തുടർച്ചയായി 'ഇനി ഞാൻ ഒഴുകട്ടെ' ക്യാമ്പയിൻ പ്രകാരം കൂടുതൽ ജലസ്രോതസ്സുകൾ വീണ്ടെടുക്കാനായി.

## “നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ” 2022

മാലിന്യം, ഊർജ്ജം, ഗതാഗതം, കൃഷി തുടങ്ങിയ മേഖലകളിൽ കാർബൺ നിർഗ്ഗമനം കണക്കാക്കുകയും തുടർന്ന് കാർബൺ ലഘൂകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനമാണ് “നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ” ക്യാമ്പയിൻ. സംസ്ഥാനത്ത് ക്യാമ്പയിനായി തെരഞ്ഞെടുത്ത 94 ഗ്രാമപഞ്ചായത്തുകളിൽ ആദ്യഘട്ടത്തിൽ കൊല്ലം ജില്ലയിലെ 10 ഗ്രാമപഞ്ചായത്തുകളാണ് ഉൾപ്പെട്ടിരുന്നത്. തെന്മല, അലയമൺ, പട്ടാഴി വടക്ക്, കരീപ്ര, നെടുമ്പന, പൂതക്കുളം, തെക്കുംഭാഗം, വെസ്റ്റ് കല്ലട, ശൂരനാട് സൗത്ത് എന്നീ ഗ്രാമപഞ്ചായത്തുകളാണ് ആദ്യഘട്ടത്തിലുള്ളത്. അന്തരീക്ഷത്തിലെ കാർബണിന്റെ അളവ് ലഘൂകരിക്കുന്നതിനായി മാലിന്യം, ഊർജ്ജം, ഗതാഗതം, കൃഷി തുടങ്ങിയ മേഖലകളിൽ നിരവധി സെമിനാറുകൾ സംഘടിപ്പിച്ച് നടപ്പിലാക്കി വരികയാണ്. ജില്ലയിൽ തെരഞ്ഞെടുത്ത 250 അംഗനവാടികളിൽ, എനർജി മാനേജ്മെന്റ് സെന്ററിന്റെ സഹായത്തോടെ ഇൻഡക്ഷൻ കുക്കറും, പാചകം ചെയ്യാനുള്ള പാത്രങ്ങളും നൽകുകയുണ്ടായി. എൽ.പി.ജി ഗ്യാസ് സ്ററൗവിൽ പാചകം ചെയ്തിരുന്നത് ഒഴിവാക്കി ഇൻഡക്ഷൻ കുക്കറിൽ പാചകം ചെയ്യുന്നത് വഴി 250 അംഗനവാടികളിലെ ഗ്യാസിൽ നിന്ന് നിർഗ്ഗമിക്കുന്ന കാർബണിന്റെ അളവ് കുറയ്ക്കാൻ സാധിച്ചു. ഘട്ടം ഘട്ടമായി ജില്ലയിലെ മുഴുവൻ അംഗനവാടികളിലും ആവശ്യമായ പ്രവർത്തനം നടത്തി ഹരിത അംഗനവാടികളാക്കി മാറ്റാനും അതുവഴി കാർബൺ സന്തുലിതാവസ്ഥ നിലനിർത്താനും സാധിക്കും.



പൂതക്കുളം ഗ്രാമപഞ്ചായത്തിലെ അംഗൻവാടികൾക്ക് ഇൻഡക്ഷൻ കുക്കർ വിതരണം

വേൾഡ് റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 10 ഗ്രാമപഞ്ചായത്തുകളിലെ വിട്ടുകിട്ടിയ സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തുകയും സോളാർ സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തുകയും ചെയ്തു. ജില്ലയിൽ ആദ്യഘട്ടം തെരഞ്ഞെടുത്ത 10 ഗ്രാമപഞ്ചായത്തുകളിലായി 150 സ്ഥാപനങ്ങളിലാണ് ഊർജ്ജ ഓഡിറ്റും സോളാർ സാദ്ധ്യത പഠനവും നടത്തിയത്. ത്രിതല പഞ്ചായത്ത് ഫണ്ട്, എം.എൽ.എ / എം.പി. ഫണ്ട്, സി.എസ്.ആർ ഫണ്ട് എന്നിവ വിനിയോഗിച്ച് വരും വർഷങ്ങളിൽ സോളാറുകൾ സ്ഥാപിക്കുകയും അതുവഴി കാർബണിന്റെ അളവ് കുറയ്ക്കാനും സാധിക്കും.

രണ്ടാം ഘട്ടത്തിൽ ക്യാമ്പയിൻ വ്യാപിപ്പിക്കുന്നതിനായി കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ 7 തദ്ദേശ സ്ഥാപനങ്ങളെയും പനയം, പിറവന്തൂർ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെ 9 തദ്ദേശ സ്ഥാപനങ്ങളെയും തെരഞ്ഞെടുക്കുകയും തുടർ പ്രവർത്തനം നടന്നുവരികയുമാണ്.

മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി “നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ” ക്യാമ്പയിൻ പ്രവർത്തനം ഏറ്റെടുത്ത മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലെയും ഓഫീസുകൾ, സ്കൂളുകൾ, കലാലയങ്ങൾ എന്നിവ ഹരിത സ്ഥാപനങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 10 ഗ്രാമപഞ്ചായത്തുകളിലെ സ്ഥാപനങ്ങളിൽ കാർബൺ ബഹിർഗമനം കണക്കാക്കുന്നതിനായുള്ള സർവ്വേ ഇതിനായി തയ്യാറാക്കിയ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. സർവ്വേ പ്രകാരം അലയമൺ ഗ്രാമപഞ്ചായത്തിലെ ഓയിൽ പാം എന്നിവ നെറ്റ് സീറോ കാർബൺ പദവിക്ക് അർഹത നേടിയിട്ടുണ്ട്. എല്ലാ ഹരിത സ്ഥാപനങ്ങളും നെറ്റ് സീറോ പദവിയിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനം വരും വർഷങ്ങളിൽ പൂർത്തീകരിക്കുകയും അതുവഴി അന്തരീക്ഷത്തിലെ കാർബണിന്റെ അളവ് കുറയ്ക്കാനും സാധിക്കും.
ജില്ലയിൽ തെരഞ്ഞെടുത്ത 5 മാതൃകാ സ്ഥാപനങ്ങൾ നെറ്റ് സീറോ പദവിയിൽ എത്തിക്കുന്നതിനായി സർവ്വേ നടത്തുകയും തുടർ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അമൃത വിശ്വവിദ്യാപീഠം ക്യാമ്പസ്, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർഷെഡ് ഡെവലപ്പ്മെന്റ് & മാനേജ്മെന്റ് കേരള (IWDMK) ചടയമംഗലം, കരിക്കോട് ടി.കെ.എം. ആർട്സ് & സയൻസ് കോളജ്, കരവാളൂർ കുടുംബാരോഗ്യ കേന്ദ്രം, കുളത്തൂപ്പുഴ ഫോറസ്റ്ററ് മ്യൂസിയം എന്നീ മാതൃകാ സ്ഥാപനങ്ങളിലാണ് കാർബൺ സർവ്വേ നടത്തിയത്. 5 സ്ഥാപനങ്ങളും ആവശ്യമായ പ്രവർത്തനങ്ങൾ നടത്തി, വരും വർഷങ്ങളിൽ നെറ്റ് സീറോ പദവി കൈവരിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്നതാണ്. അതുവഴി അന്തരീക്ഷത്തിലെ കാർബണിന്റെ അളവ് ലഘൂകരിക്കാൻ സാധിക്കും. 2040 ഓടെ ജില്ലയ്ക്ക് ഊർജ്ജ മേഖലയിൽ “നെറ്റ് സീറോ” പദവി കൈവരിക്കാനും 2050 ഓടെ എല്ലാ മേഖലയിലും കൊല്ലം ജില്ല നെറ്റ് സീറോ കാർബൺ ജില്ലയായി മാറുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## “വലിച്ചെറിയൽ മുക്ത കേരളം” ക്യാമ്പയിൻ 2023

“മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം” ഒന്നാംഘട്ടത്തിന്റെ ഭാഗമായി ജില്ലയിലെ എല്ലാ ജനവിഭാഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് 2023 ജനുവരി 26-ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും ആരംഭിച്ച ക്യാമ്പയിനാണ് “വലിച്ചെറിയൽ മുക്ത കേരളം”. ക്യാമ്പയിന്റെ ഭാഗമായി ജനുവരി 26 മുതൽ 30 വരെ തദ്ദേശ സ്ഥാപനങ്ങളിലെ പൊതു ഇടങ്ങൾ ശുചീകരിച്ചു. പൊതു ഇടങ്ങളിൽ മാലിന്യം വലിച്ചെറിയാതിരിയ്ക്കാനുള്ള സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായാണ് ക്യാമ്പയിൻ നടത്തിയത്. ഇതിനായി ജില്ലയിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സംഘാടക സമിതി രൂപീകരിക്കുകയും സ്ഥാപന പരിധിയിലെ മാലിന്യ കൂനകൾ കണ്ടെത്തി ശുചീകരിക്കുകയും ചെയ്തു. കോളേജുകളിലും സ്കൂളുകളിലും എൻ.എസ്സ്.എസ്സ്, എസ്.പി.സി വോളണ്ടിയർമാരുടെ നേതൃത്വത്തിലും ശുചീകരണം നടത്തി. ശുചീകരണത്തിന് ശേഷം തുടർന്നും മാലിന്യ നിക്ഷേപം ഉണ്ടാകാതിരിയ്ക്കാനുള്ള നടപടികളും തദ്ദേശ സ്ഥാപനങ്ങൾ സ്വീകരിച്ചു.

“വലിച്ചെറിയൽ മുക്ത കേരളം” ക്യാമ്പയിന്റെ ഭാഗമായി ജില്ലയിൽ 73 തദ്ദേശ സ്ഥാപനങ്ങളിലായി 697 മാലിന്യക്കൂനകളും 1040 മാലിന്യങ്ങൾ വലിച്ചെറിയുന്ന പ്രദേശങ്ങളും കണ്ടെത്തി ശുചീകരിച്ചു. ശുചീകരണ പ്രവർത്തനത്തിൽ 13004 പേർ പങ്കെടുക്കുകയും 1,31,816 സ്ക്വയർ മീറ്ററിൽ നിന്നായി 87 ടൺ മാലിന്യം നീക്കം ചെയ്യുകയും ചെയ്തു. മാലിന്യം നീക്കം ചെയ്ത 9 ഇടങ്ങളിൽ വീണ്ടും മാലിന്യം വലിച്ചെറിയാതിരിയ്ക്കാനായി സ്ഥലങ്ങൾ ആകർഷകമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തി. 1365 സ്ഥാപനങ്ങളിൽ ശുചീകരണ പ്രവർത്തനം നടത്തി. ജില്ലയിൽ ആകെയുള്ള 1420 വാർഡുകളിൽ 761 വാർഡുകൾ വലിച്ചെറിയൽമുക്ത വാർഡുകളായി പ്രഖ്യാപിച്ചു.

## “മാലിന്യമുക്തം നവകേരളം” ക്യാമ്പയിൻ 2023

സംസ്ഥാനം ഖര മാലിന്യമുക്തമാകുന്നതിനായി 2023 മാർച്ച് 15 മുതൽ പ്രവർത്തനം ആരംഭിച്ചിരുന്നു. എന്നാൽ കൂടുതൽ കാര്യക്ഷമമായി ക്യാമ്പയിൻ പൂർത്തീകരിക്കുന്നതിനായി 2024 ഒക്ടോബർ 2 മുതലാണ് “മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ” ആരംഭിച്ചത്. ക്യാമ്പയിന്റെ ഭാഗമായി ജൈവ മാലിന്യ സംസ്കരണം, അജൈവ മാലിന്യ ശേഖരണം, കൈമാറൽ തുടങ്ങി എല്ലാ മേഖലകളിലും മാലിന്യ സംസ്കരണം ഉറപ്പാക്കിയാണ് ക്യാമ്പയിൻ 2025 മാർച്ച് 31 - ന് പൂർത്തീകരിച്ചത്.



ക്യാമ്പയിന്റെ ഭാഗമായി ജില്ലയിലെ എല്ലാ കലാലയങ്ങളും, വിദ്യാലയങ്ങളും, സ്ഥാപനങ്ങളും മാലിന്യ സംസ്കരണത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഹരിത കലാലയം, ഹരിത വിദ്യാലയം, ഹരിത സ്ഥാപനങ്ങളായി മാറ്റാൻ കഴിഞ്ഞു. കൂടാതെ കുടുംബശ്രീയുടെ സഹായത്തോടെ എല്ലാ അയൽകൂട്ടങ്ങളും മാർഗ്ഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഹരിത അയൽക്കൂട്ടങ്ങളായി പ്രഖ്യാപിക്കാൻ സാധിച്ചു. വിനോദസഞ്ചാര വകുപ്പിന്റെയും, തൊഴിലുറപ്പ് പദ്ധതിയുടെയും, ശുചിത്വ മിഷന്റെയും സഹായത്തോടെ തെരഞ്ഞെടുക്കപ്പെട്ട

20 ടൂറിസം കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിക്കാനും സാധിച്ചു. പ്രധാനപ്പെട്ട കവലകളും ടൗണുകളും മാലിന്യമുക്തമായി പരിപാലിച്ച് സൗന്ദര്യ വൽക്കരണം നടത്തി ഹരിത ടൗണുകളായി പ്രഖ്യാപിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തദ്ദേശസ്ഥാപന ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സഹകരണത്തോടെയാണ് ക്യാമ്പയിൻ വിജയിപ്പിക്കാൻ സാധിച്ചത്. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, സാങ്കേതിക സർവ്വകലാശാല, ടൂറിസം വകുപ്പ് കുടുംബശ്രീ മിഷൻ, ശുചിത്വമിഷൻ, KSWMP, വിവിധ വകുപ്പ് മേധാവികൾ, ഹരിതകർമ്മസേന തുടങ്ങി തുടങ്ങിയവയുടെ സഹായത്തോടെ ജനകീയമായി ക്യാമ്പയിൻ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചത്. ഹരിതകേരളം മിഷൻ ബ്ലോക്ക് കോർഡിനേറ്റർമാരുടെ ആത്മാർത്ഥമായ പ്രയത്നം ക്യാമ്പയിൻ ഏകോപിപ്പിക്കാൻ സഹായകരമായത് പ്രശംസനീയമാണ്.

| ക്രമ നം | ഇനം | ലക്ഷ്യം | നേട്ടം | ശതമാനം |
|---|---|---|---|---|
| 1 | ഹരിത വിദ്യാലയം | 1081 | 1081 | 100 |
| 2 | ഹരിത കലാലയം | 114 | 114 | 100 |
| 3 | ഹരിത സ്ഥാപനം | 5080 (100%) | 5080 | 100 |
| 4 | ഹരിത വിനോദ സഞ്ചാര കേന്ദ്രങ്ങൾ | 32 | 20 | 62.5 |
| 5 | ഹരിത അയൽക്കൂട്ടം | 25517 | 25517 | 100 |
| 6 | ടൗൺ സൗന്ദര്യവൽക്കരണം (ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ കുറഞ്ഞത് 2 പ്രദേശം) | 162 | 162 | 100 |
| 8 | പൊതുസ്ഥലം/ മാർക്കറ്റ് | 73 | 73 | 100 |

## ക്യാമ്പയിൻ കാലയളവിലെ മറ്റ് നേട്ടങ്ങൾ

a. പ്രവർത്തനം

| പ്രവർത്തനം | 2023 മാർച്ച് (%) | 2025 മാർച്ച് (%) |
|---|---|---|
| വാതിൽപ്പടി ശേഖരണം | 51% | 100% |
| യൂസർഫീ കളക്ഷൻ | 37% | 84% |
| മാലിന്യക്കൂനകൾ നീക്കം ചെയ്യൽ | 72% | 100% |

b. അടിസ്ഥാന സൗകര്യം

| അടിസ്ഥാന സൗകര്യം | 2023 ഫെബ്രുവരി (എണ്ണം) | 2025 മാർച്ച് (എണ്ണം) |
|---|---|---|
| മിനി MCF | 1648 | 1856 |
| MCF | 87 | 106 |
| RRF | 11 | 14 |
| കമ്മ്യൂണിറ്റി ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ | 55 | 107 |
| സ്ഥാപന ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ | 379 | 1008 |
| ഗാർഹിക ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ | 100675 | 147716 |
| സാനിറ്ററി മാലിന്യ സംസ്കരണ സംവിധാനങ്ങൾ | 26 | 79 |
| സ്പെഷ്യൽ വേസ്റ്റ് സംസ്കരണ സംവിധാനങ്ങൾ | 12 | 21 |
| മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള വാഹനങ്ങൾ | 63 | 105 |
| സ്ഥാപിച്ച ബിന്നുകൾ | - | 109365 |
| സ്ഥാപിച്ച ബോട്ടിൽ ബൂത്തുകൾ | - | 500 |
| ക്യാമ്പയിൻ കാലയളവിൽ ശേഖരിച്ച് കൈമാറിയ മാലിന്യത്തിന്റെ അളവ് | | 1900 ടൺ |
| ഹരിതകർമ്മസേനയുടെ ശരാശരി മാസ വരുമാനം | 5000 -10000 | 10000 - 25000 |

## ഹരിത ഗ്രന്ഥശാല

ജൈവ മാലിന്യസംസ്കരണം, അജൈവ മാലിന്യ ശേഖരണം, കൈമാറൽ, ഗ്രീൻ പ്രോട്ടോക്കോൾ പാലനം വൃത്തിയുള്ള ശുചിമുറി തുടങ്ങിയവ ഉറപ്പാക്കി ഗ്രന്ഥശാലകളെ ഹരിത ഗ്രന്ഥശാലകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനം ജില്ലയിൽ അന്തിമഘട്ടത്തിലാണ്. ജില്ലയിൽ ആകെ 760 ഗ്രന്ഥശാലകളാണുള്ളത്. ഇതിൽ ഹരിതകേരളം മിഷൻ ബ്ലോക്ക് കോർഡിനേറ്റർമാർ മുഖേന പരിശോധന നടത്തിയതിൽ 619 (81%) ഗ്രന്ഥശാലകൾ ഹരിത ഗ്രന്ഥശാല പദവി നേടി. ഹരിത ഗ്രന്ഥശാല പ്രവർത്തനത്തിൽ ഗ്രന്ഥശാല അധികൃതരുടെ സഹകരണവും താല്പര്യവും പ്രശംസനീയമാണ്. ഇനിയും പ്രഖ്യാപിക്കാനുള്ള ഗ്രന്ഥശാലകൾ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന മുറയ്ക്ക് പരിശോധന നടത്തി ജില്ലയിലെ മുഴുവൻ ഗ്രന്ഥശാലകളും ഹരിത ഗ്രന്ഥശാലകളായി പ്രഖ്യാപിക്കുന്നതാണ്. കൊട്ടാരക്കര താലൂക്കിലെ മുഴുവൻ ഗ്രന്ഥശാലകളും ഹരിത ഗ്രന്ഥശാലകളായി പ്രഖ്യാപിക്കുന്നതിന് ഗ്രന്ഥശാല ഭാരവാഹികളുടെ താല്പര്യം എടുത്തുപറയേണ്ടതാണ്. ഹരിതകേരളം ബ്ലോക്ക് കോർഡി

നേറ്റർമാർ ഗ്രന്ഥശാലകളിൽ നിരവധി തവണ പരിശോധന നടത്തിയാണ് ജില്ലയിൽ ഈ നേട്ടം കൈവരിക്കാൻ സാധിച്ചത്.

## പളുങ്ക് ചിത്രകഥ

വ്യത്യസ്തമായ വഴിയിലൂടെ വൃത്തിയുടെ സന്ദേശം കുട്ടികളിലെത്തിക്കുന്നതിനും മാലിന്യമുക്ത നവകേരളത്തിനായി വിദ്യാർഥികളെ ബോധവൽക്കരിക്കുന്നതിനും ലക്ഷ്യമിട്ട് കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് പ്രസിദ്ധീകരിച്ച ചിത്രകഥാ പുസ്തകമാണ് പളുങ്ക്. ബ്ലോക്ക്പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന പുസ്തകം ബ്ലോക്ക് പരിധിയിലെ ആറ് ഗ്രാമപഞ്ചായത്തുകളിലെ സർക്കാർ, എയ്ഡഡ് എൽ.പി, യു.പി വിഭാഗം കുട്ടികൾക്ക് സൗജന്യമായി വിതരണം ചെയ്തു. ഇതിലൂടെ കുട്ടികളിൽ മാലിന്യ പരിപാലനത്തിനും പരിസ്ഥിതി സംരക്ഷണത്തിനും സന്ദേശം നൽകാനും സ്കൂളുകളിലും, വീടുകളിലും, അയൽ വീടുകളിലും ഈ സന്ദേശം പകരുന്നതിനും അതിലൂടെ പാരിസ്ഥിതിക പ്രശ്നങ്ങൾ കുറയ്ക്കാനും സഹായിച്ചു.



പളുങ്ക് പുസ്തക പ്രകാശനം

## ഓർമ്മത്തുരുത്ത് 2020

ഭരണ സമിതി അംഗങ്ങളുടെ ഓർമ്മക്കായി 2020-ൽ വൃക്ഷതൈകൾ നട്ടുകൊണ്ട് ഓർമ്മത്തുരുത്ത് പ്രവർത്തനം കൊല്ലം ജില്ലയിലും ആരംഭിച്ചിരുന്നു. ഇതിന് തുടർച്ചയായി അസംബ്ലി നിയോജക മണ്ഡലങ്ങളിലെ എം.എൽ.എമാരുടെ ഓർമ്മയ്ക്കായും പദ്ധതി നടപ്പിലാക്കിയിരുന്നു. ജില്ലയിൽ ആകെ 33 ഓർമ്മത്തുരുത്തുകളാണ് നിലനിൽക്കുന്നത്.

പെരിനാട് ഗ്രാമപഞ്ചായത്തിലെ ചന്ദനത്തോപ്പ് ഐ.ടി.ഐ-ൽ സ്ഥാപിച്ച ഓർമ്മത്തുരുത്താണ് ജില്ലയിലെ മികച്ച ഓർമ്മത്തുരുത്ത്. ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 22 വാർഡ് മെമ്പറുമാരും തൈകൾ നട്ടുകൊണ്ടാണ് ഓർമ്മത്തുരുത്ത് ആരംഭിച്ചത്.

## “ഒരു തൈ നടാം "വൃക്ഷവൽക്കരണ ക്യാമ്പയിൻ 2025

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 2019 മുതൽ നടപ്പിലാക്കി വരുന്ന പച്ചത്തുരുത്ത് പദ്ധതി കൂടുതൽ വ്യാപിപ്പിക്കുന്നതിനൊപ്പം സമഗ്രമായ വൃക്ഷവൽക്കരണം നടത്താനും 2025 ജൂൺ 5 മുതൽ നവംബർ 30 വരെയുള്ള കാലയളവിൽ ഒരു കോടി വൃക്ഷതൈകൾ സംസ്ഥാനത്താകെ നട്ടുപിടിപ്പിക്കാനുമാണ് “ഒരു തൈ നടാം” വൃക്ഷവൽക്കരണ ക്യാമ്പയിൻ ആരംഭിച്ചത്.

ക്യാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം ചവറ ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡിൽ ഖനനം കഴിഞ്ഞ 10 ഏക്കറിൽ വൃക്ഷത്തൈ നട്ടുകൊണ്ടാണ് നിർവ്വഹിച്ചത്. ബ്ലോക്ക് തലത്തിലും നഗരസഭ തലത്തിലും ഗ്രാമപഞ്ചായത് തലത്തിലും പ്രാദേശികമായി ഉദ്ഘാടനങ്ങൾ നടത്തുകയുണ്ടായി. കൊല്ലം ജില്ലയിൽ 7 ലക്ഷം തൈകൾ നട്ടുപിടിപ്പിക്കാനാണ് തീരുമാനിച്ചത്. ക്യാമ്പയിന്റെ ഭാഗമായി 6,23,405 തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. സോഷ്യൽ ഫോറസ്ട്രിയുടെ നേഴ്സറിയിൽ തയ്യാറാക്കിയ തൈകളുടെ വളർച്ച അനുസരിച്ച് തുടർന്നും ബാക്കിയുള്ള തൈകളും നട്ടുപിടിപ്പിച്ച് ജില്ലയുടെ ലക്ഷ്യം പൂർത്തീകരിക്കുന്നതാണ്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സോഷ്യൽ ഫോറസ്ട്രി, കേരള കശുമാവ് കൃഷി വികസന ഏജൻസി, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയവയുടെ സഹായത്തോടെയാണ് തൈകൾ ഉത്പാദിപ്പിച്ചത്. വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, ഹരിതകർമ്മസേന, പരിസ്ഥിതി പ്രവർത്തകർ തുടങ്ങിയവരുടെ സഹായത്തോടെയും ജനകീയമായും തൈകൾ ശേഖരിച്ചു. വിദ്യാർത്ഥികൾ മുഖേന ‘ചങ്ങാതിക്ക് ഒരു തൈ’ എന്ന രീതിയിൽ ക്യാമ്പയിനായി വൃക്ഷവൽക്കരണവും നടത്തി.

സാങ്കേതിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകളിലെ എൻ.എസ്സ്.എസ്സ് വോളന്റിയർമാരുടെ സഹായത്തോടെ ജില്ലയിൽ നട്ടുപിടിപ്പിച്ച തൈകളുടെ ജി





യോടാഗിങ്ങും നടത്തി. ഇതിലൂടെ തൈകളുടെ ഇനം, വളർച്ച തുടങ്ങിയവ ഇടവേളകളിൽ നിരീക്ഷിക്കാനും പോരായ്മകൾ പരിഹരിക്കാനും സാധിക്കും.

ഒരു തൈ നടാം ക്യാമ്പയിന്റെ ഭാഗമായി 7 ലക്ഷം തൈകൾ നട്ടുപിടിപ്പിച്ചതോടെ അന്തരീക്ഷ മലിനീകരണം കുറയ്ക്കാനും പ്രദേശത്തെ ഓക്സിജന്റെ അളവ് വർദ്ധിപ്പിക്കാനും കാർബൺ സംഭരിക്കാനും പരിസ്ഥിതി സംരക്ഷണത്തിനും, പക്ഷി മൃഗാദികളുടെ ആവാസ വ്യവസ്ഥയ്ക്കും സഹായകരമായി.

## "തെങ്ങിന് തടം മണ്ണിന് ജലം" ക്യാമ്പയിൻ 2024



തെങ്ങുകൾക്ക് വിള പരിപാലനം എന്നതിലുപരി തെങ്ങിൻ തടങ്ങൾ ജലസംഭരണ സംവിധാനങ്ങ

ളായും പ്രവർത്തിക്കുന്നതിനായാണ് "തെങ്ങിന് തടം മണ്ണിനു ജലം" ക്യാമ്പയിൻ ആരംഭിച്ചത്. വയലുകൾ നികത്തൽ, വ്യാപകമായ റോഡ് നിർമ്മാണം, വീട്ടു മുറ്റത്തെ കോൺക്രീറ്റ്, ടൈൽ പാകൽ തുടങ്ങിയ നിർമ്മാണ പ്രവർത്തനം മൂലം മഴവെള്ളം ഭൂമിയിലേയ്ക്ക് സ്വാഭാവികമായി ഇറങ്ങുന്നത് തടസ്സപ്പെട്ടിട്ടുണ്ട്. വിസ്തീർണ്ണം കുറഞ്ഞ വീട്ടുവളപ്പിൽ വളർത്തിയിട്ടുള്ള തെങ്ങുകൾക്ക് ചുറ്റും തടം എടുക്കുകയും അതുവഴി ഭൂജല നിരപ്പ് ഉയർത്തുവാനും സാധിക്കും എന്ന ലക്ഷ്യത്തോടെയാണ് ക്യാമ്പയിൻ ആരംഭിച്ചത്. ജില്ലയിൽ ഒരു ബ്ലോക്ക്പഞ്ചായത്തിൽ ഒരു വാർഡിൽ ആദ്യഘട്ടത്തിൽ പ്രവർത്തനം നടത്താനാണ് തീരുമാനിച്ചത്. ഇതു പ്രകാരം 14 തദ്ദേശ സ്ഥാപനങ്ങളിലായി 34 വാർഡുകളിൽ 1614 തെങ്ങുകൾക്ക് തടം എടുക്കുകയുണ്ടായി. വരും നാളുകളിൽ ക്യാമ്പയിൻ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കാനും അതുവഴി തെങ്ങുകളുടെ പരിപാലനം ഉറപ്പാക്കുവാനും മണ്ണിന്റെ ജലസംഭരണം ഉറപ്പാക്കാനും കഴിയും.

## "ജലമാണ് ജീവൻ "ഒന്നാം ഘട്ടം 2019

പെയ്തുകിട്ടുന്ന മഴവെള്ളം പരമാവധി മണ്ണിലേക്ക് താഴ്ത്തുന്നതിനും ലഭ്യമായ ജലത്തെ വിവേകപൂർണ്ണമായി ഉപയോഗിക്കുന്നതിനുമായി ഹരിതകേരളം മിഷനും ഇൻഫർമേഷൻ പബ്ലിക് റിലേഷൻ വകുപ്പും സംയുക്തമായി ജലമാണ് ജീവൻ എന്ന പേരിൽ ഒരു ലഘുലേഖ 2018-ൽ പ്രസിദ്ധീകരിച്ചിരുന്നു. ജല ജാഗ്രത സന്ദേശം കുട്ടികളിലേക്ക് എത്തിക്കുന്നതിനായിരുന്നു "ജലമാണ് ജീവൻ" കൈ പുസ്തകത്തിന്റെ ഉദ്ദേശ്യം. ജില്ലയിലെ എല്ലാ വീടുകളും ഹരിത വീടുകളായി മാറുന്നതിനുള്ള ചുവട് വെയ്പ്പായിരുന്നു ജല സംരക്ഷണ പ്രവർത്തനങ്ങൾ കൈപുസ്തകത്തിലൂടെ വിദ്യാർത്ഥികൾക്ക് നൽകിയത്. ഹരിതകേരളം മിഷൻ ബ്ലോക്ക് കോർഡിനേറ്റർമാർ സ്കൂളുകളിൽ ഇതിനായി പ്രത്യേക അവബോധം നൽകുകയും എല്ലാ കുട്ടികൾക്കും കൈപുസ്തകം നൽകുകയും ചെയ്തു. ജല മിതവിനിയോഗം പ്രോത്സാഹിപ്പിക്കുക, ജലം പാഴാക്കാതിരിക്കുക, മലിനജലം പുനരുപയോഗിക്കുക, ജലസ്രോതസുകൾ വീണ്ടെടുക്കുക, മഴവെള്ള സംഭരണം, കിണർ റീചാർജ്ജിംഗ്, തടയണകൾ നിർമ്മിക്കൽ തുടങ്ങിയവ കൊണ്ടുള്ള പ്രയോജനം എന്നിവ കുട്ടികളിലേക്ക് എത്തിക്കാൻ ഇതുവഴി സാധിച്ചു. ജില്ലയിൽ 637 സ്കൂളുകളിലായി 15535 കുട്ടികൾക്ക് അവബോധം നൽകാനായി.

## "ജലമാണ് ജീവൻ" രണ്ടാം ഘട്ടം 2025

അതിമാരകമായ അമീബിക് മസ്തിഷ്ക ജ്വരം തടയുന്നതിനായി ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ തദ്ദേശ സ്ഥാപനങ്ങളെയും ആരോഗ്യ വകുപ്പ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളെയും സംയോജിപ്പിച്ച് കൊണ്ട് 2025 - ൽ നടത്തിയ രണ്ടാംഘട്ട ക്യാമ്പയിനാണ് "ജലമാണ് ജീവൻ". ജില്ലയിൽ ആദ്യഘട്ടത്തിൽ വീടുകളിലെയും സ്ഥാപനങ്ങളിലെയും കിണറുകൾ ക്ലോറിനേറ്റ് ചെയ്യുക, ടാങ്കുകൾ വൃത്തിയാക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ഏറ്റെടുത്തത്. ക്യാമ്പയിന്റെ ഭാഗമായി ജില്ലയിലെ 5,60,602 (89.17%) സ്വകാര്യ കിണറുകളും, 2,927 (73.21%) പൊതുസ്ഥാപനങ്ങളിലെ കിണറുകളും, 2,364 (88.81%) പൊതുകിണറുകളും ക്ലോറിനേറ്റ് ചെയ്തു. കൂടാതെ 1,075 പൊതു സ്ഥാപനങ്ങളിലെ വാട്ടർ ടാങ്കുകൾ ശുചീകരിക്കുകയും ചെയ്തു.

തുടർന്ന് സ്കൂളുകളിലെ മുഴുവൻ കുട്ടികൾക്കും അമീബിക് മസ്തിഷ്ക ജ്വരം പ്രതിരോധിക്കുന്നതിനായി

ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു. ജില്ലയിൽ ആകെയുള്ള 1081 സ്കൂളുകളിലായി 1,73,228 വിദ്യാർത്ഥികൾക്ക് ഇതുമൂലം ബോധവൽക്കരണം നടത്താനായി.



സ്കൂളുകളിൽ സ്ഥാപിച്ച ജലഗുണ നിലവാര പരിശോധന ലാബുകളിൽ ജലഗുണ നിലവാര പരിശോധനയും പരിഹാര പ്രവർത്തങ്ങളും ബോധവൽക്കരണവും നടത്തുകയുണ്ടായി.

ഉപയോഗിക്കുന്ന പൊതു ജലസ്രോതസ്സുകൾ വൃത്തിയാക്കുക, അവയിലേക്ക് എത്തുന്ന മാലിന്യ കുഴലുകൾ അടയ്ക്കുക, ജലശുദ്ധി ഉറപ്പാക്കുക തുടങ്ങിയ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി നടത്താനായി. ക്യാമ്പയിന്റെ ഭാഗമായി ജില്ലയിൽ 146 ഉപയോഗിക്കുന്ന കുളങ്ങൾ ജനകീയമായും തൊഴിലുറപ്പ് പദ്ധതി പ്രകാരവും ആരോഗ്യവകുപ്പിന്റെ സഹായത്തോടെയും ശുചീകരിച്ചു.

ജില്ലാ മെഡിക്കൽ ഓഫീസർ ഉൾപ്പെടെയുള്ള ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ സ്ഥാപനപ്രതിനിധികൾ, ഹയർ സെക്കന്ററി, പൊതു വിദ്യാഭ്യാസം, ആർദ്രം മിഷൻ ജില്ലാ ചുമതലക്കാർ, NSS ജില്ലാ പ്രോഗ്രാം ഓഫീസർ തുടങ്ങിയവരുടെ സഹകരണത്താലാണ് ജലമാണ് ജീവൻ ക്യാമ്പയിൻ ജില്ലയിൽ പ്രതിരോധിക്കാനായത്.

## പൂർണ്ണമായും വിജയിക്കാതെ പോയ ക്യാമ്പയിനുകൾ

### തെങ്ങിന് തടം മണ്ണിന് ജലം

തെങ്ങുകൾക്ക് വിള പരിപാലനം എന്നതിലുപരി തെങ്ങിൻ തടങ്ങൾ ജല സംഭരണ സംവിധാനങ്ങളായും മാറ്റുന്നതിനായി ജില്ലയിൽ തെങ്ങിൻ തടം മണ്ണിന് ജലം ക്യാമ്പയിൻ ആരംഭിച്ചെങ്കിലും പൂർണ്ണമായും വിജയിപ്പിക്കാൻ സാധിച്ചില്ല. ജില്ലയിൽ ക്യാമ്പയിനുമായി ബന്ധപ്പെട്ട് 14 തദ്ദേശ സ്ഥാപനങ്ങളിലായി 34 വാർഡുകളിൽ 1614 തെങ്ങുകൾക്ക് മാത്രമാണ് തടം എടുക്കാനായത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ താൽപര്യക്കുറവ്, സന്നദ്ധ പ്രവർത്തകരുടെ അഭാവം, തൊഴിലുറപ്പ് പദ്ധതിയിൽ ഈ പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിന് അനുവദനീയമല്ലാത്തത് എന്നിവ ക്യാമ്പയിൻ വിജയിക്കാത്തതിന് കാരണമായി. എന്നിരുന്നാലും വരും നാളുകളിൽ "തെങ്ങിന് തടം മണ്ണിന് ജലം" ക്യാമ്പയിൻ വ്യാപകമായി നടപ്പാക്കി ജലസംരക്ഷണം ഉറപ്പാക്കുന്നതിനായി ശ്രമിക്കുന്നുണ്ട്.

### ജലഗുണനിലവാര പരിശോധന

ജില്ലയിലെ കിണറുകളിലെ ജലത്തിന്റെ ഗുണ നിലവാരം പരിശോധിക്കുന്നതിനായി ഹയർ സെക്കണ്ടറി സ്കൂളുകളിൽ 11 ലാബുകളാണ് സ്ഥാപിച്ചിട്ടുള്ളത്. നാളിതുവരെ 11 ലാബുകളിലായി 1889 പരിശോധനകൾ മാത്രമാണ് നടത്താൻ സാധിച്ചത്. എം.എൽ.എ.മാരുടെ വികസന ഫണ്ട് വിനിയോഗിച്ച് 10 ലാബുകളും തെന്മല

ഗ്രാമപഞ്ചായത്തിൽ ഗ്രാമപഞ്ചായത്തിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഒരു ലാബുമാണ് സ്ഥാപിച്ചത്. നിലവിലുള്ള കെമിക്കലിന്റെ കാലാവധി കഴിഞ്ഞതിനാൽ ടെസ്റ്റുകൾ പൂർണ്ണ തോതിൽ നടത്താൻ സാധിച്ചില്ല. കെമിക്കൽ വാങ്ങുന്നതിനായി തദ്ദേശസ്ഥാപനങ്ങൾ മുൻകൈ എടുക്കാഞ്ഞത് മൂലമുള്ള കാലതാമസം, അധ്യാപകരുടെ സഹകരണം ഇല്ലായ്മ തുടങ്ങിയവയായിരുന്നു ക്യാമ്പയിൻ വിജയിക്കാഞ്ഞതിന്റെ കാരണങ്ങൾ.

പുതിയതായി 12 ലാബുകൾ ആരംഭിക്കുന്നതിനായി എം.എൽ.എമാർ ഫണ്ട് അനുവദിച്ചെങ്കിലും നിർവ്വഹണ ഏജൻസിയായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (KIIDC) ലാബുകൾ സ്ഥാപിക്കുന്നതിനായി കാലതാമസം വരുത്തിയതുമൂലം ഫണ്ട് ക്യാൻസൽ ആയി പുതിയ ലാബുകൾ ആരംഭിക്കാൻ സാധിച്ചില്ല.

ഹരിതകേരളം മിഷന്റെ ഇടപെടൽ മുഖേന തദ്ദേശസ്ഥാപനങ്ങൾ കെമിക്കൽ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിനാൽ കെമിക്കൽ വാങ്ങുന്ന മുറയ്ക്ക് കൂടുതൽ പരിശോധനകൾ നടത്തുന്നതാണ്.

## കണ്ടൽ വൽക്കരണം

അഷ്ടമുടിക്കായൽ, പരവൂർ കായൽ, മാലാ കായൽ തുടങ്ങിയവയുടെ തീരത്ത് കണ്ടൽ വച്ചുപിടിപ്പിച്ച് പരിപാലിക്കുന്ന പ്രവർത്തനം ജില്ലയിൽ 2018 മുതൽ ആരംഭിച്ചതിരുന്നു. കൊല്ലം കോർപ്പറേഷൻ, പെരിനാട്, പനയം, തൃക്കരുവ, മൺട്രോതുരുത്ത്, തെക്കുംഭാഗം, നീണ്ടകര, ചവറ, തേവലക്കര, കരുനാഗപ്പള്ളി നഗരസഭ, പരവൂർ നഗരസഭ എന്നിവിടങ്ങളിൽ വ്യാപകമായി കണ്ടൽ നട്ടുപിടിപ്പിച്ചെങ്കിലും പൂർണ്ണമായി വിജയകരമായില്ല. കണ്ടൽവൽക്കരണം നടത്തുന്നതിൽ തദ്ദേശസ്ഥാപനങ്ങളുടെ താൽപര്യക്കുറവ്, മത്സ്യത്തൊഴിലാളികളും പ്രദേശവാസികളും നട്ടുപിടിപ്പിക്കുന്ന തൈകൾ നശിപ്പിക്കുന്ന പ്രവണത, കണ്ടൽ നിലനിൽക്കുന്നതിന്റെ നിരക്കിലുള്ള കുറവ് തുടങ്ങിയവയാണ് കണ്ടൽവൽക്കരണ പ്രവർത്തനം വിജയിക്കാഞ്ഞതിന്റെ പ്രധാന കാരണങ്ങൾ.

## ദേവഹരിതം, വ്യവസായ സ്ഥാപനങ്ങളിലെ കൃഷി

ജില്ലയിലെ വിവിധ ആരാധനാലയങ്ങളിലും മത സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലും ദേവഹരിതം പദ്ധതി പ്രകാരം കൃഷി നടത്തിയിരുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡുമായി സഹകരിച്ചും നിരവധി ക്ഷേത്രങ്ങളിൽ പച്ചക്കറി കൃഷി, കരനെൽ കൃഷി എന്നിവ നടത്തിയിരുന്നു. എന്നാൽ സമീപ വർഷങ്ങളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആരാധാനാലയങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സേവനം അനുവദനീയമല്ലാത്തതിനാലും, ക്ഷേത്രങ്ങൾ, ദേവാലയങ്ങൾ, മത സ്ഥാപനങ്ങൾ എന്നിവർ സ്വന്തമായി കൃഷി ചെയ്യുന്നതിന് തയ്യാറാവാഞ്ഞതിനാലും ദേവഹരിതം പദ്ധതി നടപ്പിലാക്കുന്നതിനുള്ള വേഗത കുറയുന്നതിന് കാരണമായി. കുടുംബശ്രീ ജെ.എൽ.ജി. ഗ്രൂപ്പുകളുമായി കരാറിൽ ഏർപ്പെട്ട് കൃഷി ചെയ്യാവുന്നതാണെങ്കിലും ആരാധനാലയങ്ങൾ ഇതിനു തയ്യാറാകാത്തതും കാരണമാണ്.

ജില്ലയിലെ എല്ലാ വ്യവസായ സ്ഥാപനങ്ങളിലും പച്ചക്കറി, വാഴ കൃഷി ആരംഭിച്ചിരുന്നു. റോഡ് വികസനവുമായി ബന്ധപ്പെട്ട് ചാത്തന്നൂർ സ്പിന്നിംഗ് മില്ലിന്റെ ഭൂമി നാഷണൽ ഹൈവേ ഏറ്റെടുത്തതിനാലും, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കുണ്ടറ സിറാമിക്സ്,

കുണ്ടറ കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിങ് കമ്പനി തുടങ്ങിയ സ്ഥാപനങ്ങൾ വിപുലീകരിച്ചതിനാലും ഉണ്ടായ സ്ഥലപരിമിതി കാരണവും വ്യവസായ സ്ഥാപനങ്ങളിലെ കൃഷി കുറയുന്നതിന് കാരണമായി.

## ശുചിത്വ സാഗരം സുന്ദര തീരം

കടലിലേക്കുള്ള പ്ലാസ്റ്റിക്കിന്റെ ഒഴുക്ക് തടയുന്നതിനും കടലിൽ നിന്ന് ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും തീരദേശ മേഖലയിൽ പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള മാലിന്യം വലിച്ചെറിയാതിരിക്കുന്നതിനും ബോധവൽക്കരണ പരിപാടിയും സംസ്കരണവും ഉറപ്പാക്കുന്നതിനുമായി ഏറ്റെടുത്ത പ്രവർത്തനമാണ് ശുചിത്വ സാഗരം സുന്ദരതീരം.
റീ സിറ്റി നെറ്റ്‌വർക്ക് ലിമിറ്റഡ് എന്ന സ്ഥാപനവുമായി ചേർന്നാണ് തീരദേശ മേഖലയിലുള്ള ആലപ്പാട്, നീണ്ടകര, കൊല്ലം കോർപ്പറേഷൻ എന്നീ തദ്ദേശസ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിനായി പ്രവർത്തനം ആരംഭിച്ചത്. തദ്ദേശ സ്ഥാപനങ്ങളിൽ ഇതിനായി ആസൂത്രണം നടത്തുകയും ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ബോട്ട് ഓണേഴ്സ് അസോസിയേഷൻ, ഹാർബർ എഞ്ചിനീയറിംഗ്, ഫിഷറീസ് വകുപ്പ്, ശുചിത്വ മിഷൻ, റീ സിറ്റി, ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ എന്നിവയുടെ യോഗം നടത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരുന്നു. കൊല്ലം കോർപ്പറേഷൻ തീരദേശത്ത് ഇതിനായി എം.സി.എഫും, ബെയിലിംഗ് മെഷീനും സ്ഥാപിച്ചിരുന്നു. ഹരിതകേരളം മിഷന്റെ അഭ്യർത്ഥന പ്രകാരം ചവറ ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡ് അവരുടെ CSR ഫണ്ടിൽ നിന്ന് മുപ്പത് ലക്ഷം രൂപ അഴീക്കൽ ഹാർബറിൽ ആർ.ആർ.എഫ്. നിർമ്മിക്കുന്നതിനും അനുബന്ധ മെഷിനറികൾ വാങ്ങുന്നതിനും അനുവദിച്ചിരുന്നു. എന്നാൽ ഈ തുക കൈപ്പറ്റുന്നതിനും RRF നിർമ്മിക്കുന്നതിനും ആലപ്പാട് ഗ്രാമപഞ്ചായത്ത് തയ്യാറാകാഞ്ഞതിനാൽ അനുവദിച്ച തുക വിനിയോഗിക്കാൻ സാധിച്ചില്ല. ആലപ്പാട് ഗ്രാമപഞ്ചായത്തിന്റെ താൽപര്യക്കുറവ്, റീ സിറ്റിയുടെ പിന്മാറൽ, തദ്ദേശ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും സഹകരണക്കുറവ് തുടങ്ങിയ കാരണങ്ങളാലാണ് ശുചിത്വ സാഗരം സുന്ദര തീരം പദ്ധതി പൂർത്തീകരിക്കാൻ സാധിക്കാഞ്ഞത്.

# ഹരിതകേരളം മിഷനിലൂടെ സാധ്യമായ തദ്ദേശ സ്വയംഭരണ സ്ഥാപന ശാക്തീകരണം

രാജ്യത്ത് ആദ്യമായി കേരളത്തിലാണ് അധികാര വികേന്ദ്രീകരണത്തിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിച്ചത്. ഇതിന്റെ പിൻബലത്തിൽ പ്രാദേശികമായി തന്നെ പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ കാണാനും വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും അതുവഴി പ്രാദേശിക വികസനത്തിന് പുരോഗതി ഉണ്ടാക്കാനും തദ്ദേശസ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഇവയിൽ പരിഹരിക്കപ്പെടാതെ പോയ വികസന വിടവുകൾ പരിഹരിക്കുന്നതിനാണ് 2016 - ൽ നവകേരളം കർമ്മപദ്ധതി സർക്കാർ രൂപീകരിച്ചത്.

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി രൂപീകരിച്ച ഹരിതകേരളം മിഷൻ കഴിഞ്ഞ 9 വർഷത്തിലധികമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിന് സഹായകരമായ നിരവധി പിന്തുണ നൽകിയിട്ടുണ്ട്. ഇത്തരത്തിൽ തദ്ദേശസ്ഥാപനങ്ങൾക്ക് ഹരിതകേരളം മിഷൻ ഒരുക്കിയ വിവിധ പിന്തുണാ സംവിധാനങ്ങളാണ് ഈ അധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## മാലിന്യ സംസ്കരണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ ഒന്നാണ് മാലിന്യസംസ്കരണം. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ദൈനംദിന ഇടപെടൽ നഗര പ്രദേശങ്ങളിൽ മാത്രമേ ആവശ്യമുള്ളൂ എന്നായിരുന്നു 2010 വരെയുള്ള കാലയളവിൽ മിക്ക ഗ്രാമപഞ്ചായത്തുകളുടെയും നിലപാട്. എന്നാൽ നഗരവൽക്കരണവും കുടിയേറ്റ തൊഴിലാളികളുടെ വർദ്ധനവും ജനസാന്ദ്രതയും പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗവും മൂലം മാലിന്യ പരിപാലനത്തിൽ ഗ്രാമപഞ്ചായത്ത് ഉൾപ്പെടെ വെല്ലുവിളികൾ നേരിട്ട് തുടങ്ങി. 2015 കാലഘട്ടമായപ്പോഴേക്കും ഇതിന്റെ വ്യാപ്തി ക്രമാതീതമായി വർദ്ധിച്ചു. ജൈവമാലിന്യം കമ്പോസ്റ്റ് ആക്കുന്നതിനോ പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനോ മതിയായ സൗകര്യങ്ങൾ ജില്ലയിൽ ഉണ്ടായിരുന്നില്ല. ഉല്പാദിപ്പിക്കുന്ന മാലിന്യം വലിച്ചെറിയുകയോ കത്തിക്കുകയോ ആയിരുന്നു പതിവ്. ഇതുമൂലം പൊതു നിരത്തുകളിലും ജലാശയങ്ങളിലും ജൈവ അജൈവ മാലിന്യങ്ങൾ വലിച്ചെറിഞ്ഞ് മാലിന്യ നിക്ഷേപ കേന്ദ്രങ്ങളായി മാറുകയും, അപകടകരമായ പരിസ്ഥിതി മലിനീകരണവും ആരോഗ്യ പ്രശ്നങ്ങളും ഉണ്ടാക്കുകയും ചെയ്തിരുന്നു. മേൽ പറഞ്ഞ പ്രതിസന്ധികൾ നിലനിന്ന സാഹചര്യത്തിലാണ് 2016 ഡിസംബർ 8 - ന് നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ ഹരിതകേരളം മിഷൻ രൂപീകൃതമായത്.

ഹരിതകേരളം മിഷൻ രൂപീകൃതമായതിനു ശേഷം ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ പുറത്തിറക്കുകയും ഇത് പ്രകാരം ജില്ലയിൽ മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും സർവ്വേ നടത്തുകയും നിലവിലെ മാലിന്യ സംസ്കരണത്തിന്റെ സ്ഥിതി വിവരം ശേഖരിക്കുകയും ചെയ്തു. 2017 ഓഗസ്റ്റ് 15-ാം തീയതി ജില്ലയിൽ 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' എന്ന ക്യാമ്പയിൻ ആരംഭിച്ചു. തുടർന്ന് ജൈവമാലിന്യ സംസ്കരണ സംവിധാനം, അജൈവ മാലിന്യ സംസ്കരണ സംവിധാനം, അജൈവ മാലിന്യം ശേഖരിക്കുന്നതിനായി ഹരിതകർമ്മസേന, അജൈവ മാലിന്യ ശേഖരിക്കുന്നതിനായുള്ള അടിസ്ഥാന സൗകര്യങ്ങളായ MCF, Mini MCF, RRF, കൺവെയർ ബെൽറ്റ്, ബെയിലിങ് മെഷീൻ, ഷ്രെഡിംഗ് മെഷീൻ, ഹരിതകർമ്മസേനയ്ക്ക് ഓഫീസ് തുടങ്ങിയവ തദ്ദേശസ്ഥാപനങ്ങൾ മുഖേന സജ്ജീകരിച്ചു. ജൈവമാലിന്യ സംസ്കരണവും അജൈവ മാലിന്യ സംസ്കരണവും ഇതിലൂടെ സാധിച്ചു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകേരളം മിഷൻ രൂപീകരിച്ചതിനുശേഷം ആദ്യവർഷം തന്നെ ഹരിതകർമ്മസേന രൂപീകരിച്ചു. ഹരിതകർമ്മസേനയ്ക്ക് പിന്തുണാ സംവിധാനമായി ഹരിത സഹായസ്ഥാപനങ്ങളും ഹരിതകർമ്മസേനയുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിനായി ഹരിത മിത്രം മൊബൈൽ ആപ്ലിക്കേഷനും നിലവിൽ വന്നു. യൂസർ ഫീ ഈടാക്കുന്നത് നിർബന്ധമാക്കുന്നതിനായി നിയമ നിർമ്മാണവും കുറ്റകൃത്യം കണ്ടെത്തുന്നതിനായി എൻഫോഴ്സ്മെന്റ് ടീമും ഉൾപ്പെടെയുള്ള പിന്തുണാ സംവിധാനങ്ങളും ഉണ്ടായതോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണ മേഖല ശക്തിപ്പെടുത്താൻ സാധിച്ചു.

ആദ്യവർഷങ്ങളിൽ ഹരിതകർമ്മസേനയുടെ എണ്ണവും യൂസർ ഫീ ലഭിക്കുന്ന അളവും വളരെ കുറവായിരുന്നു. അടിസ്ഥാന സൗകര്യങ്ങളായ എം.സി.എഫ്., ആർ.ആർ.എഫ് എന്നിവയുടെ എണ്ണവും പരിമിതമായിരുന്നു. പ്രാദേശിക എതിർപ്പ് മൂലം പല സ്ഥലങ്ങളിലും എം.സി.എഫ്.,

ആർ.ആർ.എഫ് സ്ഥാപിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് കൂടിയതിനാലും സംസ്കരണ ഉപാധികൾ ഇല്ലാത്തതിനാലും പരിസ്ഥിതിക്ക് ഏറെ ദോഷം ചെയ്യുന്നു എന്ന് മനസ്സിലാക്കിയതിനാൽ ഹരിതകേരളം മിഷന്റെ മാർഗ്ഗരേഖ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യപരിപാലനവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി തുടങ്ങി.

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പദ്ധതി രൂപീകരണം മാർഗ്ഗരേഖകളിൽ ഉൾപ്പെടുത്തിയതോടെ ഇതുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് തദ്ദേശസ്ഥാപനങ്ങൾക്കുണ്ടായിരുന്ന പ്രയാസങ്ങൾ പരിഹരിക്കപ്പെട്ടു. 2016 -2017 വർഷത്തിൽ ജില്ലയിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ചുരുക്കംചില പ്രോജക്ടുകളാണ് ഏറ്റെടുത്തിരുന്നത്. എന്നാൽ 2025 - 2026 വർഷമാകുമ്പോൾ തദ്ദേശസ്ഥാപനങ്ങളുടെ പ്രോജക്ടുകളിൽ 50 ശതമാനവും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രോജക്ടുകളായി വർദ്ധിച്ചിട്ടുണ്ട്. ഹരിതകേരളം മിഷന്റെ പിന്തുണ തദ്ദേശസ്ഥാപനങ്ങൾക്ക് ലഭിച്ചതിന്റെ ഫലമായാണ് പ്രോജക്ടുകൾ ഇത്രയധികം വർദ്ധിക്കാൻ കാരണമായത്.

## ഹരിതകർമ്മസേന

ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ചെങ്കിലും വരുമാനം കുറവായതിനാൽ സേനയുടെ എണ്ണം വളരെ കുറവായിരുന്നു. എന്നാൽ പിൽക്കാലത്ത് നിശ്ചിത വരുമാനം ഉറപ്പാക്കുന്നതിനായി വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകിയതോടെയും യൂസർ ഫീ കർശനമാക്കിയതോടെയും വരുമാനം വർദ്ധിക്കുകയും കൂടുതൽ കുടുംബശ്രീ പ്രവത്തകർ ഹരിതകർമ്മസേന തൊഴിലായി സ്വീകരിക്കുകയും ചെയ്തു. ഹരിതകർമ്മസേനയ്ക്ക് ആവശ്യമായ ഐഡന്റിറ്റി കാർഡ്, യൂണിഫോം, സുരക്ഷാ ഉൽപ്പന്നങ്ങൾ, വാഹനം, ഹെൽത്ത് ഇൻഷുറൻസ്, തുടങ്ങിയവ ഉറപ്പാക്കി. ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ എം.സി.എഫ്, മിനി എം.സി.എഫ്, ആർ.ആർ.എഫ്, യന്ത്രവൽകൃത സംവിധാനങ്ങൾ എന്നിവ ഉറപ്പാക്കിയതോടെ സേനയുടെ പ്രവർത്തനം സുഗമമായി.

## ജൈവ മാലിന്യം

ജൈവ മാലിന്യങ്ങൾ വീടുകളിൽ സംസ്കരിക്കുന്നതിനായി കമ്പോസ്റ്റിംഗ് സംവിധാനവും പൊതു മാലിന്യ സംസ്കരണ സംവിധാനവും ഉറപ്പാക്കിയതിലൂടെ ജൈവ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കാനായി.

ജൈവമാലിന്യ സംസ്കരണ സംവിധാനം 80 ശതമാനം വീടുകളിൽ ഉറപ്പാക്കാനായി. പൊതു മാലിന്യ സംസ്കരണത്തിനായി 245 എയറോബിക് കമ്പോസ്റ്റിംഗ് യൂണിറ്റുകൾ, 42 ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കാനായി. ജൈവ മാലിന്യ സംസ്കരണത്തിനായി 120 ടൺ കപ്പാസിറ്റിയുള്ള സി.എൻ.ജി. പ്ലാന്റ് സ്ഥാപിക്കുന്ന പ്രവർത്തനവും കോർപ്പറേഷനിൽ ആരംഭിച്ചിട്ടുണ്ട്.

## അടിസ്ഥാന സൗകര്യങ്ങൾ

ജില്ലയിൽ ഹരിതകേരളം മിഷൻ രൂപീകൃതമായി 9 വർഷങ്ങൾ പിന്നിടുമ്പോൾ മാലിന്യ സംസ്കരണത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വ്യാപകമായി വികസിച്ചിട്ടുണ്ട്. ജില്ലയിൽ 1856 മിനി എം.സി.

എഫുകൾ, 106 എം.സി.എഫുകൾ, 14 ആർ.ആർ.എഫുകൾ എന്നിവ ഉറപ്പാക്കാനായി.

## ഹരിത സഹായസ്ഥാപനം

ഹരിതകർമ്മസേനയ്ക്ക് സാങ്കേതിക പിന്തുണ നൽകുന്നതിനായി തദ്ദേശ സ്ഥാപനങ്ങളിൽ ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. മാലിന്യ സംസ്കരണ സംവിധാനങ്ങൾ നോക്കി നടത്തുന്നതിനുള്ള സാങ്കേതിക വൈദഗ്ധ്യം ഉള്ള ഏജൻസികളാണ് ഹരിത സഹായ സ്ഥാപനങ്ങൾ. കൊല്ലം ജില്ലയിൽ ഹരിത സഹായ സ്ഥാപനങ്ങളെ നിയോഗിച്ചതോടെ ഹരിതകർമ്മസേനയ്ക്ക് പരിശീലനം നൽകാനും വാതില്പടി ശേഖരണം 100% ൽ എത്തിക്കാനും ഹരിതകർമ്മസേനയുടെ വരുമാനം വർധിപ്പിക്കുന്നതിനുള്ള മറ്റ് സംരംഭങ്ങൾ ആരംഭിക്കാനും അതുവഴി കൂടുതൽ വരുമാനം ലഭിക്കാനും സഹായകരമായി. മാലിന്യ സംസ്കരണ മേഖലയിൽ തദ്ദേശസ്ഥാപനങ്ങൾക്ക് പിന്തുണ നൽകാനും പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കാനും ഹരിത സഹായ സ്ഥാപനത്തിന് കഴിഞ്ഞു.

ഹരിതകേരളം മിഷൻ ആരംഭിക്കുന്നതിന് മുൻപ് അജൈവ മാലിന്യം ശേഖരിക്കുന്നതിനോ, കൈമാറുന്നതിനോ, മാലിന്യം ശേഖരിക്കുന്ന ഏജൻസികളെ മോണിറ്റർ ചെയ്യുന്നതിനോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ പിന്തുണ നൽകുന്നതിനോ യാതൊരു സംവിധാനവും ഇല്ലായിരുന്നു. ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് പ്രവർത്തനം ആരംഭിച്ചതോടെ ഈ പ്രശ്നത്തിന് സഹായകരമായി.

## നിയമ നടപടികൾ

ഹരിതകേരളം മിഷൻ ആരംഭിക്കുന്നതിന് മുൻപ് മാലിന്യം ശാസ്ത്രീയമായി പരിപാലിക്കുന്നതിനോ മാലിന്യം അലക്ഷ്യമായി കൈകാര്യം ചെയ്യുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിനോ സംവിധാനങ്ങൾ ഇല്ലായിരുന്നു. മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം ഒന്നാം ഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി 2018 -ൽ ഹരിത നിയമാവലി പുസ്തകം ഹരിതകേരളം മിഷൻ തയ്യാറാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പൊതു സ്ഥലങ്ങളിലും ജലസ്രോതസ്സുകളിലും മാലിന്യം വലിച്ചെറിയുക, കത്തിക്കുക, മാലിന്യം അലക്ഷ്യമായി കൈകാര്യം ചെയ്യുക എന്നിവയ്ക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനായി ബോധവൽക്കരണം സംഘടിപ്പിച്ചിരുന്നു.

ജില്ലാതലത്തിൽ തദ്ദേശസ്ഥാപന അധ്യക്ഷന്മാർക്കും, ഉദ്യോഗസ്ഥർക്കും, വ്യാപാരി വ്യവസായികൾക്കും ഹരിത സാക്ഷരതാ പരിശീലനം നൽകി. നിയമ നടപടികൾ സ്വീകരിക്കാൻ അധികാരപ്പെട്ട ഗ്രാമപഞ്ചായത്ത്, നഗരകാര്യം, പോലീസ്, മലിനീകരണ നിയന്ത്രണ ബോർഡ്, ഭക്ഷ്യസുരക്ഷ, ആരോഗ്യവകുപ്പ്, ഉദ്യോഗസ്ഥർ മുഖേനയാണ് പരിശീലനം നൽകിയത്. മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം ക്യാമ്പയിന്റെ ഭാഗമായി ഹരിത നിയമങ്ങൾ നടപ്പിലാക്കൽ പ്രഖ്യാപനം 2019 ഓഗസ്റ്റ് 15- ന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും നടത്തി. ഹരിത നിയമാവലി പ്രസിദ്ധീകരിച്ചതും ഹരിത നിയമങ്ങൾക്ക് പരിശീലനം നൽകിയതും ബോധവൽക്കരണം നല്കിയതും മൂലം മാലിന്യം അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതിന്റെ അളവിൽ കുറവ് വരുകയും അതുവഴി പരിസ്ഥിതി മലിനീകരണം കുറയ്ക്കാനും സാധിച്ചു. തദ്ദേശസ്ഥാപനതലത്തിലും ജില്ലാതലത്തിലും എൻഫോഴ്സ്മെന്റ് സ്ക്വാർഡുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചതോടെ നിയമലംഘകർക്ക് കടുത്ത പിഴ നൽകാനും മാലിന്യ

പ്രശ്നം ഒഴിവാക്കാനും കഴിഞ്ഞു.

## ജലസംരക്ഷണം

ജലസംരക്ഷണ രംഗത്ത് ഹരിതകേരളം മിഷൻ മുഖേന വലിയ പുരോഗതിയാണ് ജില്ലയിൽ ഉണ്ടായത്. നീർച്ചാലുകൾ പുനരുജ്ജീവിപ്പിക്കുന്നതിനോ കുളങ്ങൾ സംരക്ഷിക്കുന്നതിനോ മറ്റ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനോ യാതൊരു ഏകോപനവും ഇല്ലായിരുന്നു. എന്നാൽ ഹരിതകേരളം മിഷൻ രൂപീകരിച്ചതിനുശേഷം ജല സംരക്ഷണ സാങ്കേതിക സമിതി ഗ്രാമ/നഗരസഭാ/ബ്ലോക്ക്/ജില്ലാതലത്തിൽ രൂപീകരിച്ചു. ജില്ലയിലെ 68 ഗ്രാമപഞ്ചായത്തുകളിലും 4 നഗരസഭകളിലും കോർപ്പറേഷനിലും സാങ്കേതിക സമിതിയുടെ നേതൃത്വത്തിൽ നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കി. നീർത്തട മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചു. സാങ്കേതിക സമിതിയുടെ നിർദ്ദേശങ്ങൾക്ക് അനുസരണമായി തദ്ദേശ സ്ഥാപനങ്ങൾക്ക് ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും സാധിച്ചു.

ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾക്കായി ജലസേചന വകുപ്പിന് മൂന്ന് ഹെഡിൽ തുക അനുവദിച്ചു. ഇതിലൂടെ ഹരിതകേരളം മിഷൻ നിർദ്ദേശിക്കുന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾ ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കാൻ കഴിഞ്ഞു. ഹരിതകേരളം മിഷൻ പ്രവർത്തനം ആരംഭിച്ചതിന് ശേഷം ജില്ലയിൽ 3 ഹെഡിലായി 661.32 ലക്ഷം രൂപയുടെ 76 ജലസംരക്ഷണ പദ്ധതികൾ പൂർത്തീകരിക്കാൻ സാധിച്ചു. 63.80 രൂപയുടെ പ്രവൃത്തികൾ നടന്നുവരുന്നു.

ഹരിതകേരളം മിഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് മുൻപ് തദ്ദേശ സ്ഥാപന തലത്തിലും ബ്ലോക്ക് തലത്തിലും ജില്ലാ തലത്തിലും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് സമയബന്ധിതമായി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി യാതൊരു ഏകോപനവും ഇല്ലായിരുന്നു. ഇതുമൂലം വിവിധ വകുപ്പുകളുടെ സംയോജന സാധ്യതയുടെ അഭാവത്താൽ സമയബന്ധിതമായി പദ്ധതികൾ ഏറ്റെടുക്കുന്നതിനോ പൂർത്തീകരിക്കുന്നതിനോ സാധിച്ചിരുന്നില്ല. പ്രധാനമായും കൃഷി, ജലസേചനം, തൊഴിലുറപ്പ് എന്നിവയുടെ പ്രവർത്തനങ്ങളെ ഇത് കാര്യമായി ബാധിച്ചിരുന്നു.

## ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഹരിതകേരളം മിഷൻ ആരംഭിക്കുന്നതിനു മുൻപും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ജലസംരക്ഷണ പ്രവർത്തനങ്ങൾ നടന്നിരുന്നു. എന്നാൽ ഹരിതകേരളം മിഷന്റെ ഏകോപനത്തിലൂടെ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായി മറ്റ് വകുപ്പുകളുടെ സംയോജനത്താൽ നടപ്പിലാക്കാൻ സാധിച്ചു. തദ്ദേശസ്ഥാപനങ്ങൾ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി, മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, കെ.ഐ.പി., ഭൂജല വകുപ്പ്, മണ്ണ് ജല സംരക്ഷണ വകുപ്പ്, കൃഷി വകുപ്പ് തുടങ്ങിയവയെ ഏകോപിപ്പിച്ച് കൂടുതൽ കാര്യക്ഷമമായി സാങ്കേതിക പിന്തുണ നൽകി വിവിധ പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചു.

നീർച്ചാലുകളുടെ പുനരുജ്ജീവനം, കുളങ്ങളുടെ നവീകരണം, പുതിയ കുളങ്ങളുടെ നിർമ്മാണം, പുതിയ കിണർ നിർമ്മാണം, കിണർ റീചാർജ്ജിംഗ്, കിണറുകളുടെ നവീകരണം, മഴക്കുഴി നിർമ്മാണം, ബണ്ട് നിർമ്മിക്കൽ, തടയണ നിർമ്മിക്കൽ, തട്ട് തിരിക്കൽ, കൃഷി വ്യാപനം, മാലിന്യ

സംസ്കരണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ, ജലസ്രോതസ്സുകളുടെ സംരക്ഷണം തുടങ്ങിയ മേഖലകളിൽ നിരവധി പ്രവർത്തനങ്ങളാണ് നിലവിൽ ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ ജില്ലയിൽ നടന്നുവരുന്നത്.

തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുത്ത നീരുറവ് പദ്ധതിയും ഹരിതകേരളം മിഷന്റെ ഏകോപനത്തിലാണ് കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിച്ചത്. ജലബജറ്റിൽ നിന്നും ജലസുരക്ഷയിലേക്കുള്ള ക്യാമ്പയിന്റെ ഭാഗമായി നീരുറവ് പദ്ധതിയിൽ ഉൾപ്പെട്ട പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാനായി. തൊഴിലുറപ്പ് ഉദ്യോഗസ്ഥർക്കുള്ള സാങ്കേതിക പിന്തുണ ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥർ മുഖേന ഉറപ്പാക്കാൻ സാധിച്ചു.

## കിണർ റീചാർജിംഗ്

ഹരിതകേരളം മിഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് മുൻപ് മഴവെള്ള കൊയ്ത്തിന് പ്രാധാന്യം നൽകിയിരുന്നില്ല. എന്നാൽ ഹരിതകേരളം മിഷൻ ആരംഭിച്ചതോടുകൂടി മണ്ണ് ജല സംരക്ഷണ ഉപമിഷന്റെ ഭാഗമായി ജില്ലയിൽ ജലക്ഷാമം പരിഹരിക്കുന്നതിനായി ഭൂഗർഭ റീചാർജിംഗ് വ്യാപകമായി നടപ്പിലാക്കാൻ കഴിഞ്ഞു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെയും തദ്ദേശസ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് വിനിയോഗിച്ചും ഭൂജല വകുപ്പ് മുഖേനയും കിണർ റീചാർജിംഗ്, പിറ്റ് റീചാർജിംഗ്, മഴക്കുഴികൾ നിർമ്മിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാനും അതുവഴി ഭൂഗർഭ ജലവിതാനം ഉയർത്താനും സഹായകരമായി.

## ജലബജറ്റ്

ഹരിതകേരളം മിഷൻ രൂപീകൃതമാകുന്നതിന് മുൻപ് ജില്ലയിൽ ജലത്തിന്റെ ലഭ്യത, ഉപഭോഗം, വിനിയോഗം തുടങ്ങിയവയുടെ അളവ് താരതമ്യം ചെയ്യുന്നതിനോ, ജലമിച്ചം, ജലക്ഷാമം എന്നിവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളോ അവലംബിച്ചിരുന്നില്ല. ജലസ്രോതസ്സുകളുടെ ശാസ്ത്രീയമായ സംരക്ഷണം ഉറപ്പാക്കുന്നതിനും ജലക്ഷാമം പരിഹരിക്കുന്നതിനും യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല.

എന്നാൽ ഹരിതകേരളം മിഷൻ ജില്ലയിൽ പ്രവർത്തനം ആരംഭിച്ചതോടെ തദ്ദേശ സ്ഥാപന തലത്തിൽ ജലത്തിന്റെ ലഭ്യതയും വിവിധ ആവശ്യങ്ങൾക്കുള്ള ഉപഭോഗവും കണക്കാക്കി ജല ബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. ജലബജറ്റിന്റെ അടിസ്ഥാനത്തിൽ 'ജല ബജറ്റിൽ നിന്നും ജലസുരക്ഷയിലേക്ക്' എന്ന ക്യാമ്പയിൻ ആരംഭിക്കുകയും ചെയ്തു. ക്യാമ്പയിന്റെ ഭാഗമായി ജില്ലയിലെ ജലസ്രോതസ്സുകൾ ശാസ്ത്രീയമായി സംരക്ഷിച്ചും ജല മിതവിനിയോഗം ശീലമാക്കിയും ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയും ജില്ലയിൽ ജലസുരക്ഷ ഉറപ്പാക്കുന്ന പ്രവർത്തനവും നടന്നു വരുന്നു. ജലസുരക്ഷ ഉറപ്പാക്കുന്നതിലൂടെ ജലക്ഷാമം പരിഹരിക്കുന്നതിനും, ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിനും, വെള്ളക്കെട്ട്, ജലക്ഷാമം തുടങ്ങിയവ പരിഹരിച്ച് കൃഷിയും അനുബന്ധ മേഖലകളിലെ പ്രവർത്തനങ്ങളും വ്യാപിപ്പിക്കുന്നതിനും സാധ്യമായി.

## പരിസ്ഥിതി സംരക്ഷിത കാർഷിക വികസനം

ഹരിതകേരളം മിഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് മുൻപ് കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിയിരുന്നെങ്കിലും അനുവദിക്കുന്ന പദ്ധതി വിഹിതം ചെലവഴിക്കുക എന്നതിലുപരി തടസ്സങ്ങൾ പരിഹരിച്ച് കൃഷി വ്യാപിപ്പിക്കുന്നതിനോ തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനോ കാര്യമായ ഇടപെടൽ നടത്തിയിരുന്നില്ല. എന്നാൽ ഹരിതകേരളം മിഷന്റെ പ്രവർത്തനത്തിന്റെ ഫലമായി മറ്റ് വകുപ്പുകളെ ഏകോപിപ്പിച്ച് തടസ്സങ്ങൾ പരിഹരിച്ച് തരിശ് നിലം കൃഷി യോഗ്യമാക്കുന്നതിനും മറ്റ് കൃഷികളുടെ വ്യാപനം സാദ്ധ്യമാക്കുന്നതിനും കഴിഞ്ഞു. കൃഷി യോഗ്യമായ മുഴുവൻ ഭൂമിയിലും കൃഷി വ്യാപിപ്പിച്ച് തരിശ് രഹിത ഗ്രാമം പദ്ധതി, എല്ലാ വീടുകളിലും കൃഷി വ്യാപിപ്പിച്ച് ഹരിത സമൃദ്ധി വാർഡ്, തരിശായി കിടക്കുന്ന ആരാധനാലയങ്ങളിലേയും മത സ്ഥാപനങ്ങളിലേയും ഭൂമിയിൽ കൃഷി വ്യാപിപ്പിച്ച് ദേവഹരിതം പദ്ധതി, വ്യവസായ സ്ഥാപനങ്ങളിലെ തരിശ് ഭൂമിയിൽ കൃഷി വ്യാപിപ്പിച്ച് വ്യവസായ സ്ഥാപനങ്ങളിലെ കൃഷി, 'തെങ്ങിന് തടം മണ്ണിന് ജലം' ക്യാമ്പയിൻ തുടങ്ങിയ പദ്ധതികൾ കൃഷി വകുപ്പ് മുഖേന ഏറ്റെടുക്കാൻ സാധിച്ചു.

ജില്ലയിൽ 2018-19 കാലയളവിൽ കുലശേഖരപുരം, തഴവ, പെരിനാട്, വെളിയം, ഇളമ്പള്ളൂർ, കരീപ്ര, നെടുമ്പന, മയ്യനാട്, പൂതക്കുളം, ചിറക്കര, കുമ്മിൾ എന്നീ 11 ഗ്രാമപഞ്ചായത്തുകൾ തരിശ് രഹിത ഗ്രാമമായും 402 വാർഡുകൾ ഹരിത സമൃദ്ധി വാർഡുകളായും കൃഷി വകുപ്പിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും തൊഴിലുറപ്പ് പദ്ധതിയുടെയും സഹായത്തോടെ പ്രഖ്യാപിക്കാൻ സാധിച്ചു. കൂടാതെ കൃഷി വകുപ്പ്, ഇറിഗേഷൻ വകുപ്പ്, തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവരുടെ സഹായത്തോടെ നിരവധി തരിശ് ഏലകളിൽ നെൽ കൃഷി പുനരാരംഭിക്കാനും സാധിച്ചു.

## പരിസ്ഥിതി സംരക്ഷണം

അന്തരീക്ഷത്തിൽ കാർബണിന്റെ അളവ് ക്രമാതീതമായി വർദ്ധിക്കുന്നത് നിയന്ത്രിക്കുക, അന്തരീക്ഷ മലിനീകരണം ലഘൂകരിക്കുക, കാലാവസ്ഥാ വ്യതിയാനം പ്രതിരോധിക്കുക, വരൾച്ച തടയുക, മലയോര മേഖലയിലെ നീർച്ചാലുകൾ സംരക്ഷിക്കുക തുടങ്ങിയ വിഷയങ്ങളിൽ ജില്ലയിൽ ഹരിതകേരളം മിഷൻ ആരംഭിക്കുന്നതിന് മുൻപ് കാര്യമായ പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടന്നിരുന്നില്ല. ഇതുമൂലം പരിസ്ഥിതി മലിനീകരണം, അന്തരീക്ഷ മലിനീകരണം, വരൾച്ച, മലയോര മേഖലയിലെ മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം തുടങ്ങിയവ പതിവായിരുന്നു. എന്നാൽ ഹരിതകേരളം മിഷൻ രൂപീകൃതമായതിന് ശേഷം ജില്ലയിൽ നിരവധി പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപനങ്ങളും വിവിധ വകുപ്പുകളുമായി ചേർന്ന് ജനകീയമായി നടപ്പിലാക്കുകയുണ്ടായി.

വൃക്ഷവൽക്കരണം, മലയോര മേഖലയിലെ നീർച്ചാൽ സംരക്ഷണം, കുടിവെള്ള ക്ഷാമം കുറയ്ക്കുക, കടുത്ത വേനലിനെ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, അന്തരീക്ഷത്തിൽ കാർബണിന്റെ അളവ് കുറയ്ക്കുന്നതിനായി നെറ്റ് സീറോ കാർബൺ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയുണ്ടായി.

## വൃക്ഷത്തൈ നടീൽ, പച്ചത്തുരുത്ത്

എല്ലാ പരിസ്ഥിതി ദിനത്തിലും ജില്ലയിൽ നിരവധി വൃക്ഷതൈകൾ സോഷ്യൽ ഫോറസ്ട്രി മുഖേന വിതരണം നടത്തിയിരുന്നെങ്കിലും വിതരണം നടത്തിയ തൈകളിൽ ചെറിയ അളവ് മാത്രമേ നട്ടുപിടിപ്പിക്കുമായിരുന്നുള്ളൂ. നട്ട തൈകൾ പരിപാലനമില്ലാതെ നശിക്കുന്ന നിരക്ക് വളരെ കൂടുതലായിരുന്നു. ഒറ്റപ്പെട്ട വൃക്ഷത്തൈ നടീൽ നടന്നിരുന്നതിനാൽ നടുന്ന തൈകൾ തൊഴിലുറപ്പ് പദ്ധതി പ്രകാരമോ അല്ലാതെയോ പരിപാലിക്കാൻ കഴിയാതിരുന്ന അവസ്ഥ ഉണ്ടായിരുന്നു. എന്നാൽ ഹരിതകേരളം മിഷൻ ആരംഭിച്ചതിനുശേഷം ജില്ലയിൽ പച്ചത്തുരുത്ത് ക്യാമ്പയിൻ ആരംഭിക്കുകയും ഒറ്റപ്പെട്ട വൃക്ഷതൈകൾ നടുന്നതിനുപകരം ചെറുതും വലുതുമായ വൃക്ഷത്തൈകൾ ഒരുമിച്ച് വച്ചുപിടിപ്പിച്ച് സ്വാഭാവിക കുട്ടിവനം സൃഷ്ടിക്കുന്ന പ്രവർത്തനം ആരംഭിച്ചു. തൊഴിലുറപ്പ് പദ്ധതി പ്രകാരം നിലം ഒരുക്കൽ, നടീൽ, മൂന്ന് വർഷത്തെ പരിപാലനം എന്നിവ ഉറപ്പാക്കുന്നതിലൂടെ വൃക്ഷതൈകൾ പരിപാലിക്കാനും നടുന്ന തൈകൾ നിലനിർത്താനും സാധിച്ചു. പച്ചത്തുരുത്തിലൂടെ പ്രദേശം  കാർബൺ കലവറയായി മാറുകയും പരിസ്ഥിതി മലിനീകരണം കുറയ്ക്കുവാനും കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുവാനും സഹായകരമായി. ജില്ലയിൽ 73 തദ്ദേശ സ്ഥാപനങ്ങളിലുമായി 88.49 ഏക്കർ വിസ്തൃതിയിൽ 315 പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. പച്ചത്തുരുത്തിലൂടെ നട്ടുപിടിപ്പിക്കുന്ന തൈകളുടെ സുസ്ഥിരത ഉറപ്പാക്കാൻ സാധിച്ചു.

"ഒരു തൈ നടാം" ജനകീയ ക്യാമ്പയിനിലൂടെ ഒരു കോടി വൃക്ഷതൈകളാണ് സംസ്ഥാനത്ത് നട്ടുപിടിപ്പിച്ചത്. ഇതിന്റെ ഭാഗമായി കൊല്ലം ജില്ലയിൽ 2025 ജൂൺ 5 മുതൽ നവംബർ 30 വരെ 6,23,405 വൃക്ഷതൈകൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നട്ടുപിടിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിൽ വ്യാപകമായി വൃക്ഷവൽക്കരണം നടത്തുന്നതിലൂടെ കാർബൺ സംഭരണം ഉയർത്താനും കാലാവസ്ഥ വ്യതിയാനം, അന്തരീക്ഷ മലിനീകരണം തുടങ്ങിയ പ്രശ്നങ്ങൾ കുറയ്ക്കാനും ഹരിതകേരളം മിഷനിലൂടെ സാധ്യമായി.

## വകുപ്പുകളുടെ ഏകോപനം

മാലിന്യ സംസ്കരണം, കൃഷി, ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളിൽ മികച്ച പ്രവർത്തനം നടത്തുന്നതിനായി തദ്ദേശ സ്ഥാപനതലത്തിൽ യാതൊരു ഏകോപനവും ഇല്ലായിരുന്നു. എന്നാൽ തദ്ദേശസ്ഥാപനങ്ങൾക്ക് ഈ മേഖലകളിൽ മികച്ച പ്രവർത്തനം നടത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനവും ഹരിതകേരളം മിഷൻ വന്നതിലൂടെ സാധ്യമായി. തദ്ദേശസ്ഥാപനം, കൃഷി, ജലസേചനം, മണ്ണ് സംരക്ഷണം, ഭൂജലം, കല്ലട ഇറിഗേഷൻ, മലിനീകരണ നിയന്ത്രണ ബോർഡ്, വനം, ശുചിത്വമിഷൻ, കുടുംബശ്രീ മിഷൻ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, KSWMP, ക്ലീൻ കേരള കമ്പനി തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിച്ചുള്ള പ്രവർത്തനത്തിലൂടെ തദ്ദേശസ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് തദ്ദേശ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് സമയബന്ധിതമായി വിനിയോഗിക്കുന്നതിനും മാതൃകാപരമായ പദ്ധതികൾ ഏറ്റെടുക്കുന്നതിനും സാധ്യമായി.

## തദ്ദേശ സ്ഥാപനതലത്തിൽ ലഭിച്ച പിന്തുണ

ജില്ലയിൽ തദ്ദേശസ്ഥാപന തലത്തിൽ വിവിധ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് കാര്യക്ഷമമായി പ്രവർത്തനം നടത്തുന്നതിനും യാതൊരു പിന്തുണയും മുൻ കാലങ്ങളിൽ ഇല്ലായിരുന്നു. എന്നാൽ ഹരിതകേരളം മിഷൻ പ്രവർത്തനം ആരംഭിച്ചതോടെ ജില്ലയിലെ തദ്ദേശസ്ഥാപങ്ങളിൽ മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി, പരിസ്ഥിതി പുനഃസ്ഥാപനം തുടങ്ങി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഹരിതകേരളം മിഷൻ ടീം നിരന്തര പിന്തുണ നൽകുകയുണ്ടായി. ഹരിതകേരളം മിഷന്റെ ബ്ലോക്ക്, നഗരസഭാ കോർഡിനേറ്റർമാർ നിരന്തരമായി തദ്ദേശസ്ഥാപനങ്ങൾ സന്ദർശിക്കുകയും വിവിധ പദ്ധതികളും പ്രവർത്തനങ്ങളും സമയബന്ധിതമായി നടത്തുന്നതിനുള്ള ഏകോപനം നൽകുകയും ചെയ്തുവരുന്നു. കൂടാതെ ജില്ലാ കോർഡിനേറ്ററുൾപ്പെടെയുള്ള ജില്ലാ ടീമും ജില്ലാതലത്തിൽ പരിഹരിക്കേണ്ടുന്ന പ്രശ്നങ്ങൾ പരിഹരിക്കുകയും തദ്ദേശ സ്ഥാപനങ്ങൾക്ക് പിന്തുണ നൽകുകയും ചെയ്തു. ഇതിലൂടെ പദ്ധതി വിഹിതം നഷ്ടപ്പെടാതിരിക്കാനും മറ്റ് വകുപ്പുകളുടെ സഹായം ലഭ്യമാക്കുന്നതിനും പദ്ധതികൾ സുഗമമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിനും സഹായകരമായി.

# സുസ്ഥിര പരിസ്ഥിതിക്കായുള്ള ഭാവി പ്രവർത്തനങ്ങൾ

ഹരിതകേരളം മിഷൻ ആരംഭിച്ചതിന് ശേഷം ശുചിത്വ മാലിന്യസംസ്കരണം, മണ്ണ് ജല സംരക്ഷണം, പരിസ്ഥിതി കാർഷിക വികസനം, പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനം തുടങ്ങിയ മേഖലകളിൽ കാര്യമായ നേട്ടങ്ങൾ ജില്ലയിൽ കൈവരിക്കാൻ സാധിച്ചു. എന്നിരുന്നാലും, ഇനിയും പരിഹരിക്കേണ്ട നിരവധി പ്രശ്നങ്ങളുണ്ട്. പരിഹരിക്കേണ്ടുന്ന പ്രശ്നങ്ങൾ സമയബന്ധിതമായി മുൻഗണന നിശ്ചയിച്ച് പരിഹരിക്കേണ്ടത് അനിവാര്യമാണ്. ജില്ലയിൽ പരിഹരിക്കപ്പെടാതെ നിലനിൽക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ചുവടെ വിവരിക്കുന്നു.

മാലിന്യ സംസ്കരണ രംഗത്ത് നിരവധി നേട്ടങ്ങൾ കൈവരിച്ചെങ്കിലും സെപ്റ്റേജ് മാലിന്യം, അറവ് മാലിന്യം, മുടി മാലിന്യം, കൺസ്ട്രക്ഷൻ ആൻഡ് ഡിമോളിഷിംഗ് വേസ്റ്റ്, സാനിറ്ററി മാലിന്യം തുടങ്ങിയവ സംസ്കരിക്കുന്നതിനായി ജില്ലയിൽ നിലവിൽ സംവിധാനങ്ങൾ ഇല്ല. ഇവ പരിഹരിക്കേണ്ടത് അനിവാര്യമാണ്.

## സെപ്റ്റേജ് മാലിന്യം

സെപ്റ്റേജ് മാലിന്യം സംസ്കരിക്കുന്നതിനായി കൊല്ലം കോർപ്പറേഷനിൽ കുരീപ്പുഴയിൽ 12 MLD പ്രതിദിന ശേഷിയുള്ള STP, FSTP പ്ലാന്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. STP ആരംഭിക്കുള്ള ന്നതിനായി സീവേജ് നെറ്റ് വർക്ക് പൂർത്തീകരിക്കേണ്ടതുണ്ട്. FSTP ആരംഭിക്കുന്നതിനായി ടാങ്കർ ലോറികളും വാങ്ങേണ്ടതുണ്ട്. മേൽ പറഞ്ഞ രണ്ട് പ്രവർത്തികളും അടിയന്തിരമായി പൂർത്തീകരിച്ച് ജില്ലയിലെ ആദ്യ പ്ലാന്റ് കൊല്ലം കോർപ്പറേഷനിൽ ആരംഭിക്കുന്നതാണ്.



കൊല്ലം കോർപ്പറേഷനിലെ നിർമ്മാണം പൂർത്തീകരിച്ച STP, FSTP പ്ലാൻറുകൾ

കരുനാഗപള്ളി നഗരസഭയിലും FSTP സ്ഥാപിക്കുന്നതിനായി നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഒരു വർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിച്ച് നഗരസഭയിലും പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതാണ്. പുനലൂർ നഗരസഭയിലും കൊട്ടാരക്കര നഗരസഭയിലും സമാന്തരമായി FSTP പ്ലാന്റുകൾ ആരംഭിച്ച് പ്രവർത്തനക്ഷമമാകുന്നതോടെ സെപ്റ്റേജ് മാലിന്യം ഒരു പരിധി വരെ ജില്ലയിൽ സംസ്കരിക്കാനാകും.

ജില്ലാ പഞ്ചായത്തിലും കൊല്ലം കോർപ്പറേഷനിലും മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെയും ജില്ലയിലെ കൂടുതൽ പ്രദേശങ്ങളിലെ സെപ്റ്റേജ് മാലിന്യം സംസ്കരിക്കാവുന്നതാണ്. കൂടുതൽ മൊബൈൽ യൂണിറ്റുകൾ ആരംഭിക്കുന്നതോടെ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും.





സെപ്റ്റേജ് മാലിന്യം സംസ്കരിക്കുന്നതിനായി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്(STP), ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റ് (FSTP) എന്നിവ സ്ഥാപിക്കുന്നതിനായി മറ്റ് തദ്ദേശ സ്ഥാപനങ്ങൾ തയ്യാറായെങ്കിലും പ്രാദേശിക എതിർപ്പുകൾ മുഖേന പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞില്ല. വിവിധ രാഷ്ട്രീയ പ്രതിനിധികളുടെയും, പ്രദേശവാസികളുടെയും സാന്നിദ്ധ്യത്തിൽ പ്ലാൻറിന്റെ ഉദ്ദേശവും ആവശ്യകതയും ബോധവൽക്കരിച്ച് തടസ്സങ്ങൾ പരിഹരിച്ച് പ്ലാന്റുകളുടെ നിർമ്മാണം ആരംഭിക്കേണ്ടതുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളെ ഉൾപ്പെടുത്തി പ്രശ്ന പരിഹാരത്തിനായി ഹരിതകേരളം മിഷൻ മുൻകൈ എടുക്കുന്നതാണ്.

## മുടി മാലിന്യം

മുടി മാലിന്യം ജില്ലയിൽ ശേഖരിക്കുന്നതിന് സ്ഥിരമായ സംവിധാനം ഇനിയും ആയിട്ടില്ല. 2 ബാർബർ അസോസിയേഷനുകൾ ബാർബർ ഷോപ്പുകളിൽ നിന്നും, ബ്യൂട്ടിപാർലറുകളിൽ നിന്നും യൂസർ ഫീ ശേഖരിച്ച് മുടി മാലിന്യം ശേഖരിക്കുന്നുണ്ടെങ്കിലും അവയുടെ ശാസ്ത്രീയ സംസ്കരണം ഉറപ്പാക്കാനായില്ല. ശേഖരിക്കുന്ന മുടി മാലിന്യം വിജന പ്രദേശങ്ങളിലും വനമേഖലയിലും നിക്ഷേപിക്കുന്നതായി ശ്രദ്ധയിൽപെടുന്നു. കണ്ണൂർ ജില്ലയിൽ പ്രവർത്തനം ആരംഭിച്ച വീരാട് ഏജൻസീസിന് മുടി മാലിന്യത്തിൽ നിന്നും അമിനോ ആസിഡ് ഉത്പാദിപ്പിക്കുന്നതിനായി ജില്ലയിലെ മുടി മാലിന്യം ശേഖരിച്ച് കൈമാറുന്നതിനായി ശ്രമിച്ചെങ്കിലും ഫലവത്തായില്ല. മുടി മാലിന്യം ശേഖരണവും സംസ്കരണവും ജില്ലയിൽ അടിയന്തിരമായി ഉറപ്പാക്കേണ്ടതുണ്ട്.

## അറവ് മാലിന്യം

അറവ് മാലിന്യം സംസ്ക്കരിക്കുന്നതിൽ ജില്ല ഇനിയും പ്രതിസന്ധികൾ നേരിടുന്നു. സ്ലോട്ടർ ഹൗസുകളുടെ കുറവ് ശാസ്ത്രീയമായി മൃഗങ്ങളെ കൊല്ലുന്നതിനും അറവ് മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും പ്രതിസന്ധി നേരിടുന്നു. ഇതുമൂലം അറവ് മാലിന്യങ്ങൾ ചാക്കിൽ കെട്ടി ജലാശയങ്ങളിലേയ്ക്കും പൊതു നിരത്തിലേയ്ക്കും നിക്ഷേപിക്കുന്ന അവസ്ഥ ഉണ്ടാകുന്നു. അറവ് മാലിന്യത്തിൽ നിന്നുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ ജില്ലയിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി എല്ലാ ബ്ലോക്കുകളിലും നഗരസഭകളിലും കുറഞ്ഞത് ഒരു സ്ലോട്ടർ ഹൗസ് എങ്കിലും സ്ഥാപിക്കുന്നതിനുള്ള നടപടിയും മുൻഗണന നൽകി ജില്ലയിൽ ആരംഭിക്കേണ്ടതുണ്ട്.

## കോഴി മാലിന്യം

കോഴി മാലിന്യം സംസ്കരിക്കുന്നതിനായി ജില്ലയിൽ 3 പ്ലാന്റുകളാണ് സ്ഥാപിച്ചത്. ഇതിൽ തൊടിയൂരിൽ പ്രവർത്തിക്കുന്ന കേരളാ ഓർഗാനിക് ഫെർട്ടിലൈസേഴ്സ് ഇൻഡസ്ട്രീസ് പ്ലാന്റ് സാങ്കേതിക കാരണങ്ങളാൽ പ്രവർത്തിക്കുന്നില്ല. വെളിനെല്ലൂർ പ്രവർത്തിക്കുന്ന സ്പൈസ് അപ് ഓർഗാനിക് പ്രോഡക്ട്സ് പ്രദേശവാസികളുടെ എതിർപ്പ് മൂലം നിലവിൽ പ്രവർത്തനക്ഷമമല്ല. ഏരൂർ ഗ്രാമപഞ്ചായത്തിൽ പുതിയതായി നിർമ്മാണം പൂർത്തീകരിച്ച ഗ്രോ വെൽ ഫീഡ്സ് പ്ലാന്റ് വനമേഖലയിൽ കൂടിയുള്ള ഗതാഗത തടസ്സം മൂലം പ്രവർത്തനം ആരംഭിക്കാൻ സാധിച്ചില്ല. ചിതറയിൽ പ്രവർത്തിക്കുന്ന എച്ച്.എസ്.എ ഫെർട്ടൈൽ മാക്സ് മാത്രമാണ് ജില്ലയിൽ തടസ്സങ്ങൾ ഇല്ലാതെ പ്രവർത്തിക്കുന്നത്. ജില്ലയിൽ അധികം വരുന്ന കോഴി മാലിന്യം മറ്റ് ജില്ലകളിലേക്കാണ് നിലവിൽ കൊണ്ടുപോകുന്നത്. നിലവിലുള്ള തടസ്സങ്ങൾ പരിഹരിച്ച് ജില്ലയിൽ ആരംഭിച്ച മുഴുവൻ പ്ലാന്റുകളുടെയും പ്രവർത്തനം പുനരാരംഭിക്കേണ്ടത് അനിവാര്യമാണ്.

## കൺസ്ട്രക്ഷൻ & ഡിമോളിഷിംഗ് വേസ്റ്റ്

കെട്ടിടാവശിഷ്ടങ്ങൾ സംഭരിക്കുന്നതിനോ സംസ്കരിക്കുന്നതിനോ ജില്ലയിൽ സംവിധാനങ്ങൾ നിലവിൽ ഇല്ല. ദേശീയ പാതയുടെ നിർമ്മാണം നടക്കുന്നതിനാൽ നിലവിൽ പൊളിക്കുന്ന കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ ലാന്റ് ഫില്ലിംഗിനായി ഉപയോഗിക്കുന്നു. കൺസ്ട്രക്ഷൻ & ഡിമോളിഷിംഗ് വേസ്റ്റ് സംസ്കരണത്തിനായി ലാന്റ് ഫില്ലിംഗ് നടത്തുന്നതിനായി അഞ്ചൽ ബ്ലോക്കിൽ സ്ഥലം കണ്ടെത്തിയെങ്കിലും പ്രാദേശിക എതിർപ്പ് മൂലം പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല. ജില്ലയിൽ ഒരു കേന്ദ്രമെങ്കിലും ഇതിനായി കണ്ടെത്തുകയും അതുമൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ ഒഴിവാക്കാനുള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.

## സാനിറ്ററി മാലിന്യം

സാനിറ്ററി മാലിന്യം സംസ്കരിക്കുന്നതിനായി ജില്ലയിൽ നിലവിൽ സംവിധാനങ്ങൾ ഒന്നും തന്നെയില്ല. "മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ" ഭാഗമായി ബ്ലോക്ക് തലത്തിൽ ഡബിൾ ചേംബർ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് സ്ഥലങ്ങൾ കണ്ടെത്തിയെങ്കിലും പ്രാദേശിക എതിർപ്പ് മൂലം നടപ്പിലാക്കാൻ കഴിഞ്ഞില്ല. ഓച്ചിറ ബ്ലോക്ക്പഞ്ചായത്തിലെ കുലശേഖരപുരം ഗ്രാമപഞ്ചായത്തിലും കൊല്ലം കോർപ്പറേഷനിലും പ്ലാന്റ് നിർമ്മിക്കുന്നതിനായി നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജില്ലയിലെ മറ്റ് 10 ബ്ലോക്കുകളിലും ഡബിൾ ചേംബർ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനുള്ള അടിയന്തിര ഇടപെടീൽ നടത്തേണ്ടതുണ്ട്.

## ഇൻസിനറേറ്ററുകൾ സ്ഥാപിക്കലും മെൻസ്ട്രുവൽ കപ്പ് വിതരണവും

സാനിറ്ററി നാപ്കിന്റെ ഉപയോഗം മൂലമുള്ള ആരോഗ്യപ്രശ്നങ്ങളും പരിസ്ഥിതി മലിനീകരണവും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ഹരിതകേരളം മിഷൻ നിരവധി ആർത്തവ ശുചിത്വ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ ബജറ്റിൽ തുക

വകയിരുത്തിയത് പ്രകാരം ജില്ലയിൽ തെരഞ്ഞെടുത്ത കലാലയങ്ങളിലെയും സ്കൂളുകളിലെയും വിദ്യാർഥികൾക്കും കുടുംബശ്രീ അംഗങ്ങൾക്കും സൗജന്യമായി മെൻസ്ട്രുവൽ കപ്പ് വിതരണം നടത്തുകയും ജില്ലയിൽ 21 സ്കൂളുകളിൽ ഇൻസിനറേറ്റർ സ്ഥാപിക്കുകയും ചെയ്യു. വരുന്ന 5 വർഷത്തിനുള്ളിൽ ജില്ലയിലെ മുഴുവൻ സ്ത്രീകളിലേയ്ക്കും പെൺകുട്ടികളിലേയ്ക്കും മെൻസ്ട്രുവൽ കപ്പിന്റെ ഉപയോഗം വ്യാപിപ്പിക്കാനും അതുവഴി സാനിറ്ററി നാപ്കിൻ മുഖേന ഉള്ള പരിസ്ഥിതി മലിനീകരണം തടയാനും കഴിയുന്നതാണ്.

## കൃഷി, ജലസംരക്ഷണം

ജലനിർഗ്ഗമന മാർഗ്ഗങ്ങളുടെ അഭാവം, ജലസേചനത്തിന്റെ അഭാവം തുടങ്ങിയ കാരണങ്ങളാൽ വെള്ളപ്പൊക്കവും കൃഷി നാശവും ജില്ലയുടെ പല ഭാഗങ്ങളിലും പതിവാണ്. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ ശാസ്ത്രീയമായി വെള്ളം ഒഴുക്കി വിടുന്നതിനുള്ള നീർച്ചാലുകളുടെ നിർമ്മാണം/ നവീകരണം നടത്തേണ്ടതുണ്ട്. തഴവ, തൊടിയൂർ, കുന്നത്തൂർ, കുലശേഖരപുരം, ശാസ്താംകോട്ട, ചാത്തന്നൂർ, ചിറക്കര, ഉമ്മന്നൂർ തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിൽ ഇത്തരം പ്രതിസന്ധികൾ നേരിടുന്നത് പരിഹരിക്കേണ്ടതുണ്ട്.

ജലക്ഷാമം മൂലവും നെൽ കൃഷി സാധ്യമാകാത്ത പ്രദേശങ്ങളും ജില്ലയിലുണ്ട്. ഉപയോഗശൂന്യമായ പാറക്വാറികളിലെ ജലം റീചാർജ്ജ് ചെയ്തും, കെ.ഐ.പി കനാലിൽ നിന്നും സ്പൗട്ട് വഴി വെള്ളം ശേഖരിച്ച് തലക്കുളങ്ങളിലേക്കും, നീർച്ചാലുകളിലേക്കും റീചാർജ്ജ് ചെയ്തും, പുഴകളിൽ നിന്നും വെള്ളം പമ്പ് ചെയ്തും ജലക്ഷാമം മൂലം കൃഷി ചെയ്യാൻ സാധിക്കാത്ത പ്രദേശങ്ങളിൽ കൃഷി പുനരാരംഭിക്കേണ്ടതുണ്ട്.

'ജലബജറ്റിൽ നിന്നും ജലസുരക്ഷയിലേക്ക്' എന്ന ക്യാമ്പയിന്റെ ഭാഗമായി വർഷങ്ങളായി തരിശ്ശായി കിടക്കുന്ന നെൽ വയലുകളും കര ഭൂമിയും കൃഷിയോഗ്യമാക്കുന്നതിനായി നീർച്ചാലുകളുടെയും ജലസ്രോതസ്സുകളുടെയും നവീകരണ പ്രവർത്തനം അനിവാര്യമാണ്. തൊഴിലുറപ്പ് പദ്ധതി പ്രകാരം അനുവദനീയമല്ലാത്ത പ്രവൃത്തികൾ ജലസേചനം, മണ്ണ് സംരക്ഷണം, കൃഷി തുടങ്ങിയ വകുപ്പുകളുടെയും ത്രിതല പഞ്ചായത്തുകളുടെയും എം.എൽ.എ, എം.പി ഫണ്ട് വിനിയോഗിച്ചും ഏറ്റെടുക്കുന്നതിനുള്ള നടപടികളും മുൻഗണന ക്രമത്തിൽ നടപ്പിലാക്കേണ്ടതുണ്ട്.

മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിലെ ചാലയിൽ മാടൻനട ഏല കൃഷി യോഗ്യമാക്കുന്നതോടെ 468 ഏക്കറിൽ ഇരിപ്പു നെൽകൃഷി സാധ്യമാകും. കൂടാതെ മൂന്നാം വിളയായി എള്ള്, പയർ തുടങ്ങിയ വിളകളും കൃഷി ചെയ്യാൻ സാധിക്കും. പ്രദേശത്തെ വർഷങ്ങളായി കൃഷി ചെയ്യാതിരുന്ന കർഷകർക്ക് കൃഷി പുനരാരംഭിക്കുന്നതോടെ തൊഴിലും വരുമാനവും ലഭിക്കുന്നതോടൊപ്പം ജില്ലയിൽ നെൽകൃഷിയുടെ വ്യാപനം വർദ്ധിപ്പിക്കാനും കഴിയും. സർക്കാരിന്റെ അനുമതി ലഭിച്ച പദ്ധതി ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ അടിയന്തിരമായി പൂർത്തീകരിച്ച് 2026 ജൂൺ മാസത്തിൽ കൃഷി പുനരാരംഭിക്കുന്നതാണ്.

സമീപത്തുള്ള വെട്ടിക്കാട്ട് ഏലയിൽ നിലവിൽ രണ്ടാംവിള കൃഷി മാത്രമാണ് നടക്കുന്നത്. ചാലായിൽ മാടൻനട ഏലയിലെ വെള്ളക്കെട്ട് ഒഴിവാക്കി കൃഷി ആരംഭിക്കുന്നതോടൊപ്പം ആവശ്യമായ ഇടപെടലുകൾ നടത്തി വെട്ടിക്കാട്ട് ഏലയിലും ഇരിപ്പൂ കൃഷി സാധ്യമാകും.

## ജലസ്രോതസ്സുകളുടെ കൈയ്യേറ്റം

കൈയ്യേറ്റം മൂലം നീർച്ചാലുകൾ, കുളങ്ങൾ, പുഴ, കായൽ തുടങ്ങിയ ജലസ്രോതസ്സുകളുടെ വിസ്തൃതി ദിനംപ്രതി കുറഞ്ഞു വരികയാണ്. റവന്യൂ വകുപ്പ് മുഖേന ജില്ലാകളക്ടറുടെ നേതൃത്വത്തിൽ കൈയ്യേറ്റം ഒഴിപ്പിക്കേണ്ടതും ജലസ്രോതസ്സുകൾ പുനസ്ഥാപിക്കേണ്ടതും അനിവാര്യമാണ്. ഇതിനായുള്ള പ്രവർത്തനം ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ സമയബന്ധിതമായി നടപ്പിലാക്കേണ്ടതുണ്ട്.

## ഭൂജല നിരപ്പ്

ജില്ലയിൽ ഭൂരിഭാഗം തദ്ദേശ സ്ഥാപനങ്ങളിലും വരൾച്ച ഉണ്ടാവുകയും വേനൽക്കാലത്ത് ടാങ്കറിൽ കുടിവെള്ളം എത്തിക്കുകയും കൃഷി നാശം സംഭവിക്കുന്നതും പതിവാണ്. ഭൂജല നിരപ്പ് താഴുന്നതിനാൽ വേനൽക്കാലത്ത് കിണറുകളിൽ ജലലഭ്യത ഇല്ല. മുഖത്തല, ശാസ്താംകോട്ട ബ്ലോക്കുകൾ സെമി ക്രിട്ടിക്കൽ ബ്ലോക്കിൽ ഉൾപ്പെട്ടതാണ്. ഭൂജല നിരപ്പ് ഉയർത്തുന്നതിനായുള്ള കിണർ റീചാർജ്ജിങ്ങ്, പിറ്റ് റീചാർജ്ജിങ്ങ്, മഴക്കുഴി നിർമ്മാണം തുടങ്ങിയ പദ്ധതികൾ വ്യാപകമായി വരൾച്ചയുള്ള പ്രദേശങ്ങളിൽ പ്രാധാന്യം നൽകി നടപ്പിലാക്കേണ്ടതുണ്ട്. ജലബജറ്റിൽ നിന്നും ജലസുരക്ഷയിലേക്ക് ക്യാമ്പയിന്റെ ഭാഗമായി ഒരു വാർഡിൽ കുറഞ്ഞത് 100 കിണർ റീചാർജ്ജിങ്ങും, എല്ലാ സർക്കാർ സ്ഥാപനങ്ങളിലും കിണർ റീചാർജ്ജിങ്ങ് പദ്ധതിയും നടപ്പിലാക്കുന്നതിനുമായി ഹരിതകേരളം മിഷനും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും സംയുക്തമായി തദ്ദേശ സ്ഥാപനങ്ങൾ മുഖേന ക്യാമ്പയിൻ ആസൂത്രണം ചെയ്തിട്ടുണ്ട്. ഹ്രസ്വകാല പ്രവർത്തനമായി ഈ പ്രവർത്തനം ഏറ്റെടുക്കേണ്ടതുണ്ട്. ഭൂജല വകുപ്പ് മുഖേന വലിയ സർക്കാർ സ്ഥാപനങ്ങളിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പിറ്റ് റീചാർജ്ജിങ്ങ് പദ്ധതിയും വ്യാപകമായി നടത്തുന്നതിന് ഹരിതകേരളം മിഷൻ ഏകോപനം നടത്തുന്നതാണ്.

## നിലം നികത്തൽ

തരിശ്ശായി കിടക്കുന്ന നെൽ വയലുകൾ നികത്തി നിർമ്മിതികളും മറ്റ് കൃഷികളും നടത്തുന്ന പ്രവണത കൂടുതലായി കാണുന്നു. നിലം നികത്തുന്നവർക്കെതിരെ റവന്യൂ വകുപ്പ് മുഖേന കർശന നടപടി സ്വീകരിക്കുകയും നികത്തിയ നിലങ്ങൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ആവശ്യമാണ്.

## പാറ ഖനനം / കുന്ന് ഇടിക്കൽ

അനിയന്ത്രിതമായ പാറ ഖനനവും മണ്ണെടുപ്പും ജില്ലയിൽ കാണപ്പെടുന്നുണ്ട്. അശാസ്ത്രീയമായി കുന്നുകൾ ഇടിച്ചു നിരത്തി മണ്ണെടുപ്പ് നടത്തുന്നതും വയലുകളിൽ നിന്ന് അനിയന്ത്രിതമായി കട്ട കമ്പനികൾക്കും മറ്റും മണലൂറ്റുന്നതും വ്യാപകമാണ്. അനിയന്ത്രിതമായ പാറ ഖനനവും മണ്ണെടുപ്പും ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഇവ ഒഴിവാക്കുന്നതിനുള്ള നടപടികളും റവന്യൂ, മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ്, തദ്ദേശ

സ്ഥാപനങ്ങൾ മുഖേന സ്വീകരിക്കേണ്ടതുണ്ട്. ഇത്തരം പ്രകൃതിക്ക് ദോഷകരമായ പ്രവൃത്തികൾ തടയുന്നതിനുള്ള ഏകോപന പ്രവർത്തനം തുടർന്നും ഹരിതകേരളം മിഷൻ നടത്തുന്നതാണ്.

## മരം മുറിക്കൽ

വന മേഖലയിൽ നിന്നും സ്വകാര്യ ഭൂമിയിൽ നിന്നും മരങ്ങൾ മുറിച്ചു മാറ്റുന്നതുമൂലം പാരിസ്ഥിതിക പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു. അനധികൃത മരം മുറി തടയുന്നതിനായി വനം വകുപ്പ്, ജില്ലാ ഭരണകൂടം എന്നിവർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കൂടുതൽ വൃക്ഷവൽക്കരണം നടത്തുന്നതിനും നട്ടുപിടിപ്പിക്കുന്ന തൈകൾ പരിപാലിക്കുന്നതിനും വനം വകുപ്പ്, സ്വകാര്യ വ്യക്തികൾ, സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവർ തയ്യാറാകേണ്ടതുണ്ട്. വൃക്ഷവൽക്കരണത്തിന് മുൻഗണന നൽകി പച്ചത്തുരുത്ത്, വനവൽക്കരണം തുടങ്ങിയവ നടപ്പിലാക്കുന്നതിന് ഹരിതകേരളം മിഷൻ മുൻകൈ എടുക്കുന്നതാണ്.

## "തെങ്ങിന് തടം മണ്ണിന് ജലം"

ജില്ലയിൽ വിജയിക്കാതെ പോയ 'തെങ്ങിന് തടം മണ്ണിന് ജലം' ക്യാമ്പയിൻ തടസ്സങ്ങൾ പരിഹരിച്ച് വ്യാപകമായി നടപ്പിലാക്കേണ്ടതുണ്ട്. ഇതിനായി സന്നദ്ധ പ്രവർത്തകരുടെയും കുട്ടികളുടെയും, തൊഴിലുറപ്പ് പദ്ധതിയുടെയും സേവനം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനം നടത്തേണ്ടതുണ്ട്. തൊഴിലുറപ്പ് പദ്ധതി പ്രകാരം ഈ പ്രവൃത്തി ഏറ്റെടുക്കുന്നതിനായി സംസ്ഥാന തലത്തിലും ഇടപെടൽ ആവശ്യമാണ്.

## "ശുചിത്വ സാഗരം സുന്ദര തീരം"

കടലിലെ പ്ലാസ്റ്റിക് ശേഖരിച്ച് സംസ്കരിക്കുന്നതിനായി ഫിഷറീസ് വകുപ്പ് ഏറ്റെടുത്ത 'ശുചിത്വ സാഗരം സുന്ദര തീരം' പദ്ധതി നടപ്പിലാക്കാൻ ആയില്ല. ഈ സാഹചര്യത്തിൽ ജില്ലയിൽ ഹരിതകേരളം മിഷനും റീസിറ്റി നെറ്റ് വർക്ക് പ്രൈവറ്റ് ലിമിറ്റഡുമായി ചേർന്ന് തദ്ദേശ സ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാക്കാൻ ശ്രമിച്ചിരുന്നെങ്കിലും റീസിറ്റി പിന്മാറിയതിനാൽ പദ്ധതി പാതിവഴിയിൽ ഉപേക്ഷിക്കേണ്ടി വന്നു. നിലവിൽ നേരിടുന്ന തടസ്സങ്ങൾ പരിഹരിച്ച് ശുചിത്വ സാഗരം സുന്ദര തീരം പദ്ധതി ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളുടെയും, വകുപ്പുകളുടെയും ഏകോപനത്തോടെ നടപ്പിലാക്കുന്നതാണ്. ഇതേ മാതൃകയിൽ അഷ്ടമുടി കായലിലേയും പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള ഇടപെടലും നടത്തുന്നതാണ്.

## ബയോ സി.എൻ.ജി പ്ലാന്റ്

കൊല്ലം കോർപ്പറേഷനിൽ കുരീപ്പുഴയിൽ 120 ടൺ ശേഷിയുള്ള ബയോ സി.എൻ.ജി പ്ലാന്റ് സ്ഥാപിക്കുന്നതിനായി കോർപ്പറേഷനും ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡും(BPCL) ധാരണയായിട്ടുണ്ട്. പ്ലാന്റ് സ്ഥാപിക്കുന്നതിനായി ബയോ മൈനിംഗ് കഴിഞ്ഞ ഏഴ് ഏക്കർ ഭൂമി ബി.പി. സി.എൽ ന് കൈമാറുകയും ചെയ്തിട്ടുണ്ട്. കൊല്ലം കോർപ്പറേഷനു മാത്രമായി പ്രതിദിനം 120 ടൺ ജൈവ മാലിന്യം പ്ലാൻറിലേക്ക് നൽകാൻ സാധിക്കാത്ത സാഹചര്യത്തിൽ മറ്റ് സമീപ നഗരസഭകളിൽ

നിന്നും ഗ്രാമപഞ്ചായത്തുകളിൽ നിന്നും ജൈവ മാലിന്യം പ്ലാന്റിലേക്ക് നൽകാനുള്ള ചർച്ചകളും നടത്തുകയുണ്ടായി. പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനം വരും മാസങ്ങളിൽ ആരംഭിക്കുന്നതാണ്. പ്ലാന്റ് സ്ഥാപിച്ചു കഴിഞ്ഞാൽ അടുത്ത 20 വർഷത്തേക്ക് പ്ലാന്റിന്റെ പരിപാലനവും ബി.പി. സി.എൽ നടത്തുന്നതാണ്. പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ഏകോപനം ഹരിതകേരളം മിഷൻ നടത്തുന്നതാണ്.



കോർപ്പറേഷനിൽ ആരംഭിക്കുന്ന സി.എൻ.ജി പ്ലാന്റ്

## സാനിറ്ററി ഇൻസിനറേറ്റർ പ്ലാന്റ്

കൊല്ലം കോർപ്പറേഷനിൽ തങ്കശ്ശേരിയിൽ ഒരു ടൺ ശേഷിയുള്ള സാനിറ്ററി ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനായി ഫ്ലോററ്റ് ടെക്നോളജി എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും നിർമ്മാണ പ്രവർത്തനം അന്തിമഘട്ടത്തിലുമാണ്. 1.05 കോടി രൂപ മുതൽമുടക്കിൽ നിർമ്മിക്കുന്ന പ്ലാൻറിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നത് വഴി അടുത്ത 3 വർഷത്തെ പ്രവർത്തനവും പരിപാലനവും ഫ്ലോറസ്റ്റ് ടെക്നോളജി ഏറ്റെടുത്ത് നടത്തുന്നതാണ്. 2026 ഓടുകൂടി പ്ലാൻറിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതാണ്. ലക്ഷ്യം പൂർത്തീകരിക്കുന്നതിനുള്ള ഏകോപനം ഹരിതകേരളം മിഷൻ നടത്തുന്നതാണ്.



നിർമ്മാണം പുരോഗമിക്കുന്ന സാനിറ്ററി ഇൻസിനറേറ്റർ പ്ലാന്റ്